ISSN 2456-2777

9 772456 277701

2023 സെപ്റ്റംബർ പുസ്തകം 8 ലക്കം 11 ₹ 40

# എഴുത്ത് മാസിക

ചി ന്തി ക്കു ന്ന ഹൃ ദ യ ങ്ങ ൾ ക്ക്

കെ.പി.ശങ്കരൻ, ശിവ് വിശ്വനാഥൻ, രാം പുനിയാനി,
ടീസ്റ്റ സെതൽവാദ്, എൻ.എം. പിയേഴ്സൺ




# പാർലമെന്ററി ജനാധിപത്യം അപകടത്തിൽ

വനാവകാശനിയമം അട്ടിമറിക്കപ്പെടുന്നു
**സി.ആർ.നീലകണ്ഠൻ**

ഐപിസി കഴിഞ്ഞു ഇനി ?
**സെബാസ്റ്റ്യൻ പോൾ**

കഥ **സുരേന്ദ്രൻ മങ്ങാട്ട്**

വായന **വൈക്കം മുരളി**

**മിത്തും സയന്റിഫിക് ടെമ്പറും**

**ചന്ദ്രയാനും ലോകസമാധാനവും**


60 years of Delicious Moments
വിഭവങ്ങളെ അതീവ സ്വാദിഷ്ടമാക്കാൻ
27 സോസുകൾ
വിശിഷ്ട വിഭവങ്ങൾ ഒരുക്കുവാനും അവ കൂടുതൽ
സ്വാദിഷ്ടമാക്കുവാനും ഫ്രൂട്ടോമാൻസിന്റെ 27 സോസുകൾ.
ഇന്ത്യൻ, ചൈനീസ്, കോണ്ടനെന്റൽ വിഭവങ്ങൾക്ക് പുറമെ,
പീസ, പാസ്റ്റ, ഫ്രഞ്ച് ഫ്രൈസ്,
ഗ്രേവികൾ എന്നിവ
രുചിയോടെ ആസ്വദിക്കാൻ
ഫ്രൂട്ടോമാൻസ് സോസുകൾ,
ഇതാ നിങ്ങൾക്കായി!
Fruitoman's
TOMATO KETCHUP
Fruitoman's®
Life's sweet. Enjoy
Ernakulam Bypass, Cochin-682 028,
Tel: 0484-2808233, 2808273
E-mail: fruitomans1957@gmail.com
Fruitoman's Exclusive Showroom:
Opp.Metro pillar no. 708, M. G Road,
Cochin-682011, Tel: 9447711031.


ഓണാശംസകൾ...
നിങ്ങൾ
എവിടെയായിരുന്നാലും,
ഞങ്ങൾ അവിടെ ഉണ്ടാകും.
മണപ്പുറം
ഗോൾഡ് ലോൺ
ഇപ്പോൾ
നിങ്ങളുടെ
വീട്ടുപടിക്കലും
MANAPPURAM DOORSTEP LOAN
*വ്യവസ്ഥകളും നിബന്ധനകളും ബാധകം
ഗ്രാമിന് പരമാവധി വായ്പാ തുക
മണപ്പുറത്തിന്റെ സേവന മികവ് ആസ്വദിക്കൂ, വീട്ടിൽ സുരക്ഷിതമായി ഇരിക്കുമ്പോൾ പോലും!
നിങ്ങൾക്ക് സമയവും പണവും ലാഭിച്ചു തരുന്നു, ഒപ്പം നിങ്ങളുടെ സ്വർണ്ണത്തിന് ഏറ്റവും ഉയർന്ന സുരക്ഷിതത്വവും.
ഞങ്ങൾ ഇന്ത്യയിൽ എല്ലായിടത്തും ഇടപാടുകാർക്ക് സേവനം നൽകുന്നു.
ഞങ്ങളുടെ മൊബൈൽ ആപ്ലിക്കേഷൻ - ഡോർസ്റ്റെപ്പ് ഗോൾഡ് ലോൺ ഡൗൺലോഡ് ചെയ്യൂ, ഇൻസ്റ്റാൾ ചെയ്യൂ, നിങ്ങളുടെ ലോൺ ആവശ്യങ്ങളെ പറ്റി ഞങ്ങളോട് പറയൂ - ഇത് ഗൂഗിൾ പ്ലേയിൽ ലഭ്യമാണ്.
Google Play
ബിസിനസ്സ് അസോസിയേറ്റായി ഞങ്ങൾക്കൊപ്പം ചേരൂ പരിധികളില്ലാത്ത വരുമാനം ജീവിതകാലം മുഴുവൻ നേടുവാൻ അവസരം കണ്ടെത്തൂ.
യാതൊരു ചാർജ്ജുമില്ലാതെ ബാങ്കുകളിൽനിന്നും മറ്റു ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നിങ്ങളുടെ സ്വർണ്ണം മാറ്റിവെക്കാൻ സഹായിക്കുന്നതാണ്.
മണപ്പുറം
ഫിനാൻസ് ലിമിറ്റഡ്
Make Life Easy
OGL Online Gold Loan
24 7
Toll Free : 1800-420-22-33
manappuramfinanceltd www.manappuram.com

# എഴുത്ത്

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

പുസ്തകം എട്ട് | ലക്കം പതിനൊന്ന്
2023 സെപ്റ്റംബർ | 1199 ചിങ്ങം - കന്നി



രക്ഷാധികാരി : ഇ.പി. മാത്യു എസ്.ജെ.
ഉപദേശകസമിതി : എം. തോമസ് മാത്യു
കെ.സി.നാരായണൻ
മ്യൂസ് മേരി ജോർജ്
സുനിൽ പി. ഇളയിടം
തമ്പി ആന്റണി
എം.വി.ബെന്നി
മാനേജിങ് എഡിറ്റർ : ബിനോയ് പിച്ചളക്കാട്ട്
എഡിറ്റർ : ബിജു ജോർജ്
കൺസൽട്ടന്റ് : വി.ജി. തമ്പി
മോൻസി ജോസഫ്
സീനിയർ സബ് എഡിറ്റർ : മനോജ് എ.ആർ.
എഡിറ്റോറിയൽ ബോർഡ് : അഗസ്റ്റിൻ പാംപ്ലാനി
രോഷ്നി സ്വപ്ന
മാനേജർ : ജോ മാത്യു
സർക്കുലേഷൻ : രാധാകൃഷ്ണൻ പി.ജി.
ഓഫീസ് : ഷിനു പ്രദീപ്
കവർ : വിനയ്ലാൽ
ഡിസൈൻ : ക്രിയ ഡിസൈനിങ്, തൃശൂർ
ഡി.ടി.പി. : വിനോഷ് പൊന്നുരുന്നി



facebook.com/Ezhuthumagazine

ഇ-കോപ്പി വാങ്ങാം



എഴുത്ത് മാസിക, ലൂമൻ,
പോണോത്ത് റോഡ്, കലൂർ,
കൊച്ചി-17, ഫോൺ:0484 2334048
മൊബൈൽ: 81292 16033
ezhuthumagazine@gmail.com



പ്രസാധനം: ലൊയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, കൊച്ചി-17

ഒരു ജസ്വിറ്റ് സംരംഭം

www.ezhuthu.org/subscription/ എന്ന വിലാസത്തിൽ ലോഗിൻ ചെയ്ത് വരിക്കാരാകാവുന്നതാണ്.
ബന്ധപ്പെടുക : subscribetoezhuthu@gmail.com






07
രാഷ്ട്രീയത്തിന്റെ ഭാവി
**ശിവ് വിശ്വനാഥൻ**

**മുൻവാക്ക്**

06 | കാണാൻപോണ പൂരം
സി. രാധാകൃഷ്ണൻ

**ഫോക്കസ്**
രാഷ്ട്രീയം എങ്ങോട്ട്

10 | സമകാലിക ഇന്ത്യൻ രാഷ്ട്രീയം: എങ്ങോട്ടാണീ പോക്ക് ?
രാം പുനിയാനി

13 | ഇന്ത്യൻപാർലമെന്ററി ജനാധിപത്യം അപകടത്തിൽ
കെ.പി.ശങ്കരൻ

16 | സ്വതന്ത്രഭാരതത്തിന് ചില ഗുരുതര പോരായ്മകളില്ലേ?
ടീസ്റ്റ സെതൽവാദ്

20 | രാഷ്ട്രീയകേരളം എങ്ങോട്ട്
എൻ.എം.പിയേഴ്സൺ

**സമകാലികം**

25 | ക്രിമിനൽനിയമങ്ങൾ പുനർനിർമിക്കപ്പെടുമ്പോൾ
സെബാസ്റ്റ്യൻ പോൾ

28 | വനസംരക്ഷണ നിയമഭേദഗതി വിനാശത്തിനുള്ള ക്ഷണപത്രം
സി.ആർ.നീലകണ്ഠൻ

34 | മിത്തും സയന്റിഫിക് ടെമ്പറും
ബിനോയ് പിച്ചളക്കാട്ട്

**കവിത**

37 | അമ്മ മരിച്ചതിൽപ്പിന്നെ
കെ.കെ.ശിവദാസ്

55 | അക്ഷരപ്പാട്ട്
സൗമ്യ അരവിന്ദ്

**കഥ**

38 | സ്കെച്ച്
സുരേന്ദ്രൻ മങ്ങാട്ട്

**പംക്തി**

44 | ദിനവൃത്താന്തം
എം.വി.ബെന്നി

48 | മൊഴിയാഴം
എൻ.ഇ.സുധീർ

52 | ചേർച്ച
ഇ.പി.രാജഗോപാലൻ

**വായന**

56 | പുസ്തകങ്ങളില്ലാത്ത ലോകത്ത് ദൈവം നിശ്ശബ്ദനായിരിക്കും
വൈക്കം മുരളി

**ക്യാമ്പസ്**

59 | ദലിത് ക്രൈസ്തവരുടെ സങ്കടങ്ങൾ
ഷർമിന

65 | പുസ്തകപരിചയം

66 | പുസ്തകപ്പൂമുഖം

**കല**

68 | കഥകളിപ്പെണ്ണിന്റെ തട്ടം
സുധീഷ് നമ്പൂതിരി

71 | മനുഷ്യരും പ്രകൃതിയും
റെഫിൻ കമൽ

**പീസ് കോർണർ**

74 | ചന്ദ്രയാനും ലോകസമാധാനവും
കെ.ബാബു ജോസഫ്

എഡിറ്റോറിയൽ


# എങ്ങോട്ട് ?

**അ**വഗണിക്കപ്പെട്ട മനുഷ്യരെ ചേർത്തുപിടിക്കുന്ന മഹത്തായ രാഷ്ട്രീയാവബോധം സ്വാതന്ത്ര്യസമര വഴികളിൽ നടന്നവർക്കുണ്ടായിരുന്നു. ഭാവിയിൽ അതിനെ ജാഗ്രതയോടെയും വിവേകത്തോടെയും കാത്തുപരിപാലിക്കാനുള്ള ആലോചനകളാണ് ഗാന്ധിജി തുടങ്ങിവച്ചത്. സ്വാർഥലാഭത്തിനുവേണ്ടി ജനങ്ങളെ കൗശലംകൊണ്ട് അധികാരമോഹികൾ സ്വാധീനിക്കാനുള്ള സാധ്യത അദ്ദേഹം മുൻകൂട്ടി കണ്ടിരുന്നു. അധികാരം കേന്ദ്രീകരിക്കപ്പെടുന്ന സംവിധാനത്തെ ഗാന്ധിജി വിമർശനാത്മകമായി കാണുകയും, പാർലമെന്ററി ജനാധിപത്യത്തെ തളർത്തുന്ന ദൗർബല്യങ്ങൾ ഇന്ത്യ അഭിമുഖീകരിക്കേണ്ടി വരുമെന്ന് ഭയപ്പെടുകയും ചെയ്തു. ഇന്നു നാം അതിനെ മുഖാമുഖം നേരിടുകയാണ്.

പാർലമെന്റിൽ പ്രധാനവിഷയങ്ങൾ ചർച്ചചെയ്യാൻ വിമുഖത കാണിക്കുന്ന ഭരണപക്ഷം പ്രതിപക്ഷബഹളത്തിനിടയിൽ ഏകപക്ഷീയമായി സുപ്രധാന ബില്ലുകൾ പാസാക്കുകയാണ്. ജനങ്ങളെ സംബന്ധിക്കുന്ന ഏതു കാര്യവും നിയമവും സുതാര്യമായി ചർച്ചചെയ്യുവാനുള്ള സാഹചര്യം ഒരുക്കുന്നതിൽ പ്രതിപക്ഷവും വീഴ്ച വരുത്തുന്നുണ്ട്. സാധാരണക്കാരുടെ ജീവിതത്തോട് ചേർന്നുനില്ക്കുന്ന രാഷ്ട്രീയ പ്രവർത്തനം മറന്നുപോകുന്ന രാഷ്ട്രീയ പാർട്ടികൾ അവരെ അനാഥരാക്കുകയാണോ എന്നു സംശയിച്ചാൽ തെറ്റു പറയാനാകില്ല. നാം സ്വപ്നംകണ്ട മാനവിക, ജനാധിപത്യ ആദർശങ്ങളിൽ അടിയുറച്ചുനില്ക്കുന്ന രാഷ്ട്രീയ 'ഇന്ത്യ' ഇനിയെങ്കിലും ഉദയം ചെയ്യുമോ? കക്ഷിരാഷ്ട്രീയം ഗതിനിർണയിക്കുന്ന കേരളവും ഉണർന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. സമകാലിക ഇന്ത്യൻ/കേരള രാഷ്ട്രീയം: എങ്ങോട്ടാണീ പോക്ക്? സെപ്റ്റംബർ ലക്കം എഴുത്ത് മാസിക അന്വേഷിക്കുകയാണ്, വായനക്കാരിലൂടെ.

കുടുംബാധിപത്യവും വ്യക്തിപൂജയും മതരാഷ്ട്ര ചിന്തയുമെല്ലാം കൂടി അപകടത്തിലാക്കുന്ന നമ്മുടെ രാഷ്ട്രീയജീവിതം ഗൗരവമുള്ള സംവാദങ്ങളും ഇടപെടലുകളും വായനയും ആവശ്യപ്പെടുന്നുണ്ട്. പലരും ഇതൊക്കെ നിറുത്തിവച്ച് തന്നിലേക്കൊതുങ്ങുന്ന കാലമാണിത്. തകർന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയജീവിതത്തിന്റെയും ഒരു രാജ്യത്തിന്റെയും അവസ്ഥ എന്തെന്നറിയാൻ ദൂരെയെങ്ങും പോകേണ്ട. നമുക്ക് ചുറ്റുമുണ്ട്. വോട്ടുബാങ്ക് അല്ല ജനങ്ങളാണ് രാഷ്ട്രം. അധികാരമല്ല രാജ്യതാത്പര്യമാണ് വലുത്. കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ.

എഡിറ്റർ



മുൻവാക്ക് ▶

**സി. രാധാകൃഷ്ണൻ**

# കാണാൻ പോണ പൂരം

**സ്വാ**തന്ത്ര്യദിനത്തിന് ചെങ്കോട്ടയിൽ പതാക ഉയർത്തി പ്രസംഗിക്കവേ നമ്മുടെ പ്രധാനമന്ത്രി പറഞ്ഞു, അടുത്ത വർഷവും ഈ ദിവസം ഇവിടെ പതാക ഉയർത്താൻ താൻ തന്നെ ഉണ്ടായിരിക്കും എന്ന്. പാർലമെന്റിൽ അവിശ്വാസ പ്രമേയ ചർച്ചയ്ക്ക് മറുപടി പറയുമ്പോഴും അദ്ദേഹം പറഞ്ഞു, ഇനിയൊരു തിരഞ്ഞെടുപ്പു കഴിഞ്ഞു വരാൻ പോകുന്ന പാർലമെന്റിലും പ്രധാനമന്ത്രിയായി താൻ ഉണ്ടാകും എന്നും കൂടുതൽ മെച്ചപ്പെട്ട ഒരു അവിശ്വാസപ്രമേയം കൊണ്ടു വരാൻ പ്രതിപക്ഷം ശ്രമിക്കണം എന്നും.

ആദ്യത്തേത് അനാവശ്യമായ അളവിൽ ആത്മവിശ്വാസം, രണ്ടാമത്തെതോ ശൗര്യമുള്ളവർ ദുർബലനായ എതിരാളിയുടെ നേർക്ക് നടത്തരുതാത്ത ക്രൂര പരിഹാസം.

അദ്ദേഹം പറഞ്ഞത് തന്നെ സംഭവിച്ചേക്കാം. പക്ഷേ, ഇതൊക്കെ ഇങ്ങനെ പറയാമോ? ദൈവവിശ്വാസി ആണല്ലോ അദ്ദേഹം, GOD WILLING എന്നെങ്കിലും അതിന്റെ കൂടെ ചേർക്കേണ്ടതായിരുന്നില്ലേ? മിത്തനുസരിച്ച് അദ്ദേഹമല്ലല്ലോ ജനങ്ങളല്ലേ തീരുമാനിക്കേണ്ടത്?

ഈ ശങ്ക അസ്ഥാനത്ത് ആവാം. പക്ഷേ, വെറുതെ മോഹിക്കുവാൻ മോഹം എന്ന് പറഞ്ഞപോലെ വെറുതെയെങ്കിലും ശങ്കിക്കേണ്ടേ എന്നൊരു ശങ്ക.

ഉവ്വ്, വോട്ടുബാങ്കുകളുടെ ചേരുവകൾ അറിഞ്ഞു കളിക്കാൻ കഴിവുള്ള ആർക്കും എളുപ്പത്തിൽ കൈപ്പറ്റാവുന്നതാണ് ഇന്ത്യയിലെ രാഷ്ട്രീയ അധികാരം എന്നായിട്ടുണ്ട്. കാരണം, ജാതിമതങ്ങളുടെ ധ്രുവീകരണത്തിൽ വോട്ടുബാങ്കുകൾ പാറപോലെ ഉറച്ചുനില്ക്കുന്നു. അഥവാ എല്ലാ പാർട്ടികളും കൂടി അവരെ അങ്ങനെ നിറുത്തി പോരുന്നു.

ഇതുകൊണ്ടുണ്ടായ ഒരു കുഴപ്പം ഇന്ത്യയിൽ ഭരിച്ച ഒരു സർക്കാറിനും കേന്ദ്രത്തിലോ സംസ്ഥാനങ്ങളിൽ ഏതിലെങ്കിലുമോ ഇന്നേവരെ ഭൂരിപക്ഷത്തിന്റെ പ്രാതിനിധ്യം ഉണ്ടായിട്ടില്ല എന്ന ദുരന്തമാണ്.

ആദ്യകാലത്ത് സാക്ഷരത പോലും 25 ശതമാനത്തിൽ കുറവായിരുന്നതുകൊണ്ടുകൂടിയാവാം ആകെ വോട്ടർമാരുടെ 30 ശതമാനത്തിൽ താഴെയേവോട്ട് രേഖപ്പെടുത്തിയിരുന്നുള്ളൂ. അതിനാൽ, ജയിക്കുന്ന സ്ഥാനാർഥിക്ക് ആകെ വോട്ടർമാരിൽ 15 ശതമാനത്തിൽ താഴെയായിരുന്നു പിന്തുണ. ഈ പിന്തുണയോടെ ജയിക്കുന്നവരിൽ പാതിയിൽ അല്പം കൂടുതൽ പേർ ഒരു കൊള്ളസംഘം ഉണ്ടാക്കിയാൽ അവരാണല്ലോ ഭരിക്കുക. അതായത്, ഭരിക്കുന്നവർക്ക് ആകെയുള്ള ജനപിന്തുണ വോട്ടർമാരിൽ 10 ശതമാനത്തിൽ താഴെ.

ഇപ്പോൾ കാര്യങ്ങൾ കുറെക്കൂടി മെച്ചമാണ്. എന്നുവച്ചാൽ, ശരാശരി പോളിംഗ് ശതമാനം അറുപതായിട്ടുണ്ട്. അതായത് തിരഞ്ഞെടുക്കപ്പെടുന്നവരുടെ ജനപിന്തുണ 25 ശതമാനത്തോളം വരും. അടിതടവോ, ചാക്കിട്ട് പിടുത്തമോ, ഭീഷണിയോ ഒക്കെ ഉപയോഗിച്ച് അന്യപക്ഷങ്ങളിൽ ജയിച്ച ചിലരെ കൂടി കൂട്ടത്തിൽ കൂട്ടാൻ പണമോ തന്ത്രമോ ഒക്കെ മതിയാവുന്നതുകൊണ്ട് ഈ പിന്തുണതന്നെ അടിസ്ഥാനപരമായി സത്യസന്ധമല്ല.

ജനാധിപത്യം ശരിയായി നടപ്പിലാവുന്ന നാടുകളിൽ രണ്ടു സ്ഥാനാർഥികളേ ഉണ്ടാകാറുള്ളൂ. ചിലയിടങ്ങളിൽ മൊത്തം വോട്ടർമാരുടെ 50 ശതമാനത്തിൽ ഒട്ടും കുറഞ്ഞ ഭൂരിപക്ഷം പോരാ ജയിക്കാൻ.

ഒരു സർക്കാർ ജനങ്ങളുടെ യഥാർഥ താത്പര്യങ്ങളുടെ സംരക്ഷകരാകണം എങ്കിൽ അതിന് ജനപിന്തുണ ഇങ്ങനെ തട്ടിക്കൂട്ടാൻ അനുവദിക്കുന്ന സംവിധാനം ആകരുത്. ഈ കാര്യത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷനോ മറ്റോ ഫലപ്രദമായി വല്ലതും ചെയ്തിട്ടു പോരേ നമുക്ക് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് സംസാരിക്കാൻ?

ജാതിയുടെയോ മതത്തിന്റെയോ വികാരം മുൻനിറുത്തി വോട്ട് ചോദിച്ചു വരുന്നവർ തങ്ങളെ ചതിക്കുന്നവരാണ് എന്ന യാഥാർഥ്യം ഇന്ത്യയിലെ പൗരാവലി തിരിച്ചറിയുന്നതുവരെ ഇവിടെ എന്ത് ജനാധിപത്യം പുലരാനാണ്? അടുത്ത തിരഞ്ഞെടുപ്പിലും കാണാൻ പോകുന്നത് നിരങ്കുശമായ ജാതിമതപ്രീണന വാഗ്ദാനങ്ങൾ അല്ലേ?

ഈ ചെപ്പും പന്തും കളിയിൽ അതിവിദഗ്ധരായ പ്രഫഷണലുകൾ ഇപ്പോഴേ കരാർപണി തുടങ്ങിയിട്ടുണ്ട് എന്നാണ് അറിയാൻ കഴിയുന്നത്. രഹസ്യ സർവേകളും കമ്പ്യൂട്ടർ ഗെയിം മോഡലുകളുമായി അവർ ജനവഞ്ചന പ്ലാൻ ചെയ്യുന്നു. ഇപ്പുറത്തിരുന്ന് ശുദ്ധാത്മാക്കളായ നമ്മൾ എന്തിനു വെറുതെ ഉറക്കമിളച്ചു സിദ്ധാന്തവത്കരണം നടത്തുന്നു.

ഏത് പൂരത്തെയും ഇങ്ങനെ നിർവചിക്കാം: ഒന്നിനുമല്ലാതെ വെറും വെറുതെ ഒരു ബഹളം. പൂരമായി തീർന്ന നമ്മുടെ ജനാധിപത്യത്തിനും ഇതല്ലേ ചേരുക. എന്തിന്നു ഭാരതധരേ കരയുന്നു? ●





◀ രാഷ്ട്രീയം എങ്ങോട്ട്

**ശിവ് വിശ്വനാഥൻ**

# രാഷ്ട്രീയത്തിന്റെ ഭാവി

**ഭാവിയെ സ്വപ്നം കാണുകയെന്നാൽ പുതിയ ഒരു രാഷ്ട്രീയത്തെ സ്വപ്നം കാണുകയെന്നതുതന്നെയാണ്.വിത്തുകൾക്ക് ജലസേചനം നല്കുന്നതുപോലെ ഉട്ടോപ്പിയകളെയും നനച്ചു വളർത്തേണ്ടതുണ്ട്. പുതിയ സാധ്യതകൾ തേടുകയാണ് നവീനാശയങ്ങൾ.**

**പ**ഴയൊരു കഥയുണ്ട്. അതൊരു കഥ പറയുന്നവന്റെ കഥകൂടിയാണ്. ഹരികഥാകാരനാണയാൾ. ഒരിക്കൽ അയാൾ ക്ഷണിക്കപ്പെട്ടത്, ഓഗസ്റ്റ് 15-ാം തീയതിയിലെ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾ ഉദ്ഘാടനം ചെയ്യാനാണ്. ചുക്കിച്ചുളിഞ്ഞ ഒരു ഷാൾ മാത്രം പുതച്ചിരുന്ന അയാൾ ഏറക്കുറെ നഗ്നനായിരുന്നു. ജനക്കൂട്ടത്തെ നമസ്കരിച്ചശേഷം അദ്ദേഹം നൃത്തച്ചുവടുകളോടെ ഫ്ലാഗ്പോസ്റ്റിന്റെ ചുവട്ടിലെത്തി. കൊടിമരത്തിന്റെ മുകളിൽനിന്ന് അല്പം താഴെയായി അയാൾ പതാക ഉയർത്തിക്കെട്ടി.



അയാൾ പറഞ്ഞത്. അതൊരു ദുഃഖാചരണദിനമെന്നായിരുന്നു. സ്വാതന്ത്ര്യം മരിച്ചുകഴിഞ്ഞു. രാഷ്ട്രത്തെക്കുറിച്ചുള്ള കാല്പനിക സ്വപ്നങ്ങളെല്ലാം മൃതിയടഞ്ഞു. ഈ കാല്പനിക സ്വപ്നങ്ങളുടെ ചരമത്തോടെ, രാഷ്ട്രശരീരത്തിൽ ഒരു മരവിപ്പും കാഠിന്യവും ഉണ്ടായി. രീതിശാസ്ത്രത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും മരവിപ്പായിരുന്നു അത്. ഏതാനും നിമിഷം നിശ്ശബ്ദനായി നിന്ന അദ്ദേഹത്തിന് ഒരു വിഗ്രഹത്തിന്റെ ഛായ ഉണ്ടായിരുന്നു. ഉടനെ അയാൾ അപ്രത്യക്ഷനായി. ജനാധിപത്യത്തിന് വലിയ ഭാവി ഇല്ലാത്തതിനാൽ രാഷ്ട്രീയത്തിനും ഭാവിയില്ലെന്നാണ് അയാൾ അവകാശപ്പെട്ടത്. വോട്ടിന്റെയും നോട്ടിന്റെയും (കറൻസി) രാഷ്ട്രീയം മനസ്സിന്റെ സർവ സർഗാത്മകതയെയും നശിപ്പിച്ചിരിക്കുന്നു.

ജനാധിപത്യത്തിൽ നിർണായകമായ മൂന്നു ഘടകങ്ങൾ ഉണ്ടെന്ന് വൃദ്ധനായ ഈ മനുഷ്യൻ പിന്നീട് അവകാശപ്പെടുകയുണ്ടായി. ഒന്നാമതായി, ജനാധിപത്യം ഒരു കഥയുടെ ആഖ്യാനമാണ്. ഓരോ രാഷ്ട്രീയകഥയ്ക്കും വ്യത്യസ്തമായ പരിസമാപ്തിയുണ്ട്. ബദലുകളും വ്യത്യസ്തതയുമില്ലാതെ രാഷ്ട്രീയമില്ല. അമൂർത്തമായ സങ്കല്പങ്ങളെ മൂർത്തവും യഥാർഥവുമായ കാഠിന്യമായി അവതരിപ്പിക്കുമ്പോൾ വൈവിധ്യങ്ങളുടെ നാശം സംഭവിക്കുന്നു. രണ്ടാമതായി, പരീക്ഷണം നടത്താൻ ഒരിടം ഉണ്ടാവണം. ചിന്തയിലുള്ള പരീക്ഷണങ്ങൾ രാഷ്ട്രീയത്തിന്റെ വിധി നിർണയിക്കും. ജനാധിപത്യം ജന്മമെടുക്കുന്നത്, സ്വപ്നം, പരീക്ഷണം, സാധാരണക്കാരുടെ പഠനരീതിശാസ്ത്രം എന്നിവയുടെ മധ്യത്തിലാണ്. മൂന്നാമതായി രാഷ്ട്രീയത്തെ വധിക്കുന്നത് ഹിംസയാണ്. അത് സംവേദനക്ഷമതയെ ദുർബലമാക്കുന്നു, നശിപ്പിക്കുന്നു. 2023-ൽ ഇന്ത്യയ്ക്ക് നഷ്ടപ്പെട്ടത് രാഷ്ട്രീയ മസ്തിഷ്കമാണ്. രാഷ്ട്രീയത്തിന്റെ മണവും രുചിയും തിരിച്ചറിയാനുള്ള ഇന്ത്യയുടെ നൈപുണ്യമാണ് നഷ്ടമായത്. രാഷ്ട്രീയമായ മസ്തിഷ്കത്തിന്റെ അഭാവത്തിൽ ഒരു രാഷ്ട്രത്തിന് എന്തു ഭാവിയാണുണ്ടാവുക? ഇതിന്റെ ആദ്യത്തെ സൂചനയാണ്, കിംവദന്തികളുടെ കാര്യത്തിലുള്ള കുറവ്.

ഒരു വ്യാഖ്യാതാവ് എന്ന നിലയിൽ ഇവയുടെ ഒരു സംഗ്രഹം ഞാനിവിടെ അവതരിപ്പിക്കട്ടെ. മൂന്നു കാര്യങ്ങളാണിവിടെ ഒന്നിച്ചു ചരമമടഞ്ഞത്. സ്വതന്ത്രചിന്ത, സ്മൃതിരൂപത്തിലുള്ള ജനാധിപത്യത്തിന്റെ നാടോടിക്കഥ, ഭരണഘടനയെ സ്പോർട്സ്മാൻ സ്പിരിറ്റോടെ, ഒരു ലീലയായി കാണാനുള്ള സിദ്ധി, എന്നിവയാണത്. ജനാധിപത്യമെന്നത് കാല്പനിക സ്വപ്നലോകത്തിനു പകരം ഒരു വോട്ടിംഗ് യന്ത്രമായി മാറി. വൈവിധ്യത്തിന്റെ സ്വപ്നവും ആഘോഷവുമില്ലാതായി പരിണമിച്ചു. ജനാധിപത്യം-ബഹുത്വാത്മകതയില്ലാത്ത ജനാധിപത്യം-സംഖ്യകളുടെ വരൾച്ചയായി അധഃപതിച്ചു. സംഖ്യകൾ തണുത്തുറഞ്ഞ് ഭൂരിപക്ഷവർഗീയതയുടെ പ്രകടന പ്രകാശനങ്ങളായി. വൈവിധ്യത്തിന്റെ വംശഹത്യയ്ക്കുതന്നെ പോന്നതാണത്.

രാഷ്ട്രീയം സംഖ്യകളുടെ ഒരു കളിയായി മാറിയതോടെ പ്രത്യയശാസ്ത്രങ്ങൾക്ക് ജനാധിപത്യവുമായുള്ള



**ജനാധിപത്യമെന്നത് കാല്പനിക സ്വപ്നലോകത്തിനു പകരം ഒരു വോട്ടിംഗ് യന്ത്രമായി മാറി. വൈവിധ്യത്തിന്റെ സ്വപ്നവും ആഘോഷവുമില്ലാതായി പരിണമിച്ചു. ജനാധിപത്യം- ബഹുത്വാത്മകതയില്ലാത്ത ജനാധിപത്യം-സംഖ്യകളുടെ വരൾച്ചയായി അധഃപതിച്ചു. സംഖ്യകൾ തണുത്തുറഞ്ഞ് ഭൂരിപക്ഷവർഗീയതയുടെ പ്രകടന പ്രകാശനങ്ങളായി. വൈവിധ്യത്തിന്റെ വംശഹത്യയ്ക്കുതന്നെ പോന്നതാണത്.**

പൊക്കിൾക്കൊടി ബന്ധം ഇല്ലാതായി. നവമായ സങ്കല്പങ്ങളും പുതുതായ സ്ഥാപനങ്ങളും രാജ്യത്തുണ്ടായില്ല. യഥാർഥത്തിൽ, നവമായ ആശയങ്ങളും വസ്തുതകളുടെ കണ്ടെത്തലുകളും രാജ്യദ്രോഹപരമായിട്ടാണ് വിലയിരുത്തപ്പെട്ടത്. ഇടുങ്ങിയ ദേശീയതയാണ് ഭരണകൂടത്തെ നയിച്ചത്. ഒരു സന്യാസിവര്യൻ പ്രസ്താവിച്ചതുപോലെ, ഇന്ത്യയിൽ ഒരു യഥാർഥ പൗരനാകണമെങ്കിൽ നിങ്ങൾ ഒരു അർബൻ നക്സലാകണം. ദേശവിരുദ്ധനായാൽ മാത്രമേ ഇന്ന് ഇന്ത്യക്കാരനായി ജീവിക്കാൻ സാധിക്കുകയുള്ളൂ. ജനാധിപത്യത്തെ യഥാർഥത്തിൽ അർഥവത്താക്കുന്നത് വൈവിധ്യത്തെ വാഴ്ത്തുമ്പോഴാണ്, മഹത്ത്വവത്കരിക്കുമ്പോഴാണ്. ഭരണകൂടത്തെ വിമർശിക്കുന്നതുപോലും രാജ്യദ്രോഹക്കുറ്റമായിത്തീരുന്ന കാലമാണിത്.

മറ്റൊരാൾ സാക്ഷ്യപ്പെടുത്തിയത്, ഭരണഘടന മരിക്കുന്നത്, ഭാഷയുടെ പരാജയത്തോടെയെന്നാണ്. വ്യാഖ്യാനവും വിമർശനവും വ്യത്യസ്തതയുമില്ലാത്ത സമൂഹം ഉണങ്ങിയ വൃക്ഷശിഖരമാണ്, തടിയാണ്. ബജ്റംഗ്ദൾ എന്നു വിളിച്ചുകൊണ്ട് അതിനെ നമുക്കു വീണ്ടെടുക്കാനാവില്ല. ഏകരൂപത്തിന്, അടിസ്ഥാനമാതൃകയ്ക്ക് അനുരൂപമാക്കുന്നതിന്, ഒത്തിരി ദുഃഖം സഹിക്കേണ്ടിവരും. കഴിഞ്ഞകാല സംഭവങ്ങളുടെ വെളിച്ചത്തിൽ നമുക്ക് അതു വ്യക്തമായി മനസ്സിലാക്കാനാവും. തിരുത്തി വീണ്ടുമെഴുതുന്നതിലൂടെ മാത്രമേ ഭരണഘടന സജീവമായി നിലനില്ക്കുകയുള്ളൂ. തണുത്തുമരവിച്ച ലോകം നിയമത്തിന്റെ ഭാഷയെയല്ല, സൂചിപ്പിക്കുന്നത്. അതാവശ്യപ്പെടുന്നത് കൂടുതൽ ക്രമസമാധാനമത്രേ. നിരന്തര നിരീക്ഷണത്തിന്റെ കാഠിന്യമാണത് പ്രകടമാക്കുന്നത്. ടൈംടേബിൾ ക്രമപ്പെടുത്തിയ ലോകത്ത് സമയത്തിന്റെ യഥാർഥമൂല്യം നഷ്ടപ്പെടുകയാണ്. ഒരു വനവാസിയുടെ

പരാതി ഇതായിരുന്നു: രേഖീയ സമയക്രമത്തിൽ എങ്ങനെയാണ് സുസ്ഥിരത കൈവരിക്കാനാവുക? എന്റെ ഗോത്രത്തിന് 15 തരം സമയമുണ്ട്. ദുരന്തം ആരംഭിക്കുന്നത് ജനാധിപത്യത്തിന് സമയബോധം നഷ്ടപ്പെടുമ്പോഴാണ്.

മതനിരപേക്ഷതയുടെ ഒരു വരണ്ട മാതൃക രൂപപ്പെടുത്തുന്നതിനിടയിൽ നമുക്ക് നഷ്ടമായത് പ്രകൃതിയെക്കുറിച്ചും അതിന്റെ വിശുദ്ധിയെക്കുറിച്ചുമുള്ള അവബോധമാണ്. വംശഹത്യയും പീഡനവും മൂലം മനുഷ്യശരീരത്തിന്റെ വിശുദ്ധി നഷ്ടമാക്കി. പ്രകൃതിയെ ഒരു വില്പനച്ചരക്കാക്കിക്കാണാനും അതിടയാക്കി. ബ്രസീലിലെ ഒരു ആദിവാസി ഭംഗിയായി അക്കാര്യം പറഞ്ഞതിങ്ങനെ: ആധുനിക രാഷ്ട്രീയം വനത്തെ കാണുന്നത് തടിയും വിറകുമായാണ്. എന്റെ സങ്കല്പത്തിലെ കാനനം രഹസ്യാത്മകമായ ഒരസ്തിത്വമത്രേ. ഇലകളുടെ മർമരം, അർഥത്തിന്റെ ഗാനമേളയാണ്. പ്രകൃതിക്ക് വേണ്ടത് വൈവിധ്യമാണ്. നാം വർണങ്ങളെ സ്വപ്നം കാണുമ്പോഴാണ്, പ്രകൃതി ജനിക്കുന്നത്. വൃദ്ധനായ ഒരു മത്സ്യത്തൊഴിലാളിയുടെ പരാതി ഇതായിരുന്നു: നമ്മുടെ ഭരണഘടനയ്ക്ക് സമുദ്രത്തെക്കുറിച്ച് അവബോധമില്ല. സമുദ്രജലത്തിന്റെ ഒഴുക്കിനെക്കുറിച്ച് ഒരു ദർശനമില്ല. സമയത്തിന്റെ താളലയത്തെക്കുറിച്ചും വിത്തുകളുടെ വൈവിധ്യത്തെക്കുറിച്ചും ഭരണഘടനയ്ക്ക് അറിവില്ല.

ഏകകൃഷി (Monoculture) എന്നത് പ്രകൃതിയുടെ അന്തമല്ല; അത് രാഷ്ട്രീയത്തിന്റെ അന്തമാണ്. വനത്തിൽ അനേകം അദ്ഭുതങ്ങൾ ഒളിഞ്ഞിരിക്കുന്നതുപോലെ വാക്കുകളുടെ ഓരോ ചെടിക്കും പുതുതായൊരു രഹസ്യമുണ്ട്. വൈവിധ്യവും വ്യത്യസ്തതയുമില്ലാതെയുള്ള, ഒരേ ഭാഷയിലും ശൈലിയിലുമുള്ള ആശയവിനിമയത്തിന് യാതൊരു ചടുലതയും ചലനാത്മകതയുമില്ല. അത് ആത്മഭാഷണത്തിനു സദൃശമാണ്. 2014-നുശേഷം ബി.ജെ.പിക്ക് ഇതു മനസ്സിലാക്കാനായിട്ടില്ല. രാഷ്ട്രീയം മരിക്കാനാരംഭിച്ചത് ആദിവാസിഗോത്രജീവിതം മാഞ്ഞുപോയപ്പോഴാണ്. രാഷ്ട്രീയം എന്ന ആശയാദർശവും വ്യത്യസ്തതയുടെ ഒരു പ്രസ്താവന എന്നതിന്റെ പ്രതീകമായി മരവും ഒന്നിച്ചാണ് അപ്രത്യക്ഷമായത്. ദിവ്യശക്തിയുണ്ടെന്ന് കരുതുന്ന 'മന്ത്രവാദി'കളുടെ അഭിപ്രായമാണിത്. ഇത്തരം പ്രതിഭാസത്തെക്കുറിച്ചുള്ള നയത്തെ സംബന്ധിച്ച റിപ്പോർട്ടുകൾക്ക് വിശ്വസനീയതയില്ല. ഏതാനും മന്ത്രവാദികൾക്ക് ഇതുപിടികിട്ടി. എന്നാൽ, അവർ നിശ്ശബ്ദത പാലിച്ചു. പുതിയ ബദലുകൾ കാലഘട്ടത്തിന് ആവശ്യമാണെന്ന തിരിച്ചറിവ് രാഷ്ട്രീയത്തിനുണ്ടായില്ല. ഭാവിയെ സ്വപ്നം കാണുകയെന്നാൽ പുതിയ ഒരു രാഷ്ട്രീയത്തെ സ്വപ്നം കാണുകയെന്നതുതന്നെയാണ്.വിത്തുകൾക്ക് ജലസേചനം നല്കുന്നതുപോലെ ഉട്ടോപ്പിയകളെയും നനച്ചു വളർത്തേണ്ടതുണ്ട്. പുതിയ സാധ്യതകൾ തേടുകയാണ് നവീനാശയങ്ങൾ. മാനിഫെസ്റ്റോകളും സ്വപ്നങ്ങളും ഉട്ടോപ്പിയകളും മരിച്ചുവീണത്, കാഠിന്യത്തിന്റെ സ്വപ്നത്തിലാണ്. യഥാർഥത്തിൽ ഔദ്യോഗിക കടുംപിടിത്തം ബി.ജെ.പി ഭരണകൂടത്തിന്റെ ശൈലിയായിരുന്നു. എല്ലാറ്റിന്റെയും സൂചകമായി ഇതുമാറി. ആശയാദർശങ്ങളുടെ നൃത്തം എന്ന നിലയിൽ രാഷ്ട്രീയം മരിച്ചു. ഭാവി എന്നത് പ്രവചിക്കാനാവുന്നതും വിരസവുമായിത്തീർന്നു. രാഷ്ട്രീയത്തിനു സന്തോഷം പകർന്ന ജീവിതത്തിന്റെ അനിശ്ചിതത്വങ്ങൾ നിരോധിക്കപ്പെട്ടു, ഭാവനാശക്തി ഉപയോഗിക്കാൻ കുട്ടികൾ മറന്നു. 'പണ്ട് അങ്ങനെ ഒന്നുണ്ടായിരുന്നു' എന്ന പ്രയോഗം ദേശവിരുദ്ധമായി. യഥാർഥത്തിൽ പ്രവാചകനെപ്പോലെ സ്വപ്നം കണ്ട ഒന്നാമത്തെ ശിശുവിനെ കല്ലെറിയുകയുണ്ടായി.


കഥപറച്ചിലുകാരൻ അപ്രത്യക്ഷനായി. വാമൊഴിയും ഓർമയും മരവിച്ചു. ദർശനമില്ലാതായി; ബദൽ ദർശനങ്ങൾക്കിടമില്ലാതായി. സമൂഹത്തിലെ മധ്യവിഭാഗത്തിന് അനിശ്ചിതത്വം നിറഞ്ഞ ഭാവി സ്വീകാര്യമോ സഹനീയമോ ആയില്ല. രാഷ്ട്രീയമെന്നത്, റോക്കറ്റിന്റെ ശാസ്ത്രംപോലെ മനസ്സിന്റെ, പുതിയ 'തുമ്പയെപ്പോലുള്ള, വിക്ഷേപണ കേന്ദ്രങ്ങൾ'ക്കുവേണ്ടിയുള്ളതായി മാറി.

വ്യാഖ്യാതാവ് വ്യാഖ്യാനം നിർത്തി. അയാൾ ഏങ്ങിക്കരയുവാനാരംഭിച്ചു. ജീവിതത്തിന്റെ മനോഹരമായ വാക്കുകൾ - വൈവിധ്യം, ചർച്ച, സംഭാഷണം - പുതിയ 'എന്നെ ഉപയോഗിക്കേണ്ട' എന്നു പറയുന്ന മനസ്സിന്റെ നിഘണ്ടുവിന്റെ ഭാഗമായി. അങ്ങനെ മൃതമായ ഭാഷയും മരിച്ചുകൊണ്ടിരിക്കുന്ന അധ്യാപനശാസ്ത്രവും രാഷ്ട്രീയത്തെ നശിപ്പിച്ചു. അങ്ങനെ രാഷ്ട്രീയമെന്നത് നയമായിമാറിയപ്പോൾ അത് ചുക്കിചുളിഞ്ഞുപോയി. എങ്കിലും ചിലർ പ്രത്യാശയുടെ ചിന്തയും ബോധവും പ്രവചിച്ചു. പുതിയ രാഷ്ട്രീയത്തിന്റെ ആരംഭം ഒരു കിംവദന്തിയായിരുന്നു. അത്തരമൊന്നാണ് ഛത്തീസ്ഘഡിലെ ബസ്തറിൽ നിന്നും കേരളത്തിൽനിന്നുമുള്ള ആദിവാസികളായ രണ്ടുപേർ ഭൂരിപക്ഷ വർഗീയതയിൽനിന്നു വേർപെട്ടു നില്ക്കുകയാണെന്ന് പ്രസ്താവിച്ചതായി കേട്ടത്. ഒരു പ്രാർഥന പുതിയൊരു രാഷ്ട്രീയത്തിനുള്ള ആദ്യസൂചനയായി മാറിയെന്നത് ഏറെ വിചിത്രമാണ്. അനിശ്ചിതത്വമാണ് നവരാഷ്ട്രീയത്തിന്റെ മിത്തുകൾ സൃഷ്ടിക്കുന്നത്. പണ്ട്, വ്യത്യാസമുണ്ടായിരുന്നു. 'എങ്കിൽ, എന്നാൽ' എന്നീ സാധ്യതകൾ വീണ്ടും ജീവൻ നല്കുന്നതായി മാറി. മന്ത്രവാദി അത്യാനന്ദത്തോടെ പുഞ്ചിരിച്ചു. ●

*(മൊഴിമാറ്റം: മാത്യു കുരിശുംമൂട്ടിൽ)*

*നെഹ്റു ആദ്യ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ പ്രസംഗിക്കുന്നു*





രാഷ്ട്രീയം എങ്ങോട്ട് ▸

**രാം പുനിയാനി**

# സമകാലിക ഇന്ത്യൻ രാഷ്ട്രീയം എങ്ങോട്ടാണീ പോക്ക് ?

**'ഇന്ത്യ' (INDIA) എന്ന ആശയത്തെ വിഘടനവാദികൾ എതിർക്കുന്നുണ്ട്. അവരുടെ വിഭജനതന്ത്രങ്ങൾക്ക് ഭരണഘടന ഒരു തടസ്സമാണെന്നവർ കരുതുന്നു. മുഖ്യധാരയിൽനിന്ന് സാധാരണക്കാരെ മാറ്റി നിറുത്തുന്ന അജണ്ടയാണവരുടേത്.**

**2023** ഓഗസ്റ്റ് 15-ാം തീയതി ഇന്ത്യ 77-ാം സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു. എങ്ങോട്ടാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ഇപ്പോൾ ചിന്തിക്കുക ഉചിതമാണ്. എഴുപത്താറ് വർഷം മുമ്പ് ഡൽഹിയിലെ ചുവപ്പുകോട്ടയുടെ കൊത്തളത്തിൽനിന്നുകൊണ്ട് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ചെയ്ത വിധിയുമായുള്ള ഒരു സമാഗമം എന്ന ചരിത്രപ്രസിദ്ധവും അവിസ്മരണീയവുമായ പ്രസംഗം ലോകം ശ്രവിച്ചു. വിഭജനത്തിന്റെയും തുടർന്നുള്ള ഹിംസയുടേയും വേദന സഹിക്കുകയായിരുന്നു ഇന്ത്യ. രാജ്യത്തെ ചൂഷണം ചെയ്യുകയും കൊള്ളയടിക്കുകയും ചെയ്ത ബ്രിട്ടീഷുകാർ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയെ ദുർബലമാക്കിയിരുന്നു. സ്വാതന്ത്ര്യസമരപ്രസ്ഥാനം ബ്രി





*1947 ആഗസ്റ്റ് 15 -ന് നെഹ്റു ചെങ്കോട്ടയിൽ ജനങ്ങളെ അഭിസംബോധന ചെയ്യുന്നു.*

ട്ടീഷ് കോളനിവത്കരണത്തിനെതിരെ പോരാടുകയും ഇന്ത്യൻ സ്വത്വബോധത്തിൽ ഇന്ത്യക്കാരെ ഐക്യത്തിൽ കൊണ്ടുവരുകയും ചെയ്തു.

ജനങ്ങളുടെ ആശയാഭിലാഷങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ട് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി, ഇന്ത്യയുടെ വിശിഷ്ടമായ ഭരണഘടന തയാറാക്കിയെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. ഭരണഘടനയുടെ ആമുഖം സംക്ഷിപ്തമായി നല്കിയത്, സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ മൂല്യങ്ങൾക്കു പുറമേ, ആധുനികമാർഗത്തിൽ രാജ്യത്തെ കെട്ടിപ്പടുക്കാനുള്ള മാർഗരേഖകൂടിയത്രേ. നെഹ്റുവിന്റെ നയങ്ങൾ ലക്ഷ്യം വച്ചത് ആധുനികരീതിയിലുള്ള അടിസ്ഥാന വ്യവസായ സ്ഥാപനങ്ങളും ഗവേഷണകേന്ദ്രങ്ങളുമാണ്. ഭക്രാനംഗൽ ഡാം ഉദ്ഘാടനം ചെയ്തുകൊണ്ട് നെഹ്റു ചെയ്ത പ്രസംഗത്തിൽ, ശാസ്ത്രഗവേഷണസ്ഥാപനങ്ങൾ, സ്റ്റീൽ പ്ലാന്റുകൾ, വൈദ്യുതിനിലയങ്ങൾ, ജലവൈദ്യുത പദ്ധതികൾ, ഡാമുകൾ എന്നിവയെ വിശേഷിപ്പിച്ചത് ആധുനികഇന്ത്യയിലെ ക്ഷേത്രങ്ങൾ എന്നത്രേ. ശാസ്ത്രസാങ്കേതിക, വ്യാവസായിക, കാർഷികമേഖലകളിൽ സ്വാതന്ത്ര്യത്തിനു ശേഷം ഒരു കുതിച്ചുചാട്ടം നടത്തുകയെന്ന ഇന്ത്യയുടെ ദൃഢനിശ്ചയമാണ് നെഹ്റുവിന്റെ നയങ്ങൾ പ്രതിഫലിപ്പിക്കുന്നത്.


വ്യവസായവത്കരണം, ആധുനികവിദ്യാഭ്യാസം, ആരോഗ്യപരിരക്ഷാ സംവിധാനങ്ങൾ, കാർഷിക വികസനം, പാലിന്റെ ഉത്പാദനം, ന്യൂക്ലിയർ - ശൂന്യാകാശ ഗവേഷണം എന്നീ മേഖലകൾക്കെല്ലാം മുൻഗണനകൾ നല്കി വലിയ തുടക്കമാണ് നെഹ്റു കുറിച്ചത്. ദലിതർക്ക് ഭരണഘടനയിൽ അർഹിക്കുന്ന പരിഗണന നല്കാനും അവരുടെ ഉന്നമനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്ക്കരിക്കാനും അദ്ദേഹം തയാറായി. വിദ്യാഭ്യാസ-സാമൂഹിക മേഖലകളിൽ സ്ത്രീകൾക്ക് പ്രോത്സാഹനവും പിന്തുണയും നല്കാനും അദ്ദേഹം മനസ്സുവച്ചു. ഏറെ കഠിനാദ്ധ്വാനം വേണ്ട ഒന്നായിരുന്നു ഈ യജ്ഞം. 1980-ൽ ആരംഭിക്കുന്ന ഒരു ദശവർഷം വരെ അതു തുടരുകയുണ്ടായി.

1980-കളിൽ രാജ്യം സാക്ഷ്യം വഹിച്ചത് വിഭാഗീയ രാഷ്ട്രീയത്തിനാണ്. ഷബാനു കേസിലെ വിധിയെ മറപിടിച്ചുകൊണ്ട് ന്യൂനപക്ഷ പ്രീണനം എന്ന ആശയത്തിന് സമൂഹമനസ്സിൽ ഇടംകൊടുക്കാൻ പ്രചാരണം കൊണ്ട് സാധിച്ചു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതും വിഘടന ദേശീയതയ്ക്ക് ഉത്തേജനം നല്കി 'ആധുനിക ഇന്ത്യയിലെ ക്ഷേത്രങ്ങൾ' എന്ന സങ്കല്പത്തെ ഒന്നാകെ തകിടം മറിക്കാൻ അതിടയാക്കി. തുടർന്ന് മുസ്ലീംപള്ളികൾക്കടിയിലുള്ള ക്ഷേത്രങ്ങൾ അന്വേഷിച്ചു കണ്ടെത്താനുള്ള ശ്രമങ്ങളുണ്ടായി. ബാബ്റി മസ്ജിദ് നശിപ്പിക്കുന്നതിൽവരെ ഈ ശ്രമം ചെന്നെത്തി. ഇതിന് വലിയ ശ്രദ്ധയും പ്രചാരണവും നല്കപ്പെട്ടു. ഇവയെല്ലാം സാമൂഹികപുരോഗതിയെ തളർത്തി. സാധാരണ മനുഷ്യർക്ക് നീതിയും ക്ഷേമവും ഉറപ്പാക്കുന്നതിന് ഇതു വിഘാതമായി. മഹാത്മാഗാന്ധിയുടെ ഏറ്റവും പാവപ്പെട്ടവന് പ്രാമുഖ്യം എന്ന സങ്കല്പം അപ്രധാനമായി മാറി.

ക്ഷേത്രരാഷ്ട്രീയം സമൂഹത്തെ വിഭജിക്കാനും ഹിംസയിലൂടെ വർഗീയശക്തികൾക്ക് ശക്തിപ്രാപിക്കാനും അവസരം നല്കുകയും ചെയ്തു. ഇതിന് രാഷ്ട്രീയമാനങ്ങളുമുണ്ടായിരുന്നു. മുസ്ലീങ്ങൾക്കെതിരെയുള്ള ആക്രമണത്തോടൊപ്പം ക്രിസ്ത്യാനികൾക്കെതിരെയുള്ള ആക്രമണത്തിന്റെ ഗ്രാഫും ഉയരുന്നതാണ് പിന്നീട് രാജ്യം കണ്ടത്. ഇതോടൊപ്പം വർഗീയ രാഷ്ട്രീയപ്പാർട്ടിയുടെ വളർച്ചയും ഉണ്ടായി.

ക്ഷേത്രവിഷയത്തോടൊപ്പം 'വിശുദ്ധപശു' എന്ന ആശയത്തിന് പ്രചാരം സിദ്ധിച്ചതോടെ, മുസ്ലീങ്ങളുടെയും ദലിതരുടെയും ജീവിതമാർഗം നശിപ്പിക്കുന്ന ആൾക്കൂട്ടക്കൊലപാതകങ്ങൾ ഏറെയുണ്ടായി. 'ഘർവാപസി' മറ്റൊരു വിഷയമായി മാറി. 'ലൗ ജിഹാദ്' എന്ന വിഷയം മുസ്ലീം യുവാക്കളെ ലക്ഷ്യമിട്ട് നടത്തിയതിനു പുറമേ സ്ത്രീകളുടെയും പെൺകുട്ടികളുടെയും മേലുള്ള നിയന്ത്രണം കൂടി ലക്ഷ്യം വച്ചുള്ളതായിരുന്നു.

ഇതിനോടകം, സാമൂഹികവികസനത്തിന്റെ മാർഗത്തിൽ മുന്നോട്ടുപോകാതെ പിന്നാക്കം പോകാനിടയായി. സാമ്പത്തികസൂചകങ്ങളെല്ലാം താഴോട്ടുപോയി. വിശപ്പിന്റെ അളവും തോതും സൂചകങ്ങളും വർധിച്ചു. അഭിപ്രായ സ്വാതന്ത്ര്യം എന്നിവയിലും വലിയ കടന്നുകയറ്റമുണ്ടായി. അമൂല്യമായ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ വ്യക്തികൾക്ക് വില്ക്കുകയുണ്ടായി. ഇതെല്ലാം തുച്ഛമായ വിലയ്ക്കും പ്രിയപ്പെട്ട വ്യക്തികൾക്കുമാണെന്നത് പകൽപോലെ വ്യക്തമാണ്. ശതകോടീശ്വരൻമാർ ഭരണകൂടവുമായുള്ള അടുത്തബന്ധം മുതലാക്കി സമൂഹത്തിന്റെ പണവുമായി രാജ്യംവിട്ട് വിദേശത്തു സുഖമായി താമസിക്കുകയാണ്. കോടിക്കണക്കിനു രൂപയാണങ്ങനെ ബാങ്കുകൾക്കും രാജ്യത്തിനും നഷ്ടമായത്. ഉള്ളവനും ഇല്ലാത്തവനും, ധനികനും ദരിദ്രനും തമ്മിലുള്ള വിടവ് ഏറെ വലുതായി. ശാസ്ത്രചി



*ഷബാനു*

ന്തയ്ക്ക് വലിയ തിരിച്ചടിയേറ്റു. പുരാതന ഇന്ത്യയിലെ പ്ലാസ്റ്റിക് സർജറി മൂലം ആനയുടെ തല മനുഷ്യശരീരത്തിൽ തുന്നിച്ചേർക്കാൻ കഴിഞ്ഞിരുന്നുവെന്ന് പ്രധാനമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അതൊരു തുടക്കം മാത്രം. തുടർന്ന് യോഗ്യരായ പലരും നടത്തിയ പ്രഭാഷണ വിഷയം എല്ലാ ശാസ്ത്രവും ഇന്ത്യയിലെ പുരാതനവിജ്ഞാനത്തിന്റെ ഭാഗമാണെന്നതായിരുന്നു.

ഈ സംഭവങ്ങളോടൊപ്പംതന്നെ ഭരണഘടനാഭേദഗതി എന്ന ആവശ്യം കൂടുതൽ പ്രകടമായും ശക്തമായും ഉയർന്നു. ഇടുങ്ങിയ ദേശീയതയുടെ വക്താക്കൾ പറയുന്നത്, ആവശ്യപ്പെടുന്നത് ഭരണഘടനാ മൂല്യങ്ങളെക്കാൾ പ്രാമുഖ്യം നല്കേണ്ടത് ഭാരതസംസ്കാരത്തിനാണെന്നത്രേ. ബ്രാഹ്മണമൂല്യങ്ങളാണ് ഭാരതത്തിന്റെ സവിശേഷ സംസ്കാരമെന്നാണ് ഇവരുടെ വാദം. ഇതൊരു ഫ്യൂഡൽ ചിന്തയാണ്. നീതിയുടെ ഭീകരമായ ഒരു ദുരുപയോഗമാണ്. ഈ അടുത്ത കാലത്ത്, നോട്ടീസുപോലും നല്കാതെ ബുൾഡോസർ ഉപയോഗിച്ച് ചില സംസ്ഥാന സർക്കാരുകൾ മുസ്ലീങ്ങളുടെ കെട്ടിടങ്ങൾ തകർക്കുകയുണ്ടായി. വർഗീയലഹളയിൽ പങ്കെടുത്തതായി ആരോപണമുള്ള ഇവരുടെ കെട്ടിടങ്ങൾ തകർത്തത് നിയമപരമല്ലാത്ത നിർമാണമാണവയെന്ന കാരണത്താലാണ്. ഉത്തർപ്രദേശ്, മധ്യപ്രദേശ്, ആസ്സാം എന്നീ സംസ്ഥാനങ്ങളിലാണ് ഇത്തരത്തിൽ 'ബുൾഡോസർ നീതി' നടത്തിയത്.

മണിപ്പൂർ അതിക്രമം പോലെതന്നെ, ഹരിയാനയിലെ മേവാത് - നൂഹ് ജില്ലയിലെ അക്രമവും ഹിംസയും ഇപ്പോൾ നമ്മുടെ മനസ്സിലുണ്ട്. നാല്പതുശതമാനം മുസ്ലീങ്ങളുള്ള, വളരെയധികം പിന്നാക്കം നില്ക്കുന്ന ഒരു ജില്ലയാണിത്. നമ്മുടെ റിപ്പബ്ലിക്കിന്റെ ഭാവിയെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ മുമ്പിലുള്ള മാർഗം ഏതാണ്? ഇതിന് രാഷ്ട്രീയമായ ഒരു മാനം മാത്രമല്ല ഉള്ളത്. ഇന്ന് വെറുപ്പിന്റെ രാഷ്ട്രീയമാണിവിടെ പ്രാമുഖ്യം നേടിയിരിക്കുന്നത്. ബില്ക്കീസ് ബാനുവിനെപ്പോലെയുള്ള അനേകർക്ക് നീതിനിഷേധിക്കപ്പെട്ടിരിക്കുന്നു. ആക്രമണത്തിന് ഇരയാക്കപ്പെട്ടവർക്ക് നീതി ലഭിക്കുന്നില്ല. കുറ്റകൃത്യങ്ങൾക്ക് ശിക്ഷയില്ല; ശിക്ഷ വേണ്ട എന്ന സംസ്കാരം സജീവമാണ്. നമ്മുടെ മുഖത്തുനോക്കി ഓളിയിടുകയാണതു ചെയ്യുന്നത്. പുതിയ ഭരണഘടന, സാംസ്കാരികമൂല്യങ്ങൾ എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പുരാതനസംസ്കാരത്തെ പുനർജീവിപ്പിക്കുകയാണ് അതിന്റെ പിറകിലെ അജണ്ട.

*ഹരിയാനയിൽ ബുൾഡോസർ ഉപയോഗിച്ച് കെട്ടിടങ്ങൾ തകർക്കുന്നു*




**നാമിന്നൊരു നാൽക്കവലയിലാണ് നിലകൊള്ളുന്നത്. വെറുപ്പിന്റെ പ്രത്യയശാസ്ത്രം എന്ന വിഭാഗീയചിന്ത ഉയർത്തുന്ന അപകടങ്ങളെക്കുറിച്ച് രാഷ്ട്രീയ പാർട്ടികൾക്ക് തികഞ്ഞ ബോധ്യമുണ്ട്. ഭരണഘടനയെയും അതിന്റെ പാവനമായ ജനാധിപത്യമൂല്യങ്ങളെയും സംരക്ഷിക്കുന്നതിന് കൂട്ടായ, ഐക്യത്തോടെയുള്ള ഒരു പൊതുവായ ഇടം അവർ തേടുന്നുണ്ട്.**

ഇരയാക്കപ്പെടുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്ന സാമൂഹികപ്രസ്ഥാനങ്ങൾക്കും ഗ്രൂപ്പുകൾക്കും ചെയ്യാവുന്ന പരിശ്രമങ്ങളിലാണ് പ്രത്യാശയുള്ളത്. നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള -സിറ്റിസൺസ് ഫോർ ജസ്റ്റിസ് ആൻഡ് പീസ് - ടീസ്റ്റ സെതൽവാദ് ആണ് ഈ സംഘടനയ്ക്ക് നേതൃത്വം നല്കുന്നത്. പ്രബുദ്ധരായ പല അഭിഭാഷകരും നിയമജ്ഞരും നീതിനിഷേധിക്കപ്പെട്ടവർക്കായി നിരവധി കേസുകളിലൂടെ ധീരമായി പ്രവർത്തിക്കുന്നുണ്ട്. ഹർഷ് മന്ദർ നേതൃത്വം നല്കുന്ന 'കാരവൻ-ഇ-മൊഹബത്' എന്ന സംഘടനയുടെ പ്രവർത്തനങ്ങളും ഏറെ പ്രതീക്ഷ നല്കുന്നവയാണ്. സംഘർഷങ്ങളിലും ആക്രമണങ്ങളിലും കെടുതികളനുഭവിച്ചവർക്ക് സമാശ്വാസം എത്തിക്കുകയാണ് ഇവർ ചെയ്യുന്നത്. ശബ്നംആസ്മി നേതൃത്വം നല്കുന്ന (മേരെ ഖർ ആകേ തോ ദേഖോ) 'വരൂ, എന്റെ വീടു വന്നു കാണൂ' എന്ന സംരംഭവും സാമുദായിക സുസ്വരത ഉറപ്പാക്കാനുള്ള ആശാവഹമായ ഒരു പദ്ധതിയാണ്.

നാമിന്നൊരു നാൽക്കവലയിലാണ് നിലകൊള്ളുന്നത്. വെറുപ്പിന്റെ പ്രത്യയശാസ്ത്രം എന്ന വിഭാഗീയചിന്ത ഉയർത്തുന്ന അപകടങ്ങളെക്കുറിച്ച് രാഷ്ട്രീയ പാർട്ടികൾക്ക് തികഞ്ഞ ബോധ്യമുണ്ട്. ഭരണഘടനയെയും അതിന്റെ പാവനമായ ജനാധിപത്യമൂല്യങ്ങളെയും സംരക്ഷിക്കുന്നതിന് കൂട്ടായ, ഐക്യത്തോടെയുള്ള ഒരു പൊതുവായ ഇടം അവർ തേടുന്നുണ്ട്. 'ഭാരത് ജോഡോ അഭിയാൻ' തുടങ്ങിയ സാമൂഹിക ഗ്രൂപ്പുകൾ ഇതിനുവേണ്ട അടിത്തറ നല്കിക്കൊണ്ടിരിക്കുന്നു. സമാധാനസന്ദേശമാണ് അവർ അക്ഷീണം നല്കിവരുന്നത്. കർണാടക പരീക്ഷണം നല്കുന്നത്, ജനാധിപത്യത്തിന് ഭാവിയുണ്ട് എന്ന പ്രത്യാശയും സ്വാതന്ത്ര്യസമര സേനാനികളുടെ സ്വപ്നം പങ്കുവയ്ക്കുന്നവർക്ക് വലിയ ആവേശവുമാണ്. 'ഇന്ത്യ' (INDIA) എന്ന ആശയത്തെ വിഘടനവാദികൾ എതിർക്കുന്നുണ്ട്. അവരുടെ വിഭജനതന്ത്രങ്ങൾക്ക് ഭരണഘടന ഒരു തടസ്സമാണെന്നവർ കരുതുന്നു. മുഖ്യധാരയിൽനിന്ന് സാധാരണക്കാരെ മാറ്റി നിറുത്തുന്ന അജണ്ടയാണവരുടേത്.

മാനുഷികമൂല്യങ്ങൾക്ക് വില കല്പിക്കുന്ന, ഏവരുടെയും ജീവിതത്തെയും ആത്മാഭിമാനത്തെയും ആദരിക്കുന്ന, മതം, ജാതി, ലിംഗം എന്ന ഭേദചിന്തയില്ലാത്ത പ്രത്യശയുടെ ഒരു കാലം ആസന്നഭാവിയിൽ ഉരുത്തിരിയുമെന്നാണ് പ്രതീക്ഷ. ●

*മൊഴിമാറ്റം : മാത്യു കുരിശുംമൂട്ടിൽ*



◀ രാഷ്ട്രീയം എങ്ങോട്ട്

**കെ.പി.ശങ്കരൻ**

# ഇന്ത്യൻപാർലമെന്ററി ജനാധിപത്യം അപകടത്തിൽ

**ബ്രിട്ടീഷ് പാർലമെന്ററി സംവിധാനം ഇന്ത്യ സ്വീകരിക്കുന്നതിനെതിരെ ഗാന്ധിജി അതിശക്തമായി വാദിച്ചിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശത്തെ തിരസ്കരിച്ചുകൊണ്ട് കോൺഗ്രസ് പാർലമെന്ററി ജനാധിപത്യരീതി സ്വീകരിച്ചു. ഇന്ന് പാർലമെന്ററി ജനാധിപത്യം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ച് കെ.പി. ശങ്കരൻ എഴുതുന്നു.**



ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ആനുകാലിക ഭൂമിക, ഫാസിസത്തിന്റെ ഘടകങ്ങളെ പ്രതിബിംബിക്കുന്ന ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളുടെയെല്ലാം സങ്കീർണമായൊരു ശൃംഖലയാണ്. ദീർഘദർശിയായിരുന്ന മഹാത്മാഗാന്ധി ഇത്തരമൊരു സാഹചര്യം 1909-ൽത്തന്നെ വിഭാവനം ചെയ്തിരുന്നു. തന്റെ രാഷ്ട്രീയതത്ത്വസംഹിതയുടെ ആദിരൂപമായ 'ഹിന്ദ്സ്വരാജി'ൽ ഇത് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. തന്റെ ഈ ഗ്രന്ഥത്തിൽ പാർലമെന്ററി ജനാധിപത്യസംവിധാനത്തെ സമഗ്രമായ വിമർശനത്തിനും വിലയിരുത്തലിനും അദ്ദേഹം വിധേയമാക്കുന്നുണ്ട്. സുപ്രധാനമായ ആ സന്ധിയിൽ, അദ്ദേഹത്തിന്റെ വാദമുഖങ്ങൾ ജനാധിപത്യഭരണസംവിധാനത്തിന്റെ ഹൃദയത്തെത്തന്നെയാണ് ലക്ഷ്യംവച്ചത്. അതായത്, ബ്രിട്ടീഷ് പാർലമെന്റിന്റെ ഹൃദയത്തെത്തന്നെ. ഇരട്ടമുഖമുള്ള, വഞ്ചകരായ വ്യക്തികളുടെ ഗണത്തിനെതിരെ അദ്ദേഹം ഏറെ വികാരവായ്പോടെ ആരോപണം ഉന്നയിക്കുകയുണ്ടായി. സ്വാർഥലാഭത്തിനായി ജനങ്ങളെ കൗശലംകൊണ്ട് സ്വാധീനിക്കാനുള്ള സാധ്യത അദ്ദേഹം മുൻകൂട്ടി പ്രവചിച്ചിരുന്നു. ബ്രിട്ടീഷ് പാർലമെന്ററി സംവിധാനം ഇന്ത്യ സ്വീകരിക്കുന്നതിനെതിരെ ഗാന്ധിജി അതിശക്തമായി വാദിച്ചു.

എങ്കിലും, ഗാന്ധിജിയുടെ നിലപാട് വളരെ പ്രസക്തമായ ഒരു ചോദ്യം ഉയർത്തുന്നുണ്ട്. അദ്ദേഹം വാദിച്ചതുപോലെ പാർലമെന്ററി ജനാധിപത്യം ആശാസ്യമല്ലാതിരുന്നെങ്കിൽ സ്വേച്ഛാധിപത്യരാജ്യമായി മാറാനുള്ള സാധ്യതയെ ഇന്ത്യയ്ക്ക് അഭിമുഖീകരിക്കേണ്ടിവരുമായിരുന്നില്ലേ? ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കൈവന്ന 1947-ന്റെ ചരിത്രപശ്ചാത്തലത്തിൽ നോക്കുമ്പോൾ, ഇന്ത്യയെപ്പോലുള്ള ഒരു വലിയ രാഷ്ട്രത്തിന് ഒന്നുകിൽ പാർലമെന്ററി ജനാധിപത്യം, അല്ലെങ്കിൽ സ്വേച്ഛാധിപത്യം എന്നീ രണ്ടു മാർഗങ്ങളേ തിരഞ്ഞെടുക്കാൻ ഉണ്ടായിരുന്നുള്ളൂ. അതീവസങ്കീർണമായ ഈ രാഷ്ട്രീയപ്രതിസന്ധിയെ ആഴത്തിൽ മനസ്സിലാക്കിയ, സൂക്ഷ്മദൃക്കായ മഹാത്മാജി നിർദേശിച്ച പരിഹാരം സമൂലമായതും അതേസമയം, സാമ്പ്രദായികമല്ലാത്തതുമായിരുന്നു. 'ഹിന്ദ്സ്വരാജി'ൽ അദ്ദേഹം ധീരതയോടെ പ്രഖ്യാപിച്ചു: 'ബ്രിട്ടീഷ് ഭരണവും ഇന്ത്യൻ ഭരണവും നമുക്കു വേണ്ട.' അദ്ദേഹം നിർദേശിച്ചത് അധികാരം കേന്ദ്രീകരിക്കുന്ന ഭരണകൂടമില്ലാത്ത, നേരിട്ടുള്ള ജനാധിപത്യമാണ്. എന്നാൽ, ഇന്ത്യൻ നാഷനൽ കോൺഗ്രസ് ഈ നിർദേശത്തെ തിരസ്കരിക്കുകയും പാർലമെന്ററി ജനാധിപത്യരീതിയെ സ്വീകരിക്കുകയുമാണുണ്ടായത്. ഒരു രാഷ്ട്രം എന്ന നിലയിൽ ഇന്ത്യയെ അവർ മുൻകൂട്ടി സങ്കല്പിച്ചിരുന്നു. ഈ തീരുമാനം ഗാന്ധിജിയുടെ ദർശനത്തിൽനിന്നുള്ള പ്രകടമായ ഒരു വ്യതിയാനമായിരുന്നു. ഇന്ത്യൻ രാഷ്ട്രീയഭൂമിക കഴിഞ്ഞ 75 വർഷത്തിനുള്ളിൽ അഭിമുഖീകരിക്കേണ്ടതായി വന്ന സങ്കീർണങ്ങളായ സാധ്യതകളെയും വെല്ലുവിളികളെയും അതിന്റെ സ്വഭാവസവിശേഷതകളെയും വിശദീകരിക്കാൻ പോന്നതാണ് ഈ തീരുമാനം.

ഗാന്ധിജിയെ സംബന്ധിച്ച്, അടിസ്ഥാനപരമായ ഒരു സത്യം ദൃഢമായിരുന്നു. ഭരണഘടനയിൽ ഓരോ വ്യക്തിയുടെയും സമത്വം പ്രതിഷ്ഠിതമാണെങ്കിലും പ്രാവർത്തികജീവിതത്തിൽ, മറനീക്കി നമുക്ക് കാണാനാവുന്നത്, വ്യാപകമായി വ്യക്തികൾ തമ്മിൽ തുടർന്നുനില്ക്കുന്ന അസമത്വമാണ്. രാഷ്ട്രസംവിധാനങ്ങളുടെ ചട്ടക്കൂട്ടിൽ, സമത്വം എന്ന സങ്കല്പം സാക്ഷാത്കരിക്കപ്പെടുന്നതിന് നിരന്തരമായ സമരവും യജ്ഞവും വേണ്ടിവരുമെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. ഈയൊരു യുക്തിപരമായ ചിന്തയാണ്, അധികാരം കേന്ദ്രീകരിക്കപ്പെടുന്ന സംവിധാനത്തെ ഗാന്ധിജി ശക്തമായി എതിർത്തതിനെ അടിവരയിടുന്നത്. ഗാന്ധിജി ക്രാന്തദർശിത്വത്തോടെ മുമ്പിൽക്കണ്ട, ഇന്ത്യയുടെ ഹിംസയിലേക്കുള്ള ഈ പതനത്തിനു കാരണം ഇന്ത്യ സ്വീകരിച്ച പാർലമെന്ററി ജനാധിപത്യമാണെന്ന വസ്തുത ഇന്ന് യാഥാർഥ്യമായിരിക്കുകയാണ്. പാർലമെന്ററി ജനാധിപത്യത്തിന്റെ സഹജമായ ഒരു പരിമിതി, അല്ലെങ്കിൽ ദൗർലഭ്യം, വോട്ടുബാങ്കുകൾ ഉടലെടുക്കാനുള്ള സാധ്യതയത്രേ. വോട്ടർമാരുടെ സ്വഭാവസവിശേഷതകളിലെ ഏകത്വമില്ലായ്മയും വൈവി



**ഗാന്ധിജിയെ സംബന്ധിച്ച്, അടിസ്ഥാനപരമായ ഒരു സത്യം ദൃഢമായിരുന്നു. ഭരണഘടനയിൽ ഓരോ വ്യക്തിയുടെയും സമത്വം പ്രതിഷ്ഠിതമാണെങ്കിലും പ്രാവർത്തികജീവിതത്തിൽ, മറനീക്കി നമുക്ക് കാണാനാവുന്നത്, വ്യാപകമായി വ്യക്തികൾ തമ്മിൽ തുടർന്നുനില്ക്കുന്ന അസമത്വമാണ്. രാഷ്ട്രസംവിധാനങ്ങളുടെ ചട്ടക്കൂട്ടിൽ, സമത്വം എന്ന സങ്കല്പം സാക്ഷാത്കരിക്കപ്പെടുന്നതിന് നിരന്തരമായ സമരവും യജ്ഞവും വേണ്ടിവരുമെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു**



*മൂഞ്ഞ്ജെ*


ധ്യവുമാണതിനു കാരണം.

ഹിന്ദുമഹാസഭയും ആർ.എസ്.എസ്. പോലുള്ള സംഘടനകളും 1936-ൽത്തന്നെ ഒരു ഹിന്ദുവോട്ടുബാങ്ക് സ്ഥാപിക്കാനുള്ള സാധ്യതയെ മുമ്പിൽ കണ്ടിരുന്നു. ഹിന്ദുമഹാസഭയുടെ പ്രസിഡന്റായിരുന്ന മൂഞ്ജ്ജെ, 1934-ൽ ഈ സാധ്യതയ്ക്ക് നിയതമായ ഒരു ഭാഷ്യം ചമയ്ക്കുകയുണ്ടായി. അദ്ദേഹം ഇങ്ങനെ അത് വ്യക്തമാക്കി: 'നമുക്ക് നമ്മുടേതായ സ്വരാജും ചരിത്രപുരുഷനായ ശിവജി, ആധുനികരിലെ മുസ്സോലിനി, ഹിറ്റ്ലർ എന്നിവരുടെ സ്വഭാവസവിശേഷതകളുമുള്ള ഒരു ഹിന്ദുനേതാവുമില്ലെങ്കിൽ... എന്നിരുന്നാലും, അത്തരമൊരു നേതാവ് ഇന്ത്യയിൽ ഉയർന്നുവരുന്നതുവരെ നാം അലസരായി കഴിയണമെന്ന് ഇതുകൊണ്ട് അർഥമാക്കുന്നില്ല. പകരം, സുചിന്തിതമായ ഒരു തന്ത്രം നാം ആവിഷ്ക്കരിച്ച് അതിനു വമ്പിച്ച പ്രചാരണം നല്കണം. 'ആർഎസ്എസ്, ഹിന്ദുമഹാസഭ ബന്ധപ്പെട്ട മറ്റു സംഘടനകൾ എന്നീ കൂട്ടർ സഹകരിച്ചുകൊണ്ട്, അത്തരമൊരു വോട്ടുബാങ്ക് ഉണ്ടാക്കിയെടുക്കാൻ അക്ഷീണം പ്രയത്നിച്ചു. 2014, 2019 എന്നീ വർഷങ്ങളിലെ തിരഞ്ഞെടുപ്പ് അതിന്റെ പരിസമാപ്തിയും പരിണതഫലവുമാണെന്നത് ചരിത്രസത്യം. തത്ഫലമായി, ഇന്ത്യൻ ജനാധിപത്യം ഒരു ഭൂരിപക്ഷ ജനാധിപത്യമായി പരിണമിച്ചു. സാരാംശത്തിൽ അത് ഭൂരിപക്ഷവർഗീയതയുടെ ഒരു രാഷ്ട്രീയ സംവിധാനമായി മാറി. ഈ പ്രബലവിഭാഗം ഭൂരിപക്ഷ ഏകാധിപത്യത്തിന്റെ രൂപഭാവങ്ങളും സ്വഭാവസവിശേഷതകളും പ്രകടമാക്കുന്ന ഒരു സംവിധാനമായിത്തീർന്നു.

## ഇന്ത്യ നേരിടുന്ന അപകടങ്ങളും ഹിംസാസിദ്ധാന്തത്തിന്റെ മുന്നേറ്റവും

സമാധാനപ്രേമികളായ വ്യക്തികളുടെ ഒരു രാജ്യമാണ് ഇന്ത്യയെന്ന ഒരു പൊതുവായ ധാരണ നിലനില്ക്കുന്നുണ്ടെങ്കിലും യാഥാർഥ്യം കാഴ്ചവയ്ക്കുന്ന ചിത്രം വളരെ വ്യത്യസ്തമാണ്. രാജ്യത്തിന്റെ വിഭജനത്തെത്തുടർന്നുള്ള കൂട്ടക്കൊലകൾ മുതൽ ഇന്ത്യ മൂന്നു തവണ വലിയ തോതിലുള്ള വംശഹത്യകൾക്ക് സാക്ഷ്യം വഹിച്ചു. ഇതിനു പുറമേയാണ് നിരവധിയായ ഹിംസയും കൊലപാതകങ്ങളും നടന്നിട്ടുള്ളത്. ഏറെ ആകാംക്ഷയുണ്ടാക്കുന്ന ഈ യാഥാർഥ്യം. ഇന്ത്യയുടെ സമാധാന സ്വഭാവത്തിന്റെ അടിത്തറ തോണ്ടുന്നതാണ്. ഈ നിരാശപ്പെടുത്തുന്ന ദുഃസ്ഥിതിയെ ഏറെ വഷളക്കാൻ പോന്നതാണ്, 2014 മുതൽ ഭരണകക്ഷി നേതാക്കൾ അവലംബിച്ചുപോരുന്ന 'ഹിന്ദുത്വം' എന്ന പ്രത്യയശാസ്ത്രം. ഇന്ത്യയിൽ വർധിച്ചുവരുന്ന സംഘർഷങ്ങളുടെയും ആക്രമണങ്ങളുടെയും ഒരന്തരീക്ഷം വളർത്തിയെടുക്കുന്നതിൽ ഇത്തരം ചിന്തകളുടെ പ്രചാരണവും സംഭാവന നല്കിയിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിൽ ആവിർഭവിച്ച ഫാസിസ്റ്റ് ഭരണകൂടങ്ങൾക്കു സമാനമായി ഇപ്പോഴത്തെ ഭരണകൂടവും പ്രവർത്തിക്കുന്നത് വഞ്ചനയും അക്രമവും ചേർത്തുപിടിച്ചുകൊണ്ടാണ്. എന്നാൽ, ശ്രദ്ധേയമായ ഒരു വ്യതിയാനം, ഇപ്പോഴത്തെ ഭരണകൂടം പാർലമെന്ററി ജനാധിപത്യം സ്വീകരിച്ചിരിക്കുന്നുവെന്നതാണ്. ഇതൊരു തന്ത്രമാണ്. അതിന്റെ അടിസ്ഥാനം, 37.7 ശതമാനം വരുന്ന ഭൂരിപക്ഷ സമുദായം, ഹിന്ദുവോട്ടുബാങ്ക്, വളർന്നുകൊണ്ടിരിക്കുമെന്ന ചിന്തയും കണക്കുകൂട്ടലുമാണ്. പാർലമെന്ററി സമ്പ്രദായത്തെ സ്വീകരിക്കാൻ അവർക്ക് ധൈര്യം പകരുന്നത്, തങ്ങളുടെ രാഷ്ട്രീയസ്വാധീനം ഊട്ടിയുറപ്പിക്കാനും നിലനിറുത്താനും കഴിയുമെന്ന കാഴ്ചപ്പാടാണ്.



*എം.എസ്. ഗോൾവാൾക്കർ*

നരേന്ദ്രമോദി സർക്കാരിന്റെ കഴിഞ്ഞ ഒമ്പതു വർഷത്തെ ഭരണകാലത്ത് മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും ലക്ഷ്യംവച്ചുകൊണ്ട് അവരെ ഉന്മൂലനം ചെയ്യാനുള്ള രാഷ്ട്രീയ അജണ്ട നടപ്പിലാക്കുകയുണ്ടായി. ഇത് ആസൂത്രണം ചെയ്തു നടപ്പിലാക്കുകയായിരുന്നു. ആർ.എസ്.എസിന്റെ മുൻമേധാവി എം.എസ്. ഗോൾവാൾക്കറുടെ 'ഒരു കൂട്ടം ചിന്തകൾ' എന്ന ഗ്രന്ഥത്തിലെ ആശയമാണ് ഭരണകൂടത്തെ ഇതിലേക്കു നയിച്ചതെന്നു വ്യക്തമാണ്. 1966-ലാണ് ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയത്. മുസ്ലീങ്ങളും ക്രിസ്ത്യാനികളും കമ്മ്യൂണിസ്റ്റുകാരും ഇന്ത്യാ രാജ്യത്തിനു വലിയ ഭീഷണിയാണെന്ന ആശയമാണ്, ആഖ്യാനമാണ് ഇതിലൂടെ പ്രചരിപ്പിച്ചത്. അതുപോലെ ഹിന്ദുത്വം എന്ന പദത്തിനു ആരംഭം കുറിച്ച വിനായക് ദാമോദർ സവർക്കരും, മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഇന്ത്യയെ തങ്ങളുടെ വിശുദ്ധനാടായി കാണാത്തവരാണെന്ന അഭിപ്രായക്കാരനായിരുന്നു. 'ഹിന്ദുത്വ' എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ച ഇദ്ദേഹം മഹാത്മാഗാന്ധി വധക്കേസിൽ കുറ്റാരോപിതനായിരുന്നു. ഇന്ത്യയുടെ പ്രഥമപൗരന്മാരായി പരിഗണിക്കപ്പെടാനുള്ള അടിസ്ഥാന യോഗ്യത മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും ഇല്ലായെന്ന ചിന്തയായിരുന്നു സവർക്കർ വച്ചുപുലർത്തിയിരുന്നത്. മുസ്ലീങ്ങളോടും ക്രിസ്ത്യാനികളോടുമുള്ള പ്രകടമായ ശത്രുതയിലേക്ക് വെളിച്ചം വീശാൻ പോന്നതാണ് ഈ കാഴ്ചപ്പാട്.

എന്നിരുന്നാലും, ഉയർന്നുവരുന്ന സുപ്രധാനമായ ഒരു ചോദ്യമിതാണ്: ഹിന്ദുത്വത്തിന്റെയും ഗോൾവാൾക്കറുടെയും പ്രത്യയശാസ്ത്രം പിന്തുടരുന്ന ഇപ്പോഴത്തെ ഭരണകൂടം, ഇന്ത്യാരാജ്യത്തിന് മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഭീഷണിയാണെന്നു പറയുമ്പോൾ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും അംഗീകരിക്കുന്ന ഇന്ത്യൻ ഭരണഘടന തിരഞ്ഞെടുപ്പിൽ പങ്കാളികളാവാൻ അവരെ അനുവദിക്കുമോ? ഇരയാക്കപ്പെടുന്ന ഈ സമുദായങ്ങളിലെ ഏതെങ്കിലും ഒരംഗം സുപ്രീംകോടതിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരുകയും അതിനെക്കുറിച്ച് ഒരു വിശദീകരണം നല്കാൻ ആവശ്യപ്പെടുന്നതും ഉചിതമാണ്. ആരെങ്കിലും അതു ചെയ്യുമെന്നാണ് എന്റെ പ്രത്യാശ.



രാഷ്ട്രീയം എങ്ങോട്ട്

ടീസ്റ്റ സെതൽവാദ്

# സ്വാതന്ത്ര്യഭാരതത്തിന് ചില ഗുരുതര പോരായ്മകളില്ലേ?

ഉദാത്തമായ സങ്കല്പങ്ങളും ദർശനങ്ങളുമുള്ള ഒരു ഭരണഘടന നമുക്ക് ഉണ്ടായിരുന്നിട്ടും, അധികാരങ്ങളും അവകാശങ്ങളും ഏവർക്കും, പ്രത്യേകിച്ച് പാർശ്വവത്കരിക്കപ്പെട്ടവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന രീതിയിലുള്ള നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കാൻ നമുക്ക് സാധിച്ചില്ലായെന്നത് വലിയൊരു പോരായ്മതന്നെയാണ്.



**സ്വാ**തന്ത്ര്യത്തിന്റെ 76-ാം വാർഷികത്തിൽ ഇന്ത്യ ഒരു നാൽക്കവലയിലാണ് എത്തിയിരിക്കുന്നത്. ജനാധിപത്യത്തിന്റെ ആഴമായ ചില പോരായ്മകളാണ് നാം ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നത്. 2014-ൽ ഇന്ത്യയുടെ 65-ാം വയസ്സിൽ നമ്മുടെ ജനാധിപത്യം ഒരു പരിണാമദശയിലായിരുന്നു. നമ്മുടെ ജനാധിപത്യ സ്ഥാപനങ്ങളെയും സംവിധാനങ്ങളെയും ആഴപ്പെടുത്തുകയും ദൃഢീകരിക്കുകയും ചെയ്യുക എന്ന വലിയ വെല്ലുവിളിയോട് സമുചിതമായി പ്രതികരിക്കാൻ നമുക്കു സാധിച്ചില്ല. പ്രാതിനിധ്യഭരണം ഉയർത്തിയ വെല്ലുവിളികൾ തന്നെയായിരുന്നു അതിനുള്ള കാരണം. ഉദാത്തമായ സങ്കല്പങ്ങളും ദർശനങ്ങളുമുള്ള ഒരു ഭരണഘടന നമുക്ക് ഉണ്ടായിരുന്നിട്ടും, അധികാരങ്ങളും അവകാശങ്ങളും ഏവർക്കും, പ്രത്യേകിച്ച് പാർശ്വവത്കരിക്കപ്പെട്ടവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന രീതിയിലുള്ള നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കാൻ നമുക്ക് സാധിച്ചില്ലായെന്നത് വലിയൊരു പോരായ്മതന്നെയാണ്. 2004 മുതൽ 2014 വരെയുള്ള ദശാബ്ദത്തിനുമുൻപാണ് ജനങ്ങൾക്ക് അവകാശങ്ങൾ നല്കിക്കൊണ്ടുള്ള നിയമനിർമാണം നടന്നിട്ടുള്ളതെന്ന കാര്യം അനുസ്മരിക്കുന്നത് ഏറെ ഉചിതവും നിർണായക പ്രാധാന്യമുള്ളതുമത്രേ. വിവരാവകാശനിയമം, ഗ്രാമീണ മേഖലയിലെ തൊഴിലിനുള്ള അവകാശം, ഭക്ഷണത്തിനുള്ള അവകാശം എന്നിവ അവയിൽ പ്രധാനമാണ്. 2006-ലെ വനാവകാശ നിയമം, ആദിവാസികളുടെയും വനവാസികളുടെയും അവകാശം സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ പാസാക്കിയതാണ്. വനം വനവാസിക്ക് എന്ന പ്രമാണം അവരുടെ അവകാശങ്ങളെ അംഗീകരിക്കുന്നതായിരുന്നുവെന്നതാണ് അതിനെ സവിശേഷ പ്രാധാന്യമുള്ളതാക്കുന്നത്. കോളനിവാഴ്ചക്കാലത്തെ ഭൂമി ഏറ്റെടുക്കൽ നിയമം റദ്ദാക്കിയതും പകരം ജനഹിതം കണക്കിലെടുക്കുന്ന വേറൊരു നിയമം കൊണ്ടുവന്നതും ഏറെ ഉചിതമായി.

അപ്രകാരം ആ ദശവർഷം ഈ വക നേട്ടങ്ങളാൽ സവിശേഷമുദ്ര പതിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ, കഴിഞ്ഞ പത്തുവർഷം ഈ ജനാധിപത്യസങ്കല്പങ്ങൾക്ക് വലിയൊരു തിരിച്ചടിയാണ് സംഭവിച്ചിട്ടുള്ളതെന്നു വിലയിരുത്താൻ സാധിക്കും. പാർലമെന്റ് ഉപയോഗിച്ചുകൊണ്ട്, ഭരണഘടനയുടെ ഓരോ ഇഷ്ടികയും ക്രമേണ നശിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടായി. നിയമം പാസാക്കാനുള്ള പാർലമെന്ററി പ്രക്രിയതന്നെ മറികടക്കുകയുണ്ടായി. നിയമനിർമാണ പ്രക്രിയകളെ അവഗണിക്കുന്നതായി നാം കണ്ടു. പുതിയ നിയമങ്ങളുണ്ടാക്കുകയും പഴയ നിയമങ്ങൾ ആയുധമാക്കുകയും ഇന്ത്യൻ ജനതയെ തടവിലാക്കുകയും ചെയ്യുന്നു. സ്വേച്ഛാധിപത്യഭരണകൂടം, കരിനിയമങ്ങൾ ഉപയോഗപ്പെടുത്തിയും ചിലപ്പോൾ കോടതികളുടെ സഹായത്തോടെയും പൗരാവകാശങ്ങൾ നിഷേധിക്കുകയും ചെയ്യുന്നത് നാം കാണുകയുണ്ടായി. എതിരഭിപ്രായം പ്രകടിപ്പിക്കുന്നത് ക്രിമിനൽ കുറ്റമായി മാറ്റിയിരിക്കുന്നു. ന്യൂനപക്ഷ സമുദായത്തിലെ യുവനേതാക്കൾ ഇപ്പോൾ ജയിലിൽ കഴിയുകയാണ്. ഭീകരവാദം തടയുകയാണെ



**ഭൂരിപക്ഷവർഗീയതയുടെ ഫലമായി നമ്മുടെ ജനാധിപത്യത്തിന്റെ ആത്മാവുതന്നെ തകർന്നിരിക്കുകയാണ്. യഥാർഥത്തിൽ നടക്കുന്നത്, ആശയപരമായി ഇന്ത്യൻ റിപ്പബ്ലിക്കിനെ ഒരു മതരാഷ്ട്രമായി മാറ്റിത്തീർക്കാനുള്ള ശ്രമങ്ങളാണ്. ഭരണഘടനാസ്ഥാനങ്ങളിലിരിക്കുന്നവരുടെ ആദർശംതന്നെ ഭരണഘടനയിലൂടെ നിലവിൽവന്ന റിപ്പബ്ലിക്കിനെത്തന്നെ അട്ടിമറിക്കുകയെന്നതാണ്.**

ന്നതിന്റെ പേരിൽ നിയമങ്ങൾ കൂടുതൽ കർക്കശമാക്കിയതിനാൽ അറസ്റ്റുചെയ്യപ്പെട്ടാൽ ജാമ്യം ലഭിക്കുക അസാധ്യമാണ്. ഇന്ന്, നാം ഒരു പുതിയ കൊളോണിയൽ പോലീസ്‌രാജിനുകീഴിൽ കഴിയുകയാണെന്നു പറഞ്ഞാൽ അതൊരു അതിശയോക്തിയല്ല. ഭൂരിപക്ഷ വർഗീയതയുടെ ഫലമായി നമ്മുടെ ജനാധിപത്യത്തിന്റെ ആത്മാവുതന്നെ തകർന്നിരിക്കുകയാണ്. യഥാർഥത്തിൽ നടക്കുന്നത്, ആശയപരമായി ഇന്ത്യൻ റിപ്പബ്ലിക്കിനെ ഒരു മതരാഷ്ട്രമായി മാറ്റിത്തീർക്കാനുള്ള ശ്രമങ്ങളാണ്. ഭരണഘടനാസ്ഥാനങ്ങളിലിരിക്കുന്നവരുടെ ആദർശംതന്നെ ഭരണഘടനയിലൂടെ നിലവിൽവന്ന റിപ്പബ്ലിക്കിനെത്തന്നെ അട്ടിമറിക്കുകയെന്നതാണ്.

ഇതിനെല്ലാമിടയിലാണ്, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിദ്വേഷം രാഷ്ട്രഗാത്രത്തെ കാർന്നുതിന്നുന്നത്. ദലിതരുടെമേൽ തുടരുന്ന ആക്രമണം, സ്ത്രീകൾക്കെതിരെയുള്ള ക്രൂരതകൾ എന്നിവയും രാജ്യത്ത് അശാന്തി വിതയ്ക്കുകയാണ്. പലപ്പോഴും എനിക്കു തോന്നിയിട്ടുള്ളത്, ഈ ഭരണകൂടം സ്വന്തം ജനതയ്ക്കുനേരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നുവെന്നാണ്. പൊതുവിടങ്ങളിലെല്ലാം അരക്ഷിതത്വവും ആക്രമണവും വളർത്തുന്നതിന് മാരകവിഷമായി ഉപയോഗിക്കുന്നത് വെറുപ്പിന്റെ രാഷ്ട്രീയമത്രേ. തെരുവീഥികളിലും ക്ലാസ്മുറിയിൽപ്പോലും ഇത് പ്രകടമാണ്. ഈ രണ്ട് സംഭവങ്ങൾ മാത്രം ശ്രദ്ധിക്കുക: ഒന്ന്, പശ്ചിമ ഉത്തർപ്രദേശിലെ മുസാഫർനഗർ ജില്ലയിലെ ഒരു ഗ്രാമത്തിലെ നേഹ പബ്ലിക്ക് സ്കൂളിലെ സംഭവം. രണ്ടാമത്തേത്, മുംബൈയിലെ ഒരു റയിൽവേ കമ്പാർ

ട്ട്മെന്റിലെ സംഭവമാണ്. വിദ്വേഷമാണ് ഇവിടെ പ്രമേയം. ഛത്തീസ്ഗഡിലെ ഗ്രാമങ്ങളിൽ ആദിവാസികളും ക്രിസ്ത്യാനികളും ഒരുപോലെ പീഡിപ്പിക്കപ്പെടുകയും വേട്ടയാടപ്പെടുകയും ചെയ്യുന്നു. നമ്മുടെ ഭരണഘടനയുടെ കാലാൾപ്പടയാളികളായ നാം ഈ യുദ്ധം ഹ്രസ്വകാലത്തും, ഇടത്തരം കാലത്തും, ദീർഘകാലത്തും ഏറ്റെടുക്കേണ്ടതാണ്. ഹ്രസ്വകാലത്ത് നാം വിട്ടുവീഴ്ചയൊന്നും കൂടാതെ, ഐക്യത്തോടെ വെറുപ്പിന്റെ രാഷ്ട്രീയത്തിനെതിരെ പ്രവർത്തിക്കേണ്ടതുണ്ട്. ജനങ്ങളുടെ പ്രസ്ഥാനങ്ങൾ ഇതിനുള്ള മാർഗം നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. ഇലക്ഷൻകാലത്ത് കർണാടകയിൽ 5000-ലധികം വോളന്റിയേഴ്സ് സംഘടിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് പ്രക്രിയയിൽ നിർണായക സ്വാധീനം ചെലുത്താനാകുമെന്നും വോട്ടിൽ പിളർപ്പുവരാതെ ലക്ഷ്യം നേടാനാകുമെന്നും തെളിയിച്ചു. നാണയപ്പെരുപ്പം വിലവർധന, തൊഴിലില്ലായ്മ, പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം എന്നിവയ്ക്കെതിരെ പൊതുജനാഭിപ്രായം സ്വരൂപിക്കുകയുണ്ടായി. വിദ്വേഷത്തിന്റെ വിഷത്തെ നാം പുറന്തള്ളുകയും രാഷ്ട്രീയത്തെ വിമലീകരിക്കുകയും വിദ്യാഭ്യാസത്തെ പുനഃസംഘടിപ്പിക്കുകയും വേണം. പുസ്തകങ്ങളിലെ ഉള്ളടക്കവും നയങ്ങളും തിരുത്തിക്കുറിക്കേണ്ടതുണ്ട്. ഏറ്റവും മുഖ്യമായിട്ടുള്ളത് കരിനിയമങ്ങളുടെ റദ്ദാക്കലാണ്.

## പൈശാചികനിയമങ്ങളും ഭരണഘടനാവിരുദ്ധമായ ബില്ലുകളും റദ്ദാക്കണം

Unlawful Activities Prevention Act, Armed Forces Special Powers Act, National Security Act, Public Safety Act തുടങ്ങിയ നിയമങ്ങളുടെ പേരിൽ വ്യാജകേസുകൾ ഉണ്ടാക്കി ജയിലിലടച്ചവരെ മോചിപ്പിക്കണം. ഇന്ത്യൻ പീനൽ കോഡിന്റെ 124-എ വകുപ്പ് രാജ്യദ്രോഹക്കുറ്റത്തെക്കുറിച്ചുള്ളതാണ്. ഇത് ദുരുപയോഗം ചെയ്യുന്നുണ്ട്. ഛത്തീസ്ഗഢ് പബ്ലിക്ക് സേഫ്റ്റി ആക്ട്, തമിഴ്നാട് പബ്ലിക്ക് സെക്യൂരിറ്റി ആക്ട്, ഗുജറാത്ത് ഗുണ്ടാ ആന്റ് ആന്റി സോഷ്യൽ പ്രിവൻഷൻ ആക്ട് എന്നിവ പിൻവലിക്കേണ്ടതാണ്. 2005-ലെ പ്രൊട്ടക്ഷൻ ഓഫ് വിമൻ ഫ്രം ഡൊമസ്റ്റിക് വയലൻസ് ആക്ടിന്റെ പരിധിയിൽ ട്രിപ്പിൾ തലാക്ക് കൊണ്ടുവരേണ്ടതാണ്. മുസ്ലീം പുരുഷന്മാരെ പീഡിപ്പിക്കുന്ന രീതിയിൽ അത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത ഉണ്ട്. സിറ്റിസൻഷിപ്പ് അമൻഡ്മെന്റ് ആക്ട് (2019) പിൻവലിക്കുക. ഇത് മതത്തിന്റെ പേരിൽ വിവേചനം കാണിക്കുന്നതാണ്. ഇന്ത്യൻ പീനൽ കോഡ്, സിആർപിസി, ഇന്ത്യൻ എവിഡൻസ് ആക്ട് എന്നിവയ്ക്കു പകരം പുതിയ നിയമം കൊണ്ടുവരുന്ന മൂന്ന് ബില്ലുകളാണ് ഈയിടെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ലോകസഭയിൽ അവതരിപ്പിച്ചത്. ഭാരതീയ നാഗരിക് സുരക്ഷാ സംഹിത ബിൽ, 2023, ഭാരതീയ ന്യായ സംഹിതാ ബിൽ, 2023, ഭാരതീയ സാക്ഷ്യ ബിൽ, 2023 എന്നിവയാണ് പുതിയ ബില്ലുകൾ. ഇന്ത്യൻ ശിക്ഷാനിയമത്തിന് പകരമാണ് ഭാരതീയ ന്യായ സംഹിത. നേരത്തെ 511 സെക്ഷനുകളുണ്ടായിരുന്നിടത്ത് ഇനി 356 സെക്ഷനുകളാണ് ഈ വിഭാഗത്തിൽ ഉണ്ടാവുക. 175 വകുപ്പുകൾ ഭേദഗതി ചെയ്തിട്ടുണ്ടെന്ന് അമിത് ഷാ ലോകസഭയിൽ പറഞ്ഞു. ക്രിമിനൽ നടപടിച്ചട്ടത്തിന് പകരമായി ഭാരതീയ നാഗരിക് സുരക്ഷാ സംഹിത വരും. ഇന്ത്യൻ എവിഡൻസ് ആക്ടിന് പകരമായിരിക്കും ഭാരതീയ സാക്ഷ്യം. ഈ ബില്ലുകൾ പിൻവലിക്കേണ്ടതാണ്. അതുപോലെ മതപരിവർത്തനത്തെക്കുറിച്ചുള്ള എല്ലാ സംസ്ഥാന നിയമങ്ങളും പിൻവലിക്കണം. ഗോവധ നിരോധന ബില്ലിലെ വ്യവസ്ഥകൾ ലഘൂകരിക്കേണ്ടതാണ്. ജാമ്യം കൂടാതെ ജയിലലടയ്ക്കപ്പെടാനുള്ള സാധ്യത ഉണ്ട്. ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) നിയമം,ഡിജിറ്റൽ പേഴ്സനൽ ഡേറ്റ സംരക്ഷണ നിയമം, ബയളോജിക്കൽ ഡൈവേഴ്സിറ്റി (ഭേദഗതി) നിയമം (2023), പ്രസ്സ് ആന്റ് രജിസ്ട്രേഷൻ ഓഫ് പിരിയോഡിക്കൽസ് ബിൽ (2023) തുടങ്ങിയവ ഉടൻ പിൻവലിക്കണം. കൂടാതെ ഇലക്ഷൻ കമ്മീഷന്റെ സ്വതന്ത്രപദവിയെ ഹനിക്കുന്ന എല്ലാ നീക്കങ്ങളും റദ്ദുചെയ്യുകയും സുപ്രീംകോടതിയുടെ കോളെജിയം സംവിധാനം നിലനിറുത്തുകയും വേണം.

ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രക്ഷോഭം ഇതുകൊണ്ടുമാത്രം അവസാനിക്കുന്നില്ല. സർക്കാരും ഭരണകൂടവും മാറിയാലും പൗരന്മാരുടെ അജണ്ട മുമ്പോട്ടുകൊണ്ടുപോകേണ്ടതാണ്. നമ്മുടെ പ്രതിപക്ഷവും ഒത്തിരി കാര്യങ്ങൾ തിരുത്തേണ്ടതുണ്ട്. നമുക്ക് വേറൊരു സാധ്യതയില്ല. ജനഹിതത്തിനാണ് നാം മുൻഗണന നല്കേണ്ടത്. അതാണ് ഇക്കാലത്ത് നാം ചെയ്യേണ്ടത്. ഒടുവിൽ, ദീർഘകാലയളവിൽ, തിരഞ്ഞെടുപ്പിലും, ജുഡീഷ്യറിയിലും, വിദ്യാഭ്യാസത്തിലും, ഭരണത്തിലും പരിഷ്ക്കാരങ്ങൾ കൊണ്ടുവരണം. സുതാര്യവും പ്രതികരിക്കുന്നതും ജനങ്ങളോട് ഉത്തരവാദിത്വവുമുള്ള രാഷ്ട്രീയമാറ്റത്തിനു വേണ്ടിയാവണം നമ്മുടെ യജ്ഞം. ഇതു സംഭവിക്കണമെങ്കിൽ പൈശാചികശക്തികളെ അമർച്ച ചെയ്യേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ പോരായ്മകൾ അങ്ങനെ പരിഹരിക്കാനാവും. ●

*മൊഴിമാറ്റം: മാത്യു കുരിശുംമൂട്ടിൽ*



*മുസാഫർനഗർ നേഹ പബ്ലിക്ക് സ്കൂളിലെ അധ്യാപിക*

## Center for Peace and Justice (XLRI) & LIPI
## ONLINE CERTIFICATE PROGRAM IN

# PEACE STUDIES

CENTRE FOR PEACE AND JUSTICE (XLRI)

CERTIFICATE COURSE IN PEACE STUDIES IS PART OF NON-PROFIT INITIATIVE OF CENTRE FOR PEACE AND JUSTICE, XLRI, JAMSHEDPUR AND LIPI, KOCHI.

Jointly Offered by

**Centre for Peace and Justice (XLRI), JAMSHEDPUR**
**& Loyola Institute of Peace and International Relations (LIPI), KOCHI**

The course will consist of online sessions held on Saturdays, along with project components.

**SCOPE:** The course primarily aims at fostering peace in the contemporary context. It also envisages fostering of right attitudes and values along with enhancing professional skills. The Course Certificate adds to the academic credentials of the participants.

**ASSESSMENT:** Assessment will be based on active engagement and project work. The project work will be supervised by competent faculty of CPJ-XLRI & LIPI.

**TARGET GROUP:** Working Professionals, Bureaucrats, Social Workers, Activists, Artists, Researchers and College/University Students with aptitude for peace and reconciliation.

**CERTIFICATE:** The certificate awarding ceremony, scheduled for November 25, 2023, will take place at LIPI- Kochi, and to this, participants are strongly encouraged to attend in person.

### MODULES

01. UNDERSTANDING CONFLICT AND PEACE
02. CONFLICT TRANSFORMATION AND RECONCILIATION
03. IDENTITY, VIOLENCE AND EMPATHY
04. STRUCTURAL INEQUALITIES AND HUMAN RIGHTS
05. GENDER AND CASTE VIOLENCE
06. SCIENCE AND TECHNOLOGY FOR PEACE
07. WORLD RELIGIONS AND INNER PEACE
08. INTERNATIONAL PEACE INITIATIVES
09. ENVIRONMENTAL PEACE
10. EDUCATION FOR PEACE
11. RESEARCH METHODOLOGY
12. PROJECT WORK/INTERNSHIP

### FACULTY - RESOURCE PERSONS

01. **Prof. Edgar Antonio Lopez** (Pontificia Universidad Javeriana, Bogota, Colombia).
02. **Dr. Sophia Opatska** (Catholic University, Ukraine)
03. **Dr. Kifle Wansamo** (Hekima Institute of Peace Studies and International Relations, Nairobi)
04. **Dr. Jane Kimathi** (Peace Practitioner, Kenya)
05. **Prof. Ted Peters** (CTNS. Berkeley, California)
06. **Adv. Irfan Ali Engineer** (Director, Centre for Study of Society and Secularism, Mumbai)
07. **Dr. Paramjyot Singh** (Chairperson, Centre for Peace and Justice, XLRI, Jamshedpur)
08. **Prof. Dr. K. Babu Joseph** (Former Vice Chancellor, Cochin University of Science and Technology)
09. **Dr. Jacob Thomas IAS, Retd.** (Editor, Pax Lumina & Ex-Additional Chief Secretary, Uttar Pradesh)
10. **Prof. Dr. M.P. Mathai** (Faculty, LIPI & Adjunct Professor, Gujarat Vidyapeeth)
11. **Dayabai** (Social Activist)
12. **Dr. Shiv Visvanathan** (Professor, OP Jindal Global University, Sonepat, Haryana)
13. **Prof. Kuruvilla Pandikattu** (Chair Professor, JRD Tata Foundation on Business Ethics, XLRI, Jamshedpur)
14. **Dr. Augustine Pamplany** (Director, ISR, Aluva)
15. **Prof. Dr. Neena Joseph** (Formerly Professor, Institute of Management in Government)
16. **Prof. Dr. K.M. Mathew** (Formerly Professor, KUFOS, Kochi)
17. **Dr. Denzil Fernandes** (Director, Indian Social Institute, Delhi)
18. **Dr.Binoy Pichalakkattu** (Direcor, LIPI, Kochi), et al.

**DATE: 9 SEPTEMBER - 25 NOVEMBER 2023**
**12 SATURDAYS**
(9.00 AM - 12 NOON IST)

**ADMISSION OPEN | LIMITED SEATS**

**INTERNSHIP**
Selected students will be offered internships at XLRI and at LIPI

**FOR REGISTRATION**
Send a brief CV and Statement of Purpose (max. no. of words 350) to directorlipi15@gmail.com

**CONTACT**
WhatsApp (+91) 94974 45381

**COURSE FEE: ₹5,000**

**BANK TRANSFER DETAILS**
Cheque/DD/e-transfer
in favor of **LOYOLA PEACE TRUST**
A/C No: **35112898418**
MICR: **682002906**
IFSC: **SBIN0070327**

**BRANCH**
SBI Deshabhimani Jn., Ernakulam



രാഷ്ട്രീയം എങ്ങോട്ട് ▶

**എൻ.എം.പിയേഴ്സൺ**

# രാഷ്ട്രീയകേരളം എങ്ങോട്ട്

**എല്ലാ പാർട്ടികളും രാഷ്ട്രീയമായി ജീർണിച്ചാൽ പിന്നെ സമൂഹത്തിന് വിമോചന മാർഗം അടയും. അതാണിപ്പോൾ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അഴിമതിയുടെ, സ്വജനപക്ഷപാതത്തിന്റെ കെടുകാര്യസ്ഥതയുടെ, വർഗീയതയുടെ, ജനാധിപത്യനിരാസത്തിന്റെ അപകടകരമായ ഭൂമിയിലേക്കാണ് കേരളം നീങ്ങികൊണ്ടിരിക്കുന്നത്.**



**1981**-ൽ ഞാൻ ഇന്ത്യയിൽ പലയിടത്തും സഞ്ചരിച്ചിരുന്നു. വിദ്യാഭ്യാസജീവിതത്തിന്റെ അവസാന കാലമായിരുന്നു അത്. അന്ന് ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള പലരുമായും സംസാരിക്കുമായിരുന്നു. അതിൽ ചിലരെല്ലാം എന്നോട് കേരളത്തിൽനിന്നാണ് എന്ന് പറയുമ്പോൾ ചോദിച്ചിരുന്നത് നിങ്ങൾ രാഷ്ട്രീയത്തിൽ ഉണ്ടോ എന്നായിരുന്നു. ഉടനെ അടുത്ത ചോദ്യം വരുമായിരുന്നു. നിങ്ങൾ കമ്മ്യൂണിസ്റ്റാണോ? അതേ എന്ന് പറയുമ്പോൾ എനിക്ക് ചെറിയൊരു അഭിമാനമുണ്ടായിരുന്നു. ഞാൻ അന്ന് കാര്യവട്ടത്ത് ഗവേഷണവിദ്യാർഥിയായിരുന്നു. ഗവേഷണവിഷയം 'മാർക്സിയൻ എലിമെന്റ്സ് ഇൻ സാർത്ര്' ആയിരുന്നു.

അപ്പോൾ കേരളത്തെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ വായിച്ചിരുന്നത് പ്രബുദ്ധരാഷ്ട്രീയത്തിന്റെ നാട് എന്ന നിലയിലായിരുന്നു. സാധാരണക്കാരോട് ചേർന്നുനില്ക്കുന്ന ഒരു രാഷ്ട്രീയം കേരളം നെഞ്ചോട് ചേർത്തുപിടിച്ചിരുന്നു. കേരളത്തിലെ ഭൂപരിഷ്കരണത്തിന് പ്രേരകമായ മിച്ചഭൂമി സമരം, ഭൂമിയിൽ കുടിവച്ച് താമസിക്കുന്ന മനുഷ്യർക്ക് കുടികിടപ്പ് അവകാശം നേടിക്കൊടുത്ത സമരം. കുടിയാന്മാർക്ക് പത്ത് സെന്റും അഞ്ച് സെന്റും സ്വന്തമാവുകയും പുരയിടത്തിന് ഉടമയാവുകയും ചെയ്ത അത്ഭുതം. അതോടൊപ്പം നിരവധി വിഷയങ്ങളിൽ ദുരിതമനുഭവിക്കുന്നവന്റെ വേദനകൾ പങ്കുവയ്ക്കുന്ന രാഷ്ട്രീ

യം കേരളത്തിലുണ്ടായിരുന്നു.

വിദ്യാഭ്യാസരംഗത്ത് കച്ചവടസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയം കേരളം അകറ്റി നിറുത്തിയിരുന്നു. ഒത്തുതീർപ്പില്ലാത്ത സമരങ്ങൾ തെരുവുകളെ കലാപകളങ്ങളാക്കി മാറ്റി. വിദ്യാർഥികളുടെ തലയോട് പൊട്ടി നിരത്തിൽ ചോരയൊഴുകി. ആ ചോരയിൽ കേരളത്തിന്റെ രാഷ്ട്രീയമുണ്ടായിരുന്നു.

കോർപ്പറേറ്റിസത്തിനെതിരെ തെരുവുകൾ ശബ്ദിച്ചിരുന്നു. വർഗരാഷ്ട്രീയത്തിന് പ്രസക്തി ഉണ്ടായിരുന്നു. തൊഴിലാളികൾ തൊഴിലാളിവർഗ രാഷ്ട്രീയത്തെ മുറുകെ പിടിച്ചിരുന്നു. നഗ്നപാദരും ഒറ്റ മുണ്ടും ഷർട്ടും മാത്രം ധരിച്ച് പട്ടിണികിടന്ന് സമത്വപൂർണമായ സമൂഹ നിർമിതിക്ക് വേണ്ടി പോരാടിയ നിരവധി തൊഴിലാളിവർഗ നേതാക്കൾ നമുക്ക് ചുറ്റുമുണ്ടായിരുന്നു. ഒരു മനുഷ്യാവകാശ ലംഘനമുണ്ടായാൽ നമുക്ക് പരാതി പറയാൻ ഒരു ഇടമുണ്ടായിരുന്നു. ധാർമികതയുടെ ബലമുള്ള ഒരു ഇടം. അതായിരുന്നു കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ആരൂഢം. അത് ഇന്നു തകർന്ന് പോയിരിക്കുന്നു.

## പുരോഗമന മുഖഛായ മൂടുപടം മാത്രം

കേരളത്തെ കരുതി നമുക്ക് അഭിമാനം ഉണ്ടായിരുന്നു. അതിനു പ്രധാന കാരണം സാക്ഷരത, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, കാര്യത്തിലും ലിംഗനീതി എന്നീ കാര്യങ്ങളിൽ നമ്മുടെ ജീവിതസൂചിക മെച്ചമാണെന്നതാണ്. പക്ഷേ, അതെല്ലാം ഭൂതകാല സ്മൃതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. സാക്ഷരതകൊണ്ട് നമുക്ക് മെച്ചമൊന്നുമുണ്ടായില്ല. വയസ്സായ സരസുവും ബാലകൃഷ്ണനും, പത്രോസും, സുലൈമാനും പേരെഴുതി ഒപ്പിടാൻ പഠിച്ചത് മെച്ചമാണ്. പക്ഷേ, പൊതു സമൂഹത്തിന്റെ കാഴ്ചപ്പാടുകളിൽ അത് വലിയ സ്വാധീനമൊന്നും ചെലുത്തിയില്ല. ആരോഗ്യപരിപാലനത്തിൽ കേരളീയർ മുൻപിലാണ്. പക്ഷേ, അതുകൊണ്ട് ഉണ്ടായ നേട്ടം വൻകിട മരുന്നു കച്ചവടക്കാർക്കും വൻകിട ആശുപത്രി വ്യവസായികൾക്കും മാത്രം. ഏറ്റവും കൂടുതൽ മരുന്ന് വാങ്ങി കഴിക്കുന്ന സമൂഹമായി കേരളീയർ മാറി. ലിംഗനീതിയുടെ കാര്യത്തിലും നമുക്ക് അഭിമാനിക്കാൻ ഏറെയൊന്നുമില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് മുപ്പത്തിമൂന്ന് ശതമാനം സംവരണം സ്ത്രീകളെ അധികാരക്കസേരയിൽ എത്തിച്ചു. പക്ഷേ, പഞ്ചായത്ത് പ്രസിഡന്റുമാരും മുനിസിപ്പൽ ചെയർപേഴ്സൺമാരും ഭർത്താക്കന്മാരാലും പാർട്ടി ബോസിനാലും നിയന്ത്രിക്കപ്പെട്ടു. എല്ലായിടത്തും ആണധികാരം എല്ലാത്തിനെയും നിയന്ത്രിച്ചു. തീരുമാനങ്ങൾ എല്ലാം പുരുഷന്മാർതന്നെ എടുത്തു. സ്ത്രീധന പീഡനങ്ങൾ നിർബാധം തുടർന്നു. ലക്ഷണമൊത്ത പുരുഷാധിപത്യ സമൂഹമായി കേരളം തുടർന്നു.



*ഇ.എം.എസും എ.കെ.ജിയും*



## മാനവിക-ജനാധിപത്യ ആശയങ്ങൾ ആവിയായി

"All that is solid melts into air" എന്നത് മാർക്സും ഏംഗൽസും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ ഉപയോഗിച്ച പ്രയോഗമാണ്. പിന്നീട് മാർഷൽ ബർമെൻ ആധുനികതയുടെ സങ്കീർണതകളെ അഭിസംബോധന ചെയ്തുകൊണ്ട് എഴുതിയ പുസ്തകത്തിന്റെ പേരും അതുതന്നെയായിരുന്നു. ഫ്രഞ്ച്വിപ്ലവത്തിന്റെ കൈവഴികളിൽ മുളപൊട്ടിയ കമ്മ്യൂണിസം കേരളത്തിന്റെ മാനവിക-ജനാധിപത്യ ആശയ രൂപവത്കരണത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം ഈ മുദ്രാവാക്യത്തെ ജീവിതരീതിയിലേ

ക്ക് സ്വാംശീകരിക്കാൻ കഴിയുന്ന തരത്തിൽ കേരളീയ സമൂഹത്തെക്കുറിച്ച് ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ച ഒട്ടനവധി സമരങ്ങൾ കേരളത്തിലുണ്ടായി. മലബാറിലെ കാർഷിക പോരാട്ടങ്ങളും തിരുവിതാംകൂറിലെ ജീവിതസമരങ്ങളും കേരളീയരെ മാനവികതയിലേക്കും ജനാധിപത്യത്തിലേക്കും നയിച്ചു. പിന്നീട്, അതിനെല്ലാം ഇപ്പോൾ മാറ്റം വരുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്.

ഏതാണ്ട് എൺപതുകളോട് അടുത്ത് കേരളം അതിന്റെ സമരചരിത്ര പാരമ്പര്യം കുറേശ്ശെ കുറേശ്ശെ കൈവിടാൻ തുടങ്ങി. കമ്മ്യൂണിസ്റ്റ് പാർട്ടികൾ ബ്യൂറോക്രാറ്റിക് ആകാൻ തുടങ്ങി. ഒരുപക്ഷേ, അതിന്റെ ആരംഭം 1957-ലെ ആദ്യമന്ത്രിസഭയുടെ കാലം മുതൽ ആരംഭിച്ചിട്ടുണ്ടാവണം. ഏതായാലും എൺപതുകളോട് അടുക്കുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടികൾ അധികാരത്തിന്റെ ഭാഗമായി മാറി അധികാരപ്പാർട്ടിയായി പാകപ്പെട്ടു. പിന്നീട്, അതിന്റെ താത്പര്യം ഭരണവർഗ സംരക്ഷണമായി മാറി. ഈ മാറ്റം സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ കേരളത്തിന്റെ മാനവികബോധത്തിലും ജനാധിപത്യ കാഴ്ചപ്പാടിലും ചെറിയ പരുക്കുകൾ ഏറ്റുകൊണ്ടിരുന്നു. അതാരും കാര്യമായി ശ്രദ്ധിച്ചില്ല. അത് വളർന്ന് വികസിച്ചാണ് ഇടതുപക്ഷ സർക്കാർ എന്ന കരിനിയമം പ്രയോഗിക്കുന്ന തരത്തിലേക്ക് മാറിയത്. അത് വളർന്ന് വികസിച്ചാണ് ഇടതുപക്ഷ സർക്കാർ നിരായുധരായ മനുഷ്യരെ വെടിവച്ചു കൊന്നത്. ആ കൊലകളെ ന്യായീകരിക്കാൻ മാവോയിസ്റ്റ് എന്ന മുദ്ര ധാരാളം മതിയായിരുന്നു. അങ്ങനെ മനുഷ്യാവകാശ ലംഘനങ്ങൾക്ക് കാവൽക്കാരായി ഇടതുപക്ഷം മാറി.

മാനവിക ജനാധിപത്യ മൂല്യങ്ങളെ പൊതുസമൂഹം കൈവിട്ടപ്പോൾ കേരളത്തിലെ ദലിതരും ആദിവാസികളും കൂടുതൽ പാർശ്വവത്കരിക്കപ്പെട്ടു. അവർ അനുഭവിക്കുന്ന ദുരിതങ്ങളെ എഴുത്തിലെത്തിക്കാൻ മഷി പോരാ, കണ്ണീരുതന്നെ വേണം എന്ന സ്ഥിതിയുണ്ടായി. കേരളത്തിലെ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ ദേശീയ ശ്രദ്ധയിൽ കൊണ്ടുവരുന്നത് മുത്തങ്ങയിലെ പോലീസ് വെടിവയ്പാണ്. ആദിവാസികളുടെ അടിസ്ഥാനപ്രശ്നം


മുത്തങ്ങയിൽ ആദിവാസികളെ മർദ്ദിക്കുന്ന പോലീസ്

**മാനവിക ജനാധിപത്യ മൂല്യങ്ങളെ പൊതുസമൂഹം കൈവിട്ടപ്പോൾ കേരളത്തിലെ ദലിതരും ആദിവാസികളും കൂടുതൽ പാർശ്വവത്കരിക്കപ്പെട്ടു. അവർ അനുഭവിക്കുന്ന ദുരിതങ്ങളെ എഴുത്തിലെത്തിക്കാൻ മഷി പോരാ, കണ്ണീരുതന്നെ വേണം എന്ന സ്ഥിതിയുണ്ടായി.**

ഭൂമിയാണ്. ഭൂമിക്ക് വേണ്ടി അവർ നടത്തിയ സമരമാണ് വെടിവയ്പിൽ കലാശിച്ചത്. പട്ടിണി, പട്ടിണിമരണം, തൊഴിലില്ലായ്മ, തനതു സംസ്കാരനാശം ഇതെല്ലാം ആദിവാസികളെ അപൂർവ ചൂഷണത്തിന്റെ ഇരകളാക്കി. ഏതാനും വർഷങ്ങൾക്കു മുമ്പാണ് വിശപ്പടക്കാൻ റൊട്ടി മോഷ്ടിച്ച മധുവിനെ കേരളം തല്ലിക്കൊന്നത്. ഈ ആൾക്കൂട്ടക്കൊല കേരളത്തിന്റെ എല്ലാ മാനവികമൂല്യങ്ങളെയും ചോർത്തി.

കുറച്ചുകാലമായി കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ തയാറല്ലാതായിട്ട്. കേരളത്തിലെ ജനകീയസമരങ്ങളുടെ ചരിത്രം പരിശോധിച്ചാൽ അത് വ്യക്തമാണ്. സൈലന്റ്‌വാലി സമരം, പൂയംകുട്ടി സമരം, അതിരപ്പിള്ളി പദ്ധതിക്കെതിരെയുള്ള സമരം, ചീമേനി താപനിലയ സമരം, എൻറോണിനെതിരെയുള്ള പോരാട്ടം, പ്ലാച്ചിമട, കാതികൂടത്തെ സമരം, എൻഡോസൾഫാൻ പോരാട്ടം, ലാലൂരിലും വിളപ്പിൽശാലയിലും നടന്ന സമരം, കരിമണൽ ഖനനത്തിനെതിരെ നടന്ന സമരം, ക്വാറികൾക്കും കളിമൺഖനനത്തിനും എതിരെയുള്ള പ്രതിഷേധങ്ങൾ - ഇവയിലൊന്നും മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ ഇല്ല. ആലുവായിലെ വിവാദ വ്യവസായിയുടെ മാസപ്പടി പുസ്തകത്തിൽ എല്ലാ പ്രമുഖ നേതാക്കളുടെയും പാർട്ടികളുടെയും പേരുകളുണ്ട്. ഓണക്കാലത്ത് കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈയിൽസ് ലിമിറ്റഡിന്റെ ആലുവ ഓഫീസിൽ ചെറുകിട രാഷ്ട്രീയ നേതാക്കളുടെ തിക്കും തിരക്കുമാണ്. ശശിധരൻ കർത്ത നല്കുന്ന ഓണസമ്മാനം വാങ്ങാനാണ്.

## ഭരണകൂടം ഭയം നിർമിക്കുന്നു

ഇന്ത്യയെ ഞെട്ടിച്ച കൊലപാതകങ്ങളായിരുന്നു, ദാബോൽക്കറുടേയും പൻസാരെയുടെയും കൽബുർഗിയുടെയും. ശാസ്ത്രബോധവും മതേതരത്വും നിലനിറുത്താൻ വേണ്ടി ജീവിതം ഹോമിച്ച പുരോഗമനജീവിത കാഴ്ചപ്പാടുകളുടെ പ്രതീകങ്ങളായ ഇവരെ കൊലപ്പെടുത്തുമ്പോൾ അതിന്റെ കരാളഹസ്തങ്ങളുടെ ഉദ്ദേശ്യം ഇന്ത്യയുടെ സെക്യുലർ സ്പെക്ട്രം തകർക്കുക എന്നതായിരുന്നു. മതമൗലികവാദത്തെയും അതിന്റെ മിത്തോളജികളെയും തകർക്കാൻ ശ്രമിക്കുന്നവരെ കൊല്ലും എന്ന സന്ദേശംശം അതിനുണ്ട്. അതാണ് കൂടുതൽ ഭയപ്പെടുത്തുന്നത്. 1992 മുതൽ 2015 വരെ 40 പ്രമുഖ പത്രപ്രവർത്തകരെ മതമൗലികവാദികൾ കൊലപ്പെടുത്തി. ഗൗരി ലങ്കേഷിന്റെ കൊല രാഷ്ട്രത്തെ ഞെട്ടിച്ചു. ആ കൊലപാതകങ്ങൾക്ക് ഒരു ഇൻസ്ട്രക്റ്റീവ് സ്വഭാവമുണ്ട്. കൊലപാതകം ഒരു സന്ദേ

ശമായി മാറുകയായിരുന്നു. ഞങ്ങളെ അനുസരിച്ചില്ലെങ്കിൽ നിങ്ങളെ ഉന്മൂലനം ചെയ്യും.

കേരളത്തിലെ ഇടതുപക്ഷ സർക്കാർ, സർക്കാരിനെതിരെ സംസാരിക്കുന്നവരെ ഭയപ്പെടുത്താൻ ശ്രമിക്കുന്നു. ഏറ്റവും അവസാനത്തെ ഉദാഹരണം മുഖ്യമന്ത്രിയുടെ മകൾക്കും മരുമകനും എതിരെ അഴിമതി ആരോപണം ഉന്നയിച്ച മാത്യു കുഴൽനാടനെതിരെ റവന്യൂ വകുപ്പിന്റെ നടപടിക്രമങ്ങൾ തിടുക്കത്തിലായിരുന്നു. അതിന് സമാനമായി കേസെടുക്കേണ്ട അൻവറുടെ ഭൂമിയിൽ റവന്യൂ വകുപ്പിന് എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. തങ്ങളോട് ഒപ്പം നില്ക്കുന്നവർക്ക് ഇളവുകളും എതിരാളികൾക്ക് എതിരെ കടുത്ത നിലപാടും. അൻവറിന് ആനുകൂല്യം; മാത്യു കുഴൽനാടന് തിടുക്കത്തിൽ നടപടി. ഇത് നമ്മളെ ഓർമപ്പെടുത്തുന്നത് കേന്ദ്രഗവൺമെന്റ് ഏജൻസികളുടെ പ്രവർത്തനത്തെയാണ്. കേന്ദ്രത്തിൽ സർക്കാരിനെതിരെ നില്ക്കുന്നവരുടെ വീട്ടിൽ റെയ്ഡും നടപടികളും എന്നാൽ അനുകൂലമായി നില്ക്കുകയോ ബി.ജെ.പിയിൽ ചേരുകയോ ചെയ്താൽ അവർക്കെതിരെ ഒന്നും ചെയ്യുന്നില്ല.അവരെ കാത്തു സൂക്ഷിക്കുന്നു. മോദിക്കെതിരെ വിയോജനക്കുറിപ്പ് എഴുതിയ ഇലക്ഷൻ കമ്മീഷൻ അംഗത്തിനെതിരെ കടുത്ത അക്രമണമാണ് കേന്ദ്ര ഗവൺമെന്റ് നടത്തിയത്. ഇതിന് സമാനമായ കാര്യങ്ങൾ തന്നെയാണ് കേരളത്തിലും ആവർത്തിക്കുന്നത്. ഭരണകൂടം പൗരനെ ഭയപ്പെടുത്തുന്നു. ഭരണഘടനാ ഉപകരണങ്ങൾ അതിനുള്ള ഉപാധികളായി മാറുന്നു. ഭയം നിർമിക്കുന്ന സംസ്ഥാനമായി കേരളം മാറുന്നു. സർക്കാരിനെ വിമർശിക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള മാർഗമാണ് ഭരണകൂടം അന്വേഷിക്കുന്നത്. മുഖ്യമന്ത്രിക്ക് ചുറ്റും അണിനിരക്കുന്ന അംഗരക്ഷകർ ഒരു സ്വേഛാധിപത്യ ഭരണാധികാരിയുടെ പ്രതിച്ഛായ പിണറായി വിജയനിൽ നിർമിക്കുകയാണ്. പ്രതിഷേധത്തിന്റെ നാളുകളിൽ കറുപ്പുനിറം പോലീസിന് അലർജിയായിരുന്നു. കറുത്ത മാസ്ക് ധരിച്ചവരും കറുത്ത വസ്ത്രം ധരിച്ചവരും പോലീസിനാൽ പീഡിപ്പിക്കപ്പെട്ടു. മുഖ്യമന്ത്രി സഞ്ചരിക്കുന്നു എന്ന കാരണം പറഞ്ഞ് മരിച്ച വീടിന്റെ മുന്നിലെ കറുത്ത കൊടി വരെ പോലീസ് അഴിച്ചുകൊണ്ടുപോയി.അത്തരം അസംബന്ധനാടകങ്ങളുടെ അവസാന ചിത്രമാണ് മുഖ്യമന്ത്രി പ്രസംഗിച്ച സമയത്ത് ഹൗൾ ചെയ്ത മൈക്കിനും മൈക്ക് ഓപ്പറേറ്റർക്കും എതിരെ കേസെടുത്തത്.

## മതനിരപേക്ഷത പ്രഖ്യാപനത്തിൽ മാത്രം

ശ്രീനാരായണഗുരുവും അയ്യങ്കാളിയും നടത്തിയ പോരാട്ടങ്ങൾ ഇടതുപക്ഷത്തിന്റെ സാമൂഹികരാഷ്ട്രീയ സമരങ്ങളിലൂടെ ബലപ്പെട്ടതായിരുന്നു. കേരളത്തിന്റെ മതനിരപേക്ഷത. ജാതി ഉച്ചാടനം ജീവിതലക്ഷ്യമായി പ്രഖ്യാപിച്ച് പന്തിഭോജനം നടത്തി കേരളത്തിനെ തീപിടിപ്പിച്ച സഹോദരൻ അയ്യപ്പൻ കേരളത്തിന്റെ മതനിരപേക്ഷതയുടെ അടയാളമാണ്. ആ സമൂഹത്തിലാണ് ഇന്ന് ജാതി സെൻസറുകൾ ശക്തിപ്പെട്ടിരിക്കുന്നത്. കേരളത്തിൽ ഇപ്പോൾ തഴച്ചുവളരുന്നത് മന്ത്രവാദവും അന്ധവിശ്വാസ



**ഭയം നിർമിക്കുന്ന സംസ്ഥാനമായി കേരളം മാറുന്നു. സർക്കാരിനെ വിമർശിക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള മാർഗമാണ് ഭരണകൂടം അന്വേഷിക്കുന്നത്. മുഖ്യമന്ത്രിക്ക് ചുറ്റും അണിനിരക്കുന്ന അംഗരക്ഷകർ ഒരു സ്വേഛാധിപത്യ ഭരണാധികാരിയുടെ പ്രതിച്ഛായ പിണറായി വിജയനിൽ നിർമിക്കുകയാണ്.**

വും അനാചാരങ്ങളും വിവാദങ്ങളുമാണ്. ജാതിവിവേചനവും ജ്യോതിഷവും കൈനോട്ടവും ആൾ ദൈവങ്ങളും ഇന്ന് മലയാളികളെ ആഹ്ലാദിപ്പിച്ചുകൊണ്ടിരിക്കയാണ്. രണ്ടുതരം കാഴ്ചപ്പാടുകളും പ്രോത്സാഹനങ്ങളും ആണ് കേരളത്തിൽ ജാതിചിന്തയെ ശക്തിപ്പെടുത്തികൊണ്ടിരിക്കുന്നത്. ഒന്ന്; അന്യമതസ്ഥനെ നോക്കി, അവന്റെ സമ്പത്തിനെ ചൂണ്ടി കുശുമ്പുപറയൽ രണ്ട്; ജാതിക്കണ്ണടവച്ച് എല്ലാവരെയും സൂക്ഷ്മനിരീക്ഷണം നടത്തൽ. സർക്കാർ ഓഫീസിൽ പുതിയതായി ഒരാൾ ജോലിക്കെത്തിയാൽ എല്ലാവരും സ്വകാര്യമായി ആദ്യം തിരക്കുന്നത് നവാഗതന്റെ ജാതിയേതാണ് എന്നാണ്. ഇത് ഒരു മനോരോഗംപോലെ എല്ലാവരെയും ബാധിക്കുകയാണ്. അത് രാഷ്ട്രീയ പ്ലാറ്റ്ഫോമിലും കടന്നുവന്ന് ജാതി പ്രധാന ഘടകമായി മാറി. ഒരു വാർഡ് തിരഞ്ഞെടുപ്പിൽപോലും ജാതി നോക്കിയാണ് രാഷ്ട്രീയ നേതൃത്വം സ്ഥാനാർഥിയെ നിശ്ചയിക്കുന്നത്. ജാതിവിവേചനത്തിന്റെ സംരക്ഷകരായി രാഷ്ട്രീയ നേതൃത്വം മാറി.

കഴിഞ്ഞ ദിവസം കേരളത്തിൽ ആളിപ്പടർന്ന ജാതിവാദം ഗണപതിയുമായി ബന്ധപ്പെട്ടതായിരുന്നു. ഏതാനും മാസങ്ങൾക്ക് മുമ്പ് ഇന്ത്യ എല്ലാ കണ്ടുപിടിത്തങ്ങളുടെയും കേന്ദ്രമാണ് എന്ന് സ്ഥാപിക്കാൻ നരേന്ദ്രമോദി പറഞ്ഞ ചില വാചാടോപങ്ങളാണ് അതിന് നിമിത്തമായത്. മോദി പറഞ്ഞത് വിമാനങ്ങളുടെ ആർക്കിടൈപ്പ് പുഷ്പക വിമാനമാണ്. ഗണപതി പ്ലാസ്റ്റിക് സർജറിയുടെ ആദിരൂപമാണ്. കൗരവരുടെ കാലത്താണ് ഇൻഫെർട്ടിലിറ്റി ക്ലിനിക് ആരംഭിച്ചത്. ഇതൊന്നും ഒരു ഭക്തന്റെയും വികാരത്തെ മുറിപ്പെടുത്തിയില്ല. പക്ഷേ, ഷംസീർ എന്ന മുസ്ലീം

നാമധാരി അത് പറഞ്ഞപ്പോൾ ഭക്തന്മാരുടെയും വിശ്വാസികളുടെയും വികാരത്തെ അത് മുറിപ്പെടുത്തി. നാമജപഘോഷയാത്രയും വഴിതടയലും നടന്നു. ഗണപതി മിത്താണെന്നു പറഞ്ഞ ഷംസീർ അല്ലാഹു മിത്താണെന്ന് പറയുമോ എന്ന് ബി.ജെ.പി നേതാവ് സുരേന്ദ്രൻ ചോദിക്കുകയും ചെയ്തു. അതിനുത്തരം ഷംസീർ പറഞ്ഞില്ല. കാരണം, മുസ്ലീം സമുദായം എന്ന വലിയ വോട്ട് ബാങ്കിനെ അത് ബാധിക്കും. സാധാരണ മനുഷ്യർക്കെല്ലാം അറിയാം എല്ലാ ദൈവങ്ങൾക്കും ഒരു മിത്തിക്കൽ ശോഭയുണ്ടെന്ന്. മിത്തിന്റെ ആ പ്രകാശം (ഓറ) ദൈവങ്ങൾക്കില്ലെങ്കിൽ ദൈവങ്ങൾ വെറും മനുഷ്യരായി മാറും. ഇവിടെ കാര്യങ്ങളുടെ സത്യാവസ്ഥ തിരിച്ചറിയലല്ല പ്രധാനം. വർഗീയവും രാഷ്ട്രീയവും ആയ അതിന്റെ യൂട്ടിലിറ്റിക്കാണ് പ്രാമുഖ്യം.


ഈ വിവാദവുമായി ബന്ധപ്പെട്ടുയർന്ന മറ്റൊരു വാചകം മതനേതാവിന്റെ പ്രസ്താവനയാണ്. ശാസ്ത്രം പ്രധാനമല്ല; വിശ്വാസമാണ് പ്രധാനം എന്നത്. നാം ജീവിക്കുന്നത് നാലാം വ്യവസായ വിപ്ലവകാലത്താണ്. ജെയിംസ് വാട്ട് സ്റ്റീം എഞ്ചിൻ കണ്ടുപിടിച്ചതോടെ ആരംഭിച്ച ഒന്നാം വ്യവസായ വിപ്ലവം ലോകത്തെ മാറ്റി. അത് പതിനെട്ടാം നൂറ്റാണ്ടിലായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ ഇലക്ട്രിസിറ്റിയും ടെലിഗ്രാഫിയും രണ്ടാം വ്യവസായ വിപ്ലവത്തിന് തുടക്കം കുറിച്ചു. ഇരുപതാം നൂറ്റാണ്ടിൽ ഇന്റർനെറ്റും ഇലക്ട്രോണിക്സും മൂന്നാം വ്യവസായ വിപ്ലവത്തിന് വഴിയൊരുക്കി. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നാലാം വ്യവസായ വിപ്ലവം ആരംഭിച്ചു. ഏതാണ്ട് 2010-നു ശേഷമാണ് അത് സജീവമായത്. നിർമിതബുദ്ധിയും, റോബോട്ടിക്സും, ഇന്റർനെറ്റ് ഓഫ് തിംങ്സും ഡ്രോണുകളുമാണ് നാലാം വ്യവസായ വിപ്ലവത്തിന്റെ ചാലകശക്തി. ആ സമയത്താണ് ശാസ്ത്രം പ്രധാനമല്ല എന്ന പ്രഖ്യാപനം കേരളത്തിൽനിന്ന് വരുന്നത്. ശാസ്ത്രത്തിനെതിരെ കത്തോലിക്ക സഭ നിലപാട് എടുത്തത്. 16-ാം നൂറ്റാണ്ടിലായിരുന്നു. ബ്രൂണോയെ ചുട്ടുകൊല്ലുകയും ഗലീലിയോവിനെ ജയിലിൽ അടയ്ക്കുകയും ചെയ്ത കത്തോലിക്ക സഭയ്ക്ക് അവസാനം കോപ്പർനിക്കിയൻ ഹെലിയോസെന്റ്റിസത്തെ അംഗീകരിക്കേണ്ടി വന്നു. സൗരയൂഥത്തിന്റെ കേന്ദ്രം സൂര്യനാണ് ഭൂമിയല്ല എന്ന് സഭ അംഗീകരിച്ചു. കാരണം, ശാസ്ത്രമാണ് വികസനത്തിന്റെ ചാലകശക്തി. മതത്തിനുപോലും നിലനില്ക്കാനും വളരാനും അത് ആവശ്യമാണ്.

യുക്തിബോധമുള്ള ഒരു സമൂഹത്തിന് സയന്റിഫിക് ടെമ്പർ ആവശ്യമാണ്. അതുപോലെതന്നെ മാനവരാശിയുടെ പുരോഗതി ആഗ്രഹിക്കുന്നവർക്ക് ജനാധിപത്യമൂല്യങ്ങളും മനുഷ്യാവകാശങ്ങളും പ്രധാനമാണ്. നമ്മുടെ കേരളം ഇതെല്ലാം നിരാകരിച്ചാണ് മുന്നേറുന്നത്. എല്ലാ മേഖലകളെയും തകർക്കുന്നതിൽ രാഷ്ട്രീയ ജീർണതയുടെ പങ്ക് വലുതാണ്. ഇടതുപക്ഷ രാഷ്ട്രീയം കേരളത്തിന് ഒരു പ്രതീക്ഷയായിരുന്നു. അത് സൃഷ്ടിച്ച മൂല്യബോധം കോൺഗ്രസ് അടക്കമുള്ള രാഷ്ട്രീയ പാർട്ടികളെവരെ സ്വാധീനിച്ചിരുന്നു. അതുകൊണ്ടുതന്നെ കേരളത്തിലെ കോൺഗ്രസ്സും ബി.ജെ.പിയും മറ്റ് സംസ്ഥാനങ്ങളിലെ അവയുടെ കൗണ്ടർപാർട്ടുകളിൽനിന്ന് വ്യത്യസ്തമായാണ് ഇവിടെ പ്രവർത്തിച്ചിരുന്നത്. എന്നാൽ അതെല്ലാം ബാഷ്പീകരിച്ച് ആവിയായി അന്തരീക്ഷത്തിൽ വിലയം പ്രാപിച്ചു. പ്രസ്ഥാനങ്ങളും വ്യക്തികളും ജീർണതയുടെ ഭാണ്ഡക്കെട്ടുകളായി മാറിയപ്പോളാണ് മുൻ മുഖ്യമന്ത്രിയുടെ ജനകീയ ആഭിമുഖ്യം ആളുകളിൽ സ്വാധീനമായി പ്രതിഫലിച്ചത്. അദ്ദേഹത്തിന് വിടപറഞ്ഞ കേരളം വിനയത്തിന്റെയും ആർദ്രതയുടെയും പ്രതീകമായി രാഷ്ട്രീയം നേതൃത്വം മാറണം എന്ന ആഗ്രഹത്തെ ഉമ്മൻചാണ്ടിയിൽ സ്ഥാപിക്കുകയായിരുന്നു. വ്യക്തിപരമായി ഒരു നേതാവ് എങ്ങനെ ആയിരിക്കണം എന്ന് ഉമ്മൻചാണ്ടിയെ ചൂണ്ടിയാണ് കേരളം ഉത്തരം നല്കിയത്.


പിണറായി വിജയനും ഉമ്മൻചാണ്ടിയും

**യുക്തിബോധമുള്ള ഒരു സമൂഹത്തിന് സയന്റിഫിക് ടെമ്പർ ആവശ്യമാണ്. അതുപോലെതന്നെ മാനവരാശിയുടെ പുരോഗതി ആഗ്രഹിക്കുന്നവർക്ക് ജനാധിപത്യമൂല്യങ്ങളും മനുഷ്യാവകാശങ്ങളും പ്രധാനമാണ്. നമ്മുടെ കേരളം ഇതെല്ലാം നിരാകരിച്ചാണ് മുന്നേറുന്നത്. എല്ലാ മേഖലകളെയും തകർക്കുന്നതിൽ രാഷ്ട്രീയ ജീർണതയുടെ പങ്ക് വലുതാണ്.**

മുഖ്യമന്ത്രിയുടെ മകൾ വീണ വിവാദ വ്യവസായി ശശിധരൻ കർത്തയിൽനിന്ന് സേവനം നല്കാതെ പണം പറ്റി എന്നത് എത്ര ഗുരുതരമായ പ്രശ്നമാണ്. മുൻപ് സി.പി.എം ന്റെ ഒരു നേതാവും ഇതിന് തയാറാകുമായിരുന്നില്ല. കാരണം പാർട്ടിക്കകത്ത് ഒരു സ്വയം തിരുത്തൽ സംവിധാനം ഉണ്ടായിരുന്നു. ഉൾപാർട്ടി ചർച്ച. ഉൾപാർട്ടി ചർച്ചയിലാണ് വിമർശനവും സ്വയം വിമർശനവും ഉണ്ടായിരുന്നത്. അതിപ്പോൾ നിലച്ചു. അതിന്റെ അർഥം സി.പി.എം ജീർണത പൂർണമാക്കി എന്നാണ്. അതിൽനിന്ന് ഇനി പാർട്ടിക്ക് ഉയിർപ്പുണ്ടാകും എന്നു തോന്നുന്നില്ല.



◀ സമകാലികം

**സെബാസ്റ്റ്യൻ പോൾ**

# ക്രിമിനൽ നിയമങ്ങൾ പുനർനിർമിക്കപ്പെടുമ്പോൾ



**എത്ര കഠിനമായ ശിക്ഷാസാധ്യതയും കുറ്റകൃത്യങ്ങൾ തടയുന്നതിന് സഹായകമല്ലെന്നിരിക്കേ പശ്ചാത്തപിക്കുന്നതിനുള്ള അവസരം കുറ്റവാളികൾക്ക് നല്കുംവിധമാകണം ശിക്ഷയുടെ ക്രമീകരണം.**

ദസ്തയേവ്സ്കിയുടെ 'കുറ്റവും ശിക്ഷയും' പ്രസിദ്ധീകൃതമാകുന്നതിന് ആറുവർഷം മുമ്പാണ് മെക്കാളെയുടെ അധ്യക്ഷതയിലുള്ള നിയമകമ്മീഷൻ നമുക്കായി കുറ്റവും ശിക്ഷയും തയാറാക്കിയത്. 1860-ൽ പ്രാബല്യത്തിൽവന്ന മെക്കാളെയുടെ സൃഷ്ടി ഇന്ത്യൻശിക്ഷാനിയമം എന്നറിയപ്പെട്ടു. ഇതും 1898-ലെ ക്രിമിനൽ നടപടി നിയമവും 1872-ലെ തെളിവുനിയമവും ചേർന്ന നമ്മുടെ ക്രിമിനൽനിയമത്തിന്റെ ക്രോഡീകരണമാണ് 1857-ലെ കലാപത്തിനുശേഷം ഇന്ത്യയിൽ നടന്നത്. ക്രിമിനൽ നടപടി നിയമം 1973-ൽ സമ്പൂർണമായി നവീകരിച്ച് പുനഃസൃഷ്ടിക്കപ്പെട്ടു. ഭരണഘടനയ്ക്ക് നി

രക്കാത്ത വ്യവസ്ഥകൾ ഭേദഗതി ചെയ്തും മാറുന്ന കാലത്തിന് അനുസൃതമായി വ്യവസ്ഥകൾ കൂട്ടിച്ചേർത്തും 163 വർഷമായി നീതിനിർവഹണത്തിലെ വേദപുസ്തകമായി നിലനില്ക്കുന്ന മെക്കാളെയുടെ ഐ.പി.സിക്ക് ചരമക്കുറിപ്പായി ആഭ്യന്തരമന്ത്രി അമിത് ഷാ ലോക്സഭയിൽ മൂന്ന് ബില്ലുകൾ അവതരിപ്പിച്ചു. 'ഭാരതീയ ന്യായസംഹിത' എന്നാണ് പുതിയ ശിക്ഷാനിയമത്തിന്റെ പേര്. സി.ആർ.പിസിക്ക് പകരമായി 'ഭാരതീയ നാഗരിക് സുരക്ഷാ സംഹിത', തെളിവുനിയമത്തിന് പകരമായി 'ഭാരതീയ സാക്ഷ്യ നിയമം'. മൂന്ന് ബില്ലുകളും ആഭ്യന്തര മന്ത്രാലയവുമായി ബന്ധപ്പെട്ട പാർലമെന്ററി സ്ഥിരസമിതിയുടെ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ബി.ജെ.പി രാജ്യസഭാംഗം ബ്രിജ് ലാൽ അധ്യക്ഷനായ സമിതിയുടെ പരിശോധന അടുത്ത പാർലമെന്റ് സമ്മേളനത്തിനു മുമ്പ് പൂർത്തിയാകും. ബി.ജെ.പി ഭരണകാലത്തെ യന്ത്രവത്കൃത കുശിനിയിൽ പാചകക്കാർപോലും അറിയാതെ നിയമങ്ങൾ ഉടനടി ചുട്ടെടുക്കാൻ കഴിയും.

പഴയതിന്റെ പൂർണമായ നിരാസം നിർദിഷ്ടനിയമത്തിൽ ഇല്ല. ഐ.പി.സിയിലെ 175 വകുപ്പുകൾ ഭേദഗതി ചെയ്യുകയും എട്ട് വകുപ്പുകൾ കൂട്ടിച്ചേർക്കുകയും 22 വകുപ്പുകൾ റദ്ദാക്കുകയും ചെയ്യുന്നതാണ് പുതിയ ബില്ല്. ഇത്രയും മാറ്റം നിയമത്തിൽ വരുത്തിയാൽ പോരേ? ദയയുള്ള നിയമമാണ് മെക്കാളെ നിർമിച്ചത്. ശിക്ഷിക്കുന്നതിനെക്കാൾ എങ്ങനെ ശിക്ഷിക്കാതിരിക്കാം എന്ന ചിന്തയിലാണ് കുറ്റത്തിന്റെ നിർവചനവും നിർദിഷ്ട ശിക്ഷയും ക്രമപ്പെടുത്തിയിരിക്കുന്നത്. ദൈവികതയും മാനവികതയും ചേർന്ന സമീപനമാണ് കുറ്റപ്പെടുത്തലിന്റെ കാര്യത്തിലും ശിക്ഷയുടെ കാര്യത്തിലും മെക്കാളെ സ്വീകരിച്ചത്. ചെയ്യുന്നതെന്തെന്ന് തിരിച്ചറിയാൻ പ്രാപ്തിയില്ലാത്തവരോട് ക്ഷമിക്കണമെന്നായിരുന്നു കുരിശിൽ കിടന്നുകൊണ്ടുള്ള യേശുവിന്റെ പ്രാർഥന. 'മെൻസ് റിയ' എന്ന പ്രസിദ്ധമായ തത്ത്വം തന്റെ ശിക്ഷാനിയമത്തിൽ ഉൾച്ചേർത്തുകൊണ്ട് കുറ്റം ചെയ്യുമ്പോഴുള്ള മനസ്സിന്റെ അവസ്ഥയ്ക്ക് മെക്കാളെ പ്രാമുഖ്യം നല്കി. ശിക്ഷയിൽ നിന്ന് ഒഴിവാക്കപ്പെടുന്നതിനുള്ള 30 സാഹചര്യങ്ങൾ ഉൾപ്പെടുത്തി ഒരു അധ്യായംതന്നെ ഇന്ത്യൻ പീനൽ കോഡിലുണ്ട്. പോക്കറ്റടിക്കാർക്ക് വധശിക്ഷ നല്കിയിരുന്ന കാലത്തെ ഇംഗ്ലണ്ടിൽനിന്നെത്തിയ മെക്കാളെ ഇന്ത്യയിൽ വധശിക്ഷയുടെ പ്രയോഗം പരിമിതപ്പെടുത്തി. സുപ്രീംകോടതി വീണ്ടും അക്കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തി. അമിത് ഷായുടെ നിയമത്തിൽ വധശിക്ഷ പൂർണമായും ഒഴിവാക്കപ്പെട്ടിരുന്നെങ്കിൽ മാനവികമായ സമീപനത്തിന്റെ പേരിൽ നമുക്ക് നവനിയമത്തെ സ്വാഗതം ചെയ്യാമായിരുന്നു. പകരം, എല്ലാ വകുപ്പുകളും കൂടുതൽ കഠിനമാക്കുന്ന സമീപനമാണ് ഷായുടേത്. റിമാണ്ട് കാലത്തെ പൊലീസ് കസ്റ്റഡി 15 ദിവസമെന്ന പരിധി ഒഴിവാക്കി. കുറ്റപത്രസമർപ്പണമില്ലാതെ ഒരാളെ തടവിൽ വയ്ക്കാവുന്ന കാലപരിധി 60 ദിവസത്തിൽനിന്ന് 90 ദിവസമായി ഉയർത്തി.. യു.എ.പി.എ എന്ന ഡ്രക്കോണിയൻ നിയമത്തിലെ അപലപിക്കപ്പെടുന്ന വ്യവസ്ഥകൾ പലതും



*അമിത് ഷാ*

> **അലോസരപ്പെടുത്തുന്ന രീതിയിൽ പുതിയ നിയമങ്ങൾ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത് ദുരുദ്ദേശ്യത്തോടെയുള്ള വീഴ്ചയാണ്. അവതരിപ്പിക്കപ്പെടുന്ന ബില്ലുകൾ ഇംഗ്ലീഷിലായിരിക്കണമെന്നത് ഭരണഘടനയുടെ നിർദേശമാണ്. അത് വകവയ്ക്കാതെ ഹിന്ദിയിലാണ് ബില്ലുകൾ അവതരിപ്പിച്ചത്. ഐ.പി.സി എന്നും സി.ആർ.പി.സി എന്നും പറഞ്ഞിരുന്നിടത്ത് ഇനി എന്താണ് പറയേണ്ടത്. സംസ്കൃതവും ഹിന്ദിയും ചേർത്തുള്ള പേരുകൾ ഹിന്ദി അടിച്ചേല്പിക്കുന്നതിനുള്ള നീക്കത്തിന്റെ ഭാഗമാണെന്ന വിമർശം ഉയർന്നുകഴിഞ്ഞു.**

പൊലീസിന് വർധിതമായ വിവേചനാധികാരം നല്കുന്ന പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അലോസരപ്പെടുത്തുന്ന രീതിയിൽ പുതിയ നിയമങ്ങൾ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത് ദുരുദ്ദേശ്യത്തോടെയുള്ള വീഴ്ചയാണ്. അവതരിപ്പിക്കപ്പെടുന്ന ബില്ലുകൾ ഇംഗ്ലീഷിലായിരിക്കണമെന്നത് ഭരണഘടനയുടെ നിർദേശമാണ്. അത് വകവയ്ക്കാതെ ഹിന്ദിയിലാണ് ബില്ലുകൾ അവതരിപ്പിച്ചത്. ഐ.പി.സി എന്നും സി.ആർ.പി.സി എന്നും പറഞ്ഞിരുന്നിടത്ത് ഇനി എന്താണ് പറയേണ്ടത്. സംസ്കൃതവും ഹിന്ദിയും ചേർത്തുള്ള പേരുകൾ ഹിന്ദി അടിച്ചേല്പിക്കുന്നതിനുള്ള നീക്കത്തിന്റെ ഭാഗമാണെന്ന വിമർശം ഉയർന്നുകഴിഞ്ഞു. ശിക്ഷാനിയമത്തിലെ പല വകുപ്പുകളും ജനമനസ്സിൽ ഇടം നേടിക്കഴിഞ്ഞിട്ടുണ്ട്. ഉദാഹരണം ഐ.പി.സി-302. അവയുടെ ക്രമവും സംഖ്യയും തെറ്റിച്ചുകൊണ്ട് അനാവശ്യമായ കൺഫ്യൂഷൻ നിർദിഷ്ട നിയമങ്ങളിൽ ധാരാളമുണ്ട്. കൊളോണിയൽ അവശിഷ്ടമെന്ന ചാപ്പ കുത്തി എല്ലാം നിരാകരിക്കാനാവില്ല. റോമൻ നിയമത്തോളം നീളുന്ന വിശ്വപൈതൃകത്തിലാണ് നമ്മുടെ നിയമങ്ങൾ അധിഷ്ഠിതമായിരിക്കുന്നത്. അവയെ ഹമ്മുറാബിയുടെ പ്രാകൃതനിയമവുമായി ബന്ധിപ്പിക്കുന്നതിനുള്ള ദുരുപദിഷ്ടതയാണ് പുതിയ നിർദേശങ്ങ

ളിൽ കാണുന്നത്. കുപ്പി പഴയതോ പുതിയതോ എന്നല്ല വീഞ്ഞിന്റെ വീര്യമാണ് നിർണയിക്കപ്പെടേണ്ടത്.

പ്രത്യക്ഷത്തിൽ സ്വാഗതാർഹമെന്നു തോന്നിയേക്കാവുന്ന കാര്യങ്ങൾ ബില്ലുകൾ അവതരിപ്പിച്ചുകൊണ്ട് അമിത് ഷാ പറഞ്ഞെങ്കിലും നാലു കാര്യങ്ങൾ മൗലിക ദോഷമായി നിലനില്ക്കുന്നു. ശിക്ഷാനിയമത്തിൽനിന്ന് രാജ്യദ്രോഹക്കുറ്റം ഒഴിവാക്കിയെന്ന് ആഭ്യന്തര മന്ത്രി പറഞ്ഞെങ്കിലും ഒഴിവാക്കിയത് 124-എ എന്ന വകുപ്പ് മാത്രമാണ്. പകരം 150 എന്ന സംഖ്യയിൽ അതിന്റെ പുനരധിവാസം നടത്തി. രാജ്യദ്രോഹക്കുറ്റം പീനൽ കോഡിൽനിന്ന് നീക്കം ചെയ്യണമെന്ന ആവശ്യം ആദ്യം ഉന്നയിച്ചത് മഹാത്മാഗാന്ധിയാണ്. 124-എ എന്ന വകുപ്പും രാജ്യദ്രോഹം എന്ന വാക്കും മാത്രമാണ് അമിത് ഷാ നീക്കം ചെയ്തത്. പകരമായി ചേർത്ത രാഷ്ട്രത്തിനെതിരായ കുറ്റകൃത്യങ്ങളിൽ പഴയ വകുപ്പ് പുതിയ വാക്കുകളിൽ നിലനിറുത്തിയിരിക്കുന്നു. അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്ന ഈ വകുപ്പ് ജനാധിപത്യത്തിന് ഹാനികരമാണെന്ന ആക്ഷേപത്തിന് അറുതിയായിട്ടില്ല. ആൾക്കൂട്ട കൊലപാതകത്തിന് വധശിക്ഷ നല്കാമെന്നതാണ് രണ്ടാമത്തെ കാര്യം. ആൾക്കൂട്ടം കൊല നടത്തിയാൽ സന്നിഹിതരായിരുന്ന എല്ലാവരെയും വധശിക്ഷയ്ക്ക് വിധിക്കാമെന്ന വ്യവസ്ഥ വലിയ തോതിൽ ദുരുപയോഗത്തിനും അപകടത്തിനും കാരണമാകും. ദാമ്പത്യത്തിലെ ലൈംഗികാതിക്രമം ഇപ്പോഴും ശിക്ഷിക്കപ്പെടുന്നില്ല എന്നത് മൂന്നാമത്തെ പ്രശ്നം. അപകീർത്തി ഇപ്പോഴും ക്രിമിനൽ കുറ്റമായി നിലനിറുത്തിയിരിക്കുന്നു എന്നത് നാലാമത്തെ ദോഷം. ആഗോളനിലപാടിന് അനുസൃതമായി അപകീർത്തിയുടെ ക്രിമിനൽ സ്വഭാവം ഒഴിവാക്കണമെന്ന ആവശ്യം ദീർഘകാലമായി ഇന്ത്യയിൽ നിലനില്ക്കുന്നു. പ്രയോഗത്തിലെ ദൂരവ്യാപകമായ ദുരുപയോഗസാധ്യതകൾ രാഹുൽ ഗാന്ധിയുടെ കേസിൽ നാം കണ്ടു.

ആത്മനവീകരണത്തിനുള്ള അവസരം കുറ്റവാളിക്കു നല്കുന്നതിനു പകരം സമൂഹത്തിനും ഭരണകൂടത്തിനും തൃപ്തികരമാകും വിധം ശിക്ഷയുടെ ഉറപ്പും കാർക്കശ്യവും വർധിപ്പിച്ചിരിക്കുന്നു. നിയമം അനുവദിക്കുന്ന പരമാവധി ശിക്ഷ നല്കിയാലും തൃപ്തി വരാത്ത പ്രാകൃതമായ മനസ്സ് സമൂഹം നിലനിറുത്തിയിട്ടുണ്ട്. അവരെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി ആൾക്കൂട്ടത്തിന്റെ ആരവത്തിനൊത്ത് നീങ്ങുകയെന്നതല്ല നിയമനിർമാതാക്കളുടെ ഉത്തരവാദിത്വം. ശിക്ഷയെ സംബന്ധിച്ച് റിഫർമേറ്റീവ് തിയറിയിലേക്ക് ലോകം മുന്നേറുമ്പോൾ പല്ലിനു പല്ല് എന്ന റെട്രിബ്യൂട്ടീവ് തിയറിയിലേക്കാണ് നാം പിൻവാങ്ങുന്നത്. ജനാധിപത്യത്തിൽ അവശ്യം വേണ്ടതായ വിയോജിപ്പിന്റെ ഇടങ്ങൾ പരിമിതമാക്കപ്പെട്ടിരിക്കുന്നു എന്ന വലിയ ദോഷവും ചൂണ്ടിക്കാട്ടേണ്ടതുണ്ട്. ബി.ജെ.പിയുടെ അതിതീവ്ര ദേശീയതയുടെ പദാവലിയിലാണ് പുതിയ ശിക്ഷാനിയമം രൂപപ്പെടുത്തിയിരിക്കുന്നത്.


'ലവ് ജിഹാദ്' എന്ന വാക്കുപയോഗിക്കാതെ നിർദിഷ്ട നിയമത്തിൽ 'ലവ് ജിഹാദ്' എന്നറിയപ്പെടുന്ന പ്രവൃത്തി കുറ്റകരമാക്കിയിട്ടുണ്ട്. ഐഡന്റിറ്റി മറച്ചുവച്ചുകൊണ്ട്



**ശിക്ഷയെ സംബന്ധിച്ച് റിഫർമേറ്റീവ് തിയറിയിലേക്ക് ലോകം മുന്നേറുമ്പോൾ പല്ലിനു പല്ല് എന്ന റെട്രിബ്യൂട്ടീവ് തിയറിയിലേക്കാണ് നാം പിൻവാങ്ങുന്നത്. ജനാധിപത്യത്തിൽ അവശ്യം വേണ്ടതായ വിയോജിപ്പിന്റെ ഇടങ്ങൾ പരിമിതമാക്കപ്പെട്ടിരിക്കുന്നു എന്ന വലിയ ദോഷവും ചൂണ്ടിക്കാട്ടേണ്ടതുണ്ട്. ബി.ജെ.പിയുടെ അതിതീവ്രദേശീയതയുടെ പദാവലിയിലാണ് പുതിയ ശിക്ഷാനിയമം രൂപപ്പെടുത്തിയിരിക്കുന്നത്.**

വ്യാജമായ ധാരണയുടെയും വാഗ്ദാനത്തിന്റെയും അടിസ്ഥാനത്തിൽ നടത്തുന്ന ലൈംഗികബന്ധവും വിവാഹവും പത്തുവർഷം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. വഞ്ചനയ്ക്കപ്പുറമുള്ള തട്ടിപ്പുകൾ ഫലപ്രദമായി കൈകാര്യം ചെയ്യപ്പെടേണ്ടതാണ്. അത് പെൺകുട്ടികളെ വശീകരിക്കുന്നതിൽ മാത്രമായി പരിമിതപ്പെടുത്താനാവില്ല.

നിയമം കൂടക്കൂടെ നവീകരിക്കപ്പെടണം. ആവശ്യത്തിന് അനുസൃതമായി നിയമം നിർമിക്കപ്പെടണം. അതുകൊണ്ടാണ് പാർലമെന്റിലെ നിയമനിർമാണവും കോടതിയിലെ നിയമവ്യാഖ്യാനവും അനുസ്യൂതം നടക്കുന്നത്. നിലവിലുള്ള നിയമത്തിൽ അനാശാസ്യമായ വ്യവസ്ഥകൾ ഗൂഢമായി തിരുകിക്കയറ്റി ദുർഗ്രഹമായ പേരുകൾ നല്കുന്നതല്ല നിയമപരിഷ്കരണം. വാക്കുകൾ ശിക്ഷാർഹമാകാതിരിക്കുകയും പ്രവൃത്തി കുറ്റകരമാണെങ്കിൽ ശിക്ഷിക്കപ്പെടുകയും വേണം. എത്ര കഠിനമായ ശിക്ഷാസാധ്യതയും കുറ്റകൃത്യങ്ങൾ തടയുന്നതിന് സഹായകമല്ലെന്നിരിക്കേ പശ്ചാത്തപിക്കുന്നതിനുള്ള അവസരം കുറ്റവാളികൾക്ക് നല്കുംവിധമാകണം ശിക്ഷയുടെ ക്രമീകരണം. ●




സമകാലികം

**സി.ആർ. നീലകണ്ഠൻ**

# വനസംരക്ഷണ നിയമഭേദഗതി വിനാശത്തിനുള്ള ക്ഷണപത്രം

**മനുഷ്യരും വന്യജീവികളും സഹവസിക്കുന്ന ഒരു ഭൂമിയാണ് സുസ്ഥിരവികസനമെന്നതിന്റെ അടിസ്ഥാനം. വനങ്ങളിൽ കടന്നുകയറിയുള്ള വികസനങ്ങൾ വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം രൂക്ഷമാക്കുമെന്നും അനുഭവങ്ങൾ കാണിക്കുന്നു. വനങ്ങളും ജൈവവൈവിധ്യങ്ങളും കാലാവസ്ഥയും വിനാശകരമായി മാറിയാൽ അതിന്റെ ദുരന്തം ഏറ്റുവാങ്ങേണ്ടിവരുന്നത് വനത്തെയും വനവിഭവങ്ങളെയും ആശ്രയിച്ചു ജീവിക്കുന്ന ഗോത്രജനതയും മണ്ണിനെ ആശ്രയിക്കുന്ന കർഷകജനതയുമാണ്.**

**പാ**ർലമെന്റിന്റെ ഇരു സഭകളും കാര്യമായ ചർച്ചകളൊന്നും കൂടാതെ പാസാക്കിയ വനസംരക്ഷണ നിയമഭേദഗതി പൊതുസമൂഹത്തിലും വ്യാപകമായി ചർച്ചചെയ്യപ്പെടുന്നില്ല. മറ്റു പല നിയമങ്ങളുമെന്നപോലെ ഇതിന്റെയും ലക്ഷ്യം വളരെ മഹത്തരമാണെന്നും ഇതു വഴി ദേശസുരക്ഷ ശക്തിപ്പെടുമെന്നും വികസനവും സമൃദ്ധിയും ഉണ്ടാകുമെന്നുമാണ് സർക്കാർ ഭാഗം ഉയർത്തുന്ന വാദങ്ങൾ. എന്നാൽ, ഇത് നിലവിലുള്ള 1980-ലെ വന സംരക്ഷണനിയമത്തിന്റെയും 1996-ലെ നിർണായകമായ സുപ്രീംകോടതി വിധിയുടെയും (ഗോദവർമൻ തിരുമുൽ



പാട് കേസ്) അന്തഃസത്ത ചോർത്തിക്കളയുന്നതും വനം, ടൂറിസം, ഖനനം തുടങ്ങിയ മേഖലകളിലെ കോർപറേറ്റുകൾക്കു തുറന്നതു കൊടുക്കാനുള്ള തന്ത്രമാണെന്നും വനവിഭവങ്ങൾ ആശ്രയിച്ചു നിലനില്ക്കുന്ന ഗോത്രവിഭാഗങ്ങളുടെ ജീവനോപാധികളും ജീവിതവും നശിപ്പിക്കുന്നതാണെന്നും ഇതിനെ എതിർക്കുന്നവർ വാദിക്കുന്നു. ഇതൊന്നു പരിശോധിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

സഭാനടപടികളുടെ കീഴ്‌വഴക്കങ്ങൾ ലംഘിച്ചുകൊണ്ടാണ് ഈ നിയമം പാസാക്കിയത്. ഇത്തരം നിർണായകനിയമങ്ങൾ സംയുക്ത പാർലമെന്റ് സമിതിയല്ല വിഷയങ്ങൾക്കായുള്ള സ്റ്റാന്റിംഗ് സമിതികളാണ് പരിശോധിക്കേണ്ടത് എന്ന കീഴ്‌വഴക്കമാണ് ലംഘിക്കപ്പെട്ടത്. ഇത് കേവലം ഒരു നോട്ടപ്പിശകായിരുന്നില്ല. ശാസ്ത്ര സാങ്കേതികവിദ്യകൾ, പരിസ്ഥിതി, വനം, കാലാവസ്ഥാമാറ്റം എന്നീ വിഷയങ്ങൾക്കായുള്ള ഒരു സ്റ്റാന്റിംഗ് സമിതിയുണ്ട്. അതിന്റെ തലപ്പത്ത് കോൺഗ്രസ് അംഗമായ ജയറാം രമേഷ് ആണ് എന്നതാണ് യഥാർഥ കാരണം. അവരെ ഒഴിവാക്കിക്കൊണ്ടാണ് ഈ ഭേദഗതി സംയുക്ത സമിതിക്കു അയച്ചത്. നിയമം സംബന്ധിച്ച് പരിസ്ഥിതി ശാസ്ത്രജ്ഞർ, നിയമജ്ഞർ മറ്റു പൗരസംഘടനകൾ എന്നിവർ നല്കിയ 1200-ൽ പരം അഭിപ്രായങ്ങൾ സമിതിക്കു മുന്നിൽ വന്നിരുന്നുവെങ്കിലും അതൊന്നും പരിഗണിക്കപ്പെട്ടതേയില്ല. ആറ് അംഗങ്ങൾ വിയോജനക്കുറിപ്പുകൾ എഴുതിയിട്ടുണ്ട്. വനാവകാശനിയമങ്ങൾ ലംഘിക്കപ്പെടുമെന്ന ആശങ്ക ഗോത്രവർഗ വകുപ്പ് ഉന്നയിച്ചിരുന്നു. എങ്കിലും അതൊന്നും പരിഗണിക്കപ്പെട്ടില്ല. സമിതി ചോദിച്ച ഒരു ചോദ്യത്തിനും വകുപ്പിൽനിന്നു കൃത്യമായ മറുപടികളൊന്നും ലഭ്യമായില്ലെന്ന് ഇതു സംബന്ധിച്ച പത്രറിപ്പോർട്ടുകൾ പറയുന്നു. എന്നിട്ടും ഒരുവിധ എതിർപ്പുകളുമില്ലാതെ അംഗീകാരം നല്കുകയായിരുന്നു. ഈ രീതി നിയമനിർമാണ പ്രക്രിയയുടെ അന്തഃസത്തതന്നെ ചോർത്തിക്കളയുന്നതാണ്. സഭയിൽ മണിപ്പൂരിലെ അക്രമങ്ങൾ സംബന്ധിച്ച ചർച്ചകൾ നടക്കുന്നതിനിടയിലാണ് ഈ നിയമം പാസാക്കിയെടുത്തതെന്നതും ശ്രദ്ധേയമാണ്. മാധ്യമങ്ങളും ഇതിനു വേണ്ടത്ര പ്രാധാന്യം നല്കിയില്ല.

കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാമാറ്റം മന്ത്രാലയം (MoEFCC) ഇത്തരമൊരു ഭേദഗതിക്കായി 2021-ൽ ഒരു ശ്രമം നടത്തിയിരുന്നതാണ്. അതിന്റെ കരടു നിർദേശങ്ങൾ ചർച്ചയ്ക്കായി വന്നപ്പോൾ അതിനിശിതമായ വിമർശനങ്ങൾ ഉയരുകയും ചെയ്തു. നിലവിലുള്ള വനത്തിന്റെ നല്ലൊരുഭാഗം വനസംരക്ഷണനിയമത്തിന്റെ പരിധിക്കു പുറത്തുകൊണ്ടുവരുന്നു, വനേതരമായ നിരവധി പ്രവർത്തനങ്ങൾ വനത്തിനകത്തു നടത്താൻ അനുമതി നല്കുന്നു, ഗോത്രവിഭാഗങ്ങളുടെ അടിസ്ഥാന അവകാശങ്ങൾ ഉറപ്പുനല്കുന്ന വനാവകാശനിയമം അപ്രസക്തമാക്കുന്നു തുടങ്ങിയവയായിരുന്നു ഗുരുതരമായ വിമർശനങ്ങൾ. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമം അന്നത്തെ കരടിന്റെ ചുരുക്കിയ രൂപംതന്നെയെന്ന് ഒറ്റ വാക്കിൽ പറയാം.

വനസംരക്ഷണനിയമത്തിലെ വനം എന്നതിന്റെ നിർവചനംതന്നെ മാറ്റുന്ന ഒന്നാണ് ഈ നിയമം. ഈ ഭേദഗതിയുടെ അടിസ്ഥാനലക്ഷ്യം 1996-ലെ സുപ്രീംകോടതി വിധി ഇല്ലാതാക്കലാണ് എന്ന് കാണാം. ആരുടെ ഉടമസ്ഥതയിലായാലും ഏതെങ്കിലും ഘട്ടത്തിൽ ഒരു ഭൂമി വനഭൂമിയായിരുന്നിട്ടുണ്ടെങ്കിൽ (അതിന്റെ ഭൗതികസ്വഭാവം എന്തായാലും വനമെന്നതിന്റെ നിഘണ്ടു അർഥത്തിൽ വനം അല്ലെങ്കിലും) നിലവിലെ വനസംരക്ഷണ നിയമനമനുസരിച്ച് വനഭൂമി തന്നെ ആയിരിക്കും എന്നായിരുന്നു ആ വിധിയുടെ അടിസ്ഥാനനിരീക്ഷണം. ഈ രീതിയിൽ ഉൾപ്പെടുത്തപ്പെട്ട വനഭൂമികളെ അതല്ലാതാക്കുന്നു എന്നതാണ് ഈ ഭേദഗതിയുടെ പ്രശ്നം. ആ വിധി വന്ന 1996 ഡിസംബർ 12-നു മുമ്പ് ഏതെങ്കിലും തരത്തിലുള്ള വനേതരാവശ്യങ്ങൾക്കായി ആ ഭൂമി മാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് വനസംരക്ഷണ നിയമത്തിനു പുറത്താകുന്നു. മാത്രമല്ല 1980-ൽ നിയമം പ്രാബല്യത്തിൽ വന്ന ഒക്ടോബർ 25 മുമ്പ് വനമായി ഏതെങ്കിലും രേഖകളിൽ ഉൾപ്പെടാത്ത ഭൂമികളും (പിന്നീട് വനമായി കണ്ടെത്തിയത്) ഈ നിയമത്തിന്റെ സംരക്ഷണത്തിന് പുറത്താകുന്നു. 2021-ൽ ഇന്ത്യയിൽ ഉണ്ടെന്നു കണ്ടെത്തിയ 77.52 ദശലക്ഷം ഹെക്ടറിൽ 12.08 ദശലക്ഷം ഹെക്ടർ (അതായത് 15.58 ശതമാനം ഭൂമി ഇതുവഴി വനമല്ലാതാകുന്നു.) ഇതിനുപുറമേ വനഭൂമികൾ വനേതരാവശ്യങ്ങൾക്കായി മാറ്റുമ്പോൾ ആവശ്യമായിരുന്ന അനുമതിയിൽ ഇളവ് നല്കപ്പെടുന്ന കുറെയേറെ വനഭൂമിയുടെ ഒരു പട്ടികതന്നെ ഈ നിയമം തയാറാക്കിയിരിക്കുന്നു.

**സഭാനടപടികളുടെ കീഴ്‌വഴക്കങ്ങൾ ലംഘിച്ചുകൊണ്ടാണ് ഈ നിയമം പാസാക്കിയത്. ഇത്തരം നിർണായകനിയമങ്ങൾ സംയുക്ത പാർലമെന്റ് സമിതിയല്ല വിഷയങ്ങൾക്കായുള്ള സ്റ്റാന്റിംഗ് സമിതികളാണ് പരിശോധിക്കേണ്ടത് എന്ന കീഴ്‌വഴക്കമാണ് ലംഘിക്കപ്പെട്ടത്. ഇത് കേവലം ഒരു നോട്ടപ്പിശകായിരുന്നില്ല.**




## ഫെഡറൽ തത്ത്വങ്ങളുടെ ലംഘനം

1927 വനനിയമം അനുസരിച്ചും മറ്റേതെങ്കിലും നിയമങ്ങൾ അനുസരിച്ചും വനം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയവയും 1980 ഒക്ടോബർ 25-നു പ്രാബല്യത്തിൽവന്ന വനസംരക്ഷണനിയമത്തിന്റെ ഭാഗമായി ഒരു രേഖയിലും വനമായി രേഖപ്പെടുത്താത്തതുമായ വനഭൂമികളെയാണ് ഈ ഭേദഗതി ലക്ഷ്യമാക്കുന്നത്. 1996-ലെ കോടതിവിധി വരുന്നതിനു മുൻപ് സംസ്ഥാന സർക്കാർ അനുമതിയോടെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെട്ട ഭൂമികളെ ഇതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നു. ഈ ഭേദഗതിയനുസരിച്ച് എടുക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള നിർദേശങ്ങൾ സംസ്ഥാന സർക്കാരുകൾക്കോ കേന്ദ്ര,സംസ്ഥാന സർക്കാരുകൾ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾക്കോ നല്കാനുള്ള അധികാരം കേന്ദ്ര സർക്കാറിനായിരിക്കും. ഈ വ്യവസ്ഥ രാജ്യത്തിന്റെ ഭരണഘടനയുടെ ഫെഡറൽ തത്ത്വങ്ങൾക്ക് വിരുദ്ധമാണ്. വനം എന്നത് ഇപ്പോഴും സംയുക്ത പട്ടികയിൽപ്പെടുന്ന വിഷയമാണ്. ആ വിഷയത്തിൽ ഒരു നിയമ ഭേദഗതി വരുത്തുമ്പോൾ സംസ്ഥാന സർക്കാരുകളുമായി ചർച്ച നടത്തേണ്ടതുണ്ട്. മാത്രമല്ല, അതു നടപ്പാക്കാനുള്ള അധികാരം രണ്ട് തട്ടിലുള്ള സർക്കാരുകൾക്കും ഉണ്ടായിരിക്കണം. അതൊന്നും ഇതിൽ പാലിക്കപ്പെടുന്നില്ല. എങ്കിലും കേന്ദ്ര ഭരണകക്ഷിയെ പിന്താങ്ങുന്ന നാഗലാലൻഡ് ഒഴിച്ച് ഒരു സംസ്ഥാന സർക്കാരും ഇതിനെ ചോദ്യം ചെയ്യുന്നതായി കാണുന്നില്ല.

ജനവാസപ്രദേശങ്ങളിലേക്കുള്ള യാത്രാവശ്യങ്ങൾക്കുള്ളതും തോട്ടങ്ങളിലേക്കു പോകുന്നതിനുള്ളതുമായ റെയിൽ-റോഡ് പാതകളിലുടെയും ഇരുവശത്തുമുള്ള പത്ത് ആർ (25 സെന്റ്) വരെ അളവിലുള്ള വനഭൂമി, "രേഖപ്പെടുത്തപ്പെട്ട വനഭൂമി" എന്ന് കാണുന്നില്ലെങ്കിൽ അതും ഇനിമേൽ വനസസംരക്ഷണ നിയമത്തിനു പുറത്താകുന്നു. ഇതൊക്കെ ചെറുതാണെന്ന് വാദിച്ചേക്കാം. എന്നാൽ, രാജ്യത്തിന്റെ അന്താരാഷ്ട്ര അതിർത്തികളിൽനിന്നു 100 കി.മീ ദൂരത്തുവരെയുള്ള വനങ്ങൾ, ദേശീയ പ്രാധാന്യമുള്ള റോഡ്, റെയിൽ, പൈപ്പ്ലൈൻ മുതലായ പദ്ധതികൾക്കായി ആവശ്യം വരുകയാണെങ്കിൽ അവയെ വനഭൂമി അല്ലെന്നുള്ള രീതിയിൽ പരിഗണിക്കണമെന്ന് ഈ നിയമഭേദഗതി പറയുന്നു. മണിപ്പൂർ, അരുണാചൽപ്രദേശ്, നാഗാലാൻഡ്, ത്രിപുര തുടങ്ങിയ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ രാജ്യാതിർത്തികളെല്ലാം വനങ്ങളാണ്. അവിടെയാണ് 100 കി.മീ ദൂരമുള്ള വനങ്ങളെല്ലാം വനസംരക്ഷണനിയമത്തിനു പുറത്താകുന്നത്. അവിടെ ജീവിക്കുന്ന ഗോത്രവിഭാഗങ്ങളെല്ലാം ഇപ്പോൾത്തന്നെ വലിയതോതിലുള്ള സംഘർഷങ്ങൾ അനുഭവിക്കുന്നുണ്ട്. ദേശസുരക്ഷയ്ക്കായിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾക്കായി പത്തു ഹെക്ടർ വരെയുള്ളതും, സൈനിക ക്യാംപുകൾ, പദ്ധതികൾ മറ്റ് പൊതു ആവശ്യങ്ങൾ എന്നിവയ്ക്കായി അഞ്ചു ഹെക്ടർ വരെയുള്ളതുമായ വനഭൂമികൾ വനേതരമാക്കാമെന്നും ഈ നിയമത്തിൽ പറയുന്നു. നക്സൽ ബാധിതമെന്നു പ്രഖ്യാപിക്കപ്പെട്ട ഛത്തീസ്ഗഡ്, ജാർഖണ്ഡ്, ഒഡിഷ, പശ്ചിമബംഗാൾ, ആന്ധ്ര, തെലങ്കാന, മഹാരാഷ്ട്ര, മധ്യപ്രദേശ്, കേരളം എന്നീ സംസ്ഥാനങ്ങളിലെ 70 ജില്ലകളിൽ ഈ ഇളവു ബാധകമാണ്.

വനഭൂമി വനേതരാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനെ വിലക്കുന്ന 2006-ലെ വനാവകാശനിയമം അനുശാസിക്കുന്ന വ്യവസ്ഥകളെ ഇതുവഴി മറികടക്കുന്നു. വനത്തിനും വനാവകാശികൾക്കുംമേൽ പുറത്തു നിന്നുള്ള മൂലധനത്തിനും വ്യാപാരത്തിനും നിർബാധം കടന്നുകയറാനുള്ള വഴിയൊരുക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. വ്യാപാര താത്പര്യങ്ങൾക്കായുള്ള വനങ്ങളുടെ ഉപയോഗാനുമതി ഇനി ഒരു ചടങ്ങ് മാത്രമാകുന്നു. വനഭൂമി വനേതരാവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുമ്പോൾ ആവശ്യമായിരുന്ന സുപ്രീംകോടതി നിയോഗിച്ച കേന്ദ്ര എംപവേർഡ് സമിതി വരെയുള്ളവരുടെ അനുമതികൾ ഇനിമേൽ ആവശ്യമില്ലാതെയാക്കുന്നു. ഇങ്ങനെ മാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ ഇന്നത്തെ മൂല്യമായ (നെറ്റ് പ്രസന്റ് വാല്യു) ഹെക്ടറിന് 6,70,140 രൂപ മുതൽ 15,95,790 രൂപ വരെ നല്കാതെ ഭൂമി ലഭിക്കുന്നു. ഇങ്ങനെ മാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ സ്വഭാവം അനുസരിച്ചു പരിഹാരമായി നടത്തേണ്ട നിർബന്ധിത വനവത്കരണം എന്നതും ഇനി ആവശ്യമാകില്ല. വനവത്കരണം എങ്ങനെ ആകണമെന്ന് കേന്ദ്ര സർക്കാർ തീരുമാനിക്കും എന്നും ഭേദഗതി പറയുന്നു. അതായത് സർക്കാരിന് താത്പര്യമുള്ളവരാണെങ്കിൽ ഒരു രൂപപോലും നല്കാതെയും ഒരു ഹെക്ടർ ഭൂമിയിൽപ്പോലും വനവത്കരണം നടത്താതെയും കുത്തകകൾക്ക് വനഭൂമി കിട്ടും എന്നർഥം.



## ജനാധിപത്യവിരുദ്ധ വനഭരണ സംവിധാനം

1970-കളിൽ വനം എന്നത് ഭരണഘടയുടെ ഏഴാം പട്ടികയിൽ ഒരു സംസ്ഥാന വിഷയമായിരുന്നു. അക്കാലത്തു സംസ്ഥാന സർക്കാരുകൾ യാതൊരു നിയന്ത്രണവുമില്ലാതെ വനഭൂമിയിലേക്കു കുടിയേറ്റങ്ങൾ അനുവദിച്ചു. കേരളത്തിലും "കൂടുതൽ ഭക്ഷണം ഉത്പാദിപ്പിക്കുക" (ഗ്രോ മോർ ഫുഡ്) എന്ന മുദ്രാവാക്യത്തോടെ ഇത് നടത്തി. ഇതുകൊണ്ട് ഭക്ഷ്യോത്പാദനം കൂടിയോ എന്നത് മറ്റൊരു ചോദ്യമാണ്. എന്തായാലും ഇതുവഴി വലിയ തോതിൽ വനനശീകരണം നടന്നു എന്നതൊരു സത്യമാണ്. ഇതിനു പിന്നിൽ പ്രാദേശിക രാഷ്ട്രീയ സമ്മർദങ്ങൾ ഉണ്ടായിരുന്നു. ഇക്കാര്യം ചൂണ്ടിക്കാട്ടി 1976-ലെ (കു)പ്രസിദ്ധമായ 42ാമതു ഭരണഘടനാ ഭേദഗതിയിൽ വനം കേന്ദ്രത്തിനും സംസ്ഥാനത്തിനും അധികാരമുള്ള സംയുക്ത പട്ടികയിലേക്ക് മാറ്റി. ഇതോടെ വനങ്ങളെ മറ്റാവശ്യങ്ങൾക്കായി മാറ്റാനുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരത്തിനു കടിഞ്ഞാൺ വീണു. അത്തരം മാറ്റങ്ങൾക്കു ഏറെ സങ്കീർണമായ അനുമതികൾ ആവശ്യമായെന്ന അവസ്ഥ വന്നു. 1950 മുതൽ 1980 വരെയുള്ള വർഷങ്ങളിൽ പ്രതിവർഷം ശരാശരി 1.50 ലക്ഷം വനം രൂപമാറ്റം നടന്നിരുന്നത് 1980 കാലമായപ്പോൾ 0.23 ലക്ഷം ഹെക്ടർ ആയി കുറഞ്ഞു എന്ന് സർക്കാർ രേഖകൾ പറയുന്നു. 1996-ലെ ഗോദവർമൻ കേസിലെ വിധിയിൽ രൂപമാറ്റത്തിന് സുപ്രീംകോടതിയുടെ സമിതിയുടെ അംഗീകാരംകൂടി അനിവാര്യമാണെന്ന് വന്നു. ഈ നിയമം ബലംപ്രയോഗിച്ചു നടപ്പിലാക്കാൻ കേന്ദ്ര വനം,പരിസ്ഥിതി മന്ത്രാലയം ശ്രമിച്ചതോടെ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ആദിവാസികൾ അടക്കമുള്ളവർ ശക്തമായി പ്രതിഷേധിച്ചു.

എന്നാൽ, കേന്ദ്രത്തിന്റെ സ്ഥാപനമായ വനം, പരിസ്ഥിതി, കാലാവസ്ഥാ മന്ത്രാലയം എടുത്ത നടപടികൾ മിക്കപ്പോഴും ഇക്കോ ടൂറിസം തുടങ്ങിയ ഓമനപ്പേരുകളിലൂടെ വനത്തിനകത്തെ പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി സൗഹൃദ അനുമതികൾ നല്കിക്കൊണ്ടിരുന്നു. ഇതിനായി സംരക്ഷിത മേഖലയായി ദേശീയ ഉദ്യാനങ്ങൾ, വന്യമൃഗ സങ്കേതങ്ങൾ, കടുവ സങ്കേതങ്ങൾ എന്നൊക്കെ പേരിട്ട് ഇതിനുള്ള വഴികളുണ്ടാക്കിക്കൊണ്ടിരുന്നു. ലോകത്തെ സമ്പന്ന വിഭാഗങ്ങൾക്കുള്ള വിനോദകേന്ദ്രമാക്കി അവയെ മാറ്റി. അതു വഴി വരുമാനം ഉണ്ടാക്കി. അന്നൊന്നും വനത്തെ മാത്രം ആശ്രയിച്ചു ജീവിച്ചുപോന്ന ആദിവാസികൾ അടക്കമുള്ള മനുഷ്യരെ പരിഗണിച്ചതേയില്ല.

## കാലാവസ്ഥാമാറ്റവും ഭേദഗതിയും

ആഗോളതാപനത്തിന്റെയും കാലാവസ്ഥാമാറ്റത്തിന്റെയും സാഹചര്യത്തിൽ രാജ്യത്തിന്റെ കാർബൺ ആഗിരണശേഷി വർധിപ്പിക്കുക എന്നതും ഈ ഭേദഗതിയുടെ ഒരു ലക്ഷ്യമായി പറയുന്നു. അത് സാധ്യമാക്കാൻ വനഭൂമികളെ തോട്ടങ്ങളാക്കി മാറ്റുക എന്നതാണ് സമീപനം. തോട്ടങ്ങൾ ഉണ്ടാക്കുക വഴി ഭൂമിയുടെ ഹരിതാവരണം കൂടുമെന്ന വാദം ഇന്ന് പൊതുവേ ആരും അംഗീകരിക്കുന്നില്ല. മറിച്ച് തോട്ടങ്ങൾ എന്ന ഏകവിള കൃഷി മൂലം ജൈ



വവൈവിധ്യത്തിനു വലിയതോതിൽ നാശമുണ്ടാകുന്നു എന്നത് തെളിയിക്കപ്പെട്ട സത്യമാണ്. കേരളമടക്കം നിരവധി സംസ്ഥാനങ്ങളിൽ തോട്ടഭൂമികൾ വർധിച്ചതുമൂലം വന്യജീവികൾക്കു ജീവിതം ദുസ്സഹകരമാകുകയും വന്യജീവികൾ മനുഷ്യവാസപ്രദേശങ്ങളിലേക്കു കടന്നു കയറുന്നു എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ വനവത്കരണം എന്ന പേരിൽ നടത്തിയ പ്രകൃതിവിരുദ്ധ തോട്ടനിർമാണങ്ങൾ (യൂക്കാലി, അക്കേഷ്യ മുതലായവ) ഉണ്ടാക്കുന്ന ദോഷങ്ങൾ ഇപ്പോൾ സർക്കാരുകൾതന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നിട്ടും വനഭൂമികളെ തോട്ടങ്ങളാക്കുന്നതിനുള്ള ശ്രമങ്ങൾ ഒരു ഭേദഗതിയിലൂടെ കൊണ്ടുവരുന്നു.

വനഭൂമി എന്നു രേഖയിലുള്ളതുമൂലം ലക്ഷക്കണക്കിന് ഹെക്ടർ തരിശുഭൂമി ഉണ്ടെന്നത് പരിഗണിച്ചുകൊണ്ട് അവ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ നടത്തിയ ശ്രമങ്ങൾക്ക് തടയിടുന്നതായിരുന്നു 1996-ലെ ഗോദവർമൻ കേസിലെ സുപ്രീംകോടതി വിധി. പ്രത്യക്ഷത്തിൽ വനമല്ല എന്നു സ്ഥാപിച്ചുകൊണ്ട് ആ ഭൂമികളിലെ മരങ്ങൾ വെട്ടാൻ നടത്തിയ ശ്രമങ്ങളെയാണ് അന്ന് കോടതി തടഞ്ഞത്. അത്തരം ഭൂമികൾക്കും വനസംരക്ഷണ നിയമം ബാധകമാണെന്നു വിധിച്ചതോടെ ആ നശീകരണം നിലച്ചു. പിന്നീടൊരിക്കലും അതിൽ മാറ്റം വരുത്താൻ സുപ്രീംകോടതി തയാറായിട്ടില്ല.

## ഇത് ആദ്യ ശ്രമമല്ല

2022 ജൂൺ മാസത്തിൽ കേന്ദ്രസർക്കാർ വനസംരക്ഷണ ചട്ടങ്ങളിൽ കാര്യമായ ചില മാറ്റങ്ങൾ വരുത്തി. മേല്പറഞ്ഞ രീതിയിൽ "വനഭൂമി" ആയി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഭൂമികളിൽ തോട്ടങ്ങൾ ഉണ്ടാക്കാൻ അനുമതി നല്കുന്നതും അത് വിവിധ പദ്ധതികൾക്കായി വനം നശിപ്പിക്കുമ്പോൾ നടത്തേണ്ട പരിഹാര വനവത്കരണമായി കാണുന്നതാണെന്നു നിർവചിക്കുകയും ചെയ്യുകയാണ്. അതിന്റെ സാധൂകരണവും തുടർച്ചയുമായിട്ടാണ് ഈ ഭേദഗതി കൊണ്ടുവന്നത്. 'വനം സംരക്ഷിക്കുന്ന രാഷ്ട്രത്തിന്റെ സമ്പന്നമായ പാരമ്പര്യം' വികസിപ്പിക്കുന്നതിനും

ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കുന്നതിനുമാണ് ഈ ഭേദഗതി എന്നതാണ് ആമുഖത്തിൽ പറയുന്നതുതന്നെ ഒരു വലിയ വഞ്ചനയാണ്. വനഭൂമിയുടെ മറ്റുപയോഗങ്ങൾക്കുള്ള അനുമതികളുടെ വ്യവസ്ഥകളിൽ നിരവധി ഇളവുകൾ നല്കുന്ന ഒരു ഭേദഗതിവഴി മേല്പറഞ്ഞ ലക്ഷ്യങ്ങൾ സാധ്യമാകുന്നതെങ്ങനെയാണ്? ആ നിയന്ത്രണങ്ങൾ നീക്കാൻ കേന്ദ്ര സർക്കാരിന് അധികാരം നല്കുന്നതാണ് ഈ ഭേദഗതി. വനേതരാവശ്യങ്ങൾ എന്നിവയിൽ തോട്ടക്കൃഷിയടക്കം പലതും പെടുന്നു.

നിലവിലുള്ളവയ്ക്ക് പുറമേ 1972-ലെ വന്യജീവി സംരക്ഷണനിയമം അനുസരിച്ചുള്ള സർക്കാരിന്റെയും മറ്റും ഉടമസ്ഥതയിലുള്ള മൃഗശാലകൾ, സഫാരി പാർക്കുകൾ, ഇക്കോ ടൂറിസം പദ്ധതികൾ, മരങ്ങളും ചെടികളും നടുന്ന സിൽവി കൾച്ചർ പരിപാടികൾ, ഒപ്പം കേന്ദ്ര സർക്കാർ അനുവദിക്കുന്ന മറ്റു പദ്ധതികൾ എന്നിവയും ഇവിടെ അനുവദിക്കാമെന്ന് ഭേദഗതി നിർദേശിക്കുന്നു. ഇതോടെ ദേശീയോദ്യാനങ്ങളും വന്യമൃഗ സങ്കേതങ്ങളും ഒഴിച്ചുള്ള ഏതു വനഭൂമിയിലും ഏതു മൂലധനശക്തികൾക്കും കേന്ദ്ര സർക്കാരിന്റെ അനുമതി ഉണ്ടെങ്കിൽ കടന്നുകയറാമെന്നാണ് വരുന്നത്.

## വനാവകാശനിയമം അട്ടിമറിക്കപ്പെടുന്നു

വനങ്ങൾക്കു മേൽ സർക്കാരുകൾക്ക് മാത്രം അധികാരം എന്ന കോളനിഭരണക്കാലത്തെ സമീപനം മാറ്റുന്നതിനായി നിരവധി പ്രക്ഷോഭങ്ങൾ നടന്നു. ഒരു ജനാധിപത്യ സംവിധാനത്തിനു യോജിച്ചതും വനഭൂമിയെ ആശ്രയിച്ചു നൂറ്റാണ്ടുകളോ സഹസ്രാബ്ദങ്ങളോ ആയി ജീവിച്ചു വരുന്ന ഗോത്രജനതയ്ക്കും വനത്തിനും അതിലെ വിഭവങ്ങൾക്കും മേൽ അധികാരം ഉറപ്പു നല്കുന്നതുമായ ഒരു സംവിധാനം ഉണ്ടാകണം എന്ന ആഗ്രഹം രാജ്യവ്യാപകമായി ഉയർന്നുവന്നു. അധികാരവികേന്ദ്രീകരണത്തിന്റെയും പഞ്ചായത്തീരാജിന്റെയും തുടർച്ചയെന്ന രീതിയിൽ



*അരുണാചൽപ്രദേശിലെ സമരം*

**വനങ്ങൾക്കു മേൽ സർക്കാരുകൾക്ക് മാത്രം അധികാരം എന്ന കോളനിഭരണക്കാലത്തെ സമീപനം മാറ്റുന്നതിനായി നിരവധി പ്രക്ഷോഭങ്ങൾ നടന്നു. ഒരു ജനാധിപത്യ സംവിധാനത്തിനു യോജിച്ചതും വനഭൂമിയെ ആശ്രയിച്ചു നൂറ്റാണ്ടുകളോ സഹസ്രാബ്ദങ്ങളോ ആയി ജീവിച്ചു വരുന്ന ഗോത്രജനതയ്ക്കും വനത്തിനും അതിലെ വിഭവങ്ങൾക്കും മേൽ അധികാരം ഉറപ്പു നല്കുന്നതുമായ ഒരു സംവിധാനം ഉണ്ടാകണം എന്ന ആഗ്രഹം രാജ്യവ്യാപകമായി ഉയർന്നുവന്നു.**

രൂപപ്പെടുത്തിയ പെസ (PESA) (ഗോത്രഭൂമികളിലേക്കു ബാധകമാകുന്ന പഞ്ചായത്തീരാജ്) സംവിധാനം ഇതിനകം രൂപംകൊണ്ടിരുന്നു. ഗോത്രജനതയ്ക്കു വനത്തിനുമേലുള്ള അധികാരം ഉറപ്പാക്കുന്ന ഒരു നിയമം - വനാവകാശനിയമം- 2006-ൽ യു.പി.എ സർക്കാർ പാസാക്കി. 2008-ൽ ഇതു സംബന്ധിച്ചുള്ള ചട്ടങ്ങളും രൂപപ്പെട്ടതോടെ കേന്ദ്ര വനം, പരിസ്ഥിതി വകുപ്പിനുള്ള കുത്തകാധികാരം ഏറെ നിയന്ത്രിക്കപ്പെട്ടു.

ഈ നിയമത്തോടെ വനഭൂമിയിൽ ജീവിക്കുന്ന വ്യക്തികൾക്കും സമൂഹങ്ങൾക്കും ഉള്ള അവകാശങ്ങളാണ് സ്ഥാപിക്കപ്പെട്ടത്. ഇതിലൂടെ ഗോത്രജനതയുടെ ഗ്രാമസഭകൾക്കു പരമാധികാരം എന്ന സ്ഥിതി വന്നു. വനഭൂമിയുടെ ഓരോ ഭാഗവും അതിർത്തി വേർതിരിച്ച് അടയാളപ്പെടുത്തി അവയെ സമൂഹവനാധികാര മേഖലകൾ ആയി പ്രഖ്യാപിക്കുന്നു. വന്യജീവികൾ, വനം, ജൈവവൈവിധ്യം, ആവാസവ്യവസ്ഥ, വനത്തോട് ചേർന്ന് കിടക്കുന്ന ആവാസപ്രദേശങ്ങൾ, ജലസംഭരണികൾ, തുടങ്ങിയ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങളുടെ സംരക്ഷണച്ചുമതല ഇനിമേൽ ഗ്രാമസഭകൾക്കായിരിക്കും. വനവിഭവങ്ങൾക്കുമേലുള്ള അവകാശങ്ങൾ, അവയുടെ വിനിയോഗം, ഈ മേഖലകളിലെ വന്യജീവികൾക്കും വനത്തിലെ ജൈവവൈവിധ്യങ്ങൾക്കും വിനാശകരമായേക്കാവുന്ന മറ്റു ഇടപെടലുകൾ മുതലായവ നിയന്ത്രിക്കാൻ ഗ്രാമസഭകൾക്കു അധികാരം ഉണ്ടാകും. ഓരോ മേഖലയിലെയും മാനേജ്മെന്റ് പദ്ധതികൾ തയാറാക്കാനും അവയെ വികസനപദ്ധതികളുമായി സംയോജിപ്പിക്കാനുമുള്ള അധികാരവും ഇവർക്കായിരിക്കും. ഇന്ത്യയിലെ 40 ദശലക്ഷം ഹെക്ടർവരുന്ന വനഭൂമിയുടെ സംരക്ഷണം ജനാധിപത്യപരമായി ഗോത്രജനതയ്ക്കും അവരുടെ സ്ഥാപനങ്ങൾക്കും നല്കിയെന്ന് 2009-ൽ വനം, പരിസ്ഥിതി മന്ത്രാലയം യു.എന്നിന്റെ ഭാഗമായ ഭക്ഷ്യ-കാർഷിക സംഘടനയെ (FAO) അറിയിക്കുകയും ചെയ്തു. ഏതു തരത്തിലുള്ള വനനിയമങ്ങളുടെ രൂപീകരണവും ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം. എന്നാൽ 13 വർഷങ്ങൾക്കുശേഷം, 2022 നവംബർ വരെ, പ്രഖ്യാപിതമായ 46.62 ദശലക്ഷം ഹെക്ടറിന്റെ 12 ശതമാനം മാത്രമാണ് ഇത്തരത്തിൽ അതിർത്തിതിരിച്ച് ഗോത്രഗ്രാമസഭകൾക്കു കൈമാറിയിട്ടുള്ളൂവെന്നു വനം,പരിസ്ഥിതി മന്ത്രാലയം

സ്ഥിരീകരിച്ചു. തന്നെയുമല്ല വനം നിയമങ്ങളും 1972-ലെ വന്യജീവി സംരക്ഷണനിയമങ്ങളും മറ്റും ഇതുവരെ വനാവകാശ നിയമങ്ങൾക്കനുസരണമായി മാറ്റിയിട്ടില്ല എന്നും കാണാം. സർക്കാരുകൾ വനാവകാശനിയമത്തെ തീർത്തും അവഗണിച്ചുകൊണ്ടാണ് ഇക്കാലമത്രയും പ്രവർത്തിക്കുന്നത് എന്നർഥം. വനഭൂമി ഉപയോഗിക്കപ്പെടുന്ന ഏതു പദ്ധതിനിർദേശങ്ങളിലും പദ്ധതികൾക്ക് ഗ്രാമസഭകളുടെ മുൻകൂർ അനുമതി അനിവാര്യമാണെന്ന വ്യവസ്ഥ വനം,പരിസ്ഥിതി മന്ത്രാലത്തിന്റെ 2009 ഉത്തരവിലൂടെ സ്ഥാപിക്കപ്പെട്ടതാണ്. ഈ നിബന്ധനകൾ പാലിക്കുന്നു എന്നുറപ്പുവരുത്താനുള്ള ഉത്തരവാദിത്വം ജില്ലാ കളക്ടർമാർക്ക് നല്കി. പിന്നെ കാണുന്നത് വിചിത്രമായ ഒരു സംഗതിയാണ്. ഗ്രാമസഭകളുടെ അനുമതിക്ക് പകരം ജില്ലാ കളക്ടറുടെ അനുമതി മതി എന്നായി മാറി.

2008-23 കാലത്തു മാത്രം ഈ ഒഴിവുകഴിവു മറയാക്കി 0.34 ദശലക്ഷം ഹെക്ടർ വനഭൂമി മറ്റാവശ്യങ്ങൾക്കായി മാറ്റി. റോഡ്, റെയിൽ, പൈപ്പ്ലൈൻ പോലുള്ള പദ്ധതികൾക്ക് വനാവകാശനിയമം അനുസരിച്ചുള്ള അനുമതി ഒഴിവാക്കുന്നതും ഇതിന്റെ ഒരു ഭാഗമായി കാണാം. ഇതിലൂടെ വനാവകാശനിയമത്തെ ഏറെ ദുർബലപ്പെടുത്തി. പോസ്കോ പോലുള്ള വൻകിട കമ്പനികളുടെ ഖനന പദ്ധതികളെ തടയാൻ ഒഡീഷയിൽ ആദിവാസികൾക്കു വനാവകാശനിയമം ശേഷി നല്കിയെന്ന വസ്തുത കണക്കിലെടുത്താണ് ഇത്തരം നീക്കങ്ങൾ എന്നു കാണാൻ ബുദ്ധിമുട്ടില്ല. ഗോത്രജനതയ്ക്ക് അധികാരമുള്ള വനഭൂമിയിൽ ഏതുതരത്തിലുമുള്ള ഇടപെടൽ നടത്തുന്നതിന് ഉണ്ടാകാവുന്ന തടസ്സങ്ങൾ മറികടക്കാനാണ് ഈ ഭേദഗതികൊണ്ട് ശ്രമിക്കുന്നത്. ഇതിനെതിരായി കേന്ദ്ര ഗോത്രവർഗ വകുപ്പും പട്ടികജാതി പട്ടികവർഗ കമ്മീഷനും മറ്റും നടത്തിയ ഇടപെടലുകളെ വനം,പരിസ്ഥിതി മന്ത്രാലയം രൂക്ഷമായി എതിർത്തു. ഒരൊറ്റ സംസ്ഥാന സർക്കാർപോലും ഗോത്രജനതയുടെ അവകാശങ്ങൾ നിഷേധിക്കുന്ന ഈ നടപടികൾക്കെതിരെ ഒരു നീക്കവും നടത്തിയില്ല. വനസംരക്ഷണ വിഷയത്തിൽ ഗോത്രവർഗവകുപ്പിന്റെ ഒരുവിധ ഇടപെടലും അംഗീകരിക്കാൻ വനം,പരിസ്ഥിതി മന്ത്രാലയം തയാറാകുന്നുമില്ല. അതുകൊണ്ടുതന്നെ വനാവകാശനിയമങ്ങളുടെ ലംഘനം തടയാൻ അവർക്കു കഴിയാറില്ല. .

ഈ നിയമഭേദഗതി വഴി വനാവകാശനിയന്ത്രണങ്ങളിൽ ഇളവ് വരുന്ന പ്രദേശങ്ങൾ ഏറെ പ്രാധാന്യമുള്ളവയാണ്. ആരാവല്ലി കുന്നുകളുടെ 40 ശതമാനവും അങ്ങേയറ്റം ദുർബലരായ ഡോങ്കിറ, ഗോണ്ട് എന്നീ ഗോത്രങ്ങൾ അധിവസിക്കുന്ന ഒഡീഷയിലെ നിയാമഗിരി കുന്നുകളുടെ 95 ശതമാനവും വനനിയന്ത്രണങ്ങൾക്കു പുറത്താകുന്നു. ഓരോ സംസ്ഥാനത്തും ഇത്തരത്തിലുള്ള ഭൂമിയുടെ കൃത്യമായ അളവുകൾ ലഭ്യമല്ലാത്തതിനാൽ എത്ര ഭൂമി ഓരോ സംസ്ഥാനത്തും ഇത്തരത്തിൽ മാറ്റപ്പെടുമെന്നത് മനസ്സിലാക്കാൻ കഴിയില്ലെന്നാണ് വിദഗ്ധർ പറയുന്നത്.

ദേശീയ അതിർത്തികളിൽനിന്നു 100 കി.മീ വരെ ദൂരത്തിൽ തന്ത്രപരമായ റോഡ്, റെയിൽ പദ്ധതികൾക്കായി വനഭൂമികളെ നിയന്ത്രണങ്ങളിൽനിന്ന് ഒഴിവാക്കണമെന്ന വ്യവസ്ഥ ഏറെ ദുരുപയോഗം ചെയ്യപ്പെടാമെന്നാണ് മുൻകാല അനുഭവങ്ങൾ കാണിക്കുന്നത്. ഇതുവഴി ആ പ്രദേശത്തെ ദുർബല പാരിസ്ഥിതിക ഘടനകൾ തകർക്കപ്പെടും. ബി.ജെ.പി ഭരിക്കുന്ന പല വടക്കു-കിഴക്കൻ അതിർത്തി സംസ്ഥാനങ്ങൾതന്നെ ഇതിനെതിരെ രംഗത്തുവന്നിട്ടുണ്ട്. ഈ പരിധി ആവശ്യമനുസരിച്ചു മാറ്റാവുന്നതാകണമെന്നാണ് നാഗാലാൻഡ് നിയമസഭ പ്രമേയം പാസാക്കിയത്. ഇത് പത്ത് കി.മീ ആക്കണമെന്നാണ് ത്രിപുര സംസ്ഥാനസർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ, അരുണാചൽ പ്രദേശ് മാത്രം ഇത് 150 കി.മീ ആക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

ദേശീയ അന്തർദേശീയ പഠന റിപ്പോർട്ടുകളും കോടതിവിധികളും വനങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം ആവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഇത്തരമൊരു വിനാശകരമായ നിയമംകൊണ്ടുവരുന്നതിനെ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നുള്ള പരിസ്ഥിതി ശാസ്ത്രജ്ഞരും നിയമജ്ഞരും മറ്റു സാമൂഹിക പ്രവർത്തകരും ശക്തമായി ചോദ്യം ചെയ്യുന്നു.

ആരാവല്ലി കുന്നുകളായാലും കണ്ടൽക്കാടുകളായാലും പശ്ചിമഘട്ടമോ ഹിമാലയൻ നിരകളോ ആയാലും ഇന്ന് വലിയ തോതിലുള്ള നാശങ്ങൾ നേരിടുകയാണ്. ആ ഇടങ്ങളിലേക്ക് വീണ്ടും മൂലധനശക്തികൾ കടന്നുവരുന്നതിനു അനുമതികൾ നല്കുന്ന ഈ ഭേദഗതി പിൻവലിക്കണമെന്നാണ് അവരെല്ലാം ആവശ്യപ്പെടുന്നത്. ഭരണഘടനയുടെ 48-എ വകുപ്പനുസരിച്ച് വനങ്ങളും ജൈവവൈവിധ്യങ്ങളും സംരക്ഷിക്കാൻ ഭരണകൂടങ്ങൾക്കു ബാധ്യതയുണ്ട്. ഒപ്പം 51-എ (ജി) വകുപ്പ് പ്രകാരം ഓരോ പൗരനും അതിനുള്ള കടമയുണ്ട്. ഇവ രണ്ടിന്റെയും ലംഘനമാണ് ഇത്. പല അന്താരാഷ്ട്ര സമ്മേളനങ്ങളിലും ഇന്ത്യ നല്കിയിട്ടുള്ള ഉറപ്പുകളുടെ ലംഘനവുമാണിത്. കാലാവസ്ഥാമാറ്റത്തിന്റെ തീവ്രതയിൽപ്പെട്ട് ദുരിതം അനുഭവിക്കുന്ന ഗോത്രവിഭാഗങ്ങൾ അടക്കമുള്ള ജനങ്ങൾക്കുമേൽ കൂടുതൽ ദുരന്തങ്ങൾ അടിച്ചേല്പിക്കുകയാണ്. അതിലൂടെ കോർപറേറ്റുകൾക്ക് വലിയതോതിൽ കൊള്ള നടത്താനും കഴിയുന്നു.

മനുഷ്യരും വന്യജീവികളും സഹവസിക്കുന്ന ഒരു ഭൂമിയാണ് സുസ്ഥിരവികസനമെന്നതിന്റെ അടിസ്ഥാനം. വനങ്ങളിൽ കടന്നുകയറിയുള്ള വികസനങ്ങൾ വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം രൂക്ഷമാക്കുമെന്നും അനുഭവങ്ങൾ കാണിക്കുന്നു. വനങ്ങളും ജൈവവൈവിധ്യങ്ങളും കാലാവസ്ഥയും വിനാശകരമായി മാറിയാൽ അതിന്റെ ദുരന്തം ഏറ്റുവാങ്ങേണ്ടിവരുന്നത് വനത്തെയും വനവിഭവങ്ങളെയും ആശ്രയിച്ചു ജീവിക്കുന്ന ഗോത്രജനതയും മണ്ണിനെ ആശ്രയിക്കുന്ന കർഷകജനതയുമാണ്. ഒരു ചെറിയ വിഭാഗത്തിന്റെ കൊള്ളലാഭത്തിനുവേണ്ടി ഇത്തരം ഭേദഗതികൾ കൊണ്ടുവരുന്നതിനെ ശക്തമായി പ്രതിരോധിക്കേണ്ടതുണ്ട്.

**ബിനോയ് പിച്ചളക്കാട്ട്**

# മിത്തും സയന്റിഫിക് ടെമ്പറും



**മിത്തുകൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ട സിദ്ധാന്തങ്ങളല്ല. സത്യത്തിന്റെ സൂചന നല്കുമെങ്കിലും അവയുടെ സാധുത ശാസ്ത്രീയമായി തെളിയിക്കാൻ കഴിയാത്തതിനാൽ മിത്തുകളെ ശാസ്ത്രമണ്ഡലത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല. എന്നാൽ, വിശ്വാസമണ്ഡലത്തിലും വൈകാരികതലത്തിലും അവയ്ക്ക് അതീന്ദ്രിയമായ അർഥങ്ങളുണ്ടുതാനും.**


രണ്ടു ആനുകാലികസംഭവങ്ങളാണ് ഈ ലേഖനത്തിന് ആധാരം. ഒന്നാമത്, കേരളത്തിൽ ഇപ്പോൾ നടക്കുന്ന മിത്ത് വിവാദം. രണ്ടാമത്, ചന്ദ്രയാൻ-3 റോക്കറ്റ് വിക്ഷേപണത്തിനു മുന്നോടിയായി ജൂലായ് 13-ന് ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ.എസ്.സോമനാഥ് തിരുപ്പതിക്ഷേത്രത്തിലെത്തി പ്രാർഥിച്ചതിന്റെ പേരി

ലുണ്ടായ വിവാദം. ശാസ്ത്രജ്ഞർക്ക് യുക്തിബോധം നഷ്ടപ്പെടുന്നോ എന്നതാണ് ചോദ്യം. ശാസ്ത്രവും മതവും ശത്രുക്കളെന്ന് കരുതുന്നവരും ഇവ രണ്ടും ഒരിക്കലും പൊരുത്തപ്പെട്ടുപോകില്ലെന്ന ധാരണയുള്ളവരും ഏറെയുണ്ടിന്ന്.

ശാസ്ത്രവും മതവും തമ്മിലുള്ള ബന്ധം പരിശോധിച്ചാൽ ഈ രണ്ടു ശാഖകളും തമ്മിൽ പ്രോത്സാഹജനകമായ ബന്ധം നിലനിന്നിരുന്നതായി കാണാം. ആർഷഭാരതസംസ്കാരത്തിൽ അറിവും ആത്മീയതയും പാരസ്പര്യം പുലർത്തിയിരുന്നു. ഈശ്വരാന്വേഷണത്തിനും ദേവപ്രസാദത്തിനുമുള്ള മാർഗങ്ങളിലൊന്നായിരുന്നു, ശാസ്ത്രം. അതുപോലെ, പാശ്ചാത്യശാസ്ത്രവും മതത്തെയോ വിശ്വാസത്തെയോ മാറ്റിനിറുത്തിയിട്ടില്ല. ആധുനികശാസ്ത്രത്തിന് ഗണ്യമായ സംഭാവന നല്കിയ കോപ്പർനിക്കസ്, ഗലീലിയോ, കെപ്ലർ, ന്യൂട്ടൺ തുടങ്ങിയ പ്രതിഭകൾ അടിയുറച്ച ഈശ്വരവിശ്വാസികളായിരുന്നു.

ശാസ്ത്രത്തിനും മതത്തിനുമിടയിൽ ഭിന്നതയുണ്ടായത് പില്ക്കാലത്താണ്. ശാസ്ത്രത്തിലെ കേവലവാദങ്ങളും മതപണ്ഡിതർ ശാസ്ത്രസിദ്ധാന്തങ്ങളോട് തുറവിയില്ലാതെ പ്രതികരിച്ചതും രണ്ടു ശാഖകൾക്കുമിടയിൽ ഭിന്നതയ്ക്ക് കാരണമായി. എന്നാൽ, ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭംമുതൽ ശാസ്ത്ര-മത ബന്ധത്തിൽ പ്രത്യാശാജനകമായ മാറ്റങ്ങളുണ്ടായി. ആൽബർട്ട് ഐൻസ്റ്റൈന്റെ ആപേക്ഷികതാസിദ്ധാന്തവും ഭൗതികശാസ്ത്രത്തിലെ ക്വാണ്ടം ബലതന്ത്രവും ശാസ്ത്രത്തിന്റെ കേവലവാദങ്ങളെ പൊളിച്ചെഴുതി. അനിശ്ചിതത്വവും കൃത്യതയില്ലായ്മയും ശാസ്ത്രീയനിഗമനങ്ങളിൽ അന്തർലീനമായിരിക്കുന്നുവെന്ന കണ്ടെത്തലിലൂടെ ശാസ്ത്രത്തിന് അതിന്റെ പരിമിതിയെക്കുറിച്ച് തിരിച്ചറിവുണ്ടായി. ശാസ്ത്രമണ്ഡലത്തിനുപുറത്തുള്ള ചക്രവാളങ്ങളിൽ അറിവിന്റെ സ്രോതസ്സുകളുള്ളതായി ശാസ്ത്രജ്ഞർ മനസ്സിലാക്കി. സമാനമായ മാറ്റം മതദർശനങ്ങളിലുമുണ്ടായി. ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ വെളിച്ചത്തിൽ വിശ്വാസസത്യങ്ങളെ വിശദീകരിക്കാൻ മതപണ്ഡിതർ തയാറായി.പുത്തൻ വിശദീകരണ തത്ത്വങ്ങൾ (Hermenuetics) ആവിർഭവിച്ചതോടെ മതഗ്രന്ഥങ്ങളെക്കുറിച്ചും വിശ്വാസസംഹിതകളെക്കുറിച്ചും നൂതനമായ ഉൾക്കാഴ്ചകൾ ലഭിച്ചു. “മതം കൂടാതെയുള്ള ശാസ്ത്രം ബധിരമാണെന്നും ശാസ്ത്രം കൂടാതെയുള്ള മതം അന്ധമാണെന്നും” ഐൻസ്റ്റൈൻ പറഞ്ഞത് ഈ അർഥത്തിലാണ്.

ശാസ്ത്ര-മത സംവാദത്തിന്റെ ആദ്യപടി ഓരോ ശാഖയും അതിന്റെ അനന്യത അംഗീകരിക്കുകയെന്നതാണ്. ശാസ്ത്രത്തിനും മതത്തിനും പൊതുവായുള്ള തലം സത്യാന്വേഷണത്തിന്റേതാണ്. എന്നാൽ, സമീപനത്തിലും രീതിശാസ്ത്രത്തിലും രണ്ടിനും വ്യത്യാസമുണ്ട്. പ്രമാണങ്ങളിൽ അധിഷ്ഠിതവും പരീക്ഷണവിധേയവുമാണ് ശാസ്ത്രം. മതമാകട്ടെ, ദൈവിക വെളിപാടുകളിലും വിശ്വാസത്തിലും അധിഷ്ഠിതമാണ്. ശാസ്ത്രം ഭൗതിക കാര്യങ്ങൾ തേടുമ്പോൾ, മതം അന്വേഷിക്കുന്നത് അവയുടെ അർഥതലങ്ങളാണ്. ഉദാഹരണമായി, പ്രപഞ്ചം



*ഫ്രിജോഫ് കാപ്ര*

എങ്ങനെ ഉണ്ടായിയെന്ന് ശാസ്ത്രം വിശദീകരിക്കുമ്പോൾ എന്തുകൊണ്ട് പ്രപഞ്ചം ഉണ്ടായിയെന്ന് മതം അന്വേഷിക്കുന്നു. ‘എന്തുകൊണ്ട്’ എന്നതിന് വിശകലനം നല്കാൻ ശാസ്ത്രത്തിന് കഴിയില്ല. അത് ശാസ്ത്രത്തിന്റെ ആവൃതിയിൽപ്പെടുന്ന ചോദ്യമല്ല. ശാസ്ത്രത്തിന് ഉത്തരം നല്കാൻ സാധിക്കാത്ത ഇത്തരം ചോദ്യങ്ങളെ മതങ്ങൾ മിത്തുകൾ ഉപയോഗിച്ച് വിശദീകരിക്കുന്നു. പ്രപഞ്ചോത്പത്തിയെ വിശദമാക്കുന്ന ഋഗ്വേദത്തിലെ പുരുഷസൂക്തവും ബൈബിളിലെ ഉല്പത്തിപുസ്തകവും മിത്തുകളിലൂടെ പ്രതിപാദിക്കുന്നു. മിത്തുകൾ കേവലം കെട്ടുകഥകൾ അല്ല. മനുഷ്യൻ അടിസ്ഥാനപരമായി 'മിത്തിക്കൽ' ആണ്. അത് മനുഷ്യന്റെ ആത്മീയ - അസ്തിത്വ - വൈകാരിക മേഖലയിൽ വ്യാപരിക്കുന്നു. മിത്തുകളിലൂടെ മനുഷ്യൻ പരബ്രഹ്മത്തോടു സംവദിക്കുന്നു. സയന്റിഫിക് ടെമ്പർ കൊണ്ട് ഇതു സാധ്യമാകില്ല.

**കുലീനമായ ഒരു ശാസ്ത്രപാരമ്പര്യം ഉണ്ടായിട്ടും ഭാരതമനസ്സിന് ശാസ്ത്രബോധം അന്യമാകുന്നില്ലേയെന്ന് ഗൗരവപൂർവം ചിന്തിക്കേണ്ടിയിരിക്കുന്നു. മിത്ത് വിവാദം ഈയൊരു ശൃംഖലയിലെ ഏറ്റവും അടുത്ത കണ്ണിയാണ്.**



*ചന്ദ്രയാൻ-3*



ചുരുക്കത്തിൽ, ശാസ്ത്രം അറിവ് തേടുന്നു; മതം അർഥവും. ശാസ്ത്രത്തിനും മതത്തിനും യാഥാർഥ്യത്തെ ഭാഗികമായി വിശദീകരിക്കാനേ കഴിയൂ. എന്നാൽ, ശാസ്ത്രവും മതവും തുറവിയോടെ സംവദിക്കുമ്പോൾ കൂടുതൽ സമഗ്രമായ അറിവും ജ്ഞാനവും ലഭിക്കുന്നു. അതുകൊണ്ടാണ് വിഖ്യാത ഭൗതികശാസ്ത്രജ്ഞനായ ഫ്രിജോഫ് കാപ്ര ഇപ്രകാരം പറഞ്ഞത്: "ശാസ്ത്രത്തിന് മതത്തെ ആവശ്യമില്ലായിരിക്കാം, മതത്തിനു ശാസ്ത്രത്തെയും. എന്നാൽ, മനുഷ്യന് ഇവ രണ്ടും ആവശ്യമാണ്."

ശാസ്ത്ര-മതമണ്ഡലത്തിൽ വിവാദമുണ്ടാകുന്നത് ശാസ്ത്രദർശനങ്ങളെയും മതദർശനങ്ങളെയും കൂട്ടിക്കുഴയ്ക്കുമ്പോഴാണ്. 2019-ൽ പഞ്ചാബിലെ ലവ്‌ലി യൂണിവേഴ്സിറ്റിയിൽ നടന്ന 106ാമത് ദേശീയ സയൻസ് കോൺഗ്രസിൽ ഉന്നയിക്കപ്പെട്ട പൗരാണിക ശാസ്ത്രവാദങ്ങൾ ആശ്ചര്യകരമാണ്. വിത്തുകോശ ഗവേഷണത്തിന് മഹാഭാരതത്തിൽ തെളിവുകളുണ്ടെന്നും ഒരു മാതാവിൽനിന്ന് നൂറ് കൗരവർ ഉണ്ടായത് സ്റ്റെം സെൽ റിസേർച്ചും (Stem Cell Research) ടെസ്റ്റ്യൂബ് സാങ്കേതികവിദ്യയും ഉപയോഗിച്ചാണ് എന്നും ആന്ധ്ര യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറായിരുന്ന പ്രഫ.ജി. നാഗേശ്വരറാവു പറയുകയുണ്ടായി. പുഷ്പകവിമാനത്തിനു പുറമേ വിമാനത്താവളങ്ങളും ഉണ്ടായിരുന്നതായി അദ്ദേഹം പറഞ്ഞു.



ഡോ.സോമനാഥ്

**ശാസ്ത്ര പരീക്ഷണ-നിരീക്ഷണങ്ങളിൽ സയന്റിഫിക് ടെമ്പറിനു ഊന്നൽനല്കുന്ന ഡോ.സോമനാഥിനെപ്പോലുള്ള വിശ്വാസികളായ ശാസ്ത്രജ്ഞരിൽ അവർ ജീവിക്കുന്ന സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും മതാത്മകതയുടെയും വേരുകളുണ്ട്.**

പൗരാണികഭാരതത്തിൽ പ്ലാസ്റ്റിക് സർജറി ഉണ്ടായിരുന്നതായി രാജ്യത്തിന്റെ പ്രധാനമന്ത്രിയും പ്രഖ്യാപിക്കുകയുണ്ടായി. നളന്ദ, തക്ഷശില, വിക്രമശില തുടങ്ങിയ പുരാതന യൂണിവേഴ്സിറ്റികളും സർ സി.വി. രാമൻ, ജെ.സി. ബോസ്, വിക്രം സാരാഭായി, ഇ. കെ.ജാനകിയമ്മാൾ. എസ്.രാമാനുജൻ, എസ്.ചന്ദ്രശേഖർ, എ,പി,ജെ, അബ്ദുൽ കലാം തുടങ്ങിയ ശാസ്ത്രപ്രതിഭകളുമടങ്ങിയ കുലീനമായ ഒരു ശാസ്ത്രപാരമ്പര്യം ഉണ്ടായിട്ടും ഭാരതമനസ്സിന് ശാസ്ത്രബോധം അന്യമാകുന്നില്ലേയെന്ന് ഗൗരവപൂർവം ചിന്തിക്കേണ്ടിയിരിക്കുന്നു. മിത്ത് വിവാദം ഈയൊരു ശൃംഖലയിലെ ഏറ്റവും അടുത്ത കണ്ണിയാണ്.

പൗരാണിക മിത്തുകൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ട സിദ്ധാന്തങ്ങളല്ല. സത്യത്തിന്റെ സൂചന നല്കുമെങ്കിലും അവയുടെ സാധുത ശാസ്ത്രീയമായി തെളിയിക്കാൻ കഴിയാത്തതിനാൽ മിത്തുകളെ ശാസ്ത്രമണ്ഡലത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല. എന്നാൽ, വിശ്വാസമണ്ഡലത്തിലും വൈകാരികതലത്തിലും അവയ്ക്ക് അതീന്ദ്രിയമായ അർഥങ്ങളുണ്ടുതാനും. അതുകൊണ്ട് ശാസ്ത്രസംബന്ധമായ കാര്യങ്ങളിൽ തീർപ്പുകല്പിക്കാൻ മതത്തിനോ മതസംബന്ധമായ കാര്യങ്ങളിൽ വിധിനടത്താൻ ശാസ്ത്രത്തിനോ അവകാശമില്ല. ശാസ്ത്രമണ്ഡലത്തിൽ വരുന്നവ ശാസ്ത്രജ്ഞർ കൈകാര്യംചെയ്യണം. മതത്തിന്റെ മണ്ഡലത്തിൽ വരുന്നവ മതപണ്ഡിതരും. തനിമയും രീതിശാസ്ത്രവും മറന്ന് ശാസ്ത്രസിദ്ധാന്തങ്ങളും മതദർശനങ്ങളും സംവദിക്കുമ്പോഴാണ് കലഹം ഉണ്ടാകുന്നത്.

ചാന്ദ്രയാൻ-3 ദൗത്യത്തിന് മുൻപും പിൻപും ക്ഷേത്രദർശനം നടത്തി പ്രാർഥിച്ച ഐ.എസ്.ആർ.ഒ. ഡയറക്ടറുടെ ശാസ്ത്രബോധത്തെ ആരും സംശയിക്കേണ്ടതില്ല. ശാസ്ത്ര പരീക്ഷണ-നിരീക്ഷണങ്ങളിൽ സയന്റിഫിക് ടെമ്പറിനു ഊന്നൽനല്കുന്ന ഡോ.സോമനാഥിനെപ്പോലുള്ള വിശ്വാസികളായ ശാസ്ത്രജ്ഞരിൽ അവർ ജീവിക്കുന്ന സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും മതാത്മകതയുടെയും വേരുകളുണ്ട്. വിവാദത്തോടുള്ള അദ്ദേഹത്തിന്റെ പ്രതികരണം ശ്രദ്ധേയമാണ്. "വിശ്വാസം എന്റെ വ്യക്തിപരമായ ഇടമാണ്. ശാസ്ത്രം തൊഴിൽപരമായ ഇടവും." രണ്ടും രണ്ടാണെന്ന്. മിത്ത് വിവാദക്കാരുടെ വൈകാരികക്ഷോഭത്തിനോ യുക്തിവാദികളുടെ കേവല ചിന്താഗതിക്കോ അടിമപ്പെടാതെ ശാസ്ത്രവും വിശ്വാസവും സമന്വയിപ്പിക്കാൻ കഴിയുമ്പോഴാണ് ജീവിതം കൂടുതൽ ധന്യമാവുന്നത്. ശാസ്ത്രവും മതവും ശത്രുക്കളല്ല, മറിച്ച്, പരസ്പര പൂരകങ്ങളാണെന്ന ബോധ്യം ശാസ്ത്ര-മത സംവാദത്തിന്റെ നൂതനസാധ്യതകളിലേക്കാണ് വെളിച്ചം വീശുന്നത്.




◂ കവിത

കെ.കെ.ശിവദാസ്

# അമ്മ മരിച്ചതിൽപ്പിന്നെ

അമ്മ മരിച്ചതിൽ പിന്നെ
പുറപ്പെട്ടു പോയി പൂച്ചകൾ
കാണാതായി മുറിവാലനണ്ണാനെ
ആറരയ്ക്കെത്തുന്ന കുസൃതിക്കാക്കയും വരാതായി.
അമ്മ മരിച്ചതിൽപ്പിന്നെ
നാട്ടുകൂട്ടത്തിനെത്താതായി പങ്കജം
പടിക്കൽ നിറുത്താതായി
മീൻകാരൻ കൃഷ്ണൻ
അകലേക്ക് നോക്കി നടന്നു
പണിക്കാരൻ സുഗുണൻ
അമ്മ മരിച്ചതിൽപ്പിന്നെ
ഇങ്ങോട്ടു കേറാതായി
ലാടനും തുണിത്തമിഴനും പിച്ചക്കാരും

അമ്മ മരിച്ചതിൽപ്പിന്നെ
കാത്തിരിപ്പും പ്രതീക്ഷയുംവെടിഞ്ഞ്
വിരസമായ പകലുകൾക്കുശേഷമുള്ള
നിദ്രയിലേക്ക് വീട്
എന്നേക്കുമായി കണ്ണുകളടച്ചു.







കഥ

സുരേന്ദ്രൻ മങ്ങാട്ട്

# സ്ന്കള്

വര: വിനയ്‌ലാൽ



**ഹോ**ട്ടലിലെ ഒന്നാം നിലയിൽനിന്ന് പുറംകാഴ്ചകൾ കാണാവുന്നരീതിയിൽ സജ്ജീകരിച്ചിരിക്കുന്ന ടേബിളിനടുത്തുള്ള കസേരകളിൽ ഒന്നിൽ തന്നെയങ്ങോട്ട് ക്ഷണിച്ച ആളെയും കാത്തിരിക്കുകയായിരുന്നു അയാൾ. താഴെ ഹോട്ടലിന്റെ വിശാലമായ കാർ പാർക്കിംഗ് ഏരിയായും ഭംഗിയായി പരിപാലിക്കുന്ന പൂന്തോട്ടവും പ്രവേശനകവാടംവരെ നീളുന്ന കൃത്യമായ അകലത്തിൽ വളർന്നുനില്ക്കുന്ന അലങ്കാരപ്പനകളും അവിടെനിന്നു ദൃശ്യമാണ്. സന്ധ്യാസമയം ആയിരിക്കുന്നു. തന്റെ മൊബൈൽ ഫോണിലേക്ക് വന്ന അപരിചിതന്റെ വിളി ഒരു ലാൻഡ് ഫോണിൽനിന്ന് ആയതുകൊണ്ട് പിന്നീട് ബന്ധപ്പെടാൻ തോന്നിയില്ല. കാത്തിരിപ്പ് അധികം നീണ്ടില്ല. തന്നെ വീക്ഷിച്ചുകൊണ്ട് ഒരു യുവാവ് കൈയിൽ കറുത്ത സ്യൂട്ട്കേസുമായി നടന്നുവരുന്നതുകണ്ട് അയാൾ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റു.

"ബാല..."

ഗുഹാന്തർഭാഗത്തുനിന്നുത്ഭവിക്കുന്ന താളാത്മകമായ ശബ്ദം.

"അതേ"

അയാൾ പതിയെ മറുപടി നല്കി. യുവാവിന്റെ വേഷവിധാനങ്ങൾ ആകർഷകമായിരുന്നു. കറുത്ത പാന്റ്സും ഇൻഷർട്ട് ചെയ്ത ഫുൾ സ്ലീവ് ഇളംനീല ഷർട്ടും മുഖത്തുറപ്പിച്ച കണ്ണടയും യുവാവ് മാന്യതയുടെ ഉയർന്ന പരിവേഷം നല്കുന്നുണ്ടായിരുന്നു. യുവാവ് തൊട്ടടുത്ത കസേരയിൽ ഇരിക്കവേതന്നെ അയാളോട് ഇരിക്കാൻ കൈകൊണ്ട് ആംഗ്യം നല്കി. തങ്ങളുടെ ടേബിളിന് അടുത്തു വന്ന സപ്ലയറോട് രണ്ടു ചായ ഓർഡർ ചെയ്യുമ്പോൾ അയാൾക്ക് എന്തുവേണമെന്ന് യുവാവ് തിരക്കുകയുണ്ടായില്ല. കുറച്ചുനേരം പരസ്പരം നോക്കിയിരുന്നതല്ലാതെ സംഭാഷണത്തിനു തുടക്കമുണ്ടായില്ല. തൊട്ടടുത്തുള്ള ടേബിളിൽ ആരും ഉണ്ടായിരുന്നില്ല എന്നതുറപ്പിക്കുന്നതുപ്പോലെ യുവാവ് ചുറ്റുപാടും വീക്ഷിക്കുന്നുണ്ടായിരുന്നു. നോക്കിയിരിക്കെ, ഒറ്റവാക്കിൽ യുവാവാണ് മൗനം മുറിച്ചത്.

" ഒരാവശ്യമുണ്ടായിരുന്നു "

എന്താണെന്ന ഭാവത്തിൽ അയാൾ യുവാവിനെ നോക്കി.

"ഒരാളെ തീർക്കണം"

യാതൊരു ഭാവഭേദവുമില്ലാതെ യുവാവിൽനിന്നു തെറിച്ചുവീണ വാക്കുകളിൽ, പൊടുന്നനെ അയാൾ ഒന്നു പകച്ചു. ഉള്ളിൽ ഇടിമിന്നലിന്റെ വെള്ളിവെളിച്ചം നാഗരൂപങ്ങളാകുന്നു.എല്ലാം അവസാനിപ്പിച്ചിട്ട് ആറേഴു വർഷമായി.

"ഞാൻ ആ പണിയൊക്കെ വിട്ടു."

അയാളുടെ ശബ്ദം തികച്ചും നിർവികാരമായിരുന്നു. ചെറുപ്പക്കാരൻ മുഖത്തുനിന്നു കണ്ണടയെടുത്ത് അയാളെ നോക്കി.

"എനിക്കറിയാം, അഞ്ചുവർഷത്തെ ജയിൽജീവിതം കഴിഞ്ഞ് നിങ്ങൾ പുറത്തിറങ്ങി, വിവാഹിതനായി, പിന്നെ ഒറ്റ തിരിഞ്ഞ് നല്ല നടപ്പിൽ ജീവിച്ചുവരുന്നു "

യുവാവ് പുഞ്ചിരിക്കുന്നുണ്ടോയെന്ന് അയാൾ സംശയിച്ചു. കണ്ണടച്ചില്ലുകൾ തൂവാലകൊണ്ട് തുടച്ച് വീണ്ടും മുഖത്തുറപ്പിക്കുമ്പോൾ യുവാവ് തുടർന്നു.

"ഇതു ചെയ്യാൻ അനുയോജ്യനായ ആളെ അന്വേഷിക്കുകയായിരുന്നു. പറ്റിയ വ്യക്തി നിങ്ങൾ തന്നെയാണ്. നല്ല പ്രതിഫലം ചോദിക്കാം".

സംഭാഷണത്തിനിടയ്ക്ക് ആവി പറക്കുന്ന ചായക്കപ്പുകൾ മേശമേൽ വച്ച് സപ്ലയർ അകന്നു പോയി.

അയാൾ അസ്വസ്ഥനായി. വർഷങ്ങൾക്കുമുമ്പുള്ള മഴയൊരുക്കമുള്ള സന്ധ്യാനേരം. വേട്ടക്കാർ അയാളടക്കം നാലുപേരായിരുന്നു. കാവിൽമുക്കിലെ കാടുപിടിച്ച പറമ്പിനെ നടവഴിയിൽനിന്ന് വേർതിരിക്കുന്ന പഴക്കമുള്ള അരമതിലിൽ ഇരുന്നിരുന്ന രണ്ടു മനുഷ്യരൂപങ്ങളെ ഇപ്പോഴും അയാൾ ഓർക്കുന്നുണ്ട്. ഇരുളിന്റെ നേർത്ത പാളികളിൽ കുറ്റിക്കാടുകൾക്കപ്പുറത്തുനിന്ന് ഇരച്ചെത്തിയവരെ മതിൽക്കെട്ടുകളിലെ വെട്ടുകല്ലുകളിലിരുന്നു നേരംപോക്കുന്ന രണ്ടുപേരും ശ്രദ്ധിച്ചില്ല. പുറംതിരിഞ്ഞിരുന്ന ചെറുപ്പക്കാരൻ തലതിരിച്ച് ഭയംനിറച്ച കണ്ണുകളോടെ നോക്കിയതും ആദ്യത്തെ വെട്ട്, തന്റെ കൈവശമുള്ള വടിവാൾകൊണ്ട് നിറന്തലയിൽ ലക്ഷ്യംകണ്ടതും അയാൾക്ക് മുന്നിൽ മായാത്ത മിന്നൽകാഴ്ചയാണ്. മതിലിന് ഉൾഭാഗത്ത് പറമ്പിലെ കൂട്ടിയിട്ട മണൽക്കൂനയിലേക്ക് പിടച്ചിലോടെ വീഴുന്ന ഇരയുടെ ഉമ്മായെന്ന നീട്ടിയുള്ള ദൈന്യതയാർന്ന നിലവിളി കാതിൽ തങ്ങി നില്ക്കുന്നുണ്ട്. വീണ്ടും ആർത്തുകരയാൻ അവസരമില്ലാതെ, തന്നോടൊപ്പം ഉണ്ടായിരുന്ന കാലന്റെ വാളുകൊണ്ടുള്ള വെട്ട് കണ്ഠനാളത്തെ മുറിച്ചിരുന്നു. ചീറ്റിയൊഴുകുന്ന രക്തം ഇരയുടെ നീണ്ട താടിരോമങ്ങളെയും കഴുത്തിനെ പൊതിഞ്ഞ കൈകളെയും നനച്ചു.

തന്നോടൊപ്പമുണ്ടായിരുന്നവൻ നിലത്തുവീണു പിടയുന്നത് നോക്കിയലറികൊണ്ട് മധ്യവയസ്കൻ ഇടവഴിയിലേക്ക് കമിഴ്ന്നടിച്ചു വീണു. പിന്നെ ദേഹം കുടഞ്ഞ് ഉരുണ്ടെഴുന്നേറ്റു കുറ്റിക്കാടുകൾ കടന്ന് ദൂരേക്ക് ഓടിമാറി.

സമീപമൊന്നും ആളനക്കങ്ങൾ ഇല്ലെങ്കിലും ധ്യതിപിടിച്ചാണ് നാൽവർസംഘം മടങ്ങിയത്. പ്രത്യാക്രമണങ്ങൾ മറുഭാഗത്ത് നിന്നുണ്ടായാൽ തടയാനുള്ള രണ്ട് ചെറുപ്പക്കാരായ കൂട്ടാളികൾക്ക് ആയുധമെടുക്കേണ്ടി വന്നില്ല.

"സ്കെച്ച് തെറ്റിയെന്ന് തോന്നുന്നു" മുന്നിലായി വേഗത്തിൽ നടക്കുന്ന കാലൻ നിരാശാബോധത്തിലായി. അയാൾക്കും അത് തോന്നിയിരുന്നു ഇരയുടെ വായിൽനിന്നു തെറിച്ചു വീഴേണ്ടത് ഉമ്മയെന്ന പദമല്ല. കാവിൽമുക്കിലെ ആളൊഴിഞ്ഞ പറമ്പും കുളവും തോടുകളും കുറ്റിക്കാടുകളും ഇരുൾമൂടിയ ഇടവഴികളും അരമണിക്കൂറോളം ഓടിയും ചാടിയും നടന്നും പിന്നിട്ടു. ടാർറോഡിൽ നിർത്തിയിട്ടിരുന്ന വാഹനത്തിലേക്ക് കയറുമ്പോൾ, കരിമേഘങ്ങളിൽനിന്ന് ഇടിമിന്നൽ നിലംതൊട്ടു. ഒപ്പം മേഘഗർജനം. ഇപ്പോഴും ആ പ്രകമ്പനങ്ങൾ ഇടയ്ക്കിടെ തലച്ചോറിലൂടെ മൂളിപ്പാഞ്ഞ് അയാളെ അലോസരപ്പെടുത്താറുണ്ട്.

"ഇത് നിങ്ങൾ ഒറ്റയ്ക്ക് ചെയ്യേണ്ട കൃത്യമാണ്. ആരും കൂടെ ഉണ്ടാകരുത് " യുവാവ് വിവരിക്കുകയാണ്.

തന്റെ തുടക്കക്കാലം ഒറ്റയ്ക്കായിരുന്നു. ചെറിയ കൂലിത്തല്ലുകൾ,വണ്ടിപിടിത്തം എന്നിവ തുടങ്ങി, രാഷ്ട്രീയ ക്വട്ടേഷനുകളുടെ നിർവഹണം ഏറ്റെടുക്കേണ്ടിവന്നപ്പോളാണ് കാലന്റെ വിശ്വസ്ത സഹചാരിയായത്.

കാവിൽമുക്കിലെ കൃത്യം ആളു മാറിയതിൽ ആസൂത്രകർക്ക് നിരാശയുണ്ടായിരുന്നു. തെറ്റിപ്പോയ സ്കെച്ചിന് പിന്നിൽ നിയമം കുരുക്കുമായി കാത്തുനിന്നു. അഞ്ചുവർഷത്തെ ജയിൽവാസത്തിനുശേഷം ഉയർന്ന നീതിപീഠമാണ് അന്വേഷണത്തിലെ സാങ്കേതിക പിഴവുകൾക്ക്, സംശയത്തിന്റെ മറയിട്ടത്. തങ്ങളെ ചൂണ്ടിയ മൊഴികളുടെ രേഖപ്പെടുത്തലുകളിൽ അവിശ്വാസം തിരഞ്ഞുകണ്ടെത്തിയത്. ഒടുവിൽ വെറുതെവിട്ടപ്പോൾ ആസൂത്രകനായ പ്രാദേശിക രാഷ്ട്രീയക്കാരൻ ലക്ഷ്യംതെറ്റിയ പകവീട്ടിലിനു കാരണക്കാരൻ എന്ന കുറ്റബോധത്താൽ ജയിലിലെ വെറും തറയിൽ മരണത്തോടൊപ്പം സഹശയനം നടത്തി.

"ആരാണ് ശത്രു"

അയാൾ പറഞ്ഞുതീരുംമുമ്പ് മേശപ്പുറത്ത് കൈകൾ നീട്ടിവച്ച് കണ്ണട ധരിച്ച യുവാവിന്റെ മുഖം കൂടുതൽ അടുത്തേക്ക് നീണ്ടു.

"ഒരു സ്ത്രീ, എന്റെ ഭാര്യയാണ്. മൻസാ.."

ചെറുപ്പക്കാരൻ മേശപ്പുറത്തേക്ക് സ്യൂട്ട്കേസ് എടുത്തുവച്ച് പതിയെ തുറന്നു. ഇളംനീല കവറിനുള്ളിൽ സൂക്ഷിച്ചിരുന്ന ഒരു യുവതിയുടെ ഹാഫ് സൈസ് ഫോട്ടോ അയാൾക്ക് കാണാവുന്ന രീതിയിൽ നീട്ടിപ്പിടിച്ച് യുവാവ് മന്ദഹസിച്ചു.

"ഫോട്ടോ എന്റെ മൊബൈലിലേക്ക് അയച്ചുതന്നാലും മതി"

അയാളുടെ വാക്കുകൾക്ക് നിഷേധാർഥത്തിലാണ് മറുപടി കിട്ടിയത്.

"നിങ്ങൾ വളരെ എക്സ്പീരിയൻസ്ഡ് ആണ്. ഈ രൂപം മനസ്സിലേക്ക് പതിപ്പിച്ചാൽ മതി. ഫോണിലൂടെയുള്ള ഒരു ഇടപാടുമില്ല എല്ലാ കാര്യങ്ങളും നമ്മൾ നേരിട്ട് ആയിരിക്കും പറയുക "

ചെറുപ്പക്കാരൻ തന്റെ വീടിന്റെ അടയാള വിവരവും ഇരിക്കുന്ന സ്ഥലവും കൃത്യമായി പറഞ്ഞുകൊടുത്തു.

"ഒരാഴ്ച സമയം, കൃത്യമായി പറഞ്ഞാൽ അടുത്ത തിങ്കളാഴ്ച. വൈകിട്ട് ഇതേസമയത്തുതന്നെ നിങ്ങൾ വീട്ടിലെത്തി കൃത്യം നടത്തിയിരിക്കണം "

അയാൾ നിശ്ശബ്ദനായി യുവാവിന്റെ മുഖത്തേക്ക് നോക്കിയിരുന്നു അയാൾ അതു ചെയ്യാമെന്നോ അതു ഏറ്റു എന്നോ പറഞ്ഞു ഉറപ്പിക്കുകയുണ്ടായിട്ടില്ല എന്നാൽ യുവാവ് ഉറപ്പിച്ചതുപോലെയാണ് വിവരണം നടത്തുന്നത്.

"മയീ, ക്ഷമിക്കണം അവളുടെ വിളിപ്പേരാണ്. വീടിനു

പുറത്തവൾ തീരെ പോകാറില്ല, ചിത്രകാരിയാണ്, അസാമാന്യ കഴിവുള്ളവൾ. വീട്ടിൽ സഹായത്തിന് വേലക്കാരി പെണ്ണുണ്ട് അവർ ഉച്ചതിരിഞ്ഞ് അവരുടെ വീട്ടിലേക്ക് പോകും. പിന്നെ ഞാനെത്തുന്ന എട്ടൊൻപത് മണിവരെ മയീ ഒറ്റയ്ക്കാണ്. നിങ്ങൾ സൂക്ഷ്മതയോടെ ചെയ്യേണ്ട പ്രവൃത്തിയാണ്. ഒരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ, തനിയെ തീർക്കേണ്ട ഒന്ന്. കൂടെ ആരുംഉണ്ടാകരുത് "

യുവാവിന്റെ ആ വാക്കുകൾക്കുമീതെ തെന്നിപ്പാറി അയാൾ താൻ ഒറ്റയ്ക്കായതിന്റെ പൊരുൾ തേടി. ജയിൽ മോചിതനായ ശേഷം, ഒരുനാൾ ആളൊഴിഞ്ഞപറമ്പിലെ പൊട്ടക്കിണറിൽവീണ് കാലൻ മരണപ്പെട്ടു. ഈയടുത്ത കാലത്താണ് അയാളോടൊപ്പം ജയിലിൽ കഴിഞ്ഞ, പണിയിൽ തെളിഞ്ഞുവന്നിരുന്ന രണ്ടു ചെറുപ്പക്കാർ റോഡ് അപകടത്തിൽ ബലിയായത്. മോട്ടോർസൈക്കിളിൽ മരണം വരെയും ഒന്നിച്ചു സഞ്ചരിച്ചവർ.

മരണവാർത്തകൾ എല്ലാം പത്രങ്ങളിലൂടെ അറിയുകയല്ലാതെ അവസാനമായുള്ള ദർശനം അയാൾ ആഗ്രഹിച്ചില്ല. ജഡാവസ്ഥയിലുള്ള മനുഷ്യശരീരങ്ങൾ കാണുന്നതിനോട് മനസ്സ് എന്തോ താത്പര്യപ്പെടുന്നില്ല.

"ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം എന്റെ വീട്ടിൽ എല്ലായിടങ്ങളിലും നിരീക്ഷിക്കാവുന്ന രീതിയിൽ ക്യാമറകൾ ഉണ്ട്, ബെഡ്റൂമിൽ അടക്കം. ആ ദിവസം ഹാളിലെയും നിങ്ങൾ കയറിവരുന്ന ഭാഗത്തെയും മാത്രം ക്യാമറകൾ ഓഫ് ചെയ്യാം. കൃത്യം നിർവഹിക്കേണ്ടത് എങ്ങനെയെന്നത് നിങ്ങളുടെ വിവേചനബുദ്ധിക്ക് വിട്ടുതന്നിരിക്കുന്നു. പക്ഷേ, മരണം വളരെ മൃദുവായിട്ടായിരിക്കണം."

അയാൾ,ഭാര്യയുടെ മരണം ആസൂത്രണംചെയ്യുന്ന യുവാവിന്റെ മുഖത്തേക്ക് വിദൂരതയിൽ സ്വയം നഷ്ടപ്പെട്ടതുപോലെ, നിശ്ചേഷ്ടമായി നോക്കി. മൃദുവായ പ്രവർത്തി,ജീവൻ എടുക്കുന്നതാകുമ്പോൾ,എങ്ങനെ നിർവഹിക്കാനാകും.

ചെറുപ്പക്കാരൻ വീണ്ടും സ്യൂട്ട്കേസ് തുറക്കാൻ ഭാവിച്ചു.

" ഇനി പ്രതിഫലം പറയാം "

അയാൾ ആലോചനകളിൽ കെട്ടുപിണഞ്ഞ മനസ്സിനെ കുടഞ്ഞു നിർത്താൻ പരിശ്രമിക്കവേ, യുവാവ് തുടർന്നു"

" രണ്ട് ലക്ഷം ഇപ്പോൾത്തന്നെ.

സംഭവം കഴിഞ്ഞ് അതായത് അടുത്തയാഴ്ച ഇതേ ദിവസം ഇതേസമയം ഞാനിവിടെ ഉണ്ടാകും. നിങ്ങൾ വരുന്നു, അപ്പോൾ ബാക്കി രണ്ട് ലക്ഷം "

പ്രതിലോമകരമായ മാനസികാവസ്ഥയെ നിലനിറുത്തിക്കൊണ്ട്, അയാൾ അടഞ്ഞ അധ്യായങ്ങളിലേക്ക്, കണ്ണുതുറന്നു, വായ് തുറന്നു,

"അത് കുറഞ്ഞുപോയി.ഇനി കാണുമ്പോൾ മൂന്ന്. "

തന്റെ ശബ്ദത്തിന് അപരിചിതത്വം വരുന്നതിനൊപ്പം അയാൾ കൃത്യങ്ങളിൽ വിലപേശൽ നടത്താറുള്ള കാലനെ ഓർത്തു.

"സമ്മതിച്ചു, അപ്പോൾ മൊത്തം അഞ്ച് ലക്ഷം..."

യുവാവിന്റെ കണ്ണുകൾ കണ്ണടച്ചില്ലുകൾക്ക് പിന്നിൽ കൂടുതൽ തെളിഞ്ഞു. ആ ശബ്ദം കൂടുതൽ ദൃഢമായി, "ഞാൻ വീണ്ടും ഓർമിപ്പിക്കുന്നു, വളരെ ശാന്തമായി കൈകാര്യം ചെയ്യണം, രക്തം പൊടിയാതെ"

"ആയുധം ഉപയോഗിക്കേണ്ടതില്ല.അല്ലേ.. "

അയാൾ കൈവിരലുകൾ കൂട്ടി തിരുമ്മി. ചെറുപ്പക്കാരൻ ചിരിക്കാൻ ശ്രമിച്ചു. അപ്പോൾ സ്വാഭാവികമെന്നവണ്ണം അയാൾ സംശയം പ്രകടിപ്പിച്ചു.

"നിർഭാഗ്യവശാൽ ഞാൻ പിടിക്കപ്പെട്ടാൽ.."

യുവാവ് കസേരയിൽ നിവർന്നിരുന്നു പിന്നെ താഴ്ന്ന സ്വരത്തിൽ പറഞ്ഞു,

"പിടിക്കപ്പെടരുത്, നിരീക്ഷണ ക്യാമറകൾ നിങ്ങളുടെ വരവ് ഒപ്പിയെടുക്കില്ല. പിന്നെ, ഹാളിലെ ചിത്രച്ചുമരുണ്ട്.അവിടെ ക്യാമറ കവറേജ് ഇല്ല. ഹാളിലെ മറ്റു ക്യാമറകളെല്ലാം അന്ന് കണ്ണടയ്ക്കും. ഏതെങ്കിലും രീതിയിൽ പിടിക്കപ്പെടുകയാണെങ്കിൽ നിങ്ങളിൽത്തന്നെ അന്വേഷണം അവസാനിക്കണം. നിയമസഹായങ്ങൾ എന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. "

ഭദ്രമായി പൊതിഞ്ഞ രണ്ടുകെട്ട് കറൻസിനോട്ടുകൾ സ്യൂട്ട്കേസിൽനിന്ന് എടുത്ത് അയാൾക്ക് മുന്നിൽവച്ച് യുവാവ് തുടർന്നു.

" ഇത് രണ്ട് ഉണ്ട്. ഇനി കൃത്യത്തിന്റെ സ്കെച്ച് ഒരുക്കേണ്ടത് നിങ്ങളാണ്. നാം തമ്മിൽ ഇടയ്ക്കൊരു കൂടിക്കാഴ്ച ഉണ്ടാകില്ല.അതിന് ശ്രമിക്കാനും പാടില്ല.

മയീയുടെ ഫോട്ടോ ഇനിയും കാണണമെന്നുണ്ടോ".

"വേണ്ട "

സുന്ദരമായ ആ മുഖം അയാളുടെ മനസ്സിൽ നിലാവുപോലെ നിറഞ്ഞിരുന്നു. തന്നെ നോക്കി മുഖത്തെ കണ്ണട കൈയിലെടുത്ത് തുടച്ച് വീണ്ടും മുഖത്ത് ചേർത്തുവയ്ക്കുന്ന യുവാവിൽ സംഭ്രമങ്ങൾ ഒട്ടുമില്ലെന്നത് അയാളെ നേരിയതോതിൽ അത്ഭുതപ്പെടുത്തിയിരുന്നു. യുവാവ് ഹോട്ടൽ വിട്ടുപോയിട്ടും അയാൾ അവിടെത്തന്നെ ഇരുന്നു. മുന്നിൽ ചായക്കപ്പുകളിലെ ചൂടൊഴിഞ്ഞിരുന്നു.

യുവാവിന്റെ വീടും സ്ഥലവും ഒരുതവണ പോയി കണ്ട് ഉറപ്പുവരുത്തി എന്നല്ലാതെ വലിയ തയാറെടുപ്പുകൾ ആവശ്യമില്ലെന്ന് അയാൾക്കും തോന്നി. രാത്രികളിൽ ഉറക്കം കുറഞ്ഞുവരുന്നത് മാത്രമാണ് അയാളെ വിഷമിപ്പിച്ചത്. ഒരു വർഷത്തോളമായി അകന്നു നില്ക്കുന്ന ഭാര്യയെ കാണാൻ ഒരിക്കലും ആഗ്രഹമുണ്ടായിട്ടില്ല. ആ ബന്ധം തന്നെ തെറ്റായ തീരുമാനമായിരുന്നു എന്നും ഉപേക്ഷിക്കേണ്ടതാണെന്നും ഇടയ്ക്കൊക്കെ അയാൾക്ക് വെളിപാട് ചിന്തകൾ ഉണ്ടാകാറുണ്ട്. ഈ കൃത്യം ഏറ്റെടുത്തത് എന്തിനായിരുന്നുവെന്ന് ഉറക്കം അനുഗ്രഹിക്കാത്ത രാത്രികളിൽ, അജ്ഞാതമായ വിചിത്ര അശരീരികൾ ചോദ്യങ്ങളുയർത്താറുണ്ട്. ഇത്രയും തുക സമ്പാദിക്കേണ്ട ആവശ്യങ്ങളൊന്നും അയാൾക്കില്ല. പഴയകാല ചുരുളുകളിൽ കൃത്യങ്ങളിലേക്ക് നടന്നടുക്കുമ്പോൾ ഉണ്ടാകുന്ന ഹിംസയുടെ മദം രക്തവർണങ്ങളാൽ രേഖീയമാണ്. രക്തത്തിന്റെ മണം തന്നിലേക്ക്, കാലയാപനത്തിന് അനുവദിക്കാതെ

ആവർത്തനമായി മടങ്ങിയെത്തുന്നു.

ഒരാഴ്ച കഴിഞ്ഞുള്ള പകൽ.... അന്തിമാനച്ചുവപ്പിനെ മേഘപരപ്പുകൾ വിഴുങ്ങിയതുപോലെ ആകാശമിരുൾകെട്ടി, മൃതശാന്തതയിൽ നിലകൊണ്ടു. റബ്ബർ മരങ്ങളുടെ നിരകളൊത്ത, തട്ടുകളായി തിരിച്ച ഭൂമിയിൽ നിന്നു പത്തിരുന്നൂറ് മീറ്ററോളം തോട്ടത്തിനുള്ളിലേക്ക് നീങ്ങി തലയുയർത്തി നില്ക്കുന്ന കെട്ടിടം. സിറ്റൗട്ടിലേക്ക് കയറുമ്പോൾ ചുറ്റുപാടും നോക്കിയശേഷം അയാൾ മുൻ വാതിലിനടുത്തുള്ള കോളിങ് ബെല്ലിൽ വിരൽ അമർത്തി ക്ഷമയോടെ കാത്തു നിന്നു.

അല്പം കഴിഞ്ഞ് ആ വലിയ വീടിന്റെ വാതിൽ തുറക്കപ്പെട്ടു. മുന്നിൽ നീളൻ കോട്ടൺ കുർത്തയിൽ, നിറവയറുമായി സുന്ദരിയായ യുവതി. യുവാവ് ഭാര്യ ഗർഭിണിയാണെന്ന് പറഞ്ഞിരുന്നില്ല.

"മൻസാ "

അയാൾ ആകർഷകമായ മുഖത്തുനിന്നു കണ്ണെടുക്കാതെ ആ പേര് ഉച്ചരിച്ചു.

"അതേ, ചിത്രങ്ങൾ കാണാൻ വന്നതാണോ, വരൂ... "

യാന്ത്രികമായി അയാളുടെ പാദങ്ങൾ അവളെ അനുഗമിച്ചു. അവളുടെ ഭാഷണത്തിൽ കൊഞ്ചലെന്ന പോലുള്ള മൃദുത്വവും താളവും ഉള്ളതായി അയാൾക്ക് തോന്നി.

സ്വീകരണമുറിയിലെ വലതുഭാഗത്തെ ചുമരിൽ നടരാജരൂപം പഞ്ചലോഹത്തിൽ സ്ഥാപിച്ചിരിക്കുന്നു. അതിനടുത്തായി തടാകത്തിലെ ജലപ്പരപ്പിൽനിന്ന് ഉയർന്നുനില്ക്കുന്ന അഞ്ചു തലയുള്ള നാഗത്തിന്റെ രൗദ്രത തുളുമ്പുന്ന അക്രിലിക് പെയിന്റിംഗ്. ഹാളിലേക്ക് കടന്നപ്പോൾ മനോഹരമായ ആദ്യകാഴ്ച നടുത്തളത്തിലെ വലിയ ഓട്ടുരുളിയിൽ നിറഞ്ഞ ജലത്തിൽ വിടർന്നു നില്ക്കുന്ന താമരപ്പൂക്കളാണ്. കിഴക്കും തെക്കുംവശങ്ങൾ ചേർത്ത് അതിഥികൾക്ക് ഇരിക്കാനുള്ള സോഫ സജ്ജീകരിച്ചിരിക്കുന്നു. സോഫാസെറ്റിനു പിൻവശത്തായി ഉയർന്ന പീഠത്തിൽ ജടാവല്ക്കലങ്ങളണിഞ്ഞ,അരയാൾപൊക്കമുള്ള വെങ്കലനിർമിതമായ ശിവരൂപം. ഹാളിൽ പടിഞ്ഞാറുവശം ഭിത്തി ഏതാണ്ട് പൂർണമായി ക്ഷേത്രങ്ങളിൽ കാണുന്നതരം പച്ച,മഞ്ഞ, കറുപ്പ് ചുവപ്പ്, മജന്ത നിറങ്ങളാൽ തിളങ്ങുന്ന അംഗികാ ചിത്രത്താൽ മനോഹരമാക്കിയിരിക്കുന്നു. അതിനു സമീപം വടക്കുഭാഗത്തായി മരനിർമിതമായ പെയിന്റിംഗ് ഈസലിൽ ഭിത്തിയിൽ കാണുന്ന ഏകദേശം അതേ മാതൃകയിലുള്ള ചിത്രം ക്യാൻവാസിൽ പകർത്തിയതായി കാണാം.

"അങ്ങേക്ക് ഇത് ഇഷ്ടപ്പെട്ടുവോ"

അംഗികാ ചിത്രത്തിൽ കണ്ണുനട്ടു പോയ അയാളെ ഉണർച്ചയിൽ എത്തിച്ചത് അവളുടെ ശബ്ദമാണ്. പെയിന്റിംഗ് ഈസലിനടുത്ത് ചെറിയ ആർട്ടിസ്റ്റ് ടേബിളിൽ പലതരത്തിലുള്ള ആകൃതിയിലുള്ള ബ്രഷുകൾ, ചായക്കൂട്ടുകൾ, പല വർണങ്ങളിലുള്ള ചെറു പ്ലാസ്റ്റിക് പാത്രങ്ങൾ എന്നിവ നിരത്തിയിട്ടുണ്ട്. ചിത്രമെഴുത്ത് ആസ്വദിക്കാൻ പാകത്തിൽ മരനിർമിതമായ തലഭാഗംവരെ സ്വസ്ഥമായ ചാരിയിരിക്കാവുന്ന, ശില്പഭംഗിയുള്ള അഴികളോടുകൂടിയ ചാരുപ്രതലമുള്ള കസേര. ക്യാൻവാസ് ചിത്രത്തിനു അഭിമുഖമായി ഇട്ടിരിക്കുന്ന ആ കസേര ആരെയോ പ്രതീക്ഷിക്കുന്നതുപോലെ തോന്നി അയാൾക്ക്. താനൊരു പുതുലോകത്ത് ധ്യാനപാഠങ്ങൾ അഭ്യസിക്കാൻ എത്തിയവനെപ്പോലെ, സംവേദനഭാഷ നഷ്ടപ്പെട്ടപോലെയായെന്ന് അയാൾക്കു തോന്നി. അതുകൊണ്ടുതന്നെ യുവതിയുടെ ചോദ്യത്തിനു മറുപടി നല്കേണ്ടത് എങ്ങനെയെന്നറിയാതെ അയാൾ കുഴങ്ങി. യുവാവിന്റെ വിശദീകരണത്തിൽ നിരീക്ഷണക്യാമറയുടെ കണ്ണുകൾ എത്താത്തയിടം ഈ ഭാഗമായിരിക്കണം. ഹാളിലെ ക്യാമറ ഓഫ് ചെയ്തിട്ടുണ്ടെങ്കിലും യുവാവ് അറിയാതെ മൻസാ, ക്യാമറ ഓണാക്കിയാൽ പോലും ചിത്രചുമർ ഭാഗം കൃത്യത്തിന് പറ്റിയ ഇടമാണ്.

അതാണ് യുവാവ് പറയാതെ പറഞ്ഞതും.

ഗർഭിണിയായ ഭാര്യയെ ഇല്ലാതാക്കാൻ യുവാവ് ആഗ്രഹിക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യം ആദ്യമായി അയാളിൽ രൂപംകൊണ്ടു. സുസ്മേരവദനയായി തന്നെ അകത്തേക്ക് ക്ഷണിച്ച, സ്വന്തം ലോകത്തെ പരിചിതമാക്കിതന്ന ഈ യുവതിയെ ശാന്തമായി വധിക്കുവാൻ എങ്ങനെയാണ് കഴിയുക? ഒരു കൃത്യത്തിന്റെയും തുടക്കത്തിൽ അനുഭവപ്പെടാത്ത പതർച്ച തനിക്ക് സംഭവിക്കുന്നുണ്ടെന്ന് അയാൾ തിരിച്ചറിഞ്ഞു.

"ചിത്രങ്ങൾ ഇഷ്ടപ്പെട്ടുവോ ഒന്നും പറഞ്ഞില്ല " മൻസാ ആവർത്തിച്ചു.

"നന്നായി",അയാൾ ശബ്ദം താഴ്ത്തി.

"അദ്ദേഹം വരാൻ വൈകും, കുടിക്കാൻ എന്തെങ്കിലും എടുക്കട്ടെ.."

തന്റെ ഭർത്താവിന്റെ വരവിനെ ഉദ്ദേശിച്ചുകൊണ്ട്, അവൾ അയാൾക്ക് തൊട്ടുമുന്നിൽനിന്നു.

" വേണമെന്നില്ല, ഞാൻ ഈ ചിത്രങ്ങൾ രണ്ടും കണ്ടു മനസ്സിലാക്കുന്നതിൽ വിരോധമില്ലല്ലോ "

അയാളുടെ വാക്കുകൾ കേട്ട് യുവതിയിൽ ചെറു മന്ദഹാസം വിടർന്നു.

"ചിത്രങ്ങൾ സംസ്കാരത്തിന്റെ ചിഹ്നങ്ങൾ ആണെന്ന് പറയും, എന്നാലതിനെക്കാളേറെ സ്മരണകളുടെ അടയാളങ്ങൾ ആണ്."

ഒരു നാഗദേവതയെപ്പോലെ അവൾ ചുമർചിത്രത്തിനും അയാൾക്കും മധ്യേ നിലയുറപ്പിച്ചു.

" ചുമരിൽ ഉള്ളത് അംഗികാ ചിത്രമാണ്,"

അയാളെ പാളി നോക്കിയിട്ട്,അവൾ ക്യാൻവാസ് ചിത്രത്തിന് അടുത്തേക്ക് ചുവടുവച്ച് ആർട്ടിസ്റ്റിക് ടേബിളിന് മുകളിൽനിന്ന് ബലമുള്ളതും എന്നാൽ കനം കുറഞ്ഞ,പിടിയുടെ അഗ്രഭാഗം കൂർത്ത, നീല തൂവൽത്തലയുള്ള ബ്രഷ് വലംകൈയിലെടുത്തു.

" ആ കസേരയിൽ ഇരുന്നോളൂ. "

അനുസരണയുള്ള കുട്ടിയെപോലെ അയാൾ കസേരയിൽ വന്നിരുന്നു.

അംഗികാചിത്രങ്ങൾ ഭാഗൽപൂരിലെ നാടോടിക്കഥകളുടെ ആവിഷ്കാരങ്ങളാണ്.ഗംഗാനദിയിലെ ഓളങ്ങളിൽ, വരകളിൽ തെളിയുന്ന ക്ഷേത്രരൂപ അലങ്കാരങ്ങളോടുകൂടിയ വഞ്ചിയായ മഞ്ജുഷയാണ് ചിത്രത്തിലെ കേന്ദ്രസ്ഥാനം. ബിഹുല-ബിഷ്ഹാരി സംഘർഷങ്ങളുടെ ചരിതങ്ങ

ളാണ് ചിത്രത്തിൽ ആലേഖനം ചെയ്തിരിക്കുന്നത്. മൻസാ തൂവൽ ബ്രഷ് തലതിരിച്ച് കൂർത്ത പിടിഭാഗം ചുമർചിത്രത്തിന് നേരെ ചൂണ്ടി. അയാൾ ചുമർചിത്രത്തിലേക്ക് ശ്രദ്ധയൂന്നി. മഹാദേവൻ, ദേവതമാർ, സൂര്യൻ, ചന്ദ്രൻ പക്ഷികൾ, ആന, കുതിര, ഒഴുകുന്ന നദീജലത്തിൽ മത്സ്യങ്ങൾ, ഇലകൾ, പൂക്കൾ, അലങ്കാരങ്ങൾക്കെല്ലാം നടുവിൽ ബിഹുല-ബാല വിലാപചിത്രം.

"ചുമരിലുള്ള അംഗികാ ചിത്രവും ക്യാൻവാസിൽ കാണുന്ന ചിത്രവും കാഴ്ചയിലൊരുപോലെ തോന്നുമെങ്കിലും വ്യത്യസ്തമാണ്"."

മൻസായുടെ ശബ്ദം ഇപ്പോൾ വളരെ സ്പഷ്ടമാണ്. അവൾ തുടർന്നു,

"എന്റെ കുട്ടിക്കാലം ചമ്പാ നഗറിൽ ആയിരുന്നു. നാഗചിത്രങ്ങൾ കണ്ടു വളർന്നവരാണ് ഞാനും എന്റെ സഹോദരിമാരും. മറ്റൊരു മതത്തിൽപ്പെട്ട അന്യദേശക്കാരനായതിനാൽ അപ്പയ്ക്ക് ഗ്രാമത്തിൽ വിലക്കുണ്ടായിരുന്നു. ഭാഗൽപൂരിലായിരുന്നു അപ്പയുടെ ജോലി. ഞങ്ങൾ വലുതായപ്പോൾ അപ്പ ഞങ്ങളെ നാട്ടിലേക്ക് കൊണ്ടുവന്നു.പക്ഷേ, അപ്പാ..." അവൾ അർദ്ധോക്തിയിൽ നിർത്തി.

താനിവിടെ വന്നത് എന്തിനാണെന്നുള്ളത് പൂർണമായി വിസ്മരിച്ചുകൊണ്ട് അയാൾ ജിജ്ഞാസയോടെ വെളുത്ത മുഖത്തേക്ക് നോക്കി.

അയാൾക്കടുത്തേക്ക് പതിയെ നടന്ന്, അവൾ വലതു കൈയിലുള്ള ബ്രഷിന്റെ കൂർത്ത ഭാഗം ക്യാൻവാസിലേക്ക് ചൂണ്ടി,

" ഈ ചിത്രത്തിലേക്ക് സൂക്ഷിച്ചു നോക്കൂ"

അയാൾ ഇരിക്കുന്നതിനടുത്ത് അല്പം പിന്നിലായി നില്ക്കുമ്പോൾ വീർത്തുനില്ക്കുന്ന തന്റെ ഉദരഭാഗം അയാൾക്ക് തടസ്സമാകാതിരിക്കാൻ അവൾ ശ്രദ്ധിച്ചു. ക്യാൻവാസിലെ വരകളിൽ ത്രികോണങ്ങളും ചതുരങ്ങളും ബിംബങ്ങളും കാഴ്ചയുടെ വർണലയങ്ങളായി, സർഗചൈതന്യത്തിന്റെ വെളിപ്പെടലായി അയാൾക്ക് തോന്നി. നോക്കിയിരിക്കെ ചിത്രത്തിന്റെ മധ്യത്തിൽ ശിരസ്സിൽനിന്നും കഴുത്തിൽനിന്നും രക്തം വാർന്നു കണ്ണുകൾ അടച്ച് ധ്യാനരൂപത്തിൽ ഒരാൾരൂപം. മുഖത്തും നീണ്ട താടിയിലും ചക്രവാളചുവപ്പ്. മധ്യത്തിലുള്ള അലങ്കാരങ്ങൾക്ക് ഇരുവശവും ചതുരക്കളങ്ങളിൽ മനുഷ്യരൂപങ്ങളുടെ നിഗൂഢമായ നിശ്ചലാവസ്ഥകൾ.

ഒരു ചതുരത്തിൽ വെള്ളത്തിൽ മുങ്ങി ജീവനറ്റ മനുഷ്യശരീരം, മറ്റൊന്നിൽ തിരിയുന്ന ചക്രത്തിനുള്ളിൽ മുഖം ചിതറിയ രണ്ട് മനുഷ്യർ. ചതുരക്കളങ്ങൾക്ക് നേർമുകളിൽ ദീർഘചതുരത്തിനുള്ളിൽ ഒരു മനുഷ്യന്റെ ഭീതിദമായ കണ്ണുകൾ തുറന്ന ചിത്രം. കഴുത്തിൽ ചുവന്ന ദ്വാരത്തിലൂടെ ഒഴുകുന്ന കടും രക്തവരകൾ. ക്യാൻവാസിലെ വഞ്ചിച്ചിത്രത്തിന്റെ വശങ്ങളിൽ അംഗിക ചിത്രത്തിലുള്ളതു പോലെയുള്ള അരികലങ്കാരങ്ങൾ ഉണ്ടെങ്കിലും ചെടികൾക്കും മൃഗങ്ങൾക്കും പകരം കുറ്റിക്കാടുകളും കുളവും തോടുകളും നാട്ടുവഴികളും വരകളിൽ തെളിയുന്നു, വിദൂര സ്മരണകളുടെ സമതലങ്ങളിൽ കാവിൽമുക്കിലെ ഭൂപ്രകൃതി അയാളിൽ ഉയർന്നു വന്നു.

" ചിത്രമധ്യത്തിൽ കാണുന്നത് എന്റെ അപ്പയാണ്. യുവാവായിരിക്കുമ്പോൾ കൊല്ലപ്പെട്ട ഞങ്ങളുടെ ഉപ്പ. അതിനെ സമീപമുള്ള ചിത്രങ്ങൾ നോക്കൂ, ബാല.. "

മൻസായുടെ ശബ്ദത്തിന് നാഗസീൽക്കാരത്തിന്റെ പരുപരുപ്പ്. യുവതി തന്റെ പേരെടുത്ത് വിളിച്ചതിനകമ്പടിയായി എന്തോ ഇരമ്പലോടെ അകം തുളയ്ക്കുന്നതും ഉള്ളിലെ ആകാശം നിറയെ കരിമേഘങ്ങൾ കൂണുകൾ പോലെ മുളച്ചുപൊന്തുന്നതും അയാൾക്കനുഭവപ്പെട്ടു. ജീവചലനമുള്ള ചിത്രത്തിൽനിന്നു ഉമ്മായെന്ന നീണ്ട നിലവിളി കാതുകളിൽ അഗാധതയിൽ നിന്നുയർന്ന നിശ്വാസം പോലെ വന്നലച്ചപ്പോൾ അയാൾ ഇരിപ്പിടത്തിലെ കൈപ്പിടികളിൽ അമർത്തിപ്പിടിച്ചു. തൊട്ടടുത്ത ചതുരക്കളത്തിലെ വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന മനുഷ്യരൂപത്തെ അയാൾ സൂക്ഷിച്ച് നോക്കി. കാലന്റെ ചത്തുമലച്ച മീൻകണ്ണുകൾ. ഹൃദയമിടിപ്പിന്റെ ദ്രുതതാളത്തിൽ മറുവശത്തെ ചതുരക്കളിയിൽ പുരുഷതലകളിലൂടെ മൂളലോടെ പാഞ്ഞുകയറുന്ന ചക്രങ്ങൾക്ക് ചലനാവസ്ഥ കൈവരുന്നതും പരിചിതരായ ചെറുപ്പക്കാരുടെ നിലവിളികളും തീഷ്ണതയോടെ അയാളുടെ തലയിൽ പെരുത്തു.

" ഇത് മരണങ്ങളുടെ നാഗചിത്രമാണ് ബാല,അപ്പയുടെ ചിത്രത്തിന്റെ മുകളിലെ കളത്തിൽ വരച്ചത് നോക്കൂ,"

രചനയുടെ ഭ്രമകല്പിതമായ ലഹരിയിലെന്നവണ്ണം യുവതിയുടെ വാക്കുകൾ ചടുലമായി. അയാൾ കണ്ണുകൾ ഉയർത്തി. മഞ്ഞനിറം പശ്ചാത്തലമായ ദീർഘചതുരക്കളത്തിൽ, ചുവന്ന അടയാളത്തിൽ അയാളുടെ നോട്ടം സംക്രമിക്കവേ ചാരിയിരിക്കുന്ന കസേരയുടെ അഴികളുടെ ഇടയിലൂടെ പിൻകഴുത്തിലേക്ക് സൂചിമുന പോലെയെന്തോ തന്നിലേക്ക് തുളഞ്ഞു കയറുന്നതുപോലെ അയാൾക്കനുഭവപ്പെട്ടു. ശരീരം വിയർത്തു വരുന്നതിനിടെ ഞരമ്പുകൾ ത്രസിക്കുന്നതായും കഴുത്തിൽനിന്ന് തലയിലേക്കും കൈകാലുകളിലേക്കും വേദന പടർന്നുകയറുന്നതും നിശ്ശബ്ദമായി അയാൾ അറിഞ്ഞു. ചിത്രത്തിലെ തന്റെ സ്വത്വസാമ്യത പൂണ്ട മനുഷ്യരൂപത്തിന്റെ കണ്ഠനാളത്തിൽനിന്ന് ചുവന്ന അടയാളം രക്തമായി ചാലിട്ടൊഴുകുന്നു.

"ബാല,ആ ചിത്രം നീ തന്നെയാണ്. ഒരു സർപ്പദംശനമേറ്റതായി കരുതുക. അത്ര തന്നെ."

ഉന്മാദം കൊണ്ട പെൺസ്വരത്തിന്റെ, അകംപൊരുളിൽ വിളറി, ശൂന്യതയുടെ ആഴങ്ങളിൽ നിസ്സഹായനായി അയാൾ പിടഞ്ഞു.

യുവതിയുടെ മെലിഞ്ഞു വെളുത്ത ഇടംകൈത്തലം അയാളുടെ ശിരസ്സ് കസേരയോട് ചേർക്കും വിധം, നെറ്റിയിൽ അമർന്നു. മുന്നിലെ ദൃശ്യങ്ങൾ അവ്യക്തമാകുമ്പോൾ അനേകായിരം മേഘക്കൂട്ടങ്ങൾക്കിടയിൽനിന്ന് ഇടിമിന്നലിന്റെ നാഗരൂപങ്ങൾ തന്നിലേക്ക് പുളഞ്ഞിറങ്ങുന്ന ജ്ഞാനബോധത്തിൽ, പിടഞ്ഞെഴുന്നേല്ക്കാൻ കഴിയാത്തവിധം തൂവൽ ബ്രഷിന്റെ കൂർത്തമുന കഴുത്ത് തുളച്ച് മുന്നോട്ടു നീണ്ടുവന്നു.

എം.വി.ബെന്നി




# അധികാരവും മാധ്യമങ്ങളും


**വലിയ മാധ്യമങ്ങൾ മുതൽ സോഷ്യൽമീഡിയ വരെ, നമ്മളെല്ലാവരും പ്രതിച്ഛായനിർമാണ ഫാക്റ്ററിയിൽ രാപകലില്ലാതെ കഠിനമായി പണിയെടുക്കുകയാണ്. ഇഷ്ടപക്ഷത്തിന്റെ പ്രതിച്ഛായ ഊതിപ്പെരുപ്പിക്കാൻ പാടുപെട്ടും ഇഷ്ടമില്ലാപക്ഷത്തിന്റെ പ്രതിച്ഛായ മലിനമാക്കാൻ പരിശ്രമിച്ചും നമ്മൾ ജീവിക്കുന്നു.**

ഉള്ളടക്കം മുഖചിത്രംകൊണ്ട് വ്യാഖ്യാനിക്കുന്ന കലയിൽ പൊതുവിൽ നമ്മുടെ കലാകാരന്മാർ വേണ്ടത്ര നിഷ്ഠ പുലർത്താറില്ല. രണ്ടും വിപരീതദിശകളിൽ സഞ്ചരിച്ചതിന് സാക്ഷ്യം പറയുന്നുണ്ട് നമ്മുടെ മിക്കവാറും പുസ്തകങ്ങൾ. അപൂർവം ചിലർ ഉള്ളടക്കത്തിന് അനുയോജ്യമായ കവർ ഡിസൈൻ ചെയ്ത് കാര്യങ്ങൾ ധ്വനിസാന്ദ്രമാക്കാറുണ്ട്. എങ്കിലും അത്തരം അനുഭവങ്ങൾ വളരെ കുറവാണ്. ഒരു ചെറിയ ഉദാഹരണം കുറിക്കാം.

'ഓറിയന്റലിസം' എന്ന പുസ്തകംകൊണ്ട് ധൈഷണികലോകത്തെ പിടിച്ചുകുലുക്കിയ വിഖ്യാത എഴുത്തുകാരനാണ് എഡ്വേർഡ് സെയ്ദ്. ലോകമെമ്പാടും അദ്ദേഹത്തിന് ആരാധകരും വിമർശകരും ഉണ്ടായിരുന്നു. കുരിശുയുദ്ധത്തിൽ പരാജയപ്പെട്ട യൂറോപ്യന്മാർ ബൗദ്ധിക യുദ്ധംവഴി എങ്ങനെയെല്ലാമാണ് ലോകാധിപത്യം തിരിച്ചുപിടിച്ചതെന്ന് വിശദീകരിക്കുകയാണ് 'ഓറിയന്റലിസം'. ഈ ദിശയിലുള്ള തന്റെ അന്വേഷണങ്ങൾക്ക് പ്രേരണയായത് മലയാളിയായ സർദാർ കെ.എം.പണിക്കർ രചിച്ച 'ഏഷ്യ ആൻഡ് ദ വെസ്റ്റേൺ ഡോമിനൻസ്' എന്ന പുസ്തകമാണെന്നും സെയ്ദ് പറഞ്ഞിട്ടുണ്ട്. സായുധയുദ്ധത്തിൽ തോറ്റ യൂറോപ്യൻജനത പുതിയ യുദ്ധമുന്നണി തുറന്നത് ബൗദ്ധിക മേഖലയിൽ ആയിരുന്നു. സംസ്കാരത്തിന്റെ ഏതെല്ലാം മേഖലകളിൽ ഇടപെടാൻ കഴിയുമോ, ആ മേഖലകളിലെല്ലാം അവർ ആസൂത്രിതമായി ഇടപെട്ടു. അതിൽ അവർ വിജയിച്ചപ്പോൾ ലോകാധിപത്യം അവരുടെ കൈയിൽ തിരിച്ചെത്തി. അതിനുമുമ്പുള്ള മാധ്യമങ്ങളല്ല അതിനു ശേഷമുള്ള മാധ്യമങ്ങൾ. മറ്റെല്ലാ അധികാരകേന്ദ്രങ്ങളെക്കാളും മുമ്പിലോ ഒപ്പമോ ആണ് ഇന്ന് മാധ്യമങ്ങൾ.



എഡ്വേർഡ് സെയ്ദ്




സെയ്ദിലേക്ക് തിരിച്ചുവരാം. അദ്ദേഹത്തിന്റെ മറ്റൊരു പുസ്തകമായ 'കവറിങ് ഇസ്ലാമി'ന്റെ കവർചിത്രം ശ്രദ്ധിച്ചിട്ടുണ്ടോ. ഒരു ഇസ്ലാമിക തീവ്രവാദി കെട്ടിടത്തിനു മുകളിലിരുന്ന് തോക്കുചൂണ്ടുമ്പോൾ അയാളുടെ തൊട്ടടുത്തിരുന്ന് ഒരു പാശ്ചാത്യ മാധ്യമപ്രവർത്തകൻ അയാളുടെ ഫോട്ടോ എടുക്കുന്നു. രണ്ടുപേരുടെ കൈയിലും ആയുധമുണ്ട്. ഒരാളുടെ കൈയിൽ തോക്കാണെങ്കിൽ മറ്റെയാളുടെ കൈയിൽ അതിനെക്കാൾ മൂർച്ചയുള്ള ആയുധമാണ്. മാധ്യമപ്രവർത്തകന്റെ കൈയിലിരിക്കുന്ന ക്യാമറ തോക്കിനെക്കാൾ ശക്തമായ ആയുധമാണെന്ന് പുസ്തകത്തിന്റെ കവർചിത്രം സൂചിപ്പിക്കുന്നു.

രാജാധിപത്യം ജനാധിപത്യത്തിലേക്ക് പരിവർത്തനപ്പെട്ടപ്പോൾ അധികാരിക്ക് നല്ല പ്രതിച്ഛായ ആവശ്യമായി വന്നു. രാജാധിപത്യത്തിന്റെ കാലത്തും രാജാക്കന്മാരെ സ്തുതിക്കാൻ അവർ സ്തുതിപാഠകരെ നിയമിച്ചിരുന്നു.

ജനാധിപത്യം വന്നപ്പോൾ ഭരണാധികാരി ആകണമെങ്കിലും കിട്ടിയ അധികാരം നിലനിറുത്തണമെങ്കിലും അധികാരിക്ക് ജനങ്ങളുടെ വോട്ടുവേണം. നേരിട്ടു പരിചയമുള്ളതുകൊണ്ടല്ല പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ആരാകണമെന്ന് നമ്മൾ തീരുമാനിക്കുന്നത്. അവർക്കല്ല, അവരുടെ പ്രതിച്ഛായയ്ക്കാണ് നമ്മുടെ വോട്ട്. അതുകൊണ്ടാണ് ഇതു പ്രതിച്ഛായനിർമാണ കലയുടെ കാലമാണെന്ന് പറയുന്നത്. അധികാരിയാകാൻ ആഗ്രഹിക്കുന്നയാൾ യഥാർഥത്തിൽ എങ്ങനെയുള്ള ആളായാലും കുഴപ്പമില്ല, അയാളുടെ പ്രതിച്ഛായയ്ക്കാണ് നമ്മൾ വോട്ടുചെയ്യുന്നത്. കെ.ജി.ശങ്കരപ്പിള്ളയുടെ 'പല പോസിലുള്ള ഫോട്ടോകൾ' എന്ന കവിതകൂടി ചേർത്തുവച്ച് വായിച്ചാൽ ചിത്രം കൂടുതൽ തെളിയും.

വലിയ മാധ്യമങ്ങൾ മുതൽ സോഷ്യൽമീഡിയ വരെ, നമ്മളെല്ലാവരും പ്രതിച്ഛായനിർമാണ ഫാക്റ്ററിയിൽ രാപകലില്ലാതെ കഠിനമായി പണിയെടുക്കുകയാണ്. ഇഷ്ടപക്ഷത്തിന്റെ പ്രതിച്ഛായ ഊതിപ്പെരുപ്പിക്കാൻ പാടുപെട്ടും ഇഷ്ടമില്ലാപക്ഷത്തിന്റെ പ്രതിച്ഛായ മലിനമാക്കാൻ പരിശ്രമിച്ചും നമ്മൾ ജീവിക്കുന്നു. എങ്കിലും എല്ലാ മാധ്യമങ്ങളും ഒരേസമയം സമൂഹത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് ആർക്കും ഒന്നും ഒളിച്ചുവയ്ക്കാൻ കഴിയില്ല. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത് എന്ന വേദപ്രമാണം സ്വന്തംകാര്യത്തിലും നടപ്പിലാക്കിക്കിട്ടണമെന്ന് വാശിയുള്ള ചില ആശയധാരകളും അതിന്റെ പ്രയോക്താക്കളും ഇന്നും ലോകത്തുണ്ട്. സ്വതന്ത്ര മാധ്യമപ്രവർത്തനം ആ രാജ്യങ്ങളിൽ അചിന്ത്യം.

പഴയ കമ്മ്യൂണിസ്റ്റ് റഷ്യ തകരുമ്പോൾ അവർക്ക് പതിനഞ്ച് ദശലക്ഷം പാർട്ടി മെമ്പർമാരും ഏഴ് പതിറ്റാണ്ടിന്റെ ഭരണപരിചയവും ഉണ്ടായിരുന്നു. സർക്കാരിന് അലോസരമുണ്ടാക്കുന്ന മാധ്യമങ്ങളും ഉണ്ടായിരുന്നില്ല. എന്നിട്ടും റഷ്യയിൽ കമ്മ്യൂണിസ്റ്റ് ഭരണം തകർന്നു. അവിടെ മാത്രമല്ല, റഷ്യയുടെ മേല്ക്കോയ്മ അംഗീകരിച്ചിരുന്ന സാമന്ത രാഷ്ട്രങ്ങളിലും ഭരണം തകർന്നു. പഠിക്കാൻ പാഠങ്ങൾ പലതുമുണ്ട്.

മാധ്യമങ്ങൾ വിതരണം ചെയ്യുന്ന കഥകൾ മാത്രം ഭക്ഷിച്ചല്ല ഒരു രാജ്യത്തും ജനങ്ങൾ ജീവിക്കുന്നത്. മാധ്യമങ്ങൾ പറയുന്നതായാലും സർക്കാർ പറയുന്നതായാലും അതിന് വിപരീതമാണ് സ്വന്തം അനുഭവമെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടാൽ അവിടങ്ങളിൽ വിശ്വാസത്തകർച്ച ഉറപ്പ്. ജനങ്ങളിൽ അവിശ്വാസം സൃഷ്ടിച്ച ഭരണകൂടങ്ങൾ കൊഴിഞ്ഞുപോകും. സർക്കാരിനും മാധ്യമങ്ങൾക്കും മുകളിലാണ് സത്യം. അതുകൊണ്ട്, മാധ്യമങ്ങൾ അധികാരസ്ഥാപനങ്ങളെ വിമർശിക്കുന്നതും അധികാരസ്ഥാപനങ്ങൾ മാധ്യമങ്ങളെ വിമർശിക്കുന്നതും സ്വാഭാവികം. അവരുടെ പരസ്പര വിമർശനങ്ങൾ സത്യം കണ്ടെത്താൻ ജനങ്ങളെ സഹായിക്കും. സത്യം നമ്മളെ സ്വതന്ത്രരാക്കും എന്ന പ്രതീക്ഷയിലാണല്ലോ നല്ല മനുഷ്യർ ഭൂമിയിൽ ജീവിക്കുന്നത്.

ഭൂമിയിൽ പത്രമുണ്ടായ കഥ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള 'വൃത്താന്തപത്രപ്രവർത്തനം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'രാജ്യകാര്യരഹസ്യങ്ങൾ വെളിപ്പെടുത്തുന്നവരിൽ തല്പരരായിരുന്ന ചില ഉപജാപകന്മാർ ആവക രഹസ്യങ്ങൾ കടലാസിൽ എഴുതി ആവശ്യക്കാർക്കു വിറ്റിരുന്നു. സർക്കാരിന്റെ നിരോധനം ഉണ്ടായിരുന്നിട്ടും അവരുടെ പ്രവൃത്തിക്കു പ്രാബല്യമാണ് ഉണ്ടായത്. ക്രമേണ ജനങ്ങൾക്ക് വർത്തമാനങ്ങൾ അറിവാൻ കൗതുകം വർധിച്ചുകാണുകയാൽ, അവർ പത്രം അച്ചടിച്ചു പുറപ്പെടുവിക്കാനും തുടങ്ങി. ഇങ്ങനെയാണ് ലോകത്തിലെ ആദിമ വൃത്താന്തപത്രമായ 'പീക്കിങ് ഗസറ്റ്' പ്രചാരപ്പെട്ടത്.'

പറഞ്ഞിട്ട് കാര്യമില്ല, പത്രപ്രവർത്തനം തുടങ്ങിയതുതന്നെ രഹസ്യങ്ങൾ പരസ്യമാക്കാനാണ്. വെടിക്കെട്ടുകാരന്റെ പട്ടിയെ ഉടുക്കുകൊട്ടി പേടിപ്പിക്കാൻ ശ്രമിച്ചു പരാജയപ്പെടരുതെന്ന നാട്ടുമൊഴിപോലെ അധികാരസ്ഥാപനങ്ങളുടെ വെല്ലുവിളി അവഗണിച്ചാണ് ലോകത്ത് മാധ്യമപ്രവർത്തനം ആരംഭിച്ചത്. എല്ലാം രഹസ്യമാക്കിവയ്ക്കാൻ അധികാരസ്ഥാപനങ്ങൾ ആഗ്രഹിച്ചപ്പോൾ എല്ലാം പരസ്യമാക്കാൻ മാധ്യമങ്ങളും ആഗ്രഹിച്ചു. ഏഷ്യാനെറ്റ് ആയാലും മറുനാടൻ മലയാളിയായാലും അവരെയൊക്കെ നേരെയാക്കാൻ പാടുപെടുന്ന എം.എൽ.എമാരായാലും പഠിക്കാൻ പാഠങ്ങൾ പലതുമുണ്ട്.


*രാമകൃഷ്ണപിള്ള*

തിരുവിതാംകൂർ മഹാരാജാവ് നാടുകടത്തിയതുകൊണ്ട് മാത്രം ചരിത്രത്തിൽ സ്ഥാനം ഉറപ്പിച്ച പത്രാധിപരാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. ചരിത്രം അന്യഥാ വിസ്മരിക്കപ്പെടുമായിരുന്ന ആ പത്രാധിപരെ നാടുകടത്തിയതുവഴി രാജാവ് അദ്ദേഹത്തിന്റെ മാറിൽ മായാത്ത കീർത്തിമുദ്രയാണ് അണിയിച്ചത്, അങ്ങനെയല്ല രാജാവ് ഉദ്ദേശിച്ചതെങ്കിലും.

സ്വദേശാഭിമാനി പത്രത്തിന്റെ മുഖപ്പേജിൽ ഇങ്ങനെയൊരു മുഖമുദ്ര ആലേഖനം ചെയ്തിരുന്നു,


"ഭയകൗടില്യലോഭങ്ങൾ
വളർത്തില്ലൊരു നാടിനെ"

എഴുത്തിന് എഴുത്താണ് മറുപടി. പ്രസംഗത്തിന് പ്രസംഗമാണ് മറുപടി. അവർക്ക് മാധ്യമങ്ങൾ ഉള്ളതുപോലെ മറുപടി പറയാൻ നിങ്ങൾക്കും മാധ്യമങ്ങൾ ഉണ്ടല്ലോ. അതിനും മുകളിലോട്ട് പ്രശ്നങ്ങൾ ഉണ്ടായാൽ തർക്കം തീർക്കാൻ രാജ്യത്ത് കോടതികളും ഉണ്ട്. ആരും വെടിക്കെട്ടുകാരന്റെ പട്ടിയെ വെറുതെ ഉടുക്കുകൊട്ടി പേടിപ്പിക്കരുത്.

## ഭാഗ്യവാനായ മനുഷ്യനെ തേടുമ്പോൾ

മരണം കഴിയുംവരെ ഒരാളെയും ഭാഗ്യവാനെന്ന് വിശേഷിപ്പിക്കരുത്. ജീവിതം മുഴുവൻ മറ്റുള്ളവർക്ക് അർച്ചന

ചെയ്യാൻ ഓടിനടന്ന മനുഷ്യനായാലും ചിലപ്പോൾ അന്ത്യദിനങ്ങൾ ക്ലേശകരമാകാം. മരണത്തിന് തൊട്ടുമുമ്പുള്ള ഉമ്മൻചാണ്ടിയുടെ ദിവസങ്ങൾ നിങ്ങൾക്കും ഓർമയുണ്ടാകുമല്ലോ.


*ഉമ്മൻചാണ്ടി*

നല്ലതുചെയ്താൽ നല്ലതു വരും എന്ന വിശ്വസത്തിൽ അടിയുറച്ചാണ് ഏതു സമൂഹവും മുന്നോട്ട് നീങ്ങുന്നത്. മറിച്ച്, നല്ലതുചെയ്താൽ മോശം ഫലം ഉണ്ടാകും എന്ന് പ്രചരിപ്പിച്ച് ഒരു സമൂഹത്തിനും മുന്നോട്ട് നീങ്ങാൻ കഴിയില്ല. അതുകൊണ്ട് നമ്മളും വിശ്വസിക്കുന്നു, നല്ലതു ചെയ്താൽ നല്ലതുവരും.

എങ്കിലും ജീവിതനാടകം എപ്പോഴും അങ്ങനെയാകണമെന്നില്ല. വേദനിച്ചു മരിച്ച ഒരുപാട് നല്ലമനുഷ്യർ എല്ലാ മതങ്ങളിലും ഉണ്ട്, എല്ലാ പാർട്ടികളിലും. അന്ത്യദിനങ്ങളിൽ ശ്രീനാരായണഗുരു വേദനിച്ചു നിലവിളിക്കുന്നത് കുറ്റിപ്പുഴ കൃഷ്ണപിള്ള 'സ്മരണമഞ്ജരി'യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവം ശ്രീനാരായണഗുരുവിനോട് പ്രവർത്തിച്ച അനീതിയിൽ പ്രതിഷേധിച്ചാണ് കുറ്റിപ്പുഴ കൃഷ്ണപിള്ള യുക്തിവാദിയായി മാറുന്നത്. അതല്ല, മതങ്ങൾ പിന്തുടരുന്ന യുക്തി. ജനനംപോലെ മരണവും ഒരു പ്രഹേളികയാണ്.

അതുകൊണ്ട് ടോൾസ്റ്റോയ് ഏഴുതിയ ചെറുനോവൽ 'ഇവാൻ ഇലിയിച്ചിന്റെ മരണം' ഞാൻ ആവർത്തിച്ച് വായിക്കുന്നു. എല്ലാം ചിട്ടയായി ചെയ്ത് നീതിപൂർവം ജീവിച്ച ന്യായാധിപൻ ആയിരുന്നു ഇവാൻ ഇലിയിച്ച്. എങ്കിലും അദ്ദേഹത്തിന്റെ ജീവിതം കിഴ്മേൽ മറിയുകയും രോഗബാധിതനായ അദ്ദേഹം നരകിച്ചു മരിക്കുകയും ചെയ്യുന്നു. നല്ല മനുഷ്യർക്ക് എന്തുകൊണ്ട് ഇങ്ങനെ വേദാനജനകമായ അന്ത്യം എന്ന് ടോൾസ്റ്റോയ് വെളിപ്പെടുത്തുന്നില്ല. നൂറ്റാണ്ട് കഴിഞ്ഞിട്ടും പലതരത്തിലുള്ള അന്വേഷണങ്ങൾക്ക് നോവൽ വഴിതുറക്കുന്നു. വായനക്കാർ വീണ്ടും അതു വായിച്ച് ജീവിതമെന്ന പ്രഹേളികയെക്കുറിച്ച് ആലോചിക്കുന്നു.


അന്യർക്ക് നന്മചെയ്യാൻ ജീവിതം സമർപ്പിച്ച നല്ല മനുഷ്യരുടെ വേദനാജനകമായ അന്ത്യം ഉമ്മൻചാണ്ടിയും ഓർമിപ്പിക്കുന്നു. മരണത്തിന് ശേഷമുള്ള ഉപതിരഞ്ഞെടുപ്പല്ല നമ്മുടെ വിഷയം, മരണത്തിന് മുമ്പുള്ള ജീവിതമാണ്.

## വേരുണങ്ങാത്ത വാക്കുകൾ

കാസർഗോട് വെളിച്ചംകണ്ട പുതിയ പുസ്തകമാണ്, 'വാക്കിന്റെ വടക്കൻ വഴികൾ'. റഹ്മാൻ തായലങ്ങാടി തയാറാക്കിയ പുസ്തകം കാസർഗോട്ടെ കാണാതായ വാക്കുകൾ അന്വേഷിക്കുന്നു.സപ്തഭാഷാ സംഗമ ഭൂമിയാണ് കാസർഗോട്. മലയാളം, കന്നഡ, തുളു, കൊങ്ങിണി, മറാഠി, ബ്യാരി, ഉറുദു എന്നീ ഭാഷകൾ അവിടെ സംസാരിക്കും. എങ്കിലും കുറച്ചുകാലം കാസർഗോട് താമസിച്ചപ്പോൾ വേറേയും ഭാഷകൾ അവിടെ സംസാരിക്കുന്നുണ്ടെന്ന് മനസ്സിലായി. കൊറഗ ഭാഷ, കോപ്പാള ഭാഷ, മാവില ഭാഷ, മാദിഗ ഭാഷ തുടങ്ങി പലതും. ഭാഷാവൈവിധ്യങ്ങളുടെ ഹൃദയഭൂമിയാണ് കേരളത്തിന് കാസർഗോട്.

**അച്ചടിമലയാളവും ടെലിവിഷൻമലയാളവും സർവത്രികമായപ്പോൾ കേരളത്തിൽ എല്ലായിടങ്ങളിൽ നിന്നും നാട്ടുമലയാളം പിൻവലിഞ്ഞു. നാട്ടുമലയാളം മുഴങ്ങുന്ന വാക്കുകൾ ഇപ്പോഴും കേൾക്കണമെങ്കിൽ നിങ്ങൾ കാസർഗോട് പോകണം**

അച്ചടിമലയാളവും ടെലിവിഷൻമലയാളവും സർവത്രികമായപ്പോൾ കേരളത്തിൽ എല്ലായിടങ്ങളിൽ നിന്നും നാട്ടുമലയാളം പിൻവലിഞ്ഞു. നാട്ടുമലയാളം മുഴങ്ങുന്ന വാക്കുകൾ ഇപ്പോഴും കേൾക്കണമെങ്കിൽ നിങ്ങൾ കാസർഗോട് പോകണം. നമ്മുടെ ക്ലോസ് ഫ്രണ്ട്സ് അവർക്ക് ലങ്കോട്ടി ദോസ്താണ്. കന്നഡക്കാരുടെ ഹള്ളിയാണ് അവരുടെ അള്ളി. മാപ്പിളപ്പാട്ടുകളിൽ ഉപയോഗിക്കാൻ പറ്റിയ ഇരുന്നൂറിലേറെ വാക്കുകൾ ഉണ്ടെങ്കിലും വെറും 134 വാക്കുകൾ ഉപയോഗിച്ചാണ് അവർ ആയിരക്കണക്കിന് മാപ്പിളപ്പാട്ടുകൾ സൃഷ്ടിക്കുന്നത് വേരുണങ്ങാത്ത അത്തരം വാക്കുകൾ തേടിപ്പിടിച്ച് നമ്മളെ പരിചയപ്പെടുത്തുകയാണ് റഹ്മാൻ.ഇതൊരു ലിൻഗ്വിസ്റ്റ് ഏഴുതിയ ഗവേഷണ ഗ്രന്ഥമല്ല, ഒരു ജേർണലിസ്റ്റ് എഴുതിയ ലേഖനങ്ങളാണ്. അതിന്റെ ഗുണവും പരിമിതിയും പുസ്തകത്തിനുണ്ട്. മടുപ്പില്ലാതെ വായിക്കാം.




ഇക്കാലത്തെ ഏറ്റവും വലിയ ലിൻഗ്വിസ്റ്റ് നോം ചോംസ്കിയാണ്. അദ്ദേഹത്തെ ഞാൻ കണ്ടിട്ടുണ്ട്, അദ്ദേഹത്തിന്റെ പ്രസംഗവും കേട്ടിട്ടുണ്ട്.

കോളെജ് ക്ലാസിൽ ഞങ്ങളെ ലിൻഗ്വിസ്റ്റിക്സ് പഠിപ്പിച്ചത് ഡോ. എം.ലീലാവതിയാണ്. സാഹിത്യനിരൂപണത്തിൽ പ്രശസ്തയാണെങ്കിലും അതിനെക്കാളേറെ പ്രഗത്ഭയാണ് ടീച്ചർ ലിൻഗ്വിസ്റ്റിക്സിൽ. ഞങ്ങളെ പഠിപ്പിച്ച് കണ്ണുതെളിയിക്കണമെന്ന അടങ്ങാത്ത ആവേശവും ടീച്ചർക്ക് ഉണ്ടായിരുന്നു.

പോയകാലം ഓർക്കാൻ സുഖമുള്ളതാണ്. അതിന്റെ തിരുശേഷിപ്പുകൾ തേടിപ്പിടിച്ച് കാത്തുസൂക്ഷിക്കുകയാണ് വാക്കിന്റെ വടക്കൻ വഴികൾ.

## ആളില്ലാ കോളെജുകൾ

സ്കൂളുകളിലെ ഡിവിഷൻ ഫാൾ കേരളത്തിൽ ഇപ്പോഴൊരു വാർത്തയല്ല. പഠിക്കാൻ കുട്ടികൾ ഇല്ലാതെ എത്രയോ സ്കൂളുകൾ അടച്ചുപൂട്ടി. പ്രവർത്തിക്കുന്ന സ്കൂളുകളിൽ പലതിലും ഡിവിഷനുകളും കുറഞ്ഞു. രക്ഷിതാക്കൾ



**കുട്ടികൾ പഠിക്കാൻ കടൽകടന്ന് വിദേശങ്ങളിലേക്ക് പറക്കുകയാണ്. അത്രയും മെച്ചപ്പെട്ട അന്തരീക്ഷമോ തൊഴിൽ സാധ്യതകളോ കേരളത്തിൽ ഇല്ല. പോരാത്തതിന്, പുരാവസ്തുവകുപ്പിനെ അനുസ്മരിപ്പിക്കുന്ന നമ്മുടെ പഴഞ്ചാണ്ടി സിലബസും.**

കുട്ടികളെ സ്കൂളിൽ ചേർക്കാൻ മടിക്കുന്ന പഴയ കാലമല്ല. പണ്ട്, ധാരണ ഉള്ളതുകൊണ്ടും ധാരണ ഇല്ലാത്തതുകൊണ്ടും കുട്ടികളെ സ്കൂളിൽ ചേർക്കാൻ രക്ഷിതാക്കൾ മടിച്ചിരുന്നു. മഹാകവി ബാലാമണിയമ്മ സ്കൂളിൽ പഠിച്ചിട്ടില്ല. ആവശ്യമുള്ള കാര്യങ്ങൾ അവർ വീട്ടിലിരുന്ന് പഠിക്കുകയായിരുന്നു. ദാരിദ്ര്യംകൊണ്ടും വിദ്യാഭ്യാസത്തെ കുറിച്ചുള്ള അജ്ഞതകൊണ്ടും കുട്ടികളെ സ്കൂളിൽ അയയ്ക്കാത്ത രക്ഷിതാക്കളും പണ്ടുണ്ടായിരുന്നു. സർക്കാർ സ്കൂളുകളിലെ അനാകർഷകമായ അന്തരീക്ഷംകൊണ്ടാണ് സ്കൂളുകളിൽ കുട്ടികൾ കുറയുന്നതെന്ന ധാരണയിൽ സംസ്ഥാന സർക്കാർ നന്നായി പണംമുടക്കി സ്കൂൾ കെട്ടിടങ്ങൾ ആകർഷകമാക്കി. എന്നിട്ടും ഈവർഷം സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു. സർക്കാർ സ്കൂളുകളിലും സർക്കാർ ശമ്പളം നല്കുന്ന എയിഡഡ് സ്കൂളുകളിലും കുട്ടികളുടെ എണ്ണം കുറയുന്നു. ഇതൊന്നും ജനസംഖ്യ വല്ലാതെ കുറഞ്ഞതുകൊണ്ടുണ്ടായ പ്രശ്നങ്ങളുമല്ല. സെൻട്രൽ സിലബസ് പിന്തുടരുന്ന സ്കൂളുകളുടെ ഗുണപരമായ വെല്ലുവിളി നേരിടാൻ സ്റ്റേറ്റ് സിലബസ് പിന്തുടരുന്ന നമ്മുടെ വിദ്യാലയങ്ങൾക്ക് കഴിയുന്നില്ല എന്നതാണ് പ്രശ്നം. കേരളത്തിന്റെ വിദ്യാഭ്യാസചരിത്രം സുപ്രധാനമായ മറ്റൊരു ഘട്ടത്തിലേക്ക് കടക്കുകയാണ്. ഈ വർഷം കേരളത്തിലെ സർക്കാർ കോളെജുകളിലും സ്വകാര്യ കോളെജുകളിലും പഠിക്കാൻ ആവശ്യത്തിന് കുട്ടികളെ കിട്ടിയില്ല. മെറിറ്റ് സീറ്റിലും ആളില്ല, മാനേജ്മെന്റ് സീറ്റിലും ആളില്ല.

കുട്ടികൾ പഠിക്കാൻ കടൽകടന്ന് വിദേശങ്ങളിലേക്ക് പറക്കുകയാണ്. അത്രയും മെച്ചപ്പെട്ട അന്തരീക്ഷമോ തൊഴിൽസാധ്യതകളോ കേരളത്തിൽ ഇല്ല. പോരാത്തതിന്, പുരാവസ്തുവകുപ്പിനെ അനുസ്മരിപ്പിക്കുന്ന നമ്മുടെ പഴഞ്ചാണ്ടി സിലബസും. കാണാൻ കണ്ണുള്ളവർ കാണട്ടെ, കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ.


## ഗണപതിയും ഷംസീറും

ഇന്ത്യൻ ഗണിതപാരമ്പര്യത്തിന്റെ മഹത്ത്വം ലോകത്തെ ബോധ്യപ്പെടുത്തിയ പുസ്തകമാണ്, 'Crest of the Peacock'. പുസ്തകം എഴുതിയ ജി. ജി. ജോസഫ്, സ്വാതന്ത്ര്യസമര സേനാനി ബാരിസ്റ്റർ ജോർജ് ജോസഫിന്റെ പേരക്കുട്ടിയാണ്. കേരളീയ ഗണിതപാരമ്പര്യം മനസ്സിലാക്കാനും ലോകം ഉറ്റുനോക്കുന്ന ഗണിതപണ്ഡിതനാണ് അദ്ദേഹം. ലോകപ്രശസ്തൻ.

മയിലുകളുടെ തലയിലെ മനോഹരമായ ശിഖപോലെയും പാമ്പുകളുടെ ഫണത്തിലെ രത്നംപോലെയും ഗണിതം വേദാംഗങ്ങളായ ശാസ്ത്രങ്ങളുടെ മൂർധാവിലാണ് സ്ഥിതിചെയ്യുന്നത് എന്നർഥം വരുന്ന പഴയൊരു സംസ്കൃത ശ്ലോകമുണ്ട്. അതിൽനിന്നാണ് പുസ്തകത്തിന്റെ ശീർഷകം വന്നത്. സാഹിത്യത്തിന് കവിതപോലെയാണ്, ശാസ്ത്രത്തിന് ഗണിതം.

എങ്കിലും നമ്മുടെ വിഷയം ജി. ജി. ജോസഫ് അല്ല, ബാരിസ്റ്റർ ജോർജ് ജോസഫ് ആണ്. വൈക്കം സത്യാഗ്രഹം നടക്കുമ്പോൾ, സമരത്തെ പിന്തുണയ്ക്കാൻ സിഖുകാരും ബാരിസ്റ്റർ ജോർജ് ജോസഫും എത്തിയിരുന്നു. പക്ഷേ, ഗാന്ധിജി അവരെ നിരുത്സാഹപ്പെടുത്തുകയാണുണ്ടായത്. സമരകാരണം ഹിന്ദുക്കളുടെ ആഭ്യന്തര വിഷയമായതുകൊണ്ട് സമരം തുടരാനുള്ള ധാർമിക ഉത്തരവാദിത്വം ഹിന്ദുക്കൾക്ക് മാത്രമാണെന്ന് ഗാന്ധിജി കരുതി. എങ്കിലും അതൊരു മനുഷ്യാവകാശ പ്രശ്നം ആയതുകൊണ്ട് ആർക്കും ഇതിൽ ഇടപെടാമെന്ന് ബാരിസ്റ്റർ ജോർജ് ജോസഫും വാദിച്ചു.

അവർ തമ്മിൽ വഴിപിരിയുന്നത് അവിടം മുതല്ക്കാണ്. ഇതു വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദി വർഷം.



*ബാരിസ്റ്റർ ജോർജ് ജോസഫ്*



*എ.എൻ. ഷംസീർ*

ഒരു മതത്തിന്റെ ആഭ്യന്തരവിഷയങ്ങളിൽ മറ്റുമതസ്ഥർ ഇടപെടുന്നത് പണ്ടും ഇപ്പോഴും സ്വാഗതം ചെയ്യപ്പെടാറില്ല. അങ്ങനെയൊരു പരിമിതി നമ്മുടെ സമൂഹത്തിനുണ്ട്.

ബാരിസ്റ്റർ പറഞ്ഞത് ശരിയായിരുന്നെങ്കിലും ഇന്ത്യൻ മനസ്സ് കൂടുതൽ മനസ്സിലാക്കിയത് ഗാന്ധിജി ആയിരുന്നു. ഒടുവിൽ ഗാന്ധിജി മഹാത്മാവ് ആകുകയും പരിത്യക്തനായ ബാരിസ്റ്റർ ജോർജ് ജോസഫ് വിസ്മരിക്കപ്പെടുകയും ചെയ്തു.

സ്പീക്കർ ഷംസീറിന്റെ ഗണപതി വിവാദ ശതാബ്ദിയിലും ഭക്തന്മാർ ഗണപതിയെ ആരാധിക്കുന്നുണ്ടാകും, പക്ഷേ, ഷംസീർ വിസ്മരിക്കപ്പെടുകയും ചെയ്യും എന്നത് ചരിത്രത്തിന്റെ ഫലിതം. ●





എൻ.ഇ. സുധീർ

# കാഫ്കയുടെ ജീവിതാന്വേഷണങ്ങൾ

**ജീവിതത്തിന്റെ അർഥം പോലെ നിഗൂഢമാണ് കാഫ്ക സൃഷ്ടിച്ച സൗന്ദര്യലോകവും. അതിലേക്കുള്ള പുതിയൊരു വഴി കൂടിയാണ് ഈ പുസ്തകം.**

**കാ**ഫ്കയ്ക്ക് 1917 ഒക്ടോബറിൽ ഒരു കത്തു കിട്ടി. കാഫ്കയുടെ 'Metamorphosis' എന്ന പുസ്തകം വാങ്ങി ഒരു ബന്ധുവിന് വായിക്കാൻ കൊടുത്ത ഡോക്ടർ സ്യ്ഗ്ഫ്രൈഡ് വോൾഫ് എന്നൊരാളിന്റേതായിരുന്നു ആ കത്ത്. കാഫ്കയെപ്പറ്റി ഓർക്കുമ്പോഴൊക്കെ ഈ കത്തിനെപ്പറ്റിയും ഞാനോർമിക്കാറുണ്ട്. "താങ്കളുടെ 'രൂപാന്തരം' വാങ്ങി ഞാനെന്റെ കസിന് സമ്മാനിച്ചിരുന്നു. പക്ഷേ, അത് മനസ്സിലാക്കാനുള്ള കഴിവ് അവൾക്കില്ല. കസിൻ അതവളുടെ അമ്മയ്ക്ക് കൊടുത്തു. അവർക്കും അത് മനസ്സിലാക്കാൻ കഴിയുന്നില്ല. അമ്മ അത് മറ്റൊരു കസിനു കൊടുത്തു. അവർക്കും അത് കീറാമുട്ടിയായി. ഇപ്പോൾ അവരെനിക്കെഴുതിയിരിക്കുന്നു. കുടുംബത്തിലെ ഒരു ഡോക്ടർ എന്ന നിലയിൽ ഇതവർക്ക് വിശദീകരിച്ചു കൊടുക്കാൻ ഞാൻ ബാധ്യസ്ഥനാണെന്ന് അവർ കരുതുന്നു. പക്ഷേ, ഞാനും നിസ്സഹയാനാണ് "






കാഫ്ക

കത്തിന്റെ പൂർണരൂപത്തിലുള്ള ഇംഗ്ലീഷ് പരിഭാഷ ഇവിടെ കൊടുക്കുന്നു:

April 10, 1917
Dear Sir,
You made me unhappy.
I bought your "Metamorphosis" as a gift for my cousin. But, she is incapable of understanding the story. My cousin gave it to her mother who doesn't understand it either. The mother gave the book to my other cousin, who also didn't find an explanation. Now they have written to me: They expect me to explain the story to them as I am the doctor in the family. But I am at a loss.

Sir! I have spent months in the trenches exchanging blows with the Russians without batting an eyelid. But I could not stand losing my good name with my cousins. Only you can help me. You must do it, as you are the one who landed me in this mess. So please tell me what my cousin should think about "Metamorphosis."

Most respectfully yours,
Dr. Siegfried Wolff
Berlin– Charlottenburg.

പ്രസിദ്ധമായ ഈ കത്തിനെപ്പറ്റി ഇപ്പോൾ ഓർക്കാൻ കാരണം അടുത്ത ദിവസം എനിക്കു ലഭിച്ച 'Kafka - Diaries' എന്ന പുതിയ പുസ്തകമാണ്. കാഫ്കയുടെ ഡയറികളുടെ പുതിയൊരു പതിപ്പാണിത്. റോസ്സ് ബെഞ്ചമിൻ പരിഭാഷപ്പെടുത്തിയ പുതിയ പതിപ്പ്. (The Diaries - Franz Kafka - Translated by Ross Benjamin - Schocken Books - New York )

1909 മുതൽ 1923 വരെ ഫ്രാൻസ് കാഫ്ക ഡയറിയെഴുതിയിരുന്നു. പ്രസിദ്ധീകരിക്കണം എന്ന ഉദ്ദേശ്യത്തോടെയാവില്ല അദ്ദേഹമതെഴുതിയിരിക്കുക. താൻ

എഴുതിയതൊക്കെ നശിപ്പിച്ചുകളയണമെന്ന് സുഹൃത്തായ മാക്സ് ബ്രോഡിനോട് കാഫ്ക പറഞ്ഞേല്പിച്ചിരുന്നു എന്ന് നമുക്കറിയാം. അത് വകവയ്ക്കാതെ മറ്റു രചനകളോടൊപ്പം കാഫ്കയുടെ ഡയറിയും മാക്സ് ബ്രോഡ് അക്കാലത്തുതന്നെ പുസ്തകമായി പുറത്തിറക്കി. എന്നാൽ ഡയറിയുടെ ആദ്യപതിപ്പിൽ മാക്സ് ബ്രോഡ് ചില എഡിറ്റിങ്ങുകളൊക്കെ നടത്തി. അതിലെ ലൈംഗിക സ്വഭാവമുള്ള കുറിപ്പുകളാണ് അദ്ദേഹം പ്രധാനമായും ഒഴിവാക്കിയത്. കാഫ്ക ലൈംഗികത്തൊഴിലാളികളെ കാണാൻ പോയ കാര്യങ്ങളും സ്വവർഗരതി പ്രതിപാദിക്കുന്ന പാരഗ്രാഫുകളുമൊക്കെ നീക്കംചെയ്തു.

റോസ്സ് ബെഞ്ചമിൻ തയാറാക്കിയ പുതിയ പരിഭാഷയിലൂടെ തികച്ചും ആധികാരികമായ കാഫ്ക ഡയറിയാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. കാഫ്കയെ അസ്വസ്ഥനാക്കിയ ലൈംഗികപ്രതിസന്ധികൾ നമുക്കിതിൽ വായിക്കാം. അദ്ദേഹത്തിന്റെ സാഹിത്യം വിടരുന്നതിന് സാധ്യതയൊരുക്കിയ മറ്റു പല കാര്യങ്ങളും. ഡോക്ടർ വോൾഫിന്റെ കത്തിനെപ്പറ്റി ഡയറിയിൽ പരാമർശമുണ്ടോ എന്നറിയാൻ എനിക്കൊരു കൗതുകം തോന്നി. ദുർഗ്രഹത കാരണം രചനകൾ മനസ്സിലാക്കാൻ കഴിയുന്നില്ല എന്ന വായനക്കാരന്റെ പരാതിയെ എഴുത്തുകാരൻ എങ്ങനെ നോക്കിക്കാണുന്നു എന്നറിയാനുള്ള ഒരു കൗതുകം. നിർഭാഗ്യവശാൽ ഡയറിയിൽ ഇതേപ്പറ്റി പരാമർശമില്ല. കുരുക്കിലാക്കപ്പെട്ട മനുഷ്യാവസ്ഥയെ നേരിടാൻ സാഹിത്യസൃഷ്ടിയിലൂടെ വഴിതേടിയ മഹാനായ ആ എഴുത്തുകാരനെയും അദ്ദേഹത്തിന്റെ എഴുത്തു ജീവിതത്തെയും അടുത്തറിയാൻ ഈ ഡയറിയിലെ കുറിപ്പുകൾ സഹായിക്കും. ചില രചനകളുടെ പിന്നിലെ കഥകളൊക്കെ വിശദമായി ഇതിലെഴുതിയിട്ടുണ്ട്. ജീവിതത്തിന്റെ അർഥം പോലെ നിഗൂഢമാണ് കാഫ്ക സൃഷ്ടിച്ച സൗന്ദര്യലോകവും. അതിലേക്കുള്ള പുതിയൊരു വഴി കൂടിയാണ് ഈ പുസ്തകം.


## എം. മുകുന്ദൻ കണ്ട ലോകം

മാതൃഭൂമി വാരാന്തപ്പതിപ്പിൽ വന്നുകൊണ്ടിരിക്കുന്ന "എന്റെ എംബസിക്കാലം" എന്ന എം.മുകുന്ദന്റെ ഓർമക്കുറിപ്പുകൾ ഞാൻ ആവേശത്തോടെ വായിച്ചുകൊണ്ടിരിക്കുന്നു. ലോകസാഹിത്യത്തിലെ പല അപൂർവ മനുഷ്യരെപ്പറ്റിയും സന്ദർഭങ്ങളെപ്പറ്റിയും അതിൽനിന്നു മനസ്സിലാക്കാൻ കഴിയും. എംബസി ഉദ്യോഗസ്ഥൻ എന്ന നിലയിൽ തന്റെ മുന്നിൽ വന്ന മഹാസാധ്യതകളെപ്പറ്റി ഓർത്തെടുത്ത് വായനക്കാരുമായി പങ്കുവയ്ക്കുകയാണ് മുകുന്ദൻ.

ലക്കം 19 -ൽ വായിച്ച ചില കാര്യങ്ങൾ പറയാം. ഫ്രഞ്ച് അക്കാദമിയുടെ ഘടനയെപ്പറ്റിയാണ് അദ്ദേഹം ഇതിലാദ്യം എഴുതിയിരിക്കുന്നത്. ഫ്രാൻസിലെ ഫ്രഞ്ച് അക്കാദമി നമ്മുടെ സാഹിത്യ അക്കാദമി പോലുള്ള ഒരു സ്ഥാപനമാണ്. ഭാഷയെയും സാഹിത്യത്തെയും ഉന്നത നിലവാരത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട ഈ അക്കാദമിയിൽ നാല്പത് ആജീവനാന്ത അംഗങ്ങളാണുണ്ടായിരിക്കുക. ഒരംഗം അന്തരിച്ചാലോ സ്ഥാനം സ്വയം ഉപേക്ഷിച്ചാലോ മാത്രമേ പുതിയൊരംഗം ആ സ്ഥാനത്തെത്തൂ. നിലവിലുള്ള അംഗങ്ങളാണ് പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. സ്പാനിഷ് എഴുത്തുകാരനായ പെറുവിലെ മാരിയോ വാർഗസ് ലോസയും ഫ്രഞ്ച് അക്കാദമിയിൽ അംഗമാണ്. ഈ സ്വാതന്ത്ര്യം സവിശേഷതയുള്ളതാണ്. മറ്റൊരു രാജ്യത്തെ, മറ്റൊരു ഭാഷയിലെ എഴുത്തുകാരനെക്കൂടി അംഗമാക്കാനുള്ള തുറന്ന മനസ്സ് അവർക്കുണ്ട്.

**നമ്മുടെ സംസ്ഥാനങ്ങളിലെ സാഹിത്യ അക്കാദമികളിൽ ഇതരഭാഷയിലെ എഴുത്തുകാർകൂടി വന്നാൽ അത് വിവിധഭാഷാ സാഹിത്യത്തിന്റെ കൊടുക്കൽ വാങ്ങലുകൾക്ക് ശക്തി പകരും എന്നാണ് ഞാൻ കരുതുന്നത്. പരീക്ഷിക്കാവുന്ന ഒരു സാധ്യതയാണത്.**

നമ്മുടെ സംസ്ഥാനങ്ങളിലെ സാഹിത്യ അക്കാദമികളിൽ ഇതരഭാഷയിലെ എഴുത്തുകാർകൂടി വന്നാൽ അത് വിവിധഭാഷാ സാഹിത്യത്തിന്റെ കൊടുക്കൽ വാങ്ങലുകൾക്ക് ശക്തി പകരും എന്നാണ് ഞാൻ കരുതുന്നത്. പരീക്ഷിക്കാവുന്ന ഒരു സാധ്യതയാണത്.


*ക്ലോദ് സിമോൻ*

മുകുന്ദന്റെ കുറിപ്പിൽ ഫ്രഞ്ച് നോവലിസ്റ്റായ ക്ലോദ് സിമോനെപ്പറ്റി എഴുതിയിട്ടുണ്ട്. ആന്റി നോവലിസ്റ്റുകളുടെ മുൻനിരയിൽ ഉണ്ടായിരുന്ന ക്ലോദ് സിമോൻ. 1985-ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിയ ഫ്രഞ്ച് എഴുത്തുകാരൻ. അദ്ദേഹത്തിന്റെ രചനകൾ വായിക്കാൻ കഠിനമായ ശ്രമങ്ങൾ നടത്തി പരാജയപ്പെട്ട ഒരു വായനക്കാരനാണ് ഞാൻ. മുകുന്ദൻ അദ്ദേഹത്തെപ്പറ്റി എഴുതിയത് വായിക്കുമ്പോൾ ഞാനെന്തു കൊണ്ട് പരാജയപ്പെട്ടു എന്ന് വായനക്കാർക്ക് മനസ്സിലാവും. മുകുന്ദൻ എഴുതിയത് ഇതാണ്: "ക്ലോദ് സിമോൻ - അദ്ദേഹത്തെ ഒരു ജനലിനരികിൽ കൊണ്ടുവന്നു നിറുത്തിയാൽ ആ ജനലിനെക്കുറിച്ച് എത്ര പേജുകൾ വേണമെങ്കിലും എഴുതുവാൻ കഴിയുമായിരുന്നു. അങ്ങനെ അദ്ദേഹം പറഞ്ഞിട്ടുണ്ട്. അർധവിരാമ ചിഹ്നങ്ങളോ പൂർണവിരാമ ചിഹ്നങ്ങളോ ഉപയോഗിക്കാതെ അനന്തമായി നീളുന്ന വാചകങ്ങൾ അദ്ദേഹത്തിന്റെ നോവലുകളിൽ കാണാം. ചില വാചകങ്ങളിൽ നൂറുക്കണക്കിന് വാക്കുകളുണ്ടായിരുന്നു."

ക്ലോദ് സിമോനൊപ്പം ഡൽഹി നഗരത്തിൽ യാത്രചെയ്ത ഒരനുഭവവും മുകുന്ദൻ പങ്കുവച്ചിട്ടുണ്ട്. സിമോനെപ്പറ്റി പറയുന്ന കൂട്ടത്തിൽ ജോർജ് പെരകിനെപ്പറ്റിയും അദ്ദേഹം പരാമർശിക്കുന്നുണ്ട്. 'Life ' A User's Manual

എന്ന അസാധരണ നോവലെഴുതിയ പെരക്. ഇങ്ങനെ ഗൗരവമുള്ളതും കൗതുകം നിറഞ്ഞതുമായ, എഴുത്തുകാരെപ്പറ്റിയും, എഴുത്തുലോകത്തെപ്പറ്റിയുമുള്ള ധാരാളം അറിവുകൾകൊണ്ട് സമൃദ്ധമാണ് എം.മുകുന്ദന്റെ 'എംബസിക്കാലം'. സാഹിത്യകുതുകികളുടെ മുന്നിൽ വലിയൊരു ലോകം തുറന്നിടുകയാണ്, അദ്ദേഹം.


*എ.എം.ബഷീർ*

## നീതിയുടെ അവസാനിക്കാത്ത പോർവിളികൾ

കൊല ചെയ്യപ്പെടുന്നതിനു തൊട്ടുമുമ്പ് ആ പ്രോസിക്യൂട്ടർ അവളോട് തെമിസിനെപ്പറ്റി പറഞ്ഞു കൊടുത്തു. അയാളുടെ മേശപ്പുറത്ത് പൊടിപിടിച്ചുകിടന്ന പഴയ ഒരു കരകൗശലവസ്തു. ഒരു കൈയിൽ വാൾ മറ്റേ കൈയിൽ തുലാസ്സ്. കണ്ണുകൾ കറുത്ത ശീലകൊണ്ട് കെട്ടിയിരിക്കുന്നു. അവളാ മാർബിൾ പ്രതിമയെ നോക്കിയിരുന്നപ്പോൾ അയാൾ പരിചയപ്പെടുത്തി. 'ഇതാണ് തെമിസ്. നീതിദേവത.' ശരീരത്തിലൂടെ വൈദ്യുതി കടത്തിവിട്ടപോലെ ആ മാർബിൾപ്രതിമ അവളുടെ കൈവശമിരുന്ന് വിറകൊണ്ടു. ഒത്ത ശരീരവടിവോടെ വാർത്തെടുത്ത അതിന്റെ ഉടൽ അവൾ തലോടി. എന്നിട്ടവൾ ചിന്തിച്ചു തെമിസ് എന്തിനായിരിക്കും ആയുധം എടുത്തത്?

നീതിയുടെ വിചിത്രവഴികളെ അമ്പരപ്പിക്കും വിധം അവതരിപ്പിക്കുന്ന മികച്ചൊരു കുറ്റാന്വേഷണ നോവലാണ് എ.എം.ബഷീർ രചിച്ച 'തെമിസ്'. വർത്തമാനകാല കേരളീയപശ്ചാത്തലത്തിൽ നടക്കുന്ന സംഭവങ്ങളായാണ് കഥ മുന്നേറുന്നത്. ഒൻപതാം ക്ലാസിൽ പഠിക്കുന്ന ഒരു പെൺകുട്ടി അവളിഷ്ടപ്പെട്ട ഒരു യുവാവിന്റെ പ്രേരണയാൽ സ്വന്തം വീട് വിട്ടിറങ്ങുന്നു. തുടർന്നവൾ അവനാൽ ചതിക്കപ്പെട്ട് കൂട്ട ലൈംഗിക പീഡനത്തിന് വിധേയയാവുന്നു. ചതിക്കപ്പെട്ട അവളുടെ ദാരുണമായ ജീവിതകഥയാണ് ഈ നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. നിരാലംബയായ ആ പെൺകുട്ടിയുടെയും വളർന്നു വലുതായപ്പോൾ അവൾ നേരിടേണ്ടിവന്ന നരകയാതനയുടെയും കഥയാണിത്. രണ്ടു കൊലപാതകങ്ങളുടെ ചുരുളഴിക്കുന്ന തലത്തിലാണ് നോവലിലെ കഥ മുന്നേറുന്നത്.

പീഡനം ഏല്ക്കുന്ന അവസ്ഥയെക്കാൾ ഭയാനകം വിചാരണയാണെന്ന് ബോധ്യപ്പെടുത്തിത്തരുന്ന രീതിയിലാണ് നോവലിലെ സംഭവങ്ങൾ ചിത്രീകരിച്ചിരിക്കുന്നത്. നീതിയുടെ പേരിൽ നടക്കുന്ന അനീതികളെ ചിത്രീകരിക്കുന്നതിൽ നോവലിസ്റ്റ് വലിയ ശ്രദ്ധതന്നെ കൊടുത്തിട്ടുണ്ട്. നോവലിന്റെ ഭൂമികയിൽ നടപ്പിലാക്കപ്പെടുന്ന നീതിയുടെ പൈശാചിക മുഖം വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുകതന്നെ ചെയ്യും. അത് നമ്മുടെ ജീവിതപരിസരത്തെ അനുഭവങ്ങളുമായി ചേർത്തുവായിക്കുവാൻ വായനക്കാർ നിർബന്ധിതരാവും. ഭയം നമ്മെ വന്ന് ചുറ്റിപ്പിടിക്കും. നിസ്സഹായതയുടെ ആഴം നമ്മെ ശ്വാസം മുട്ടിക്കും. സൂക്ഷ്മാന്വേഷണ ത്വരയാണ് കുറ്റാന്വേഷണ രചനകളെ മികവുറ്റതാക്കുന്നത്. എ.എം. ബഷീർ അക്കാര്യത്തിൽ വലിയ മിടുക്കുതന്നെ കാണിച്ചിട്ടുണ്ട്.




കുറ്റാന്വേഷണത്തിന്റേതായ ഒരു സങ്കീർണലോകംതന്നെ നോവലിസ്റ്റ് സൃഷ്ടിച്ചിട്ടുണ്ട്. ഉദ്വേഗം നിറഞ്ഞ നിരവധി നിമിഷങ്ങളും നോവലിലുണ്ട്. സാമൂഹികവും രാഷ്ട്രീയവുമായ വൈയക്തിക ഉത്കണ്ഠകളും സന്ദിഗ്ധതകളും നോവലിസ്റ്റ് ഭംഗിയായിത്തന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഇത് ഒരു തിരിച്ചറിവിന്റെ പുസ്തകം കൂടിയാണ്. മനുഷ്യവിധിയുടെ ആഴങ്ങളെപ്പറ്റിയും അതിനെ സ്വാധീനിക്കുന്ന സാമൂഹിക അവസ്ഥകളെപ്പറ്റിയും ഓർമിപ്പിക്കുന്ന രചന. കുറ്റകൃത്യം, കുറ്റാന്വേഷണം, നീതിന്യായ സംവിധാനം എന്നിങ്ങനെ വിവിധ തലങ്ങളെ ആഴത്തിൽ അറിഞ്ഞുകൊണ്ടെഴുതിയ ഈ നോവൽ മലയാളത്തിലെ കുറ്റാന്വേഷണ സാഹിത്യ വിഭാഗത്തിൽ വേറിട്ടുനില്ക്കുകതന്നെ ചെയ്യും. (തെമിസ് - എ.എം. ബഷീർ - കറന്റ് ബുക്സ് - കോട്ടയം)

## ഫ്യൂച്ചർ ഷോക്കിലെ അശ്വിൻ ശേഖർ


*അശ്വിൻ ശേഖർ*

"He scanned the world in the wavelength of humour." (അയാൾ ഹ്യൂമറിന്റെ തരംഗദൈർഘ്യത്തിൽ ലോകത്തെ വ്യാഖ്യാനിച്ചു). വൈക്കം മുഹമ്മദ് ബഷീറിനെപ്പറ്റിയുള്ള വളരെ മൗലികമായ ഒരു വിലയിരുത്തലാണ് ഈ വാചകമെന്ന് ഞാൻ കരുതുന്നു. റൊണാൾഡ് ഇ.ആഷർ പറഞ്ഞ ഈ വാചകം ഞാൻ വായിച്ചത് പ്രശസ്ത ജ്യോതിശ്ശാസ്ത്രജ്ഞനായ അശ്വിൻ ശേഖറിനെപ്പറ്റി ജോസഫ് ആന്റണി മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ ഒരു ലേഖനത്തിലാണ്. റൊണാൾഡ് ഇ. ആഷറിന്റെ മകൻ ഡേവിഡ് ആഷറിന്റെ ശിഷ്യനാണ് അശ്വിൻ ശേഖർ. തന്റെ ശിഷ്യൻ മലയാളിയാണെന്നറിഞ്ഞപ്പോൾ അച്ഛനും ബഷീറും തമ്മിലുണ്ടായിരുന്ന ബന്ധം വിശദീകരിക്കുന്നതിനിടയിലാണ് ബഷീറിനെ അച്ഛൻ ഇങ്ങനെ വിശേഷിപ്പിച്ച വിവരം ഡേവിഡ് അശ്വിൻ ശേഖറിനോട് പറഞ്ഞത്.

ഡേവിഡ് ആഷർ ലോകപ്രശസ്തനായ ഉൽക്കഗവേഷകനാണ്. 1999-ലെ ലിയോനിഡ്സ് ഉൽക്കാവർഷം പ്രവചിച്ച ശാസ്ത്രജ്ഞൻ. അദ്ദേഹത്തിന്റെ കീഴിലാണ്

**മനുഷ്യന്റെ ഓരോ പ്രവൃത്തിക്കു പിന്നിലും മസ്തിഷ്ക്കത്തിന്റെ ഒരു മാന്ത്രികചലനമുണ്ടാകും. സത്യത്തിൽ അത് ഗൗരവമായ ശാസ്ത്രമാണ്. എന്നാൽ, ആ അറിവ് ഡോക്ടർ രാജശേഖരൻ നായരുടെ കൈകളിലൂടെ എഴുതപ്പെടുമ്പോൾ സാധാരണ വായനക്കാരന്റെ ഇഷ്ട വായനാവിഭവമായി പരിണമിക്കുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ രചനകൾ മലയാളത്തിലെ വൈജ്ഞാനിക സാഹിത്യത്തിലെ രത്നങ്ങളാണ്.**

അശ്വിൻ ശേഖർ എന്ന മലയാളിയായ ശാസ്ത്രജ്ഞൻ ഗവേഷണം നടത്തുന്നത്. അശ്വിന്റെ പേരിൽ ഒരു ചെറിയ ഗ്രഹം അറിയപ്പെടുന്നുണ്ട്. മുഖ്യ ഛിന്നഗ്രഹബെൽറ്റിൽ സ്ഥിതിചെയ്യുന്ന നാലര കിലോമീറ്റർ വ്യാസമുള്ള '2000 എൽജെ 27' എന്ന ഛിന്നഗ്രഹത്തിനാണ് അന്താരാഷ്ട്ര അസ്ട്രോണമിക്കൽ യൂണിയൻ (IAU) അശ്വിന്റെ പേര് നല്കിയിരിക്കുന്നത്. അടുത്തകാലത്താണ് അശ്വിനെ ശാസ്ത്രലോകം ഇങ്ങനെ ആദരിച്ചത്. അദ്ദേഹം മുന്നോട്ടുവച്ച 'ത്രീ ബോഡി റെസൊണൻസ്' എന്ന സിദ്ധാന്തമാണ് ഉൽക്കാവർഷത്തിന്റെ വരവും തീവ്രതയും പ്രവചിക്കാൻ ജ്യോതിശ്ശാസ്ത്രജ്ഞർ ഇപ്പോൾ അവലംബിക്കുന്നത്. മലയാളത്തിലെ മികച്ച ശാസ്ത്രപംക്തിയാണ് ജോസഫ് ആന്റണി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിവരുന്ന 'ഫ്യൂച്ചർ ഷോക്ക്'. (മാതൃഭൂമി ആഴ്ചപ്പതിപ്പ് ഓഗസ്റ്റ്- 20)


## മസ്തിഷ്കം കഥ പറയുമ്പോൾ

ബൃഹത്തായ ഓക്സ്ഫഡ് ഇംഗ്ലീഷ് നിഘണ്ടു (അവസാനം പ്രസിദ്ധീകരിച്ചത് 20 വാല്യങ്ങളായാണ്) തയാറാക്കിയതിന്റെ പിറകിൽ വലിയൊരു കഥയുണ്ട്. സംഭവ കഥ.

1870 കളുടെ മധ്യത്തിൽ നിഘണ്ടു പ്രവർത്തനം ആരംഭിച്ചപ്പോൾ അന്നത്തെ അതിന്റെ എഡിറ്ററായിരുന്ന ജെയിംസ് മുറെ വാക്കുകൾ ശേഖരിച്ചുതന്ന് സഹായിക്കണമെന്ന് ഇംഗ്ലണ്ടിലെ ജനങ്ങളോട് അഭ്യർഥിച്ചു. ഇതറിഞ്ഞ ഡോക്ടർ ചെസ്റ്റർ മൈനർ എന്നൊരാൾ ലക്ഷക്കണക്കിനു വാക്കുകൾ ഇൻഡെക്സ് കാർഡുകളിലാക്കി മുറക്ക് അയച്ചുകൊടുത്തു. 1897-ൽ നിഘണ്ടുവിന്റെ പ്രസിദ്ധീകരണ വേളയിൽ, തന്നെ സഹായിച്ചവരെ നന്ദി അറിയിക്കാൻ എഡിറ്റർ തീരുമാനിച്ചു. അദ്ദേഹം ആദ്യം നന്ദി പറയേണ്ടത് ഡോക്ടർ ചെസ്റ്റർ മൈനറോടാണല്ലോ. അതിനായി സോക്ടർക്ക് പല തവണ കത്തുകളയച്ചു. അദ്ദേഹം വന്നില്ല. അങ്ങനെ മുറെ ഒരു നാൾ ഡോക്ടർ മൈനറെ ത്തേടി അങ്ങോട്ടു പോകാൻ തീരുമാനിച്ചു.



*കെ.രാജശേഖരൻ നായർ*




മുറെ മേൽവിലാസം നോക്കി ചെന്നുകയറിയത് ഭ്രാന്തന്മാർക്കായുള്ള ഒരു ജയിലിലായിരുന്നു. ആ ജയിലിലെ ക്രിമിനൽത്തടവുകാരനായിരുന്നു ഡോ.മൈനർ. ഭ്രാന്ത് മൂത്ത് അറിയാതെ അദ്ദേഹമൊരാളെ വെടിവച്ചു കൊന്നു. കൊല്ലപ്പെട്ടയാളിന്റെ ഭാര്യയും ബന്ധുക്കളും ഡോക്ടർക്ക് മാപ്പു കൊടുക്കാൻ തയാറായി. ആ സ്ത്രീ ചിലപ്പോഴൊക്കെ ജയിലിൽ ചെന്ന് അദ്ദേഹത്തെ കാണുമായിരുന്നു. അവരൊരിക്കൽ എന്തോ പൊതിഞ്ഞു കൊടുത്ത കടലാസിലാണ് നിഘണ്ടുവിന് വാക്കുകൾ അഭ്യർഥിച്ചുള്ള വാർത്ത ഡോക്ടർ മൈനർ കണ്ടത്. അങ്ങനെയാണ് അദ്ദേഹം വാക്കുകൾ അയച്ചുകൊടുത്തത്. പതിനേഴു കൊല്ലമാണ് അദ്ദേഹമത് ചെയ്തത്. മുറെയും മറ്റു പലരും ശ്രമിച്ചതിന്റെ ഫലമായി ഡോക്ടർ ജയിൽ മോചിതനായെങ്കിലും ഭ്രാന്തനായിത്തന്നെ മരിച്ചു. ഈ ഡോക്ടർ ചെസ്റ്റർ മൈനറുടെ കഥ സൈമൺ വിൻചസ്റ്റർ എന്ന എഴുത്തുകാരൻ 'The Professor and Madman' എന്നൊരു പുസ്തകത്തിലൂടെ ലോകത്തെ അറിയിച്ചു. 1998-ലാണ് ആ പുസ്തകം പുറത്തുവന്നത്. അക്കാലത്ത് ആ പുസ്തകം ഞാൻ വായിച്ചിരുന്നു.

ഇപ്പോൾ ഈ കഥ ഡോ.കെ.രാജശേഖരൻ നായരുടെ പുതിയ പുസ്തകത്തിൽ വായിക്കാനിടയായി. 'ചിരിയും ചിന്തയും സർഗാത്മകതയും' എന്നാണ് രാജശേഖരൻ നായരുടെ പുതിയ പുസ്തകത്തിന്റെ പേര്. വാക്കുകളെ തിരക്കിയുള്ള ഒരു ന്യൂറോളജിക്കൽ അന്വേഷണമാണ് ഇതിലെ 'വാക്കുകൾ പിറക്കുമ്പോൾ, പൊഴിയുമ്പോൾ' എന്ന ലേഖനം. അതിലാണ് ഡോക്ടർ മൈനറുടെ കഥ ഇടം പിടിച്ചത്.

വിസ്മയകരമായ ധാരാളം അറിവുകൾ നിറച്ച ഒരു പുസ്തകമാണിത്. മനുഷ്യന്റെ ഓരോ പ്രവൃത്തിക്കു പിന്നിലും മസ്തിഷ്ക്കത്തിന്റെ ഒരു മാന്ത്രികചലനമുണ്ടാകും. സത്യത്തിൽ അത് ഗൗരവമായ ശാസ്ത്രമാണ്. എന്നാൽ, ആ അറിവ് ഡോക്ടർ രാജശേഖരൻ നായരുടെ കൈകളിലൂടെ എഴുതപ്പെടുമ്പോൾ സാധാരണ വായനക്കാരന്റെ ഇഷ്ട വായനാവിഭവമായി പരിണമിക്കുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ രചനകൾ മലയാളത്തിലെ വൈജ്ഞാനിക സാഹിത്യത്തിലെ രത്നങ്ങളാണ്. അറിവും അനുഭവവും ചേർത്ത് അദ്ദേഹമൊരുക്കുന്ന ലോകം വായനക്കാരെ വേറിട്ടൊരനുഭൂതി തലത്തിലെത്തിക്കുന്നു. സർഗാത്മകതയുടെയും കൈയെഴുത്തിന്റെയും വാക്കുകളുടെയും ചിരിയുടെയും കരച്ചിലിന്റെയുമൊക്കെ പുറകിലെ മസ്തിഷ്ക്ക പ്രവർത്തനം വിവരിക്കുന്ന 14 ലേഖനങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. (ചിരിയും ചിന്തയും സർഗാത്മകതയും - ഡോ.കെ. രാജശേഖരൻ നായർ - ഡി.സി. ബുക്ക്സ് -കോട്ടയം) ●



ചേർച്ച

ഇ.പി.രാജഗോപാലൻ

# ഇരട്ടകൾ

**ഇരട്ടകളുടെ മാനസിക ജീവിതം ഒരു സാംസ്കാരിക വിഷയമായി പരിശോധിക്കേണ്ട ഗൗരവമുള്ള വിഷയമാണ്. ഇരട്ടത്തത്തിന്റെ സംഘർഷങ്ങൾ കലാഖ്യാനങ്ങളിലെ ഇരട്ടകളിലൂടെ ആവിഷ്കരിക്കുന്നു.**

**അ**മ്മു എന്നാണ് മകളുടെ പേര്. അവൾ ഇരട്ടക്കുട്ടികളുടെ അമ്മയായ നിമിഷത്തിൽ ഞാൻ മാണിയാട്ടെ വീട്ടിലായിരുന്നു. ഒന്നര-രണ്ട് മണിക്കൂറിനുള്ളിൽ കാസർഗോട്ടെ ആശുപത്രിയിൽ എത്തി. അമ്മു പ്രസവമുറിയിൽനിന്ന് പുറത്തെത്തിയിരുന്നില്ല. അവളുടെ അമ്മമ്മ നേഴ്സിനോട് ഞങ്ങൾ ആരാണെന്ന് പറഞ്ഞപ്പോൾ കുട്ടികളെ കാണിക്കാൻ തയാറായി. രണ്ടാളെയും ഒരുമിച്ച് കൊണ്ടുവരുമെന്നാണ് വിചാരിച്ചത്. ഇരട്ടക്കാഴ്ചക്കായി കാത്തുനിന്നു.

വാതിൽ തുറന്നു. ഒരു കുട്ടിയുമായി നേഴ്സ് ഒരടി മുന്നോട്ടു വന്നു. സന്ധ്യയാണ്. വിളക്കിന്റെ വെളിച്ചത്തിൽ കുഞ്ഞിനെ കണ്ടു. പെട്ടെന്ന് ഉത്കണ്ഠയായി. മറ്റേക്കുട്ടി എങ്ങനെയായിരിക്കും? കുട്ടിയുമായി ഉള്ളിലേക്ക് മടങ്ങിയ നേഴ്സ് ഒട്ടും വൈകാതെ പുറത്തുവന്നു. രണ്ടാമത്തെ കുട്ടിയെ കണ്ടത് ആദ്യത്തെ കുട്ടിയെ കണ്ടതു പോലെയായിരുന്നില്ല എന്ന് ഉറപ്പാണ്. താരതമ്യം ചെയ്തുപോയതിൽ ഞാൻ എന്നെത്തന്നെ കുറ്റപ്പെടുത്തി. ഒരു കുട്ടി സാധാരണ വലുപ്പത്തിലും മറ്റയാൾ നന്നേ മെലിഞ്ഞിട്ടുമായിരുന്നു. നിറത്തിലും ഒരേ പോലെയായിരുന്നില്ല. മുഖാകൃതിയിലും വ്യത്യസ്തരായിരുന്നു.

### വംശത്തുടർച്ചയുടെ ചിന്തയ്ക്കൊപ്പം


ആശുപത്രി വരാന്തയിലെ ചാരുബെഞ്ചിലിരുന്നു. ഈ കുട്ടികൾ ജീവിതത്തിലുടനീളം താരതമ്യം ചെയ്യപ്പെടൽ എന്ന പ്രക്രിയയ്ക്ക് വിഷയമാവാൻ നല്ല സാധ്യതയുണ്ടല്ലോ എന്ന തോന്നൽ എന്നെ അലോസരപ്പെടുത്തിക്കൊ



ണ്ടിരുന്നു. സന്തോഷത്തിന്റെയും ആശ്വാസത്തിന്റെയും അനുഭവത്തിനുമേൽ അപ്പോൾ ആ ചിന്ത വന്നുകൂടാത്തതാണ്. പക്ഷേ, അതു വന്നു പോയി. കുറെ നേരത്തേക്ക് അതു വിട്ടു പോയില്ല. ഞാൻ സ്വയം ശാസിച്ചുകൊണ്ടിരുന്നു. നിറം, തടി, പെരുമാറ്റം, പഠിപ്പ്, പരീക്ഷയിലെ മാർക്ക്, തൊഴിൽ ...... എണ്ണമറ്റ കാര്യങ്ങളിൽ ഈ കുട്ടികൾ എപ്പോഴും താരതമ്യം ചെയ്യപ്പെടുമല്ലോ എന്ന വിചാരം ശാസനയ്ക്കപ്പുറം നിലക്കൊണ്ടു.


അപ്പോൾ (മാധു എന്നും, കേശു എന്നും പിന്നീട് പേര് കിട്ടിയ) അവർ ഒരേപോലുള്ള (identical) ഇരട്ടകൾ അല്ലല്ലോ എന്ന കാര്യം ചെറിയ ആശ്വാസം തന്നു. കണ്ണാടിയിൽ കാണുന്നത് പോലുള്ള സാമ്യമുള്ള ഇരട്ടകളെപ്പറ്റിയുള്ള വിചാരമുണ്ടായി. അവരുടെ ജീവിതലോകത്തെപ്പറ്റിയും മാനസികലോകത്തെപ്പറ്റിയും ആലോചിച്ചു. ഒരാളിന്റെ വ്യക്തിത്വം അതേപോലുള്ള മറ്റെയാളിന്റെ നിലനില്പുകൊണ്ട് പരിശോധിക്കപ്പെടുന്നതിലെ പ്രശ്നങ്ങൾ ഉണർന്നുവന്നു. ഇരട്ടകളുടെ മാനസികജീവിതം ഒരു സാംസ്കാരിക വിഷയമായി പരിശോധിക്കാനുള്ള ഗൗരവമുള്ള ഒന്നാണെന്ന് തോന്നി. പഴയ ഒരു ചോദ്യക്കടലാസിൽ വന്ന തമാശക്കവിത ഓർമയിൽ എത്തി. ഇരട്ടകളിൽ ഒരുവന്റെ സത്യപ്രസ്താവനയായിരുന്നു അത്. ഇരട്ടകൾ എന്ന നിലയിലുള്ള നിലനില്പിന്റെ ചിത്രം. 'അവൻ മരിച്ചപ്പോൾ എന്നെ മറവു ചെയ്തു' എന്ന അവസാനത്തെ വരിയുടെ വിചിത്രമായ സരളത രസിപ്പിക്കുന്നതിന് പകരം പേരിടാനാവാത്ത ഒരു വിചാരത്തിന്റെ മുന്നിലാണ് എത്തിച്ചത് എന്ന് ഓർത്തു.

ഇരട്ടകളെ രംഗത്തവതരിപ്പിച്ച ഒരു മലയാള നാടകം ഉണ്ട്. എൻ.എൻ. പിള്ളയുടെ 'ദ ഡബിൾ'. വെറും ഇരട്ടകളല്ല. പറ്റിച്ചേർന്ന് ജനിച്ച് അങ്ങനെത്തന്നെ ജീവിക്കുന്ന സയാമീസ് ഇരട്ടകൾ. ആ ആണിരട്ടകൾ വീട്ടന്തരീക്ഷത്തിലാണ് കഴിയുന്നത്. അവർ വെവ്വേറെയാക്കപ്പെടുന്നുണ്ട്. അതാണ് നാടകത്തിലെ ഒരു പ്രധാന സന്ദർഭം. തങ്ങളിൽ നിന്ന് സ്വതന്ത്രരായി അവർ


*എൻ.എൻ. പിള്ള*

താനും താനുമായി മാറിയെങ്കിലും താന്താങ്ങളുടെ സംഘർഷങ്ങൾക്ക് അറുതിയാവുന്നില്ല. അവരെ ശസ്ത്രക്രിയയിലൂടെ വേർപെടുത്തിയ ഡോക്ടർ നാടകത്തിലെ ഒരു കഥാപാത്രമാണ്. അയാൾക്ക് ലെനിന്റെ രൂപവുമായി നല്ല സാദൃശ്യം ഉണ്ട്.നാടകം കണ്ട് (പയ്യന്നൂർ ഗാന്ധി മൈതാനിയിൽ വച്ചായിരുന്നു.) വാടകജീപ്പിൽ തിരിച്ചുവരുമ്പോൾ അച്ഛനോട് എന്റെ കണ്ടുപിടിത്തമെന്നതുപോലെ ഇക്കാര്യം പറഞ്ഞു. മറുപടി അവിചാരിതമായിരുന്നു :"ഈ നാടകം ഇന്ത്യൻ കമ്യൂണിസ്ററ് പാർട്ടി പിളർന്നതിനെക്കുറിച്ചാണ് "

അന്നെനിക്ക് പത്തോ പതിനൊന്നോ വയസ്സേ ഉള്ളൂ. അച്ഛന്റെ മറുപടി മനസ്സിൽ വച്ചു. പിൽക്കാലം അതിന്റെ അർഥങ്ങൾ മനസ്സിലാക്കിത്തന്നു. അവയിൽ ഒരർഥം ഇരട്ടകൾ എന്ന കാര്യം പല പല കാര്യങ്ങൾ പറയാനായി കലയിലും തത്ത്വചിന്തയിലും ഉപയോഗിക്കാറുണ്ട് എന്നതായിരുന്നു.




എൻ.എൻ.പിള്ളയ്ക്ക്, തന്റെ നാടകത്തിനായി 'ദ ഡബിൾ' എന്നു പേരു കിട്ടിയത് ദസ്തയേവ്സ്കിയുടെ നോവലിന്റെ പേരിൽനിന്നു തന്നെയായിരിക്കണം. 1846-ലാണ് ഈ ചെറിയ നോവൽ റഷ്യൻ ഭാഷയിൽ പ്രസിദ്ധം ചെയ്യുന്നത്. യാക്കോവ് പെട്രോവിച്ച് ഗോല്യാദ്കിൻ പ്രധാന കഥാപാത്രം. ഇയാൾ ഒരു ഗവൺമെന്റ് ഗുമസ്ഥനാണ്. ചെറുകിട സ്ഥാനം വഹിക്കുന്ന ഒരാൾ. നോവൽ ജീവശാസ്ത്രപരമായ ഇരട്ടകളെപ്പറ്റിയല്ല. ഒരു ദിവസം, മഞ്ഞും കൊടുങ്കാറ്റും ശക്തമായ ദിവസം ഇയാൾ കാഴ്ചയിൽ തികച്ചും തന്നെപ്പോലെത്തന്നെയുള്ള വേറൊരു ആളെ (exact double) കാണാനിടവരുന്നു. തുടക്കത്തിൽ ചങ്ങാത്തം കാട്ടുന്നുവെങ്കിലും പ്രകൃതത്തിൽ അയാൾ തന്നെപ്പോലെയല്ല എന്ന്, തികച്ചും എതിർനിലയിലാണ് എന്ന് ഗോല്യാദ്കിൻ ഖേദത്തോടെ തിരിച്ചറിയുന്നു. രണ്ടാമൻ ഒന്നാമനെ തുടരെ ശകാരിക്കുന്നുണ്ട്. അയാളോട് മൃഗീയമായി പെരുമാറുന്നുണ്ട്. ഈ പെരുമാറ്റം സഹിക്കാനാവാതെ അയാളുടെ മനോനില തകരാറിലാവുന്നു - ഒടുക്കം ചിത്തരോഗാശുപത്രിയിൽ ചെന്നുചേരുന്നു. നിസ്സഹായത, ഇരവത്കരണം, അപവാദപ്രചരണം തുടങ്ങിയ പ്രമേയങ്ങൾ തീവ്രതയോടെ പ്രത്യക്ഷപ്പെടുന്ന, ഇരുളിമ പടർന്ന് നില്ക്കുന്ന നോവലാണ് 'ദ ഡബിൾ'. രാഷ്ട്രീയമായും ചരിത്രപരമായും നോക്കിയാൽ പീറ്ററിന്റെ ഭരണകാലത്തിന്റെ അലിഗറിയായി ഇതിനെ വായിക്കാൻ കഴിയും. ഒരു വ്യക്തി തന്നെത്തന്നെ രണ്ടായി കാണുന്ന മാനസികാവസ്ഥയുടെ ചിത്രണമാണ് ഇത് എന്നും പറയാം - അതിന്റെ അർഥം ഇതിലെ ഇരട്ടകൾ രണ്ടാളുകൾ അല്ല എന്നാണ്. ഇരട്ടകൾ എന്നത് സാധാരണമല്ലാത്ത കാര്യമാകയാൽ അതിൽ പ്രതീകാർഥങ്ങൾ കാണാനുള്ള താത്പര്യം കലാപ്രവർത്തകർക്ക് ഉണ്ടാവും - അങ്ങനെ പറയാൻ തോന്നുന്നു.

ജനപ്രിയ ചലച്ചിത്രങ്ങളിൽ ആവർത്തിച്ചുവരുന്ന പ്രമേയമാണ് ഇരട്ടകളുടെ ജീവിതം. മലയാളത്തിൽ വന്ന 'അജയനും വിജയനും' എന്ന ചിത്രം (1976/സംവിധാനം:ശശികുമാർ,പ്രേംനസീർ ഇരട്ടവേഷങ്ങളിൽ) ഓർമിക്കാം. ഒരു നടന്റെ രണ്ടുതരം പ്രകടനങ്ങൾ കാണാം എന്നതാണ് ഇമ്മാതിരി ചലച്ചിത്രങ്ങളിലെ പ്രാഥമികമായ കൗതുകം എന്നുവരാം. സൂക്ഷ്മ പരിശോധനയിൽ ഇവയിൽ സാമൂഹികവൈരുധ്യങ്ങളുടെ നിഴലുകൾ വീണു കിടക്കുന്നുണ്ട്







**ഇരട്ടകൾ എന്നത് അപൂർവമല്ല. എങ്കിലും അങ്ങനെയൊന്നിന്റെ അസാധാരണത്വം നിലനില്ക്കുന്നു. ഒരാളും മറ്റേയാളും തമ്മിലുള്ള സംഘർഷത്തിന്റെ പല രൂപങ്ങളാണ് ഇരട്ടകളെ വിഷയമാക്കുന്ന കഥകളും മറ്റും അവതരിപ്പിക്കുന്നത്. സ്നേഹത്തോടെ ജീവിക്കുന്ന എത്രയോ ഇരട്ടകൾ ഉണ്ട്.**

എന്നു കാണാനും കഴിയും.


1988 ൽ പുറത്തുവന്ന Twins എന്ന അമേരിക്കൻ ചലച്ചിത്രത്തിൽ (സംവിധാനം : ഇവാൻ റൈറ്റ്മാൻ ) വിൻസെന്റ്, ജൂലിയസ് എന്നീ ഇരട്ട സഹോദരന്മാരാണ് പ്രധാന കഥാപാത്രങ്ങൾ. ഇവിടെയും വൈരുധ്യങ്ങൾ ഉണ്ടാക്കുന്ന നാടകീയത തെളിയുന്നുണ്ട്. വിൻസെന്റ് നിഷ്കളങ്കനാണ് - തെരുവിൽ കഴിയുന്ന പാവത്താൻ. ജൂലിയസ് മാന്യനും ബുദ്ധിമാനും ശ്രദ്ധാലുവും കരുത്തനുമാണ്. വലിയ സംഘർഷമൊന്നും ഈ ചലച്ചിത്രത്തിൽ ഇല്ല. എങ്കിലും ഇരട്ടകളുടെ രണ്ടു മട്ട് എന്നത് വിഷയമാകുന്നു.

"അവൻ എന്റെ കൂടെപ്പിറന്നവൻ...." എന്ന് തുടങ്ങുന്ന ഒരു മലയാളകഥയുണ്ട്. ഇരട്ടകളുടെ കഥ അവരിലൊരുവൻ പറയുന്നു. കഥയ്ക്ക് 'ഹോരാ' എന്ന് പേര്. വാക്യം മുഴുവനായും ഇങ്ങനെയാണ് : "അവൻ എന്റെ കൂടെപ്പിറന്നവൻ, എന്റെ ശത്രുവായി മാറിയത് മുമ്പേ ഞാനറിഞ്ഞിരുന്നു".

"മുപ്പത്തിയഞ്ചു വർഷം മുമ്പ് അവനും ഞാനും പിറന്നത് ഒരുമിച്ചാണ്. അർധരാത്രിയിൽ ഒരേ നക്ഷത്രത്തിന് കീഴിൽ. ഒരു യുഗപ്പിറവിയാണെന്നു കൂടി കണിയാന്മാർ പറഞ്ഞു." ഇങ്ങനെയൊരു ഭാഗം കഥയുടെ രണ്ടാം ഖണ്ഡികയിൽ ഉണ്ട്. 1982-ലാണ് ഈ കഥ പുറത്തുവന്നത്. 1982-ൽനിന്ന് 35 കുറച്ചാൽ 1947 എന്ന് കിട്ടും. സ്വതന്ത്രഇന്ത്യയിലെ മധ്യവർഗസംഘർഷത്തിന്റെ ചിത്രമാണ് കഥ അവതരിപ്പിക്കുന്നത് (എം.ടി.വാസുദേവൻ നായരുടേതാണ് കഥ). കാര്യമായി തിരഞ്ഞാൽ ഇരട്ടകൾ ഇങ്ങനെ നിരവധി മാനങ്ങളുള്ള ആഖ്യാനങ്ങൾക്ക് വിഷയമായിട്ടുണ്ട് എന്ന് അറിയാൻ കഴിയും. ഇരട്ടകളെപ്പറ്റിയുള്ള നാടോടിവ്യവഹാരങ്ങൾതന്നെ വലിയൊരു ഇടമാണ്. ആവർത്തിക്കട്ടെ : ഇരട്ടകൾ എന്നത് അപൂർവമല്ല. എങ്കിലും അങ്ങനെയൊന്നിന്റെ അസാധാരണത്വം നിലനില്ക്കുന്നു. ഒരാളും മറ്റേയാളും തമ്മിലുള്ള സംഘർഷത്തിന്റെ പല രൂപങ്ങളാണ് ഇരട്ടകളെ വിഷയമാക്കുന്ന കഥകളും മറ്റും അവതരിപ്പിക്കുന്നത്. സ്നേഹത്തോടെ ജീവിക്കുന്ന എത്രയോ ഇരട്ടകൾ ഉണ്ട്. (ബോംബെയിൽ ജീവിക്കുന്ന) കുഞ്ഞിക്കണ്ണന് പനി വന്നാൽ ഉറപ്പാണ്, (അയാളുടെ ഇരട്ടസഹോദരനായ, നീലേശ്വരത്ത് കഴിയുന്ന) കുഞ്ഞികൃഷ്ണന് പനി വരും - ഇങ്ങനെയൊരു ചൊല്ല് ഞങ്ങളുടെ നാട്ടിൽ ഉണ്ട്. എങ്കിലും സാഹിത്യമടക്കമുള്ള ആഖ്യാനങ്ങൾ കൂടുതൽ കണ്ടെത്തുന്നത് ഇരട്ടകളുടെ ശത്രുത എന്ന വിഷയമാണ് .

ആഖ്യാനങ്ങളിലെ ഇരട്ടകൾ യാഥാർഥ ഇരട്ടകളല്ല. വർഗപരവും വംശപരവുമൊക്കെയായ എതിരിടലുകളെ നാടകീകരിച്ച് അവതരിപ്പിക്കാനുള്ള ഒരു ഉപാധിയാണ് കലയിൽ ഇരട്ടകൾ - ഇങ്ങനെയൊരു നിഗമനം സാധ്യമാണ് എന്ന് തോന്നുന്നു.

ഇത് എഴുതിക്കൊണ്ടിരിക്കുമ്പോൾ, ഇപ്പോൾ ഒന്നേകാൽ വയസ്സുള്ള കേശുവിന്റെയും മാധുവിന്റെയും ഒച്ചകൾ കേൾക്കുന്നുണ്ട്. അവർ നിലത്തിരുന്ന് കളിക്കുകയാണ്. അവരുടെ സാക്ഷരകാലത്തിനായി ഈ കുറിപ്പ് സൂക്ഷിച്ച് വയ്ക്കേണ്ടതുണ്ട് എന്ന് തോന്നുന്നു. അല്ല, ഇരട്ടത്തത്തിലെ സംഘർഷങ്ങൾ അവരെ മുത്തച്ഛൻ ഇങ്ങനെ അറിയിക്കാതിരിക്കുകയാണോ വേണ്ടത് ? അതൊക്കെ അവർ സ്വയം കണ്ടെത്തുന്നതാണോ നല്ലത് ? ●






◀ കവിത

**സൗമ്യ അരവിന്ദ്**

പരദേശിക്കൂട്ടം പോലിരുപത്തിയാറവർ
പാരിതിൽ ചേക്കേറാൻ കൂടൊരുക്കി.
കൂട്ടിന്നകത്തവർ മധുരം കിനിയും
സ്വരങ്ങൾ നിറച്ചൊരു പാട്ടൊരുക്കി.
'അ' മുതൽ 'അം' വരെ
അക്ഷരങ്ങൾ കോർത്ത്
ഇമ്പമേറുന്നൊരു പാട്ടുപാടി.
എണ്ണപ്പെരുമയിൽ ഏറെമുന്നിൽ
നിന്നാ വ്യഞ്ജനക്കൂട്ടമതേറ്റുപാടി.
സ്ഥാനപ്പെരുമയിൽ കാര്യസ്ഥരായിടും
സംയുക്താക്ഷരം ചേർന്നുപാടി.
ഒറ്റയ്ക്കുപാടാത്ത കൂട്ടരെന്നാകിലും
കൂട്ടമായി പാടുവാനേറെയിഷ്ടം...
ചില്ലുകളഞ്ചും കിലുങ്ങി ചിലങ്കപോൽ
പാട്ടിന്റെ പാലാഴി കാറ്റിലേന്തി...
അക്ഷരപ്പാട്ടതിനിമ്പം പകരുവാൻ
കൂട്ടക്ഷരങ്ങളും കൂട്ടിനെത്തി.
പാട്ടിൻ പെരുമഴ നാടാകെ പെയ്തപ്പോൾ
അക്ഷരപ്പാട്ടതിൽ നൃത്തമാടി...




വായന ▸

**വൈക്കം മുരളി**

# പുസ്തകങ്ങളില്ലാത്ത ലോകത്ത് ദൈവം നിശ്ശബ്ദനായിരിക്കും

**ബെന്നി ഡൊമിനിക്കിന്റെ 'ചരിത്രത്തിന്റെ മുറിവുകൾ' എന്ന ലേഖനസമാഹാരത്തിന്റെ വായന**

**പു**സ്തകങ്ങളോടുള്ള ഉത്ക്കടമായ പാരവശ്യം നിലനിറുത്തുന്ന സമീപനം ഉണ്ടാവുകയെന്നത് അത്യപൂർവമായ ഒരു ഗുണമാണ്. ഇതിനുദാഹരണമായി വിഖ്യാതനായ തോമസ് ജെഫെർസൺ സൂചിപ്പിച്ച ചില വാക്കുകളിലേക്കു വരാമെന്നു തോന്നുന്നു. ഒരു സുഖലോലുപതയുടെ പ്രതീകമായിട്ടല്ല നാം പുസ്തകങ്ങൾ വാങ്ങുന്നത്. മറിച്ച് ഒരു തീവ്രമായ ആവശ്യകതയാണ് ഒരുവനെ അതിലേക്കു നയിക്കുന്നത്. എനിക്കു പുസ്തകങ്ങളില്ലാതെ ജീവിക്കുവാൻ കഴിയില്ല. പതിനാറാം നൂറ്റാണ്ടിൽ ജീവിച്ച പണ്ഡിതനും എഴുത്തുകാരനുമായ ഡാനിഷ് ചിന്തകന്റെ വാക്കുകളിലും ഇതിന്റെ സൂചനകളുണ്ട്. എന്റെ കൈയിൽ കുറച്ചു പണം വരുമ്പോൾ ഞാൻ കുറച്ചു പുസ്തകങ്ങൾ വാങ്ങും. അതിനുശേഷം എന്തെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ ഞാനതിനു ഭക്ഷണവും വസ്ത്രവും വാങ്ങും. ചിന്തകനായ ഡെയ്സിഡെറിയസ് ഇറാസ്മസിന്റെ വാക്കുകൾ ഏതൊരു പുസ്തകപ്രേമിക്കും പ്രചോദനം പകർന്നുനല്കും. പുസ്തകങ്ങളോടുള്ള മനുഷ്യന്റെ തീവ്രമായ പാരവശ്യം ഒരു തുടർക്കഥയെന്നോണം ഇന്നും നിലനില്ക്കുന്നു. കേരളത്തിലെ ഒരു മികച്ച വായനക്കാരനും പുസ്തകപ്രേമിയും എഴുത്തുകാരനുമായ ബെന്നി ഡൊമിനിക്കിന്റെ 'ചരിത്രത്തിന്റെ മുറിവുകൾ' എന്ന ലേഖനസമാഹാരം വായിച്ചപ്പോഴുണ്ടായ മാനസികാഹ്ലാദം ഇവിടെ ആദ്യമായി സൂചിപ്പിക്കട്ടെ. ലോകസാഹിത്യത്തിലെ മികച്ച രചനകൾ തിരഞ്ഞുപിടിച്ചു കണ്ടെത്തി വായിക്കുവാൻ കഴിഞ്ഞതിന്റെ അനുഭവസമ്പത്തിൽനിന്നാണ് ഇങ്ങനെയൊരു ലേഖനസമാഹാരം രചിക്കുവാനും പ്ര



സിദ്ധപ്പെടുത്തുവാനും അദ്ദേഹം തയാറായത്. കഴിഞ്ഞ കുറെവർഷങ്ങളായി അദ്ദേഹം ഇതിനുവേണ്ടി നടത്തിയ പരിശ്രമങ്ങൾ ഈ പുസ്തകം എടുത്തുകാണിക്കുന്നുമുണ്ട്. പുസ്തക പ്രസാധനസംഘമാണ് ഈ മികച്ച ഗ്രന്ഥം പുറത്തു കൊണ്ടുവന്നിരിക്കുന്നത്. ഇന്നു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്താൻ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് സൂചിപ്പിക്കാതിരിക്കുവാനും കഴിയില്ല. നോവൽ എന്ന സാഹിത്യരൂപത്തിലാണ് പ്രസാധകരായ മിക്കവരുടെയും താത്പര്യം നിലനില്ക്കുന്നത്. ഓരോ വർഷവും പുറത്തുവരുന്ന പുസ്തകങ്ങളുടെ നീണ്ട പട്ടിക പരിശോധിച്ചാൽ ഈ യാഥാർഥ്യം പുറത്തുവരും. കവിതയും ലേഖനസമാഹാരങ്ങളും നാടകങ്ങളും ഏറക്കുറെ അന്യമായിക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഈ സംവിധാനങ്ങൾക്കൊരു മാറ്റമുണ്ടായെതീരൂ.

ബെന്നി ഡൊമിനിക്കിന്റെ 'ചരിത്രത്തിന്റെ മുറിവുകൾ' വായിച്ചപ്പോഴുണ്ടായ ചിന്തകളെ മറച്ചുവയ്ക്കുവാൻ തോന്നിയില്ല. ലോകസാഹിത്യത്തിൽനിന്നുള്ള മഹത്തായ രചനകൾ വായിച്ചതിന്റെ പിൻബലം അദ്ദേഹം മറച്ചുവയ്ക്കുന്നുമില്ല. അച്ചടിമാധ്യമങ്ങൾക്കുണ്ടായ അപചയം ഒരുപരിധിവരെ ഡിജിറ്റൽ സംവിധാനങ്ങൾ മാറ്റിയെടുക്കുന്നുണ്ടെങ്കിലും ഒരു പുസ്തകം വായിക്കുന്നതിന്റെ സുഖകരമായ അനുഭവം എക്കാലത്തും നിലനില്ക്കുമെന്ന് ഇപ്പോഴും നമ്മെ നിലവിലുള്ള സംവിധാനങ്ങൾ ഓർമപ്പെടുത്തുന്നു. മലയാളത്തിലെ പ്രശസ്ത നിരൂപകനായ പ്രഫ. എം.തോമസ് മാത്യു ഇതിന് അർഥവത്തായ ഒരവതാരികയെഴുതിയതും ബെന്നിയുടെ ഗ്രന്ഥത്തിന് കൂടുതൽ മികവ് പകർന്നുകൊടുക്കുന്നു. ഇതിലെ ലേഖനങ്ങൾക്കാധാരമായ പുസ്തകങ്ങളുടെയും അവയുടെ സ്രഷ്ടാക്കളുടെയും പട്ടിക പരിശോധിച്ചാൽത്തന്നെ ബെന്നി ബോധപൂർവം നടത്തിയ ശ്രമങ്ങളുടെ ചരിത്രം നമുക്കു തിരിച്ചറിയുവാൻ കഴിയും. ആദ്യലേഖനമായ 'ക്രിസ്തു സാഹിത്യത്തിൽ വീണ്ടും ജനിക്കുമ്പോൾ' എന്ന പ്രമേയം വൈവിധ്യമാർന്ന ഒരു വിഷയത്തിന്റെ ജാലകങ്ങൾ വായനക്കാർക്കു മുന്നിൽ തുറന്നുതരുന്ന ഒന്നാണ്. ഒരു മതവും സൃഷ്ടിക്കുവാൻ തയാറാവാത്ത ഈ മഹാപ്രതിഭകൾ മനുഷ്യരെ ജീവിതമെന്ന പ്രഹേളികയുടെ ആന്തരികമായ സത്തയെ വിവേകത്തിന്റെ ഭാഷയിൽ അവരുടെ ജീവിതംകൊണ്ട് പഠിപ്പിക്കുകയായിരുന്നുവെന്ന് ബെന്നി തന്റെ ലേഖനത്തിൽ സൂചിപ്പിക്കുന്നതിന്റെ പൊരുൾ ശരിക്കും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ക്രിസ്തുവിനെ ഏറ്റവും സൗന്ദര്യാത്മകമായി വായിച്ചവരിൽ ഗ്രീക്ക് സാഹിത്യകാരനായ നിക്കോസ് കസാൻദ്സാക്കീസും ഓഷോയുമാണെന്നദ്ദേഹം വിലയിരുത്തുന്നുണ്ട്. 'ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം' എന്ന ഏറെ വിവാദങ്ങൾ സൃഷ്ടിച്ച നോവലിൽ ക്രിസ്തുവിനെ ഒരു മനുഷ്യസങ്കല്പത്തോടാണ് ഏറെചേർത്തുനിറുത്തിയിരിക്കുന്നത്. ലേഖനത്തിന്റെ പ്രമേയത്തിനനുയോജ്യമായി തിയദോർ സിയൽക്കേവിസ്കിയെയും റഷ്യൻ എഴുത്തുകാരൻ ദസ്തയെവ്സ്കിയെയും ഹെമിംഗ് വെയെയും സ്റ്റൈൻ ബെക്കിനെയും ഹെർമൻ ഹെസ്സെയെയും നീത്ഷെയെയും കൂറ്റ്സിയെ

**ഇന്നു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്താൻ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് സൂചിപ്പിക്കാതിരിക്കുവാനും കഴിയില്ല. നോവൽ എന്ന സാഹിത്യരൂപത്തിലാണ് പ്രസാധകരായ മിക്കവരുടെയും താത്പര്യം നിലനില്ക്കുന്നത്. ഓരോ വർഷവും പുറത്തുവരുന്ന പുസ്തകങ്ങളുടെ നീണ്ട പട്ടിക പരിശോധിച്ചാൽ ഈ യാഥാർഥ്യം പുറത്തുവരും. കവിതയും ലേഖനസമാഹാരങ്ങളും നാടകങ്ങളും ഏറക്കുറെ അന്യമായിക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഈ സംവിധാനങ്ങൾക്കൊരു മാറ്റമുണ്ടായെതീരൂ.**

യും അവരുടെ രചനകളുടെ പിന്തുണയോടെ ശക്തമായി അവതരിപ്പിക്കുവാൻ ബെന്നിക്കുകഴിഞ്ഞിരിക്കുന്നു. പോർച്ചുഗീസ് എഴുത്തുകാരൻ ഹോസെ സരമാഗുവിന്റെ 'ദി ഗോസ്പെൽ എക്കോർഡിംഗ് ടു ജീസസ് ക്രൈസ്റ്റ്' എന്ന നോവലിന്റെ തലങ്ങളിലേക്കും ലേഖനം കടന്നുചെല്ലുന്നു.

ഇന്ന് ജീവിച്ചിരിക്കുന്ന ലാറ്റിനമേരിക്കൻ എഴുത്തുകാരിൽ കുലപതിയെന്ന് സാഹിത്യലോകം വിശേഷിപ്പിക്കുന്ന പെറുവിലെ എഴുത്തുകാരനായ മാരിയെ വർഗാസ് യോസയുടെ രചനകളെ ആസ്പദമാക്കിയുള്ള ലേഖനം ഭാവിയിൽ അദ്ദേഹത്തിന്റെ രചനകളിലൂടെ കടന്നുപോകുന്ന സാഹിത്യവിദ്യാർഥികൾക്കും ആസ്വാദകർക്കും ഏറെ സഹായകമായിരിക്കും എന്നതിൽ സംശയമില്ല. പെറുവിലെയും മറ്റ് ലാറ്റിനമേരിക്കൻ ഭൂമികകളിലെയും ഏകാധിപത്യങ്ങൾക്കെതിരെ അദ്ദേഹം തന്റെ രചനകളിലൂടെ നടത്തിയ പ്രതിരോധങ്ങൾ ബെന്നിയുടെ ലേഖനത്തിൽ നിറഞ്ഞുനില്ക്കുന്നുണ്ട്. 'ഗ്രീൻഹൗസും', 'കോൺവർസേഷൻ ഇൻ ദി കത്തീഡ്രലും' 'വാർ ഓഫ് ദി എൻഡ് ഓഫ് ദി വേൾഡും' 'വേ ടു പാരഡൈസും', 'ആൺട് ജൂലിയ ആന്റ് ദി സ്ക്രിപ്റ്റ് റൈറ്ററും' 'ഡ്രീം ഓഫ് ദി സെൽറ്റ് തുടങ്ങിയ നോവലുകളിലൂടെയും നോൺഫിക്ഷൻ രചനകളായ 'പെർപെച്ചുവൽ ഓർജി'യും (ഫ്ളേബറിന്റെ മാദം ബൊവറിയെക്കുറിച്ചുള്ള പഠനം) 'മേക്കിങ്ങ് വേവ്സും', 'ടെംപ്റ്റേഷൻ ഓഫ് ദി ഇംപോസിബിൾ ലാങ്‌വിജ് ഓഫ് പാഷനു'മൊക്കെ ആർക്കാണ് മറക്കുവാൻ കഴിയുക? ഏതായാലും മലയാളി വായനക്കാർക്കുമുന്നിൽ മഹാനായ ഈ എഴുത്തുകാരനെ തിരിച്ചറിയുവാനുള്ള മികച്ച സാധ്യതകളാണ് അവതരിപ്പിച്ചിരിക്കുന്നത്. വളരെ ശക്തമായ ഒരു വായനയും നിരീക്ഷണങ്ങളും അതിൽനിന്നുള്ള കുറിപ്പെഴുതലുകളുമൊക്കെ വേണ്ടിവന്ന ഒരു പശ്ചാത്തലമിതിനുണ്ടെന്ന് ഇതിലൂടെ കടന്നുപോകുമ്പോൾ തിരിച്ചറിയുവാൻ കഴിയും.

നൊബേൽ സമ്മാന ജേതാവായ യിദ്ദിഷ് എഴുത്തുകാരൻ ഐസക് ബെഷെവിസ് സിംഗറിന്റെ കഥകളുടെ ലോകത്തേക്ക് വായനക്കാരെ നയിക്കുന്ന ലേഖനം എന്തുകൊണ്ടും ശ്രദ്ധേയമായി. ഇന്ന് അത്രയ്ക്കൊന്നും അറിയപ്പെടാതെ കിടക്കുന്ന സിംഗറിന്റെ സർഗാത്മകതയുടെ പ്രശോഭിതമായ ലോകം ബെന്നി സൂക്ഷ്മമായ നിരീക്ഷ

ണം നടത്തിയിട്ടാണ് അവതരിപ്പിക്കുന്നത്. സിംഗറിന്റെ കഥാപാത്രങ്ങളുടെ സൃഷ്ടിയിലെ അപാരമായ പശ്ചാത്തലം തിരിച്ചറിയുകയെന്ന ലക്ഷ്യം ഈ ലേഖനം ശരിക്കും ഉൾക്കൊള്ളുന്നുണ്ട്. 'ദി മജിഷ്യൻ ഓഫ് ലുബ്ലിൻ' എന്ന പുസ്തകം വായിച്ചതിന്റെ ഓർമകൾ ഇന്നും മനസ്സിൽ മായാതെ നില്ക്കുണ്ട്. 'ഗിംപൽ ദി ഫൂൾ' എന്ന സമാഹാരത്തിന്റെ പ്രസക്തിയെക്കുറിച്ചും ഗ്രന്ഥകാരൻ നമ്മെ ഓർമപ്പെടുത്തുന്നു. നാത്സികൾ ജൂതർക്കെതിരെ നടത്തിയ ക്രൂരതകളുടെ ഓർമകൾ ഈ രചനകൾ ഉൾക്കൊള്ളുന്നത് വേദനയോടെ മാത്രമേ നമുക്ക് ഓർക്കുവാൻ കഴിയൂ.

സാഹിത്യത്തിനുള്ള നോബേൽ സമ്മാനം നേടിയ ഗാർസിയാ മാർക്കേസും ഷൂസെ സരമാഗുവും ആൽബെർ കമ്മ്യൂവും റ്റൊമാസ് മന്നുമൊക്കെ 'പ്രണയം, രോഗം, അസ്തിത്വം, പാൻഡെമിക് നോവലുകളുടെ വായന' എന്ന ലേഖനത്തിൽ ഒന്നിച്ചുസമന്വയിപ്പിക്കുവാനുള്ള ശ്രമം ലേഖനത്തിലുണ്ട്. മാജിക്കൽ റിയലിസത്തിന്റെ പേരിൽ വിഖ്യാതനായ ഗാർസിയ മാർക്കേസിന്റെയും 'അന്ധത'യെന്ന പ്രതീകാത്മകമായ നോവലിന്റെ പേരിൽ അറിയപ്പടുന്ന സരമാഗുവും ഇന്നും ലോകമെമ്പാടുമുള്ള വായനക്കാരുടെ പ്രിയപ്പെട്ട എഴുത്തുകാരാണ്. 'പ്ലേഗ്' എന്ന മെറ്റഫറിന്റെ ദീപ്തമായ തലങ്ങളെ ഉൾക്കൊള്ളുന്ന കമ്യൂവിന്റെ രചനയിലൂടെയുള്ള സഞ്ചാരങ്ങളും ശ്രദ്ധേയമായി. ഇരുപതാംനൂറ്റാണ്ടിന്റെ ഏറ്റവും മികച്ച ചില എഴുത്തുകാരുടെ രചനാലോകത്തിന്റെ വൈവിധ്യമാർന്ന തലങ്ങളെയാണ് ഈ ലേഖനം ഉൾക്കൊള്ളുന്നത്. 'മാജിക് മൗണ്ടനും' 'ബുദൻബ്രൂക്സും' 'ഡോക്ടർ ഫോസ്റ്റസു'മൊക്കെ രചിച്ച റ്റൊമാസ് മന്നിനെ പുതിയകാലത്തെ വായനക്കാരും ശ്രദ്ധയോടെ വായിക്കണമെന്ന് ഈ ലേഖനം ഓർമപ്പെടുത്തുന്നുണ്ട്.

അധികാരം ഫാഷിസം ചില പ്രത്യയശാസ്ത്ര ചിന്തകൾ എന്ന പ്രൗഢമായ ലേഖനത്തിൽ '1984' എന്ന വിഖ്യാതമായ നോവലെഴുതിയ ജോർജ് ഓർവെലും ഏകാധിപത്യത്തിനെതിരെ തന്റെ ശക്തമായ നോവൽ 'ഐ ദ സൂപ്രീം' രചിച്ച ഔഗസ്തൊ റോ ആ ബസ്തോസും വായനക്കാരുടെ പ്രിയപ്പെട്ട ആൽബേനിയൻ പ്രതിഭ ഇസ്മയിൽ കദാരെയും ഇറ്റാലിയൻ പ്രതിഭയായ അന്തരിച്ച സൈദ്ധാന്തിക നോവലിസ്റ്റ് ഉംബർട്ടോ എക്കോയും ദാർശനിക പ്രതിഭയായ ഹന്ന ആരെന്റും ഗബ്രിയൽ ഗാർസിയ മാർക്കേസുമൊക്കെ ഈ ലേഖനത്തിലൂടെ വായനക്കാരോട് സംവദിക്കുന്നു. ഇവരോടൊപ്പം ക്യൂബൻ എഴുത്തുകാരന്റെ (അലെഹൊ കാർപ്പൻതിയർ) 'റീസൺസ് ഓഫ് സ്റ്റേറ്റ്സും' കൂടി വരേണ്ടതായിരുന്നു. ബെന്നിയുടെ വായനയുടെ ദീപ്തമായ തലങ്ങൾ ഇവരെയെല്ലാം സമന്വയിപ്പിച്ചിരിക്കുന്നത് വേറിട്ടൊരു കാഴ്ചയാണ്. ഇസ്മയിൽ കദാരെയുടെ 'ദി ഡിക്ടേക്റ്റർ ഫാൾസ്' എന്ന സ്റ്റാലിനെക്കുറിച്ചുള്ള ഒരു വലിയ നോവൽ അധികം താമസിയാതെ വായനക്കാരിലേക്കെത്തിച്ചേരുകയും ചെയ്യും.

വെറും മൂന്നു നോവലുകൾകൊണ്ട് ലോകമെമ്പാടുമുള്ള ആസ്വാദകരെ കീഴടക്കിയ അർജന്റീനിയൻ എഴുത്തുകാരൻ ഏർണസ്റ്റൊ സബാറ്റൊയെ ശക്തമായ രീതിയിൽ ഗ്രന്ഥകാരൻ അവതരിപ്പിച്ചിട്ടുണ്ട്. 'ദി ടണൽ', 'ഓൺ ഹീറോസ് ആന്റ് ടൂംബ്സ്', 'ദി ഏഞ്ചൽ ഓഫ് ഡാർക്നെസ്' എന്നീ മൂന്നു നോവലുകളാണ് സബാറ്റൊയെ പ്രശസ്തനാക്കിയത്. ഇതിൽ ആദ്യത്തെ രണ്ട് നോവലുകളെക്കുറിച്ചുള്ള നിരീക്ഷണങ്ങളും പഠനവും ശരിക്കും ശ്രദ്ധേയമായി. മൂന്നാമത്തെ നോവൽ അധികമൊന്നും വായിക്കപ്പെടാത്ത ഒരു രചനയാണ്. ഇതിൽ നോവലിസ്റ്റായ സബാറ്റൊയും മുമ്പുള്ള നോവലുകളിലെ കഥാപാത്രങ്ങളും കടന്നുവരുന്നുണ്ട്. ഗാർസിയ മാർക്കേസിനെ അമിതമായി ആശ്രയിക്കുന്ന പുതിയ കാലത്തെ ആസ്വാദകർ സബാറ്റൊയുടെ നോവലുകൾ തീർച്ചയായും വായിക്കണമെന്നും ഗ്രന്ഥകാരൻ ഓർമപ്പെടുത്തുന്നു. പ്രത്യേകിച്ച് 'ഓൺ ഹീറോസ് ആന്റ് ടൂംബ്സ്'.

പുതിയ ആഖ്യാനത്തിന്റെ സവിശേഷമായ തലങ്ങൾ വ്യക്തമാക്കിത്തരുന്ന ലേഖനങ്ങൾ ഈ സമാഹാരത്തിലുണ്ട്. പ്രത്യേകിച്ചും നോർവീജിയൻ എഴുത്തുകാരായ യോൺ ഫോസ്സെയും കാൾ ഒവെ നോസ്ഗാർഡും 'ദി ബ്രിഡ്ജ് ഓൺ ദ ഡ്രീന' എന്ന ക്ലാസിക് നോവൽ രചിച്ച ഐവാ ആൻദ്രിക്കുമൊക്കെ ബെന്നിയുടെ രചനയുടെ സ്പർശം അനുഭവിക്കുന്നവരാണ്. മാർസൽ പ്രൂസ്റ്റും, മിലൻ കുന്ദേരയും ഓർഹാൻ പാമുക്കും ഏകാ കുർണിയവാനും, 'പാരീസിലെ നിഗൂഢതകൾ' എന്ന നോവലിലൂടെ വായനക്കാരെ കീഴടക്കിയ (മിസ്റ്ററീസ് ഓഫ് പാരീസ്) യൂജിൻ സ്യൂവുമൊക്കെ ഇന്നും തീവ്രതയോടെ വായനക്കാരുടെ പ്രിയ എഴുത്തുകാരായി മായാതെ നില്ക്കുന്നു എന്ന യാഥാർഥ്യം ഈ പുസ്തകം ഓർമിപ്പിക്കുന്നു.

പെണ്ണെഴുത്തിന്റെ നാനാർഥങ്ങൾ എന്ന ലേഖനത്തിൽ ലോകസാഹിത്യത്തിലെ ചില മികച്ച എഴുത്തുകാരികളെ ബെന്നി ഉൾപ്പെടുത്തിയിട്ടുണ്ട്. കെയ്റ്റ് മില്ലറ്റും, ജെർമെയ്ൻ ഗ്രീറും വിർജിനിയ വൂൾഫും സിമൊൺ ദി ബൂവെയും സൂസൻ സൊൻടാഗും സ്വേറ്റ്ലാന അലക്സിയെവിച്ചും എലിഫ് ഷിഫാക്കുമൊക്കെ നമ്മെ ഒരിക്കൽകൂടി അവരുടെ രചനകളിലേക്കു കൊണ്ടുപോകുന്ന ഒന്നാണ്. മലയാളത്തിലെ കെ.സരസ്വതിയമ്മയും നമ്മുടെ പ്രിയപ്പെട്ട എഴുത്തുകാരി സാറാ ജോസഫുമൊക്കെ ഈ ശക്തമായ രചനയിൽ ഇടം കണ്ടെത്തുന്നുണ്ട്.

ഇതുപോലുള്ള ശക്തമായ രചനകൾ ഇനിയുമുണ്ടാകണം. പുതിയ തലമുറയിലെ വായനക്കാർക്ക് സാഹിത്യത്തിലെ പ്രിയപ്പെട്ട എഴുത്തുകാരെ കണ്ടെത്തുവാൻ ബെന്നി ഡൊമിനിക്കിന്റെ ഈ രചന വളരെയധികം സഹായിക്കും. നോവലുകൾ മാത്രമല്ല, ചെറുകഥകളും നിരൂപണഗ്രന്ഥങ്ങളും കവിതയും നാടകവും യാത്രാവിവരണങ്ങളുമെല്ലാം പ്രസിദ്ധീകരണശാലകളുടെ സവിശേഷ ശ്രദ്ധയ്ക്കു വിധേയമാക്കണമെന്ന് പ്രത്യാശിക്കുന്നു. ●



◀ ക്യാമ്പസ്

**ഷർമിന**

# ദലിത് ക്രൈസ്തവരുടെ സങ്കടങ്ങൾ

**കാലാകാലങ്ങളായി സാമ്പത്തികമായും സാമൂഹികമായും വിവേചനം നേരിട്ട ദലിതർക്ക് വിദേശ മിഷനറിമാരുടെ പ്രവർത്തനത്തിലൂടെ ആത്മധൈര്യം കൈവരുകയും തങ്ങളുടെ അവകാശങ്ങളെപ്പറ്റി ബോധ്യം ഉണ്ടാകുകയും ചെയ്തു.**

**പ**രിണാമവും പരിവർത്തനവും മനുഷ്യചരിത്രത്തിനോളം പഴക്കമുള്ളതാണ്. ആശയങ്ങളിൽനിന്നും ഭൗതിക പരിസരങ്ങളിൽനിന്നും സംഭവിക്കുന്ന മാറ്റം മനുഷ്യസഹജമാണ്. നിലനില്പിന്റെ ഭാഗമായി മതങ്ങളിൽനിന്നു മതങ്ങളിലേക്ക് മനുഷ്യർ മാറിക്കൊണ്ടേയിരിക്കുന്നു. ഇന്ത്യയിൽ വ്യക്തികളുടെയും സമൂഹത്തിന്റെയും വളർച്ച മതങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തികളുടെ സംഘം ചേർന്നുള്ള നിലനില്പിന്റെ അടിസ്ഥാനഘടകം മതങ്ങൾ ആയിരുന്നെന്ന് ചുരുക്കം.

ബ്രാഹ്മണ്യാധിപത്യത്തിന്റെ ഭാഗമായ മതം പിന്നീട് ശ്രേണീവ്യവസ്ഥയിലേക്ക് പരിണമിച്ചു. കേവലം ഒരു ഘടനയിലേക്ക് മാറി എന്നതിനേക്കാൾ, ഈ ഘടനയുടെ മേൽത്തട്ടിലെ മനുഷ്യർക്ക് താഴെത്തട്ടിലെ മനുഷ്യരെ അനിയന്ത്രിതമായി ചൂഷണംചെയ്യാനുള്ള ഒരു അവസരം രൂപപ്പെടുത്തിയെടുക്കുകയായിരുന്നു ഈ പരിണാമം. ആഗോളതലത്തിൽത്തന്നെ സംഭവിച്ച മതപരിവർത്തനങ്ങൾക്കുള്ള പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്നാണ് ചൂഷണം.

## ദലിതർ ക്രൈസ്തവരായത് ?

ദലിതരുടെ പരിവർത്തന ചരിത്രത്തിലേക്ക് കടക്കും മുൻപ് അവരെ മതപരിവർത്തനത്തിന് പ്രേരിപ്പിച്ച കേരളത്തിലെ സാമൂഹിക, സാമ്പത്തിക അവസ്ഥകളെ സാമാന്യമായി വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. മനുധർമം അനുസരിച്ച്, ചാതുർവർണ്യം പാലിച്ചുപോകുന്ന ഹിന്ദു മതക്കാരായിരുന്നു മറ്റു മതങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ഭൂരിപക്ഷം. ചാതുർവർണ്യമനുസരിച്ച് ബ്രാ



ഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രൻ എന്നീ നാലു ജാതിയിലും ഉൾപ്പെടാത്തവരാണ് ദലിതർ. അവരുമായി നടത്തുന്ന എല്ലാ തരത്തിലുമുള്ള ബന്ധം മറ്റു നാലു ജാതികളെയും അശുദ്ധമാക്കിയിരുന്നു. ഈ അയിത്തം മതത്തിലും ജാതികൾക്കിടയിലും കാലങ്ങളോളം നിലനിന്നു. സമൂഹത്തിലെ ഉത്പാദനോപാധികളായ ഭൂമി, പണം, മനുഷ്യവിഭവങ്ങൾ തുടങ്ങിയവ ന്യൂനപക്ഷമായിരുന്ന സവർണരുടെ ആധിപത്യത്തിന് കീഴിലായിരുന്നു. ചരിത്രം പരിശോധിക്കുമ്പോൾ അതിന്റെ പ്രധാന കാരണമായി കേരളത്തിലെ സാമൂഹികസ്ഥിതിയെ കണക്കാക്കാം.

കേരളത്തിലെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വ്യവഹാരമണ്ഡലം മതവുമായും ജാതിശ്രേണിയുമായും ഇഴപിരിക്കാൻ ആകാത്തവിധം ചേർന്നിരിക്കുന്നു. ഉപനിഷത്തുകളെയും വേദങ്ങളെയും കൂട്ടുപിടിച്ചുകൊണ്ട് സവർണർ കിരാതവാഴ്ച നടത്തി. അറിവും സമ്പത്തും സവർണർക്കുമാത്രം പ്രാപ്യമായ ഒന്നായിരുന്നു. സവർണരുടെ ഉത്പാദനോപാധികളായി മാത്രം അധഃസ്ഥിതർ നിലനിന്നു.

ചാതുർവർണ്യത്തിന്റെ തീവ്രമായ പ്രയോഗം ദലിതർക്ക് അടിസ്ഥാന അവകാശങ്ങൾ നിഷേധിച്ചു. അറിവ് നേടുന്നത് തടഞ്ഞു. വിദ്യാലയങ്ങൾ സവർണർക്ക് മാത്രമുള്ളതായിരുന്നു.അറിവ് നേടുന്ന ദലിതന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കുന്ന തരത്തിൽ, ക്രൂരമായ ശിക്ഷാവിധികൾ ആയിരുന്നു നിലനിന്നിരുന്നത്. വേദങ്ങളിൽനിന്നും ഉപനിഷത്തുകളിൽനിന്നും ആരാധനാലയങ്ങളിൽനിന്നും ദലിതരെ വിലക്കി. പൊതുവഴി ഉപയോഗം നിഷേധിച്ചു. നടുനിവർന്ന് നടക്കാൻപോലും ചാതുർവർണ്യം അനുവദിച്ചിരുന്നില്ല. സ്ത്രീകൾക്കു നേരെയുള്ള ലൈംഗിക അതിക്രമം സവർണരുടെ അവകാശമായി കണ്ടിരുന്നു. മാറുമറയ്ക്കാനും മാന്യമായ രീതിയിൽ വസ്ത്രം ധരിക്കാനുമുള്ള അവകാശം ദലിതർക്ക് ഉണ്ടായിരുന്നില്ല. സാമൂഹികമായ ഇത്തരം ക്രൂരമായ ആചാരങ്ങൾ നിലനില്ക്കുമ്പോൾത്തന്നെ സാമ്പത്തികമായ അനീതികളും നിലനിന്നിരുന്നു. കാളയുടെയും പോത്തിന്റെയും കൂടെ പണിയെടുത്തിരുന്നവർക്ക് കൂലി നിഷേധിച്ചു. സ്വത്തവകാശം ഉണ്ടായിരുന്നില്ല. ഏതു നേരത്തും ഇറക്കി വിടാവുന്ന കുടികിടപ്പുകാരായിരുന്നു ദലിതർ.ജാതിവ്യവസ്ഥയുടെ പ്രധാനഘടകമായ സമ്പത്തിന്റെ നിഷേധത്തിലൂടെയാണ് സവർണർ ചാതുർവർണ്യം നടപ്പിലാക്കിയത്. മാനുഷിക പരിഗണനപോലും ഇല്ലാതെ മൃഗതുല്യരായി കണ്ടിരുന്ന ഭൂരിപക്ഷം വരുന്ന ദലിതരുടെ ഇടയിലേക്കാണ് ക്രൈസ്തവമതവുമായി മിഷനറിമാർ കടന്നുവരുന്നത്.

മതാടിസ്ഥാനത്തിൽ കേരളത്തിൽ സംഭവിക്കുന്ന ആദ്യ പരിവർത്തനം ക്രൈസ്തവമതത്തിലേക്ക് അല്ല. സംഘകാലത്ത് ജൈനമതത്തിലേക്കും ബുദ്ധമതത്തിലേക്കും പരിവർത്തനം നടത്തിയവരുണ്ട്. പ്രാചീന കേരളവുമായി വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്ന അറബികളുടെ സ്വാധീനംകൊണ്ട് ഇസ്ലാംമതത്തിലേക്ക് പരിവർത്തനം ചെയ്തവരും ഉണ്ട്. സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ഉച്ചനീചത്വങ്ങളിൽനിന്നുള്ള മോചനത്തിനും ഭൗതികജീവിതത്തിലുള്ള ഉന്നമനത്തിനുമായാണ് കേരളത്തിലെ ദലിതർ ക്രൈസ്തവമതത്തിലേക്ക് മാറിയത്. വാണിജ്യ ആവശ്യത്തിനുവേണ്ടി കേരളത്തിലേക്ക് എത്തിയ പോർച്ചുഗീസുകാരുടെ വരവോടുകൂടിയാണ് ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ കേരളസമൂഹം ക്രിസ്ത്യൻ മതപരിവർത്തനത്തിന് വിധേയമാകുന്നത്. ഈസ്റ്റ് ഇന്ത്യ കമ്പനിയോടൊപ്പം കേരളത്തിൽ വന്ന മിഷനറിമാരാണ് വലിയൊരു മാറ്റത്തിന് കാരണമാകുന്നത്. കാലാകാലങ്ങളായി സാമ്പത്തികമായും സാമൂഹികമായും വിവേചനം നേരിട്ട ദലിതർക്ക് വിദേശ മിഷനറിമാരുടെ പ്രവർത്തനത്തിലൂടെ ആത്മധൈര്യം കൈവരുകയും തങ്ങളുടെ അവകാശങ്ങളെപ്പറ്റി ബോധ്യം ഉണ്ടാകുകയും ചെയ്തു.


ഈ ഉദ്ബോധനത്തിന്റെ ഭാഗമായാണ് ദശലക്ഷക്കണക്കിന് വരുന്ന ദലിതർ പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കംമുതൽ ക്രൈസ്തവമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നത്. ഇത്തരത്തിൽ മതംമാറിയ ദലിതരെ, ദലിത് ക്രൈസ്തവരെന്ന് വിളിച്ചുപോന്നു. ആദ്യകാലങ്ങളിൽ ഇവർ ഹരിജൻ ക്രൈസ്തവർ, പുലയ ക്രൈസ്തവർ, പറയ ക്രൈസ്തവർ എന്നീ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. പിന്നീട് അധഃസ്ഥിതർ ദലിത് എന്ന നാമം സ്വീകരിച്ചപ്പോൾ, ക്രിസ്തുമതക്കാരായ പട്ടികജാതിക്കാർ സ്വയം തിരഞ്ഞെടുത്ത പേരാണ് ദലിത്ക്രൈസ്തവർ. ഇന്ത്യയിലുള്ള ആകെ വരുന്ന 20 ദശലക്ഷം ക്രൈസ്തവരിൽ ഏകദേശം 70% ദലിത് ക്രൈസ്തവരാണ്. പതിനെട്ടാം നൂറ്റാണ്ടോടുകൂടിയുള്ള കൂട്ടപരിവർത്തനമാണ് ഇതിനു കാരണം എന്ന് കാണാൻ സാധിക്കും. കേരളത്തിൽ എത്തിയ മിഷനറിമാർ ആദ്യം ചെയ്തത് ദലിതർക്ക് വിദ്യാഭ്യാസം നല്കുക എന്നതായിരുന്നു. ഇതിനായി തങ്ങളുടെ പ്രവർത്തനമേഖലകളിൽ പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. ക്രിസ്ത്യൻ മിഷനറിമാർ പാശ്ചാത്യവിദ്യാഭ്യാസം പ്രചരിപ്പിച്ചതോടുകൂടി ജനങ്ങളുടെ ഇടയിൽ സ്വതന്ത്രചിന്തകൾ കടന്നുവന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽത്തന്നെ ഈ മുന്നേറ്റം സ്കൂളുകൾ സ്ഥാപിച്ചതിലൂടെ സാധ്യമായി. നാഗർകോവിലും തെക്കൻ തിരുവിതാംകൂറിലും കോട്ടയത്തും മട്ടാഞ്ചേരിയിലും തുടങ്ങി കേരളത്തിലെ വിവിധഭാഗങ്ങളിൽ സ്ഥാപിച്ച സ്കൂളുകളിലൂടെ നേടിയ വിദ്യാഭാസം, ദലിതരുടെ സാമൂഹിക ഉന്നമനത്തിനു കാരണമായി. ദലിതരെ ബോധവത്കരിക്കുക എന്ന ലക്ഷ്യത്തിനായി അടിമപ്പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. ഇത്തരം പള്ളിക്കൂടങ്ങൾ സവർണർ തീയിട്ട് നശിപ്പിച്ച സംഭവങ്ങളും ഉണ്ടായി.

1571-ലാണ് എറണാകുളത്തെ പള്ളുരുത്തി ലാറ്റിൻ സഭ പുലയരെ പോർച്ചുഗീസ് പാതിരിമാരുടെ നേതൃത്വത്തിൽ ക്രിസ്ത്യാനികൾ ആക്കുന്നത്. 1806-ൽ തെക്കൻ കേരളത്തിൽ എത്തിയ ലണ്ടൻ മിഷനറി പ്രസ്ഥാനവും, 1816-ൽ മധ്യകേരളത്തിൽ വന്ന ചർച്ച് മിഷനറി പ്രസ്ഥാനവും, 1830-ൽ മലബാറിൽ എത്തിയ ബാസൽ മിഷൻ പ്രസ്ഥാനവുമാണ് ക്രിസ്തുമതത്തിനെ ജനാധിപത്യവത്കരിച്ചതെന്ന് പൊതുവേ പറയാം.

ദലിതർ അനുഭവിച്ചിരുന്ന ചൂഷണത്തെ വേദങ്ങൾ

കൊണ്ടും ഉപനിഷത്തുകൾകൊണ്ടും ന്യായീകരിക്കുകയായിരുന്നു ഹിന്ദുമതം. ഇതിൽനിന്നൊരു മോചനമാണ് പരിവർത്തിത ക്രൈസ്തവർ ആഗ്രഹിച്ചത്. പക്ഷേ, ജാതീയത തികച്ചും അക്രൈസ്തവ ആചാരമായിരുന്നിട്ടും ദലിത് ക്രൈസ്തവർ ക്രൈസ്തവ മതത്തിനുള്ളിലും വിവേചനങ്ങൾ അനുഭവിച്ചിരുന്നു. സുറിയാനി ക്രിസ്ത്യാനികൾ ദലിത് ക്രിസ്ത്യാനികളെ അംഗീകരിക്കുന്നതിനെക്കാൾ സവർണഹൈന്ദവരെ അംഗീകരിക്കുന്നതായി കാണാം. അവർ സാമൂഹിക, സാമ്പത്തിക മേൽക്കോയ്മയ്ക്ക് വേണ്ടി ശ്രമിക്കുന്നതാണ് ഇതിന് കാരണം. ദലിത് ക്രൈസ്തവർക്കുവേണ്ടി പ്രത്യേകം പള്ളികൾ സ്ഥാപിച്ചതുപോലും ഇവർ അധമാരാണെന്ന ചിന്തയിലാണ്.

'എരിതീയിൽനിന്ന് വറചട്ടിയിലേക്ക് വീണ' അവസ്ഥയാണ് കേരളത്തിലെ ദലിത് ക്രൈസ്തവരുടെത്. ഹിന്ദുമതത്തിനുള്ളിൽ അനുഭവിച്ചിരുന്ന ക്രൂരമായ ശിക്ഷാനടപടികളും അനാചാരങ്ങളും ഒഴിവാക്കിയാൽ, ക്രിസ്തുമതത്തിലും ജാതിപരമായ ഒറ്റപ്പെടൽ അനുഭവിച്ചു. ഇത്തരത്തിലുള്ള അധഃസ്ഥിതരുടെ ഉന്നമനത്തിനായി പ്രയത്നിച്ച വ്യക്തിയാണ് പൊയ്കയിൽ കുമാരു. 1954-ലാണ് കുമാരു, പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ മാണിക്കൽ പൊയ്കയിൽ കണ്ടൻ-ഒളച്ചി എന്ന അധഃകൃത ദമ്പതികളുടെ മകനായി ജനിക്കുന്നത്. ജാതീയമായ ചൂഷണങ്ങൾ സഹിക്കാൻ വയ്യാതെ മതപരിവർത്തനംചെയ്ത ക്രിസ്ത്യാനികൾ ക്രൈസ്തവ മതത്തിനുള്ളിലും ചൂഷണം അനുഭവിക്കുന്നുണ്ട് എന്ന് അറിഞ്ഞ്, അവർക്കു വേണ്ടി പ്രത്യക്ഷരക്ഷാ ദൈവസഭ എന്ന സ്വതന്ത്ര മതപ്രസ്ഥാനം സ്ഥാപിച്ചു.



*പൊയ്കയിൽ അപ്പച്ചൻ*

## മതപരിവർത്തനം ചൂഷണങ്ങളെ ഇല്ലാതാകുമോ ?

മതസാഹോദര്യം ഉയർത്തിപ്പിടിക്കുന്ന ഇന്ത്യൻ ജനാധിപത്യം ഇപ്പോഴും ദലിത് ക്രൈസ്തവർക്ക് മറ്റും പട്ടികജാതിക്കാർക്ക് കൊടുക്കുന്ന അവകാശങ്ങൾ നിഷേധിക്കുന്നുണ്ട്. പട്ടികജാതി ലിസ്റ്റിൽ ദലിത് ക്രൈസ്തവരെ മറ്റു ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് അവ്യക്തത നിലനില്ക്കുകയാണ്. സമീപകാലത്ത് ദേവികുളത്ത് സി.പി.എം എം.എൽ.എ എ.രാജയുടെ തിരഞ്ഞെടുപ്പ് വിജയം റദ്ദാക്കിയത് ഇതിന്റെ ഭാഗമായാണ്. സംവരണ സീറ്റിൽ മത്സരിക്കാൻ എ.രാജ അയോഗ്യനാണെന്ന വിധി പുറപ്പെടുവിച്ചത് ഹൈക്കോടതിയാണ്. സവർണ ഭരണകൂടം സംവരണം ഉൾപ്പെടെയുള്ള പരിഷ്കാരങ്ങളെ അധികാരം ഉറപ്പിക്കാനായുള്ള ഉപകരണങ്ങളാക്കി നിലനിറുത്താൻ ശ്രമിക്കുന്നു. ഭരണഘടനാ നിർമാണസഭയിൽ സംവരണ

**പ്രത്യക്ഷത്തിൽ കൊളോണിയൽ ഭരണകൂടം ദലിതർക്ക് അനുകൂലമായി നിലനിന്നുവെങ്കിലും സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ അവർക്കിടയിൽ നിന്നു ഉയർന്നു വരേണ്ടിയിരുന്ന വിപ്ലവത്തിന്റെ ഷണ്ഡീകരണമാണ് സംഭവിച്ചത്. കാലങ്ങളായി അവർ നേരിട്ട ചൂഷണങ്ങൾക്കെതിരെയായി ഉയർത്തെഴുന്നേല്ക്കേണ്ടിയിരിക്കുന്ന ജനതയെ ആത്മീയപാതയിലേക്ക് വഴിതിരിച്ചു വിടുകയാണ് യഥാർഥത്തിൽ സംഭവിച്ചത്.**

ത്തിന്റെ അടിസ്ഥാനം ജാതിയായിരിക്കണം മതമല്ല എന്നു വാദിച്ച വ്യക്തിയാണ് ഡോ. അംബേദ്കർ. അദ്ദേഹത്തിന്റെ അഭിപ്രായത്തിനു വിരുദ്ധമായി, പട്ടികജാതി - പട്ടികവർഗ ലിസ്റ്റ്, ഹിന്ദു ലിസ്റ്റ് മാത്രമായി നിലനിറുത്താൻ ബോധപൂർവം നടത്തുന്ന നീക്കത്തിന്റെ ഭാഗമാണ് ദലിത് ക്രൈസ്തവരെ പട്ടികജാതി - പട്ടികവർഗ സംവരണത്തിൽ ഉൾപ്പെടുത്താത്തത്. ഈ ലിസ്റ്റിൽ ക്രൈസ്തവ ദലിതരെ ഉൾപ്പെടുത്തിയാൽ, മതപരിവർത്തന വിലക്കിനും പരിവർത്തനം ചെയ്തവരെ തിരിച്ചു ഹിന്ദുമതത്തിലേക്ക് വരുത്താനുള്ള സംവരണ പ്രലോഭത്തിനും ഇടിവ് സംഭവിക്കും. ജാതിയായിരിക്കണം സംവരണത്തിന്റെ ഏക മാനദണ്ഡം. മതപരിവർത്തനം ദലിതരെ ചൂഷണങ്ങളിൽനിന്നു രക്ഷപ്പെടുത്തിയെങ്കിലും അവരുടെ അവകാശമായ സംവരണത്തെ അത് നിലവിൽ നിഷേധിക്കുകയാണ് ചെയ്യുന്നത്.

പ്രത്യക്ഷത്തിൽ കൊളോണിയൽ ഭരണകൂടം ദലിതർക്ക് അനുകൂലമായി നിലനിന്നുവെങ്കിലും സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ അവർക്കിടയിൽ നിന്നു ഉയർന്നു വരേണ്ടിയിരുന്ന വിപ്ലവത്തിന്റെ ഷണ്ഡീകരണമാണ് സംഭവിച്ചത്. കാലങ്ങളായി അവർ നേരിട്ട ചൂഷണങ്ങൾക്കെതിരെയായി ഉയർത്തെഴുന്നേല്ക്കേണ്ടിയിരിക്കുന്ന ജനതയെ ആത്മീയപാതയിലേക്ക് വഴിതിരിച്ചു വിടുകയാണ് യഥാർഥത്തിൽ സംഭവിച്ചത്. പോരാട്ടത്തിലൂടെ നേടിയെടുക്കാൻ കഴിയുമായിരുന്ന സമത്വത്തിന്റെ വഴികളെയാണ് ഇവിടത്തെ സവർണാധിപത്യവും കൊളോണിയൽ ഭരണകൂടവും മതത്തിൽ പൊതിഞ്ഞില്ലാതാക്കിയത്. സംവരണം വഴി അധികാരമല്ല , അധികാരമുണ്ടെന്ന തോന്നലാണ് ലഭിക്കുന്നത്. ഇന്നും ജനാധിപത്യരാജ്യമായ ഇന്ത്യയിൽ അധികാരം എന്നത് ഭൂമി,പണം, എന്നീ ഉത്പാദനോപാധികളിലും ജാതിയിലും കേന്ദ്രിതമാണ്. ഉത്പാദനോപാധിയായ ഭൂമിയുടെ പുനർവിതരണത്തിലൂടെ മാത്രമേ പാർശ്വവത്കരിക്കപ്പെട്ടവർക്ക് അധികാരം പൂർണമായും ലഭിക്കുകയുള്ളൂ. ●

*റഫറൻസ് :*

*പോൾ ചിറക്കോട് -ദളിത് ക്രൈസ്തവർ കേരളത്തിൽ -2018*

*ഡോ.മാത്യു ഏർത്തയിൽ-മലബാറിലെ ദളിത് പ്രസ്ഥാനങ്ങൾ -2016*

*വിനിൽ പോൾ -അടിമ കേരളത്തിന്റെ അദൃശ്യ ചരിത്രം -2021*

*ക്രൈസ്തവ ദളിത് സംവരണം -മുരളി*

# സിവിലൈസേഷനിലെ ബാലൻസിംഗ് മെക്കാനിസം!

മകളോട് അവളുടെ കല്യാണക്കാര്യം സംസാരിക്കുമ്പോഴൊക്കെ വീട്ടിൽ വഴക്കുണ്ടാകുന്നു, സാറിവളോട് ഒന്നു സംസാരിക്കണം എന്നു പറഞ്ഞ് അപ്പച്ചൻ ഫോൺ മകൾക്കു കൊടുത്തു.

അങ്കിളേ, ഒരു നിബന്ധന വച്ചിട്ടാണ് അങ്കിളിനോട് സംസാരിക്കാം എന്ന് ഞാനിവരോട് സമ്മതിച്ചിരിക്കുന്നത്. അതായത്, ഇനി ഞാൻ ആവശ്യപ്പെടാതെ എന്റെ കല്യാണക്കാര്യം ഈ വീട്ടിൽ സംസാരിക്കാൻ പാടില്ല എന്നതാണ് നിബന്ധന. ഇവർ വാക്ക് മാറ്റില്ലെന്ന് അങ്കിളിന് ഉറപ്പുണ്ടോ?

എന്റെ മോളേ, നീ ജനിച്ചപ്പോൾ മുതൽ നിനക്ക് അറിയുന്ന നിന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നിനക്ക് ഉറപ്പില്ലെങ്കിൽ പിന്നെ, എനിക്കെങ്ങിനെയാ ഉറപ്പുണ്ടാകുന്നത്. അവർ ചിന്തിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ഞാൻ ചിന്തിക്കുകയും, എന്റെ അഭിപ്രായം പറയുകയും ചെയ്യാം എന്ന ഉറപ്പു മാത്രമേ എനിക്ക് പറയാനുള്ളു.

ശരി അങ്കിൾ, എന്റെ പല കൂട്ടുകാരുടെയും, ചില ബന്ധുക്കളുടെയും കുടുംബ ജീവിതം ഞാൻ നേരിൽ കണ്ടിട്ടുണ്ട്. വല്യ ആഘോഷമായി കല്യാണം നടത്തിയിട്ട്, ഇപ്പോൾ എന്നും തമ്മിൽ തല്ലാണ്. എന്നിട്ട് മറ്റുള്ളവരെ കാണിക്കാനായി വെറുതെ സന്തോഷം അഭിനയിച്ചു ജീവിക്കുകയാണവർ. ഇതിലും ഭേദം അവിവാഹിത ആയി കഴിയുന്നതല്ലേ?. പക്ഷേ ഈ നാട്ടിലെ സാമൂഹ്യ വ്യവസ്ഥിതിയിൽ അങ്ങനെ ഒന്നും ഞാൻ പറയാൻ പോലും പാടില്ലത്രേ. നാട്ടുനടപ്പ് ആചാരം ഉത്തരവാദിത്വം എന്നൊക്കെ പറഞ്ഞ് മനുഷ്യനെ കൂച്ചു വിലങ്ങിടുന്ന ഈ കുടുംബജീവിത കപടനാട്യത്തിന് എന്നെങ്കിലും ഒരു മാറ്റം വരുമോ?

മോളേ, നിനക്ക് ബോധ്യമില്ലാത്ത ഒന്നും നീ ചെയ്യേണ്ടതില്ല. സ്വന്തം അനുഭവങ്ങളുടെ തിരിച്ചറിവിൽ നിന്നു നിനക്ക് വ്യക്തമായി ബോധ്യപ്പെട്ടതു മാത്രം ചെയ്താൽ മതി. നമ്മൾ ജീവിക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടുകൾ ഇവിടെ പങ്കു വയ്ക്കാം. അത് നിനക്ക് ബോധ്യപ്പെട്ടാൽ മാത്രം, നിനക്ക് ഒരു വിവാഹം വേണോ വേണ്ടയോ എന്നതിനെക്കുറിച്ചും നമുക്ക് സംസാരിക്കാം.

ശരി അങ്കിൾ.

മോള് വിമാനത്തിൽ യാത്ര ചെയ്തിട്ടില്ലേ, വിമാനത്തിന്റെ ഇന്ധനം നിറയ്ക്കുന്ന ടാങ്കുകൾ എവിടെയാണെന്നറിയാമോ? ഇരുവശത്തുമുള്ള അതിന്റെ ചിറകുകളിലാണ് അവ. രണ്ടു ടാങ്കുകളിൽ നിന്നും ആനുപാതികമായിട്ടാണ് എൻജിനിലേക്ക് ഇന്ധനം എടുക്കുന്നതും. ഒരു ടാങ്കിൽനിന്നു മാത്രം ഇന്ധനം ഉപയോഗിച്ചാൽ മറ്റേ ടാങ്കു വച്ചിരിക്കുന്ന ചിറകിന് ഭാരം കൂടി വിമാനം നിയന്ത്രിക്കാൻ പ്രയാസമാകും. പരസ്പരം പൈപ്പ് വഴി ബന്ധിപ്പിച്ചിരിക്കുന്ന നിരവധി അറകളുള്ള ഒരു സംവിധാനമാണ്, വിമാനത്തിന്റെ ഇന്ധന ടാങ്ക്. അല്ലായിരുന്നെങ്കിൽ വിമാനം വശങ്ങളിലേക്ക് ചെരിയുമ്പോൾ, ഇന്ധനം ആ വശത്തേക്ക് ഒഴുകി, ആ വശത്തിന് ഭാരം കൂടി, വിമാനത്തിന്റെ ബാലൻസ് നഷ്ടപ്പെടുമായിരുന്നു.

തേനീച്ചക്കൂട്, പല അറകളായിട്ടാണ് നിർമിക്കപ്പെട്ടിരിക്കുന്നത്. അല്ലായിരുന്നെങ്കിൽ കാറ്റത്ത് ഇളകുമ്പോൾ തേൻ അങ്ങോട്ടും ഇങ്ങോട്ടും ഒഴുകി കൂട് തകർന്ന് പോകുമായിരുന്നു.

കോഴികളെ ലോറിയിൽ കൊണ്ടു വരുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? കമ്പിക്കൂടുകളിലിട്ട്, ആ കൂടുകളാണ് വണ്ടിയിൽ അട്ടിയടുക്കി വയ്ക്കുന്നത്. അല്ലായിരുന്നെങ്കിൽ, അടിയിലുള്ള കോഴികൾക്ക് എന്താണ് സംഭവിക്കുക?.

പ്രകൃതിയിൽ ഉള്ളതോ, മനുഷ്യൻ നിർമിച്ചതോ ആയ എല്ലാ







Bethlehem
Matrimonial.com

സംവിധാനങ്ങളും, ഏതെങ്കിലും തരത്തിൽ ബാലൻസ് ചെയ്താണ് രൂപപ്പെട്ടു വന്നിരിക്കുന്നത്. ബാലൻസ് ചെയ്യാത്തത്, സന്തുലിതം ആകും വരെ തകർന്ന് പരിണമിച്ചു രൂപാന്തരപ്പെട്ടു കൊണ്ടേയിരിക്കും.

ഓരോ സമൂഹവും കുടുംബങ്ങൾ എന്ന കൊച്ചു കൊച്ചു കൂടുകൾ ഇണക്കി, ബാലൻസ് ചെയ്ത് രൂപപ്പെട്ടു വന്നതാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഐക്യവും ബന്ധവും ആണ് ഈ കൂടുകളുടെ ബലവും ഉറപ്പും. ഓരോ സമൂഹത്തിന്റെയും അടിസ്ഥാന ഘടകമായ കുടുംബങ്ങൾ കെട്ടുറപ്പോടെ നിലനിൽക്കുമ്പോഴാണ് സമൂഹത്തിന് ബലവും കെട്ടുറപ്പും ലഭിക്കുന്നത്. ആ കെട്ടുറപ്പ് നിലനിർത്തണം എന്ന ലക്ഷ്യത്തോടെയാണ് മൂല്യങ്ങളും ചിട്ടകളും ഒക്കെ ഓരോ സമൂഹത്തിലും നിശ്ചയിച്ച് വച്ചിരിക്കുന്നത്.

ഒരു വ്യക്തിക്ക് ഉണ്ടാകുന്ന ഒരു ഇളക്കമോ, തകർച്ചയോ, ആ കുടുംബത്തെ ആകെ തകർക്കാതിരിക്കാനും. ഒരു കുടുംബത്തിന്റെ തകർച്ച, ആ സമൂഹത്തെ ആകെ തകർക്കാതിരിക്കാനും ഉതകും വിധം, അനേകകാലം കൊണ്ട് ഉരുത്തിരിഞ്ഞു വന്നിരിക്കുന്നതാണ് നമ്മുടെ കുടുംബക്കൂടുകളുടെ ക്രമീകരണം.

ഇതിനെയാണ്, നമ്മൾ "സാമൂഹ്യ വ്യവസ്ഥിതി" എന്നു വിളിക്കുന്നത്.

പണ്ട് കാടത്തത്തിൽ ജീവിച്ച ഒരു ജന്തുവായിരുന്നു മനുഷ്യൻ. ഇന്നത്തെപ്പോലെ വിവാഹം കുടുംബം തുടങ്ങിയ ചിട്ടകളൊന്നും ഇല്ലാതെ സംഘമായി കഴിഞ്ഞ്, അവരവർക്ക് ഇഷ്ടമുള്ളതെല്ലാം അപ്പപ്പോൾ ചെയ്യുന്നതായിരുന്നു അന്നത്തെ ജീവിതശൈലി.

കൈയ്യൂക്ക് ഉള്ളവൻ കാര്യക്കാരൻ എന്ന മട്ടിൽ, ഓരോരുത്തരും അവർക്ക് തോന്നിയതു ചെയ്യുന്ന അവസ്ഥ. പക്ഷേ, അവനവനു സുഖം കിട്ടാനായി ഓരോരുത്തർ ചെയ്യുന്നത്, മറ്റുള്ളവർക്ക് ദുരിതം ആകുന്നു. എത്ര കരുത്തനാണെങ്കിലും ശരി ഇന്ന് അവനുള്ള കയ്യൂക്ക് നാളെ ക്ഷയിച്ചു പോകും. കരുത്തനായ ഒരുത്തനെ പലര് ചേർന്നാൽ കീഴ്പ്പെടുത്താൻ സാധിക്കും. കൈയ്യൂക്കുള്ളവനും ദുരിതം ഭവിക്കുന്നു, വ്യക്തി ബലത്തെക്കാൾ ശക്തമാണ് സംഘബലം എന്നൊക്കെ കാലക്രമത്തിൽ അവർ തിരിച്ചറിഞ്ഞു.

വിശേഷബുദ്ധിയുടെ ഈ വക തിരിച്ചറിവുകളാണ് നമ്മുടെ സിവിലൈസേഷന്റെ ആരംഭം. അലിഖിത നിയമങ്ങളിൽ തുടങ്ങി പലകുറി- പലകുറി, കാല ദേശമനുസരിച്ച് പരിഷ്കരിച്ച് പരിഷ്കരിച്ചാണ് ഇന്നത്തെ അവസ്ഥയിൽ, ലിഖിതങ്ങളായ ഭരണഘടനകളും നിയമസംഹിതകളും ഉള്ള പരിഷ്കൃത സമൂഹങ്ങൾ എന്ന നിലയിൽ മനുഷ്യവംശം എത്തിയിരിക്കുന്നത്. ഇത് ഇനിയും മാറിക്കൊണ്ടുമിരിക്കും.

ഇന്ന് ഓരോ രാജ്യത്തിനും, ഓരോ സമുദായത്തിനും, ഓരോ കുടുംബത്തിനും, അതിന്റേതായ ചിട്ടകളും ചട്ടക്കൂടുകളും ഉണ്ട്. അതതിന്റെ നാഥൻമാർക്ക് ചിലപ്പോഴൊക്കെ അവരുടെ സാഹചര്യവും അതിന്റെ സമ്മർദവും അനുസരിച്ച് ആ ചിട്ടകളിൽ ഉചിതമോ അനുചിതമോ ആയ മാറ്റങ്ങൾ വരുത്തേണ്ടി വരാറുണ്ട്. ആ മാറ്റങ്ങൾ മറ്റു ബന്ധപ്പെട്ട ഘടകങ്ങളുമായി ബാലൻസ് ചെയ്യാതെ വരുമ്പോഴാണ് സമൂഹത്തിൽ സംഘർഷങ്ങൾ ഉടലെടുക്കുന്നത്. ഇതും സന്തുലിതം ആകുംവരെ പരിണമിച്ചു കൊണ്ടേയിരിക്കും.

ഒരു ബലൂണിൽ പകുതി കാറ്റ് നിറച്ച ശേഷം രണ്ട് കൈകളും ഉപയോഗിച്ച് അത് ഞെക്കി ചെറുതാക്കാൻ ശ്രമിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഒന്നു ശ്രമിച്ചു നോക്കൂ. എന്താ സംഭവിക്കുക? ബലൂണിന്റെ വീർക്കാൻ എളുപ്പമുള്ള ഭാഗങ്ങൾ വിരലുകളുടെ വിടവിലൂടെ വീർത്ത് പുറത്തേക്ക് തള്ളി വരും. കാറ്റ് കൂടുതലുണ്ടെങ്കിൽ അത് ചിലപ്പോൾ പൊട്ടിപ്പോകുകയും ചെയ്യും.

സമൂഹവും ഇതു പോലെയാണ്. സമ്മർദം കൂടുമ്പോൾ പ്രതികരിക്കാൻ ശേഷിയുള്ള ഭാഗങ്ങൾ വിടവുകളിലൂടെ പുറത്തു ചാടാൻ ശ്രമിക്കും. സമ്മർദം നിയന്ത്രിച്ചും, വിടവുകൾ അടച്ചും, വ്യക്തികളെ ബലപ്പെടുത്തിയും, ബന്ധങ്ങൾ തകർന്നു പോകാതെ സൂക്ഷിക്കുകയാണ് ഓരോ സാമൂഹ്യജീവിയുടെയും കർത്തവ്യം.

ഇതൊക്കെ അസ്സഹനീയമായോ, അർഥശൂന്യമായോ അനുഭവപ്പെടുന്നവർക്ക്, ഒന്നുകിൽ അതിനെതിരെ പടപൊരുതാം. അല്ലെങ്കിൽ അതിൽ നിന്ന് ഒഴിഞ്ഞു മാറാം. പക്ഷേ, ശരിക്കും ആർജ്ജവം ഉള്ളവരാണെങ്കിൽ അതിന് പ്രതിവിധി കണ്ടു പിടിക്കാനാണ് ശ്രമിക്കുക.

സാമൂഹ്യ മാറ്റത്തിനു വേണ്ടി പരിശ്രമിക്കുമ്പോൾ, ഒരു സാമൂഹ്യ ഇടപെടലിന് പ്രസക്തിയുള്ള കാര്യമാണോ നിങ്ങളെ അസ്വസ്ഥമാക്കുന്നത് എന്ന് നന്നായി ആലോചിക്കണം. ഒരു വ്യക്തിക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അയാളുടെ വ്യക്തിപരമായ പ്രശ്നമാണ്. ഇവിടെ ബന്ധുക്കളും സുഹൃത്തുക്കളും അധികാരികളും മറ്റ് വിദഗ്ദരും വഴിയാണ് പ്രശ്നപരിഹാരം തേടേണ്ടത്. നിരവധി വ്യക്തികൾക്ക് ഒരേ പ്രശ്നം അനുഭവപ്പെടുമ്പോഴാണ് അത് സാമൂഹ്യ പ്രശ്നം ആകുന്നത്. അപ്പോഴാണ് സാമൂഹ്യ ഇടപെടലിലൂടെ പ്രതിവിധികൾ കണ്ടെത്തേണ്ടത്.

ഏതൊരു പ്രതിവിധിയും സമൂഹത്തിൽ ആർക്കെങ്കിലും അസ്വസ്ഥത സൃഷ്ടിക്കും എന്ന് ഉറപ്പാണ്. വ്യവസ്ഥിതിയെ അപ്പാടെ എതിർക്കുമ്പോൾ അതിന്റെ പലമടങ്ങ് ശക്തിയിലുള്ള സമ്മർദം തിരികെയും വരും എന്നു മനസ്സിലാക്കിയിരിക്കണം. ആവശ്യം നടത്തിയെടുക്കാൻ സഹായിക്കുന്ന ബദൽ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതാണ് കൂടുതൽ ഫലപ്രദം.

അതിനു ശ്രമിക്കുന്നവരുടെ വാക്കും പ്രവൃർത്തികളും, മറ്റുള്ളവർ ഉടനടി അപ്പാടെ സ്വീകരിക്കും എന്ന് പ്രതീക്ഷിക്കരുത്. അവർ നിങ്ങൾക്ക് എത്ര വേണ്ടപ്പെട്ടവർ ആയിരുന്നാൽ പോലും, അവരുടെ അഭിപ്രായഭിന്നത പ്രതീക്ഷിക്കണം, അവിടെ ആശയ സമന്വയത്തിന് വേണ്ടിയും പരിശ്രമിക്കണം. നിങ്ങളുടെ പരിശ്രമം വിജയിക്കുമ്പോൾ ആദ്യം എതിർത്തവരും, നിങ്ങളോടൊപ്പം ചേർന്നു കൊള്ളും.

സ്വന്തം തിരിച്ചറിവും സ്വയം ബോധ്യപ്പെടലും പ്രതിവിധി കണ്ടെത്താനുള്ള സാദ്ധ്യതയും ഇല്ലാതെ, സമ്മർദത്തിന് വഴങ്ങിയോ, ആരുടെയെങ്കിലും വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടരായിട്ടോ, ഏതെങ്കിലും തിക്താനുഭവത്തോട് പ്രതിഷേധിക്കാനോ മാത്രമായി വ്യവസ്ഥിതി മാറ്റാൻ ഇറങ്ങി തിരിക്കരുതേ.

ഇതിനൊരു നല്ല മറുവശം കൂടിയുണ്ട്. സാമൂഹത്തെ ആകെ മാറ്റണമെങ്കിൽ, ഇവിടെ വിവരിച്ചതിലും വളരെ അധികം ത്യാഗങ്ങളും കഷ്ടതകളും, ചിലപ്പോൾ ആയുഷ്ക്കാലം മുഴുവനും ക്ഷമയോടെ സഹിക്കേണ്ടി വന്നേക്കാം. നല്ല ഉൾക്കരുത്തും, സ്ഥിര പരിശ്രമവും, ആർജ്ജവവും വേണം. അതിന്റെ ചെറിയൊരു ഭാഗം ത്യാഗവും പരിശ്രമവും കൊണ്ട് നീ കണ്ടതിൽ പലർക്കും, അവരുടെ പങ്കാളിയുമായുള്ള ബന്ധം മെച്ചമാക്കിയെടുക്കാൻ സാധിക്കുമായിരുന്നില്ലേ?.

മോളേ, നീ നേരിട്ട് കണ്ട കപടനാട്യ സാമ്പിളുകളാണ് കുടുംബ ജീവിതം അരോചകമാണെന്ന് നിനക്ക് തോന്നാനിടയാക്കിയത്. നീ അവരെ ഇനിയും നിരീക്ഷിക്കണം. കൂടുതൽ സാമ്പിളുകൾ പരിശോധിക്കണം. ത്യാഗം, പരിശ്രമം, ക്ഷമ, നർമം, സ്നേഹം, വകതിരിവ് ഇവയുടെ പോരായ്മ ആയിരുന്നോ, അവരുടെ അസ്വസ്ഥതകൾക്ക് കാരണം എന്നു കൂടി വിലയിരുത്തിയ ശേഷം നിനക്ക് ബോധ്യമുള്ള ഏതു തീരുമാനവും നിനക്ക് എടുക്കാം.

ഇവിടെ വിവരിച്ചതുൾപ്പെടെ വരും വരായ്കകൾ എല്ലാം പരിഗണിച്ച് ശേഷം ലഭിച്ച ഉറച്ച ബോധ്യത്തിൽ നിന്നാണ് നിന്റെ തീരുമാനമെങ്കിൽ, നിന്റെ മാതാപിതാക്കൾ അവരുടെ വാക്കു മാറ്റില്ല എന്നു തന്നെയാണ് എനിക്ക് തോന്നുന്നത്.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ മക്കൾ സാമൂഹ്യ വ്യവസ്ഥിതിയെക്കുറിച്ച് രോഷംകൊണ്ട് നിങ്ങളോട് പൊട്ടിത്തെറിക്കുന്നത് അവരുടെ ബലഹീനതയായി കണക്കാക്കി അപ്പാടെ നിരുത്സാഹപ്പെടുത്തരുതേ. സാമൂഹ്യമാറ്റത്തിനു വേണ്ടി പ്രവർത്തിക്കാനുള്ള ആർജ്ജവം അവർക്ക് ഉണ്ട് എന്നതിന്റെ അടയാളമായി കണക്കാക്കണം. വ്യവസ്ഥിതി ശരിയല്ലെന്നു നിനക്കു തോന്നുന്നുണ്ടെങ്കിൽ അതിന് സ്വന്തനിലയിൽ ഒരു മാറ്റം വരുത്താൻ പരിശ്രമിക്കൂ എന്നാണ് അവരോട് പറയേണ്ടത്.

സസ്നേഹം,

ജോർജ്ജ് കാടൻകാവിൽ. ഡയറക്ടർ, ബെത്ലെഹം

# ഏറ്റവും നല്ലത് എഴുത്തിൽ തന്നെ

## എഴുത്ത്

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

## മലയാള ഭാവനയുടെ ഭാവിരൂപം

**ലൊയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ് പ്രസിദ്ധീകരിക്കുന്ന മാസിക**




**ഒറ്റപ്രതി : 40.00**

| | | വരിസംഖ്യ | അടക്കേണ്ടത് |
|---|---|---|---|
| 1 വർഷം | – | 480 | 480 |
| 2 വർഷം | – | 960 | 950 |
| 3 വർഷം | – | 1440 | 1400 |
| 5 വർഷം | – | 2400 | 2300 |

വരിക്കാരാകാൻ ഫോണിലെ
UPI App ഉപയോഗിച്ച്
QR Code സ്കാൻ ചെയ്യുക

Cheque/DD/Money Order in favor of
**LOYOLA PEACE TRUST,**
**STATE BANK OF INDIA,**
**DESHABHIMANI JN., KALOOR BRANCH**

വരിസംഖ്യ അക്കൗണ്ടിലേക്ക് നേരിട്ടും അയയ്ക്കാം.
Cash Remittance നടത്തുമ്പോൾ
Bank Charge ഉം കൂടി ഉൾപ്പെടുത്തണം.

**A/C. No. 35112898418**
**MICR: 682002906 IFSC: SBIN0070327**


(തുക അക്കൗണ്ടിലടച്ചശേഷം വിവരം അറിയിക്കണം)

**മാനേജിംഗ് എഡിറ്റർ**

**എഴുത്ത് മാസിക, ലൂമൻ ജ്യോതിസ്, പോണോത്ത് റോഡ്, കലൂർ, കൊച്ചി 17**
**ഫോൺ: 0484 2334048, 81292 16033 ezhuthumagazine@gmail.com**

# പരാജിതരുടെ സുവിശേഷം

രാജവാഴ്ചയും ഭരണവുമായി ബന്ധപ്പെട്ട, കേരളചരിത്രത്തിലെ സംഭവബഹുലമായ ഒരു കാലഘട്ടത്തെ പശ്ചാത്തലമാക്കി രചിച്ച നോവലാണ് സലിൽ മാങ്കുഴിയുടെ 'എതിർവാ'. കല്പനകളാൽ പടുത്തുയർത്തിയ നമ്മുടെ ചരിത്രനിർമിതികൾക്ക് നേരേപിടിച്ച കണ്ണാടിയാണ് ഈ ലഘുനോവൽ. ഇത് തിരുവിതാംകൂർ ചരിത്രത്തെ പുനരാവിഷ്കരിക്കുകയും അധികാരം എന്ന അവസ്ഥയെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ചരിത്രധാരണകളെ അപനിർമിക്കുകയും ചെയ്യുന്നു.




നമ്മുടെ ഭൂതകാലം ഇരുൾതിങ്ങിയ ഒരു ഗഹ്വരമാണ്. വേണ്ടവിധം രേഖപ്പെടുത്താതെയും വേണ്ടവർക്കായി കള്ളക്കഥകൾ രചിച്ചും പൊലിപ്പിച്ചുമൊക്കെ നാം ചരിത്രത്തെ പുനരാർജിക്കാനാകാത്തവിധം വികലമാക്കി. അത്തരത്തിൽ തിരുവിതാംകൂർചരിത്രം തമസ്കരിച്ച ഒന്നാണ് ആറ്റിങ്ങൽകലാപം. ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന ആദ്യ സായുധവിപ്ലവം. 'എതിർവാ' എന്ന ചരിത്രനോവൽ ആരംഭിക്കുന്നത് ആറ്റിങ്ങൽകലാപത്തിന്റെ വിശദമായ അവതരണത്തിലൂടെയാണ്. കലാപത്തിലേക്ക് വഴിതെളിച്ച സംഭവങ്ങളും തുടർ സംഘർഷങ്ങളും ദൃക്സാക്ഷിവിവരണം എന്നതുപോലെ അവതരിപ്പിക്കുന്നു. മൂന്നൂറു വർഷം മുമ്പുള്ള ഭാഷ, സാമൂഹികാവസ്ഥ, രാജഭരണം, എതിർശബ്ദങ്ങൾ എന്നിവയൊക്കെ നോവൽ സൂക്ഷ്മമായി അടയാളപ്പെടുത്തുന്നു.

എട്ടുവീട്ടിൽ പിള്ളമാരെ കേന്ദ്രീകരിച്ചാണ് കഥ പുരോഗമിക്കുന്നത്. ചരിത്രപുസ്തകങ്ങളിലൊന്നും അധികം പറയാത്ത പിള്ളമാരുടെ പോരാട്ടവും പ്രതിഷേധവുമാണ് നോവൽ അനാവരണം ചെയ്യുന്നത്. എതിർസ്വരത്തിന്റെ പ്രസക്തിയെന്ന് ഇതിനെ വ്യാഖ്യാനിക്കാം. രാജഭരണകാലത്ത് തിരുവായ്ക്ക് എതിർവാ ഇല്ലായിരുന്നു. എതിർസ്വരങ്ങളെ അടിച്ചമർത്തിയിരുന്ന കാലത്തുയർന്ന പ്രതിഷേധശബ്ദം എന്ന നിലയിലാണ് എട്ടുവീട്ടിൽ പിള്ളമാരുടെയും തമ്പിമാരുടെയും അധികാരത്തിന് നേരെ ഉയർന്ന ചൂണ്ടുവിരലുകളെ കാണേണ്ടത്.

അനിഴം തിരുനാൾ മാർത്താണ്ഡവർമയുടെ വ്യക്തിത്വത്തെയും അധികാരഭ്രമത്തെയും ഭയത്തെയും ഏകാന്തതയെയും മനഃശാസ്ത്രപരമായി അപഗ്രഥിക്കുകയും ചരിത്രധാരണകൾക്ക് നേർവിപരീതമായിരുന്നു ആ മനുഷ്യനെന്ന് തെളിവുകൾ നിരത്തി സ്ഥാപിക്കുകയുമാണ് ഈ നോവലിലൂടെ സലിൽ ചെയ്യുന്നത്.

അതിഭാവുകത്വമോ അവിശ്വസനീയമായ അവകാശവാദങ്ങളോ അവലംബിക്കാതെ, ഓരോ സംഭവവും യുക്തിസഹവും വിശ്വസനീയവുമായ രീതിയിൽ രചയിതാവ് അവതരിപ്പിക്കുന്നു. ഒരു ക്രൈംത്രില്ലറിനെ അനുസ്മരിപ്പിക്കുന്ന രചനാശൈലി. ഭൂതകാലത്തെ വർത്തമാനകാലവുമായി ബന്ധിപ്പിക്കുന്ന രീതി വളരെ പുതുമയുള്ളതാണ്. പിള്ളമാരുടെ തറവാട്ടിലെ സ്ത്രീകളെ മുക്കുവർക്ക് ലേലം ചെയ്യുന്നതും, മാർത്താണ്ഡവർമ വേഷം മാറി മരണഭയത്തിൽ ഒളിച്ചതുമായ നിരവധി ചരിത്രസംഭവങ്ങൾ നോവലിൽ ഇടംപിടിച്ചിട്ടുണ്ട്. പരക്കെ അറിയപ്പെടാത്ത സത്യങ്ങൾ വെളിവാക്കുന്ന രീതിയിലാണ് ഈ സംഭവങ്ങൾ അവതരിപ്പിക്കുന്നത്. പല ചരിത്രനോവലുകളെയുംപോലെ ദൈർഘ്യമേറിയതും വിരസവുമായ ആഖ്യാനങ്ങൾ ഇതിലില്ല. പകരം, രചയിതാവ് കഥയെ ഒരു സിനിമപോലെ അവതരിപ്പിക്കുന്നു. തുടക്കംമുതൽ അവസാനംവരെ, അത് വളരെ വായനാസുഖമുള്ളതാക്കുന്നു.

നോവലിലെ പാത്രാവിഷ്കരണവും അവതരണവും ഘടനയും ശ്രദ്ധേയമാണ്. തമിഴ് സംസാരിക്കുന്നവരും മറ്റ് ഭാഷകൾ സംസാരിക്കുന്നവരും ഉൾപ്പെടെ വൈവിധ്യമാർന്ന കഥാപാത്രങ്ങളെ നോവലിൽ അവതരിപ്പിക്കുന്നു. ഒരൊറ്റ അധ്യായത്തിൽ പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാവുകയും ചെയ്യുന്ന കഥാപാത്രങ്ങൾപോലും ശാശ്വതമായ ഒരു മതിപ്പ് വായനക്കാരിൽ അവശേഷിപ്പിക്കുന്നു. നിരവധി വൈകാരിക മുഹൂർത്തങ്ങളാൽ സമ്പന്നമാണീ നോവൽ. അധികാരത്തിനായി നിരന്തരം പരിശ്രമിക്കുന്ന ആളുകളുടെ കഥയാണ് നോവലെന്നു പറയുമ്പോൾത്തന്നെ, ജീവിതത്തിന്റെ നശ്വരതയും അർഥശൂന്യതയും അത് സൂക്ഷ്മമായി അന്വേഷിക്കുന്നുമുണ്ട്. ●

*എതിർവാ, സലിൽ മാങ്കുഴി,*
*ചിന്ത പബ്ലിഷേഴ്സ്,തിരുവനന്തപുരം വില : 210 രൂപ*

# പുസ്തകപ്പൂമുഖം




### വിരൂപയായ വേലക്കാരി

കഥ - വി.എസ്. അജിത്

ചുറ്റുമുള്ള ലോകത്തേക്കും ഉള്ളിലേക്കും നോക്കി ഹാസ്യത്തിന്റെ മേമ്പൊടിയോടെ എഴുതിയ മികച്ച കഥകളുടെ സമാഹാരം.

പ്രസാധകർ: ടുഡേ ബുക്സ്, തിരുവനന്തപുരം
വില: 90 രൂപ




### പഞ്ചക്ഷതം

നോവൽ - സ്ലീബി

ആത്മസംഘർഷങ്ങളിലൂടെ അനുവാചകനെ ഉപനയിക്കുന്ന ആത്മീയഭാവനയാണ് ഈ നോവൽ.

പ്രസാധകർ: സുജിലി പബ്ലിക്കേഷൻസ്,
കൊല്ലം വില: 130 രൂപ



### വഴിയരികിലെ ചെമ്പരത്തി

കവിത - ബി. ലേഖ

മനുഷ്യജീവിതത്തിന്റെ വൈരുധ്യാത്മക സമസ്യകളെ ഇഴ അടുപ്പത്തോടെ തുന്നിച്ചേർത്ത കവിതകളുടെ സമാഹാരം.

പ്രസാധകർ: സുജിലി പബ്ലിക്കേഷൻസ്,
കൊല്ലം വില:110 രൂപ




### ഛത്രപതികൾ

ഏകാങ്ക നാടകം - കെ. മുരളീധരൻ

നാടകരചനയുടെ നടപ്പുരീതികളിൽനിന്ന് വേറിട്ടുസഞ്ചരിക്കുന്ന, ചെടിച്ച കാലത്തിന്റെ വികൃത മുഖങ്ങൾ കാട്ടിത്തരുന്ന നാല് ഏകാങ്ക നാടകങ്ങളുടെ സമാഹാരം.

പ്രസാധകർ: യെസ്പ്രസ് ബുക്സ്, പെരുമ്പാവൂർ
വില:100 രൂപ




### എം. കൃഷ്ണൻ നായർ, സിംഹത്തിന്റെ പേര്

ജീവിതകഥ - എസ്. ഭാസുരചന്ദ്രൻ

മലയാള സാഹിത്യവിമർശനചരിത്രത്തിലെ സമാനതകളില്ലാത്ത വ്യക്തിത്വം എം. കൃഷ്ണൻ നായരുടെ ജീവിതകഥ.

പ്രസാധകർ: സുജിലി പബ്ലിക്കേഷൻസ്,
കൊല്ലം വില: 210 രൂപ




### മൂലമന്ത്രികം

നോവൽ - മനോജ് ദേവരാജൻ

ഗൂഢഭാഷയായിരുന്ന മൂലമന്ത്രികയുടെ വഴക്കവും നിഗൂഢതകളും സമന്വയിപ്പിച്ചുകൊണ്ട് വ്യത്യസ്ത വായനാനുഭവം പകരുന്ന നോവൽ.

പ്രസാധകർ: സുജിലി പബ്ലിക്കേഷൻസ്,
കൊല്ലം വില:175 രൂപ



### സബർമതിയിലെ ശീർഷാസനങ്ങൾ

വി. ജയപ്രകാശ്

രൂപത്തിലും ആശയത്തിലും ആവിഷ്കരണത്തിലും പുതുമനിറഞ്ഞ, മാറുന്ന ഭാവുകത്വത്തിന്റെ ശീർഷാസന സൗന്ദര്യം നിറഞ്ഞ കവിതകളുടെ സമാഹാരം.

പ്രസാധകർ: സുജിലി പബ്ലിക്കേഷൻസ്,
കൊല്ലം വില:120 രൂപ




### അടുക്കളപ്രം

കവിത - സുകേതു

നമ്മളോരോരുത്തരുടെയും ആത്മരോഷങ്ങളെ പ്രതിനിധാനംചെയ്യുന്ന സായുധബുദ്ധ ഛായയുള്ള നൂറിലധികം കുറുംകവിതകളുടെ സമാഹാരം.

പ്രസാധകർ: വയനാട് ബുക്സ്, കല്പറ്റ
വില: 150 രൂപ




### ഗുൽമോഹർ ചോക്കുമ്പോൾ

കവിത - കസ്തൂരി മാധവൻ

സ്ത്രൈണാനുഭൂതികളുടെ വൈവിധ്യമാർന്ന അനുഭവ പരിസരം അടയാളപ്പെടുത്തുന്ന കവിതകളുടെ സമാഹാരം.

പ്രസാധകർ: യെസ്പ്രസ് ബുക്സ്, പെരുമ്പാവൂർ
വില: 130 രൂപ



### തലക്കെട്ടില്ലാത്ത പുസ്തകം

മോട്ടിവേഷൻ - ഡോ. ഗിന്നസ് മാടസ്വാമി

നല്ല ലോകവും നല്ല കാലവും ലക്ഷ്യംവയ്ക്കുന്ന ചിന്തകൾ മലയാളത്തിലും തമിഴിലും അവതരിപ്പിച്ചിരിക്കുന്നു.

പ്രസാധകർ: യെസ്പ്രസ് ബുക്സ്, പെരുമ്പാവൂർ
വില: 160 രൂപ


നിങ്ങളുടെ
മെത്ത
ശരിക്കും
ക്ലീൻ
ആണോ??
പലപ്പോഴും നമ്മുടെ മെത്തയിൽ ഒളിച്ചിരിക്കുന്ന ബാക്ടീരിയ,
ഫംഗസ്, പൊടിപടലങ്ങൾ, ബെഡ് ബഗ്ഗുകൾ, മുതലായവ
നമ്മുടെ ശ്രദ്ദയിൽ പെടാതെ പോകും.
വൃത്തിഹീനമായ മെത്തകൾ asthma, eczema,
allergic rhinitis, migraine എന്നീ
രോഗങ്ങൾക്ക് കാരണമാകുന്നു.
വീട്ടിലെ വാക്വം ക്ലീനെറുകൾക്ക്
കിടക്കയിൽ ആഴത്തിൽ പതിച്ചിരിക്കുന്ന
പൊടിപടലങ്ങളും മറ്റ് ഹാനികരമായ
അവശിഷ്ടങ്ങളും നീക്കം ചെയ്യാൻ കഴിയില്ല.
അവതരിപ്പിക്കുന്നു
CleanBeds™
Expert mattress sanitization service
1st TIME IN KERALA
On site dry-cleaning process
Increase the mattress life span
Better Air quality in your room
Reduce the risk of Allergies & Itching
Call : 9447 34 9999
www.cleanbeds.in
M.G Road, Ravipuram
Fast process
Less than 15 mins
per mattress



കല ▶

സുധീഷ് നമ്പൂതിരി

# കഥകളിപ്പെണ്ണിന്റെ തട്ടം

**ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾ വരെ ഹൈന്ദവികവും അതിന്റെ ഭാവപരിസരങ്ങളും പ്രമേയമായി വരുന്ന കഥകളിയിലെ നായികമാർക്ക് കേരളീയ മുസ്ലിം വനിതകൾ ഉപയോഗിച്ചിരുന്ന തലയിൽ തട്ടം എങ്ങനെയാണു ആഹാര്യമായി നടപ്പിലായത്?**



കഥകളിയിലെ മിനുക്ക് (സ്ത്രീ) വേഷങ്ങൾക്ക് ശിരോലങ്കാരമായ തട്ടം (ഉറുമാൽ എന്നും പറയും) എങ്ങനെ കിട്ടി? ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾ വരെ ഹൈന്ദവികവും അതിന്റെ ഭാവപരിസരങ്ങളും പ്രമേയമായി വരുന്ന കഥകളിയിലെ നായികമാർക്ക് കേരളീയ മുസ്ലിം വനിതകൾ ഉപയോഗിച്ചിരുന്ന തലയിൽ തട്ടം എങ്ങനെയാണു ആഹാര്യമായി നടപ്പിലായത്? നാളിതുവരെ എനിക്ക് പരിചയപ്പെടാൻ കഴിഞ്ഞ കഥകളിക്കാരോട്, പ്രത്യേകിച്ച് ചമയവിദഗ്ദരോട് ഈ ചോദ്യം ചോദിക്കാൻ ഒരു ഗവേഷകൻ എന്ന നിലയിൽ ഞാൻ മടികാണിച്ചിരുന്നില്ല.

കേരളീയ കലയായതിനാൽ ഒരു ഏകതാനതാ സ്വഭാവം (Uniformity) കിട്ടാൻ വേണ്ടി; ശിരോവസ്ത്രധാരണത്തിൽ ആ രീതി പിന്തുടരുന്ന കേരളീയ മുസ്ലിം സ്ത്രീകളുടെ ശിരോവസ്ത്രധാരണ രീതി കഥകളിയിലെ സ്ത്രീവേഷങ്ങളുടെ ശിരോവസ്ത്രാലങ്കാരമായി സ്വീകരിച്ചതാവാനാണു സാ

ധ്യത എന്ന് അവരിൽ ചിലർ മറുപടി പറഞ്ഞു. അതിലെ ഏകതാനത എന്ന ഘടകത്തിനു യുക്തിയുടെ പിൻബല മുണ്ടെന്ന് സമ്മതിക്കാമെങ്കിലും കഥകളിയുടെ ഘടനയും ഘടനാനന്തര പാരമ്പര്യവും (structure, De-construction) അതിന്റെ സാംസ്കാരിക പരിപ്രേക്ഷ്യങ്ങളുടെ (cultural perspective) വേരാഴങ്ങൾ എത്തിനില്ക്കുന്നത് തികച്ചും ക്ഷേത്രസംസ്കാരവും ജന്മി-നാടുവാഴി വ്യവസ്ഥിതിയുടെ തിണ്ണബലത്തിലുമായിരുന്നുവെന്നത് സാമൂഹികശാസ്ത്ര പരമായ വസ്തുതയാണ്.

നവോത്ഥാന ചിന്തകളുടെ വേരോട്ടം സമുദായങ്ങളിൽ നാമ്പിടുന്നതിനു മുൻപുതന്നെ, അഥവാ വിവിധ സമുദായ ങ്ങൾ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ പ്രത്യക്ഷമായ രീതിയിൽ സാംസ്കാരിക രൂപ(ക)ങ്ങളിലേക്ക് പകർന്നാ ട്ടം നടത്തുന്നതിനും എത്രയോ വർഷങ്ങൾക്ക് മുൻപു രൂ പമെടുത്ത ഈ കലാരൂപം, (രാമനാട്ടം/കഥകളി) അതിന്റെ തനതായ സ്വത്വം നിർമിച്ചെടുക്കാൻ മടിയൊന്നും കാണി ച്ചിരുന്നില്ല എന്നിരിക്കെ അന്യവത്കരണ സാധ്യതകളെ (alienation) സ്വീകരിച്ചിരുന്നില്ല എന്നുതന്നെ വേണം കരു താൻ. സവിശേഷമായ ആ ഒരു സാമൂഹിക തലത്തിൽ നിലയുറപ്പിച്ചുകൊണ്ടുള്ള ഒരു നിരീക്ഷണം മാത്രമാണ് ഞാനിവിടെ ഉദ്ദേശിക്കുന്നതെന്ന മുഖവുരയോടെ എന്റെ അന്വേഷണ,നിരീക്ഷണ,മനന,നിഗമനങ്ങൾ ഇവിടെ പങ്കു വയ്ക്കുന്നു.

കൃഷ്ണനാട്ടമോ രാമനാട്ടമോ ആദ്യം ഉടലെടുത്തത് എന്ന കാര്യത്തിൽ പണ്ഡിതന്മാർ ഇപ്പോഴും ഏകാഭിപ്രാ





*ഗീതഗോവിന്ദം 17-ാം നൂറ്റാണ്ടിലെ ഒരു ചിത്രീകരണം*

യക്കാരല്ല. ഈ രണ്ടു കലാരൂപങ്ങളുടെയും പുരസ്കർ ത്താക്കളുടെ ജീവിതകാലഘട്ടം സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുകയാണെങ്കിൽ രാമനാട്ട കർത്താവായ കൊട്ടാരക്കരത്തമ്പുരാന്റെ (1555-1605) കാലത്തിനു തൊട്ടു പുറകിലായിത്തന്നെ കൃഷ്ണഗീ തികാരനായ മാനവേദൻ സാമൂതിരിയും (1585 -1658) ജീവിച്ചിരുന്നുവെന്ന് ലഭ്യമായ ചരിത്രരേഖകൾ വച്ച് കണ ക്കുകൂട്ടിയെടുത്തിട്ടുണ്ട്. ഇതിൽ സാമൂതിരിയുടെ ജീവി തകാലം ഇതുതന്നെയായിരുന്നുവെന്നതിനു കൃത്യമായ രേഖകൾ ഉണ്ട്.[1] അതേസമയം കൊട്ടാരക്കരത്തമ്പുരാന്റെ കാലഘട്ടത്തെപ്പറ്റി പറയുമ്പോൾ 'ഏകദേശം' എന്നൊരു സംശയാത്മകഘടകം അതിൽ വരുന്നുണ്ട് എന്നത് അട യാളപ്പെടുത്തേണ്ടുന്ന (notify) വസ്തുതയാണ്. അങ്ങനെ കണക്കുകൂട്ടുമ്പോൾ കൃഷ്ണഗീതിയും അതിന്റെ ദൃശ്യ വ്യാഖ്യാനമായ കൃഷ്ണനാട്ടവും രാമനാട്ടത്തിനു മുൻപുത ന്നെ ഉണ്ടായി എന്നു മനസ്സിലാക്കാൻ വിഷമമേതുമില്ല.

നാളിതുവരെ ഭാരതത്തിലും വിശിഷ്യാ കേരളമുൾപ്പെ ടുന്ന ദക്ഷിണഭാരതത്തിലും ഉരുവംകൊണ്ട ക്ലാസിക്കലാ യ എല്ലാ ദൃശ്യകലാരൂപങ്ങൾക്കും പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജയദേവരുടെ ഗീതഗോവിന്ദത്തിനോട് ഒരു തരത്തിലല്ലെങ്കിൽ വേറൊരു തരത്തിൽ സാംസ്കാരി ക ബന്ധമുണ്ട്. ശൃംഗാരപ്രധാനമായ ആ കാവ്യത്തിന്റെ സ്വാധീനം കൃഷ്ണഗീതിയിലും കാണാം.ശൃംഗാരത്തി ന്റെ ഒപ്പംതന്നെ ഭക്തി എന്ന രസാനുഭൂതിതലവും[2] തന്റെ രചനയിൽ മാനവേദൻ സാർഥകമാക്കിയതിലൂടെ ആ രചനയ്ക്ക് അനുഭൂതിയുടെതായൊരു വൈകാരികത ലം കൈവന്നു. ജയദേവരുടെ ജീവിതകാലത്തുതന്നെ ഗീതഗോവിന്ദത്തിനു രംഗപ്രയോഗം ഉണ്ടായിരുന്നുവെ ന്ന് എം.എൽ.വരദ് പാണ്ഡെ നിരീക്ഷിക്കുന്നുണ്ട്.[3] തന്റെ രചനയുടെ രംഗാവതരണത്തിനു മാനവേദൻ മാതൃകയാ ക്കിയത് ഗീതഗോവിന്ദമായിരുന്നിരിക്കണമെന്ന് നിശ്ചയി ക്കാൻ സാധ്യതകളേറെയാണ്. നാട്യശാസ്ത്രവഴക്കങ്ങൾ അനുസരിക്കുന്ന കൂടിയാട്ടത്തിന്റെ ആഹാര്യം ഈഷൽ ഭേദങ്ങളോടെ ഇതിലെ നായകനു (കൃഷ്ണൻ) സ്വീക രിച്ചപ്പോൾ നായികോപനായികമാരുടെ വേഷവിധാനം ഔത്തരാഹസമ്പ്രദായത്തിലും, പ്രതിനായകാദി ജീവജാ ലങ്ങൾക്ക് മാർഗിയോടോപ്പം ദേശീപരമായ കലാരൂപ

ങ്ങളിൽനിന്നു (പൊയ്മുഖ പാരമ്പര്യം, നാടൻ കലകൾ) മാതൃകകൾ ആദാനം ചെയ്യാൻ മാനവേദകവിയിലെ ഉത്പതിഷ്ണു മനസ്സിനു മടിയേതുമുണ്ടായില്ല. പ്രാദേശികമായ കാഴ്ചപ്പാടുകളുടെ ഉപദേശീയതയ്ക്കൊപ്പം ദേശീയമായൊരു കാഴ്ചയുടെ ദൃശ്യ-ഭാവ പരിസരവും തന്റെ രംഗപാഠത്തിന്റെ ആഹാര്യസാമഗ്രികളായി മാറ്റി എന്നുള്ള ധാരണാതലത്തിലാണ് കൃഷ്ണനാട്ടത്തിലെ സ്ത്രീവേഷങ്ങൾക്ക് ഉറുമാൽ ധരിക്കുന്ന സമ്പ്രദായം മാനവേദൻ നടപ്പിലാക്കിയത് / നടപ്പിലായത് എന്ന് അനുമാനിക്കാം. ഈ വേഷവിധാന പാരമ്പര്യത്തെ ഏതാണ്ട് അതേപടി സ്വീകരിക്കുകയായിരുന്നു രാമനാട്ടത്തിന്റെ ആദ്യ പരിഷ്കർത്താവായ, സാമൂതിരിയുടെ തട്ടകത്തിനകത്തു തന്നെയുള്ള ഇടപ്രഭുവായ വെട്ടത്തു തമ്പുരാൻ. ആദ്യകാലത്ത് കഥകളിയിലെ സ്ത്രീവേഷങ്ങൾക്ക് ചുട്ടിയുണ്ടായിരുന്നു. (കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലാണു അത് ഇല്ലാതെയായത് എന്ന് ഓർമയിലുണ്ടാവണം.)

വാസ്തവത്തിൽ, സ്ത്രീകൾ തല മറയ്ക്കുന്ന സമ്പ്രദായം വടക്കേ ഇന്ത്യയിൽ മാത്രമായിരുന്നില്ല ഉണ്ടായിരുന്നത്. കേരളത്തിലെ സമുദായത്തിലും ഈ ശിരോവേഷ്ടന പാരമ്പര്യം ഉണ്ടായിരുന്നു. വിവാഹാവസരങ്ങളിലും മറ്റും അന്തർജനങ്ങൾ തലമറച്ചിരുന്നു. ഇക്കാലത്ത് പരക്കെ ആക്ഷേപങ്ങൾക്ക് ശരവ്യമായ പദമാണല്ലൊ 'കുലസ്ത്രീ'. അസ്ഥാനത്ത് പ്രസ്താവ്യമായതിനാലാണു ആ പദം ധാരാളം തെറ്റുധാരണകൾ ഉണ്ടാക്കിയെടുത്തത്. എന്നിരിക്കിലും ധാർമികമായൊരു പന്ഥാവിൽ സത്യദീക്ഷയോടെ ജീവിക്കുന്നവൾ എന്ന നിലയിൽ ആ പദം ഉത്പാദിപ്പിക്കുന്ന അർഥധ്വനികൾ അനേകമുണ്ട്. ആ ധ്വനിവിശേഷങ്ങൾ അധ്യാരോപിക്കപ്പെടുന്ന പുരാണകഥാപാത്രങ്ങളുടെ വേഷവിധാനങ്ങളും അത്തരത്തിലുള്ള വർഗീകരണപ്രക്രിയയിൽ ഉൾപ്പെട്ടതിൽ അതിശയമില്ല. ആചാര്യമര്യാദകൾ പാലിക്കുന്നതിൽ കേരളത്തെക്കാൾ ഒരുപടി മുന്നിൽ നില്ക്കുന്ന ഉത്തരദേശങ്ങളിൽ ഈ സമ്പ്രദായം ഇന്നും നിലനില്ക്കുന്നുണ്ട് എന്നതുംകൂടി കണക്കിലെടുത്തുവേണം ഇതിന്റെ രൂപകാനനന്തരപരിപ്രേക്ഷ്യമായ കലാരൂപങ്ങളിലെ സ്ത്രീവേഷങ്ങളുടെ ആഹാര്യങ്ങളെപ്പറ്റി നിരൂപണം

*റഷ്യയിലെ ഒരു മ്യൂസിയത്തിലെ കഥകളി ചമയ പ്രദർശനം*



ചെയ്യേണ്ടത്. അത്തരമൊരു വിചാരധാരകൾക്ക് ചരിത്രപരമായ സാമൂഹികയുക്തിയുണ്ട്.

കൃഷ്ണഗീതി കർത്താവായ സാമൂതിരിയുടെ കാലത്തിനു മുൻപുതന്നെ ഗീതഗോവിന്ദം പ്രമേയമായ 'അഷ്ടപദിയാട്ടം' എന്നൊരു കലാരൂപം മലബാറിൽ ഉണ്ടായിരുന്നുവെന്ന് വിദൂരമായ സൂചനകളുണ്ട്. ആ ദൃശ്യകാവ്യത്തിലെ സ്ത്രീവേഷരചനകളായിക്കൂടേ അതിനു പുറകിൽ വന്ന കൃഷ്ണനാട്ടത്തിലും സ്വീകരിച്ചിട്ടുണ്ടാവുക? തഞ്ചാവൂർ സരസ്വതിമഹാൾ ഗ്രന്ഥശാലയിൽ പ്രസ്തുത അഷ്ടപദിയാട്ടത്തിന്റെ ഒരു ആട്ടപ്രകാരം ഉണ്ടെന്ന് അറിയാം. ഈ ലേഖകൻ നേരിൽ കണ്ടിട്ടില്ല. ആ ഗ്രന്ഥത്തിന്റെ നിഷ്കർഷമായ വായനകൾ ഒരുപക്ഷേ, ഇപ്പറഞ്ഞ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും സമാധാനം നല്കിയേക്കും ഉറപ്പ്. ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരിച്ച കൃഷ്ണഗീതി വ്യാഖ്യാനത്തിന്റെ നാതിദീർഘമായ അവതാരികയിൽ പ്രഫ. പി.സി.വാസുദേവൻ ഇളയത് ഇപ്പറഞ്ഞ ഗ്രന്ഥത്തിനെ ആനുഷംഗികമായി പരാമർശിക്കുന്നുണ്ട്.

അപ്പോൾ പറഞ്ഞുവന്നതിന്റെ രത്നച്ചുരുക്കം ഇതാണ്.

(1) ഗീതഗോവിന്ദത്തിന്റെ സാംസ്കാരികപശ്ചാത്തലത്തിൽ രചിക്കപ്പെട്ട കൃഷ്ണഗീതിക്ക് രംഗപാഠമുണ്ടായപ്പോൾ മാർഗിയും ദേശിയുമായ ആഹാര്യക്രമങ്ങൾ ദേശീയവീക്ഷണങ്ങളുടെ ആദാനപ്രൗഢിയോടെ അതിൽ സ്വീകരിക്കപ്പെട്ടു. ഗീതഗോവിന്ദത്തിന്റെതന്നെ മുൻകാല അരങ്ങുമാതൃകയും ഇതിനുവേണ്ടി ഉപയുക്തമാക്കി.

(2) അങ്ങനെയുണ്ടായൊരു ആഹാര്യപാരമ്പര്യത്തെ പക്ഷപാതങ്ങളൊന്നുമില്ലാതെ പിന്തുടരുന്നതിൽ പിന്നീടുദയം ചെയ്ത രാമനാട്ടത്തിന്റെ സംസ്കൃതരൂപമായ (purified) കഥകളിക്ക് വിഷമമേതുമുണ്ടായില്ല.

(3) കഥകളിയുടെ ആമൂലാഗ്രഘടനയിൽ പിന്നീട് പല പരിഷ്കാരങ്ങളും പൊളിച്ചെഴുത്തുകളും ഉണ്ടായപ്പോളും സ്ത്രീവേഷങ്ങളുടെ ഘടനയിലും പരിചരണങ്ങളിലും വലുതായൊരു മാറ്റം കടന്നുവന്നില്ല. പ്രത്യേകിച്ച് തലയിൽ തട്ടമിടുന്ന കാര്യത്തിൽ. അല്പം ചില മാറ്റങ്ങൾ പരീക്ഷണരൂപത്തിൽ ഉണ്ടായെങ്കിലും വ്യക്തികേന്ദ്രിതസ്വഭാവമുള്ള അവ സ്ഥാപനവത്കരിക്കപ്പെട്ടില്ല.

പരിശിഷ്ടം: കേരള കലാമണ്ഡലം നവതിയാഘോഷങ്ങളുടെ ഭാഗമായി നടത്തിയ വെബിനാറുകളിലൊന്ന് ആഹാര്യവുമായി ബന്ധപ്പെട്ടതായിരുന്നു. ആഹാര്യവിദഗ്ധനും ഗ്രന്ഥകാരനും ഗവേഷകനുമായ കലാമണ്ഡലം രാം മോഹനായിരുന്നു ആ വെബിനാർ നയിച്ചത്. അന്ന്, ഈ വിഷയം ചോദ്യരൂപത്തിൽ ഉന്നയിച്ച എനിക്ക് അദ്ദേഹം തന്ന വിശദീകരണവും ഈ ഉറുമാലിന്റെ ഉത്തരേന്ത്യൻ സാമൂഹികസാംസ്കാരിക പരിസരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു.


*1. The Zamorins of Calicut - K. V. Krishna Iyer*

*2. ഭക്തി രസായനം - മധുസൂദനസരസ്വതി*

*3. The History of Indian Theatre- M. L. Varadpande.*



കല

റെഫിൻ കമൽ

# മനുഷ്യരും പ്രകൃതിയും

എന്തിനാണ് താങ്കൾ ചിത്രം വരയ്ക്കുന്നത് എന്ന ചോദ്യത്തിന് ഓരോ കലാകാരനും വ്യത്യസ്തമായ ഉത്തരങ്ങൾ കണ്ടെത്തുന്നു. പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ബന്ധത്തിന്റെ ഇഴയടുപ്പത്തെ കുറിച്ച് സംസാരിച്ചുകൊണ്ട് സ്വയം പരിചയപ്പെടുത്തുന്നു റെഫിൻ കമൽ.




*ചുമർ - ചിത്രം (ഇല്ലം)*
*മനുഷ്യനും പ്രകൃതിയും തമ്മിൽ ഉണ്ടായിരുന്ന ആഴത്തിലുള്ള ബന്ധത്തിലേക്ക് വീണ്ടും നാം തിരികെ വരേണ്ടതുണ്ട്.*



*പ്രകൃതി പൊതുഭവനമാണ്. മനുഷ്യരുടെ മാത്രമല്ല മറ്റു ജീവജാലങ്ങളുടെയും വാസസ്ഥലം. അവരുടെ അവകാശങ്ങൾക്കായി കാടുവിട്ട് മനുഷ്യരെ തേടിവരുന്ന പുലി*








*നമ്മുടെ ദൈനദിന ജീവിതവും അതോടു ചേർന്നുനിന്നിരുന്ന തൊഴിലും അന്യവത്കരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ പ്രകൃതിയോട് ചേർന്നു നിന്നിരുന്ന തൊഴിലുകൾ മനുഷ്യമനസ്സിനെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന ചിത്രം.*



*ഇന്ന് മനുഷ്യരുടെ ഒഴിവുസമയങ്ങളെ മൊബൈൽ ഫോൺ കീഴടക്കുമ്പോൾ നഷ്ടമാകുന്നത് പ്രകൃതി സൗന്ദര്യബോധമാണ്. പ്രകൃതിസൗന്ദര്യത്തിൽ ലയിച്ചിരിക്കുന്ന മനുഷ്യൻ.*

**എ**ന്തിനാണ് താങ്കൾ ചിത്രം വരയ്ക്കുന്നത്? പലരും എന്നോട് ചോദിക്കുന്ന ഒരു ചോദ്യമാണ്. മാത്രമല്ല ഞാനും പലപ്പോഴും എന്നോടുതന്നെ ചോദിക്കുന്ന ചോദ്യം കൂടിയാണ്. ഈ ചോദ്യത്തിന് ഓരോ ചിത്രകാരനും അല്ലെങ്കിൽ ഓരോ കലാകാരനും വിവിധങ്ങളായ ഉത്തരങ്ങൾ

*ദൈവത്തെ അടുത്തറിയാനും അനുഭവിക്കാനുള്ള മാർഗമാണ് പ്രകൃതി. പ്രകൃതിയുമായി ചേർന്നിരിക്കുന്ന മനുഷ്യർ സ്രഷ്ടാവു മായി ഒന്നാകുന്നു. പ്രകൃതി ആസ്വാദനം പ്രാർഥനയായി മാറുന്ന തിന്റെ ചിത്രീകരണം.*







*ബാല്യകാലത്തെ പരിപോഷിപ്പിക്കുന്നതിൽ പ്രകൃതിക്ക് വലിയ സ്വാധീനമുണ്ട്. ബാല്യകാലാനുഭവങ്ങളിൽ നിന്നും പ്രകൃതിയുടെ പങ്ക് നഷ്ടപ്പെട്ടു പോകുന്നതിന്റെ അടയാളപ്പെടുത്തൽ.*

കണ്ടെത്തിയിട്ടുമുണ്ട്. ഒരുപക്ഷേ, കലാകാരനെക്കാൾ കലാസ്വാദകനാകാം കൂടുതൽ ഉത്തരം കണ്ടെത്താനാകുന്നത്. എന്തിനാണ് കല രൂപീകരിക്കപ്പെടുന്നത് എന്നതിന്റെ ഉത്തരം ഓരോ കാലഘട്ടത്തിനനുസരിച്ച് വ്യത്യസ്തമാകുന്നു. പക്ഷേ, എന്തിനാണ് ഞാൻ വര



യ്ക്കുന്നത് എന്നതിന്റെ ഉത്തരം ഒരു കലാകാരനും കൃത്യമായിട്ട് പറയാൻ സാധ്യമല്ല. കാരണം, ഏത് കലാരൂപവും കലാകാരന്റെ വികാരപ്രകടനമാണ്. വേറിട്ട പല സംഭവങ്ങളുടെയും സാഹചര്യങ്ങളുടെയും പ്രതികരണം വികാരമാകുന്നതുകൊണ്ടാണ് കൃത്യമായ ഒരു നിർവചനം സാധിക്കാത്തത്. പക്ഷേ, ഞാൻ വിശ്വസിക്കുന്നത് ജീവിതസാഹചര്യങ്ങളും ജീവിതസന്ദർഭവും ഏതൊരു കലാകാരനെയും കലാകാരിയെയും തന്റെ കലയുടെ അർഥവും പ്രായോഗികതയും മനസ്സിലാക്കാൻ പ്രാപ്തമാക്കും എന്നാണ്. എന്നെ കൂടുതൽ സ്പർശിച്ചിട്ടുള്ളത് മനുഷ്യ - പ്രകൃതി ബന്ധം അതിന്റെ വ്യത്യസ്ത വീക്ഷണകോണുകളിൽനിന്ന് നോക്കി കാണുമ്പോഴാണ്. പ്രകൃതിയുടെ സൗന്ദര്യം, പ്രകൃതി മനുഷ്യനിൽ ചെലുത്തുന്ന സ്വാധീനം, മനുഷ്യ- പ്രകൃതി സംഘർഷം, പ്രകൃതിയുടെ ദുരുപയോഗം, പ്രകൃതി ദുരന്തം, പ്രകൃതിയിലെ ജീവിതം, പ്രകൃതിയോടൊപ്പം ഉള്ള മനുഷ്യാധ്വാനം. അങ്ങനെ മനുഷ്യ - പ്രകൃതി ബന്ധത്തിന്റെ പ്രാധാന്യം കാണിക്കാനും ഊന്നി പറയാനും ഞാൻ എന്റെ ചിത്രത്തിലൂടെ പരിശ്രമിക്കുന്നു. കാഴ്ചക്കാരനെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള നഷ്ടപ്പെട്ട ബന്ധം തിരികെ കൊണ്ടുവരുക എന്നതാണ് എന്റെ ചിത്രങ്ങളുടെ ലക്ഷ്യം. ●



പീസ് കോർണർ ▶

കെ.ബാബു ജോസഫ്

# ചന്ദ്രയാനും ലോകസമാധാനവും

**വി**ജ്ഞാനത്തിന്റെ ഒരു നവീനമേഖലയാണല്ലോ സ്പേസ് അല്ലെങ്കിൽ ബഹിരാകാശം. 1957-ൽ സോവ്യറ്റ് യൂണിയൻ വിക്ഷേപിച്ച സ്പുട്നിക്-1 എന്ന (കൃത്രിമ) ഉപഗ്രഹമാണ് ബഹിരാകാശ ഗവേഷണത്തിലെ ആദ്യത്തെ നാഴികക്കല്ല്. വാർത്താപ്രക്ഷേപണത്തിന് ഉപയോഗിക്കുക എന്ന താരതമ്യേന പരിമിതമായ ലക്ഷ്യമേ ഉപഗ്രഹനിർമിതിക്ക് പിന്നിൽ ഉണ്ടായിരുന്നുള്ളൂ. ക്രമേണ, വാർത്ത അല്ലെങ്കിൽ വിവര, വിനിമയ (communication) ത്തിനുള്ള പ്രധാന സംവിധാനമായി ഉപഗ്രഹ നെറ്റ്‌വർക്കുകൾ മാറി. വിദ്യാഭ്യാസമേഖലയിലും ഇവയുടെ പങ്ക് വലുതാണ്. സ്പുട്നിക്-1ന് ഭൂമിയെച്ചുറ്റി അണ്ഡാകൃതിയിലുള്ള ഒരു സഞ്ചാരപഥമാണ് ഉണ്ടായിരുന്നത്. എന്നാൽ, പിന്നീട് ഭൂമധ്യരേഖയ്ക്കോ ധ്രുവപ്രദേശങ്ങൾക്കോ മുകളിൽ, ഒരു ക്ലിപ്തസ്ഥാനത്ത് നിശ്ചലമായി നിലകൊള്ളുന്ന, ഭൂമിക്കൊപ്പം ഭ്രമണംചെയ്യുന്ന ഉപഗ്രഹങ്ങളുടെ വരവായി. കാലാവസ്ഥാസംബന്ധമായ നിരീക്ഷണങ്ങൾ ഉപഗ്രഹങ്ങളുടെ ഒരു മുഖ്യധർമമായിത്തീർന്നിരിക്കുന്നു.

1969-ൽ ചന്ദ്രനിലിറക്കിയ അപ്പോളോ-11 എന്ന അമേരിക്കയുടെ ബഹിരാകാശപേടകം ഉപഗ്രഹവിക്ഷേപണ സാങ്കേതികവിദ്യയിൽ വമ്പിച്ച മുന്നേറ്റത്തിന് തുടക്കം കുറിച്ചു. ആംസ്ട്രോങ്ങ്,ആൾഡ്രിൻ,കോളിൻസ് എന്നീ ആസ്ട്രനോട്ടുകളാണ് അതിലുണ്ടായിരുന്നത്. ചന്ദ്രനിൽപോയി അപകടംകൂടാതെ ഭൂമിയിൽ തിരിച്ചെത്തിയ ആദ്യത്തെ ബഹിരാകാശ സഞ്ചാരികൾ ഇവരാണ്. 1960-കളിൽ, ഇന്ത്യയുടെ ബഹിരാകാശപദ്ധതിയുടെ ആരംഭം കണ്ടു. 'ആര്യഭട്ട' ആണ് ഇന്ത്യ വിജയകരമായി വിക്ഷേപിച്ച ആദ്യത്തെ ഉപഗ്രഹം. എക്സ്-റേ ജ്യോതിശ്ശാസ്ത്രം സൗരഭൗതികം തുടങ്ങിയ വിഷയങ്ങളിൽ പ്രയോജനകരമായ നിരവധി പരീക്ഷണങ്ങൾക്ക് അതിനെ ഉപയോഗിച്ചു. 1962-ൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ നിർദേശപ്രകാരം വിക്രം സാരാഭായ് എന്ന ക്രാന്തദർശിയായ ശാസ്ത്രജ്ഞനാണ് നമ്മുടെ ബഹിരാകാശപദ്ധതികൾക്ക് ആദ്യകാലത്ത് നേതൃത്വം നല്കിയത്. കഴിഞ്ഞ ആഗസ്റ്റ് 23-ന് ചന്ദ്രന്റെ ദക്ഷിണധ്രുവമേഖലയിൽ, ചരിത്രത്തിലാദ്യമായി 'മൃദു തൊട്ടിറക്കൽ' (soft landing) നടത്തിയ ചന്ദ്രയാൻ- 3, ഈ രംഗത്ത് നമ്മൾ ആർജിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികമികവിന്റെ നിദർശനമാണ്. ഈ നേട്ടത്തോടെ, ഇന്ത്യ ബഹിരാകാശഗവേഷണത്തിൽ ലോകരാജ്യങ്ങൾക്കിടയിൽ നാലാം സ്ഥാനത്തിന് അർഹമായി.

ഉപയോഗിക്കുന്ന രീതിയനുസരിച്ച്, ശാസ്ത്രം സമാധാനത്തെയോ സംഘർഷത്തെയോ വളർത്താൻ കാരണമാകുന്നു. അന്വേഷിക്കുക, കണ്ടെത്തുക എന്നീ രണ്ട് ധർമങ്ങളെ ശുദ്ധ ശാസ്ത്രത്തിനുള്ളൂ. അണുഭൗതികം, ജനിതകം, കമ്പ്യൂട്ടർ സയൻസ് തുടങ്ങിയവ ഉദാഹരണങ്ങളാണ്. ബഹിരാകാശശാസ്ത്രത്തിലും ഇതുപോലെ, സാധ്യതകളുടെ ഇരട്ടമുഖങ്ങളുണ്ട്. ചന്ദ്രയാൻ-3 ശാസ്ത്രത്തിന്റെ നിർമാണാത്മകതയ്ക്കുള്ള ഏറ്റവും നൂതനമായ ദൃഷ്ടാന്തം. അതിൽ ഉൾപ്പെടുത്തിയിട്ടുള്ള 'പ്രഗ്യാൻ' എന്ന് വിളിക്കുന്ന കൊച്ചു വാഹനം (rover) മാതൃപേടകത്തിൽനിന്നു പുറത്തിറങ്ങി, കുറച്ചുദൂരം സഞ്ചരിച്ച്, പലതരത്തിലുള്ള ഡേറ്റ ശേഖരിക്കുന്നു. ഇങ്ങനെ കിട്ടുന്ന വിവരം ജലലഭ്യതയെക്കുറിച്ചും ചില അപൂർവമൂലകങ്ങളുടെ സാന്നിധ്യത്തെക്കുറിച്ചും അനുമാനങ്ങളെടുക്കാൻ സഹായിക്കും. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ പ്രകൃതിദത്ത ജലസംഭരണികളെന്ന് വിശേഷിപ്പിക്കാവുന്ന ഭീമൻ ഗർത്തങ്ങൾ ഉണ്ടത്രേ. ഒരുകാലത്ത് ചാന്ദ്രകുടിയേറ്റം യാഥാർഥ്യമാകുന്നെങ്കിൽ, ഇവയ്ക്ക് ഏറെ പ്രാധാന്യം ഉണ്ടാകും. ലിഥിയം, ബെറിലിയം, സിർക്കോണിയം തുടങ്ങിയ ചില അപൂർവ ലോഹങ്ങളുടെയും ഹീലിയം വാതകത്തിന്റെയും ലഭ്യത വ്യവസായപരമായി മുന്തിയ പരിഗണന അർഹിക്കുന്ന കാര്യമാണ്.

ഇപ്പോൾ ആവിഷ്കാരത്തിലും നിർമാണത്തിലും ഇരിക്കുന്ന ചന്ദ്രയാൻ- 4 ചന്ദ്രനിൽനിന്ന് പാറയും മണ്ണും ഒക്കെ കൊണ്ടുവരുമെന്ന് പ്രത്യാശിക്കുന്നു. അനതിവിദൂര ഭാവിയിൽ മനുഷ്യനെ ചന്ദ്രനിലെത്തിച്ചു തിരികെ കൊണ്ടുവരാനും പദ്ധതിയുണ്ട്. ഇതെല്ലാം തികച്ചും സമാധാനപരമായ ലക്ഷ്യങ്ങളാണ്. ബഹിരാകാശരംഗത്ത് നമ്മൾ ഇതര രാജ്യങ്ങളുമായി സഹകരിക്കുന്നുണ്ട്. അവരുടെ വാർത്താവിനിമയ ഉപഗ്രഹങ്ങളെ ഇന്ത്യയുടെ റോക്കറ്റുകളുടെ സഹായത്തോടെ ഭ്രമണപഥങ്ങളിൽ വിന്യസിക്കുന്നുണ്ട്. ബഹിരാകാശഗവേഷണത്തിൽ വിദേശരാജ്യങ്ങൾ ഒരുക്കുന്ന ഉപകരണങ്ങളും 'പേ ലോഡി'ന്റെ ഭാഗമാക്കാറുണ്ട്. കൂടാതെ, ഗവേഷണഫലങ്ങൾ മറ്റു രാജ്യങ്ങളുമായി നമ്മൾ പങ്കുവയ്ക്കുന്നുണ്ടുതാനും.

ഒറ്റപ്പെട്ട രാജ്യങ്ങൾക്കുമാത്രം ഐശ്വര്യവും സമൃദ്ധിയും ഉണ്ടായാൽ പോരാ, എല്ലാവരുടെയും നന്മയെ ലക്ഷ്യമാക്കി പ്രവർത്തിച്ചെങ്കിൽ മാത്രമേ ലോകസമാധാനം സാധ്യമാകൂ എന്ന തിരിച്ചറിവ് നല്ലതാണ്. ●

*ചന്ദ്രനിൽ ലാൻഡറും റോവറും ഒരു ചിത്രീകരണം*





ഈ ആത്മബന്ധം,
ആപ്പിനും അപ്പുറം
FEDERAL BANK
YOUR PERFECT BANKING PARTNER
ഊഷ്മളമാകട്ടെ ബന്ധങ്ങൾ,
ഉജ്ജ്വലമാകട്ടെ ആഘോഷങ്ങൾ!
GRAND ONAM FED ONAM
ഒത്തുചേരലുകളുടെ ആഹ്ലാദാരവങ്ങളുമായി ഓണം ഇതാ ഇങ്ങെത്തി.
ഈ ഓണത്തിന് നിങ്ങളുടെയും നിങ്ങളുടെ പ്രിയപ്പെട്ടവരുടെയും
സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കൂ, ഫെഡറൽ ബാങ്കിന്റെ
ആകർഷകമായ ലോൺ/കാർഡ്/ ഡെപ്പോസിറ്റ് ഓഫറുകളിലൂടെ.
ആഘോഷിക്കൂ ഈ ഓണം ഫെഡറൽ ബാങ്കിനൊപ്പം.
ക്രെഡിറ്റ് & ഡെബിറ്റ് കാർഡ് ഓഫറുകൾ
ഡിസ്‌ക്കൗണ്ടും ക്യാഷ്ബാക്കും ഉൾപ്പെടെ ആകർഷകമായ ഒട്ടനവധി ഓഫറുകൾ
വാഹന വായ്പ
• 100%* വരെ വായ്പ
• കുറഞ്ഞ പലിശനിരക്ക്
ഭവന വായ്പ
• 90%* വരെ വായ്പ
• 30 വർഷത്തെ തിരിച്ചടവ് കാലാവധി
ഇന്നുതന്നെ തുറക്കൂ ഫെഡറൽ ബാങ്കിൽ
ഒരു സേവിംഗ്സ് അക്കൗണ്ട്.
ആസ്വദിക്കൂ, ലോകോത്തര ബാങ്കിംഗ് സേവനം.
ഫെഡ്മൊബൈൽ
ഇന്നുതന്നെ ഡൗൺലോഡ് ചെയ്യൂ... അനായാസ ബാങ്കിംഗ് ആസ്വദിക്കൂ
സ്വർണ്ണ വായ്പ
നിങ്ങളുടെ സ്വർണ്ണം, നിങ്ങളുടെ സ്വപ്നം
• കുറഞ്ഞ പലിശനിരക്ക്
• കൂടുതൽ വായ്പാതുക
വ്യക്തിഗത വായ്പ
• കുറഞ്ഞ പ്രോസ്സസിംഗ് ഫീ
• 11.50%* മുതൽ പലിശനിരക്ക്
ഓഫറുകളെക്കുറിച്ച് കൂടുതൽ അറിയാൻ QR കോഡ് സ്കാൻ ചെയ്യുക
*നിബന്ധനകൾക്ക് വിധേയം
24x7 1800 420 1199
1800 425 1199
+91 484 2630994/5 (NRI)
www.federalbank.co.in

EZHUTHU CHINTHIKKUNNA HRUDAYANGALKKU
VOL. 8 I ISSUE 11 I 2023 September I PRICE ₹ 40
Registered KL/EKM/746/2022-24
RNI REG. No. KERMAL/2015/65234
MALAYALAM MONTHLY I KOCHI
NO. OF PAGES : 76 I DATE OF PUBLICATION: 03-09-2023
Licence No.: KL/CR/EKM/WPP-2/2022-24 Licensed to Post Without Prepayment




Printed and Published by Binoy Jacob; On behalf of Loyola Peace Trust; Published from Loyola Research Institute of Peace and International Relations Ponoth Road, Kaloor, Kochi-17, Ernakulam. Printed at Sterling Print House Pvt. Ltd., Ponekkara, Cheranelore Road, Cochin - 682041. Editor: Biju George